# കേരളസംസ്കാരത്തിന്റെ പ്രതിനിധാനം ചലച്ചിത്രഗാനങ്ങളിൽ

## പി. ഭാസ്ക്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി.കുറുപ്പ് എന്നിവരുടെ രചനകളെ ആസ്പദമാക്കി ഒരു പഠനം

*കാലിക്കറ്റ് സർവ്വകലാശാലയിൽ*
*ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനു വേണ്ടി*
*സമർപ്പിച്ച പ്രബന്ധം*

വി. ആർ. സുധീഷ്

തുഞ്ചൻസ്മാരകഗവേഷണകേന്ദ്രം
തുഞ്ചൻപറമ്പ്, തിരൂർ, മലപ്പുറം
കാലിക്കറ്റ് സർവ്വകലാശാല

2019

# REPRESENTATION OF KERALA CULTURE IN FILM SONGS

## WITH SPECIAL REFERENCE TO P.BHASKARAN, VAYALAR RAMAVARMA, O.N.V. KURUP

*Thesis submitted to the University of Calicut for the Degree of*
*DOCTOR OF PHILOSOPHY*

**V. R. SUDHEESH**

**THUNCHAN SMARAKA GAVESHANA KENDRAM**
**THUNCHAN PARAMBA, TIRUR, MALAPPURAM**
**UNIVERSITY OF CALICUT**

**2019**

# സത്യവാചകം

**'കേരളസംസ്കാരത്തിന്റെ പ്രതിനിധാനം ചലച്ചിത്രഗാനങ്ങളിൽ: പി. ഭാസ്ക്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി.കുറുപ്പ് എന്നിവരുടെ രചനകളെ ആസ്പദമാക്കി ഒരു പഠനം'** എന്ന ഈ പ്രബന്ധം ഇതിനുമുൻപ് ഏതെങ്കിലും സർവകലാശാലയുടെയോ തത്തുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിന് അടിസ്ഥാനമായിട്ടില്ലെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : തുഞ്ചൻപറമ്പ്,

തിയ്യതി : .02.2019.

**വി.ആർ. സുധീഷ്**

**ഡോ. ചാത്തനാത്ത് അച്യുതനുണ്ണി**
(ഗവേഷണ മാർഗ്ഗദർശി)
വകുപ്പധ്യക്ഷൻ (റിട്ട.)
മലയാളകേരളപഠനവിഭാഗം
കാലിക്കറ്റ് സർവ്വകലാശാല

ഗവേഷണമാർഗ്ഗദർശി
തുഞ്ചൻസ്മാരകഗവേഷണകേന്ദ്രം
തുഞ്ചൻപറമ്പ്, തിരൂർ

# സാക്ഷ്യപത്രം

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന ''**കേരളസംസ്കാരത്തിന്റെ പ്രതിനിധാനം ചലച്ചിത്രഗാനങ്ങളിൽ: പി. ഭാസ്ക്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി.കുറുപ്പ് എന്നിവരുടെ രചനകളെ ആസ്പദമാക്കി ഒരു പഠനം**' എന്ന പ്രബന്ധം **വി.ആർ സുധീഷ്** എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണ്.

സ്ഥലം : തുഞ്ചൻപറമ്പ്,

തിയ്യതി : 22.02.19

**ഡോ. ചാത്തനാത്ത് അച്യുതനുണ്ണി**

# കടപ്പാട്

വർഷങ്ങൾക്കു മുൻപേ തുടങ്ങിയതാണ് എന്റെ ഗവേഷണയത്നം. തീർത്തും അലസതകാരണം അത് നീണ്ടുനീണ്ടുപോയി. ഉള്ളടക്കം മനസ്സിലുണ്ടെങ്കിലും എഴുത്തു നടന്നില്ല. കാലാവധി കഴിയുമ്പോൾ പ്രബന്ധവിഷയവും മാറി. ഒടുവിൽ ഔദ്യോഗികജീവിതത്തിൽ നിന്ന് വിരമിക്കുകയും ചെയ്തു. ഗവേഷണത്തെ മറക്കാമെന്ന് തീരുമാനിച്ചു. പക്ഷെ ഗവേഷണമാർഗ്ഗദർശിയായ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി സാർ എന്നെ സ്നേഹം കൊണ്ട് ബന്ദിയാക്കി. 'എത്രയും പെട്ടെന്ന് എഴുതിത്തരൂ' എന്നുപറഞ്ഞ് അദ്ദേഹം നിരന്തരം എന്നെ പ്രചോദിപ്പിച്ചു. അങ്ങനെ എന്നോടു തന്നെയുള്ള വാശിയിൽ ഞാൻ എഴുതിത്തുടങ്ങി. ഈ വിഷയത്തിൽ നേരത്തെ പുസ്തകമായും ലേഖനമായും ധാരാളം എഴുതിയിട്ടുള്ളതിനാൽ വളരെ പെട്ടെന്നു തന്നെ പ്രബന്ധം പൂർത്തിയാക്കാൻ കഴിഞ്ഞു.

തുഞ്ചൻ സ്മാരക ഗവേഷണകേന്ദ്രത്തിലെ ഡയറക്ടറും ഗവേഷണമാർഗ്ഗദർശിയുമായ ഡോ. ചാത്തനാത്ത് അച്യുതനുണ്ണി സാറിന്റെ പ്രോത്സാഹനം ഇല്ലായിരുന്നെങ്കിൽ ഇങ്ങനെയൊന്ന് രൂപപ്പെടുമായിരുന്നില്ല എന്ന് ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു. നന്ദിപൂർവ്വം സ്മരിക്കുന്നു. ഗവേഷണത്തിനുവേണ്ട സൗകര്യമൊരുക്കിത്തന്ന തുഞ്ചൻസ്മാരക ട്രസ്റ്റ് ഭാരവാഹികൾക്കുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തട്ടെ. പ്രത്യേകിച്ചും ലൈബ്രേറിയൻ കമൽനാഥ്. പ്രബന്ധരചനയിൽ എന്നെ സഹായിച്ച പ്രിയ ശിഷ്യ ഗ്രീനഗോപാലകൃഷ്ണൻ, മറ്റു സഹായങ്ങൾ ചെയ്തുതന്ന ഡോ.രജനിസുബോധ്, ഡോ. ആർ.വി.എം. ദിവാകരൻ, വൽസൻ പീലിക്കോട്, സംഗീതജയ എന്നിവർക്ക് നന്ദി പറയുന്നു. ഡി.ടി.പി. ഭംഗിയായി ചെയ്തുതന്ന ബാലുവേട്ടനേയും സഹപ്രവർത്തകരെയും ഹൃദയത്തിൽ സൂക്ഷിക്കുന്നു. കൂടെനിന്നവർക്കൊക്കെയും ഒരിക്കൽകൂടി നന്ദി.

# ഉള്ളടക്കം


മുഖവുര 1 – 5

അധ്യായം 1 6 – 24

കേരളത്തിന്റെ ഗാനസംസ്കാരം
നാടൻപാട്ടുകൾ തൊട്ട് ചലച്ചിത്രഗാനങ്ങൾ വരെ

അധ്യായം 2 25 – 43
പി. ഭാസ്കരൻ, വയലാർരാമവർമ്മ, ഒ.എൻ.വി.കുറുപ്പ്
ചലച്ചിത്രഗാനങ്ങളുടെ പരിവർത്തനകാലം

അധ്യായം 3 44 – 60
സമൂഹവും മനുഷ്യനും ചലച്ചിത്രഗാനങ്ങളിൽ

അധ്യായം 4 61 – 90
ചലച്ചിത്രഗാനങ്ങളിലെ പ്രണയം

അധ്യായം 5 91 – 112
കേരളീയപ്രകൃതി ചലച്ചിത്രഗാനങ്ങളിൽ

അധ്യായം 6 113 – 137
ആചാരങ്ങളും ആഘോഷങ്ങളും ചലച്ചിത്രഗാനങ്ങളിൽ

ഉപസംഹാരം 138 – 141

ഗ്രന്ഥസൂചി 142 – 146

അനുബന്ധം 147 – 158

ആദ്യപാദസൂചിക

# മുഖവുര

ഭൂമുഖത്തുള്ള ജനതയുടെ ഏറ്റവും വലിയ വിനോദോപാധിയാണ് സിനിമ. ഈ നൂറ്റാണ്ടിലെ ഏറ്റവും ജനപ്രിയമായ കലയും സിനിമയാണ്. സിനിമയോടൊപ്പം തന്നെ സിനിമാഗാനങ്ങളും ജനമനസ്സിൽ വളരെ പെട്ടെന്ന് സ്ഥാനം നേടുകയും ജനകീയകലയായി മാറുകയും ചെയ്തു. ജനസമൂഹത്തെ സാകല്യേന ആനന്ദിപ്പിക്കുകയും സ്വാധീനിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്ന വശ്യത സിനിമാഗാനങ്ങൾക്കുണ്ട്. മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രമായ ബാലനിൽ (1938) ചലച്ചിത്രഗാനങ്ങളുടെ ചരിത്രം ആരംഭിക്കുന്നുണ്ടെങ്കിലും ആയിരത്തൊള്ളായിരത്തി അമ്പത്തിനാല് മുതൽക്കാണ് ഭാഷയിലും ഭാവനയിലും കേരളീയമായ സ്വത്വം അവയ്ക്ക് കൈവന്നത്. അറുപതിലേറെ വർഷങ്ങളായി ചലച്ചിത്രഗാനങ്ങൾ ജനതയെ ആകർഷിക്കാൻ തുടങ്ങിയിട്ട്. ഒരു ഭാവമോ വികാരമോ ആശയമോ ചിത്രമോ അല്ലെങ്കിൽ ഒരു കഥാസാരമോ ലളിതമായ പദാവലികൾകൊണ്ട് സംഗീതാത്മക മായി വിന്യസിപ്പിക്കുകയാണ് ഗാനരചയിതാവ് ചെയ്യുന്നത്. പാട്ടിനെക്കുറിച്ച് ഒ.എൻ.വി. ഇങ്ങനെ പറയുന്നു:

'ചലച്ചിത്രത്തിൽ പ്രയുക്തമായ സംഗീതവും (Applied Music) കവിതയു (Applied Poetry)മാണുള്ളത്. അതായത് ചലച്ചിത്രഗാനങ്ങൾ സ്വതന്ത്രകവനങ്ങളല്ല. പരകീയമായ കഥയും സന്ദർഭവും ആവശ്യപ്പെടുന്നതിനനുസരിച്ചാണ് അവയുടെ സൃഷ്ടി. ഒരു കഥാപാത്രത്തിന്റെ മനസ്സ് തുറന്നു കാട്ടുക, സന്ദർഭാനുസൃതമായ ഒരന്തരീക്ഷം സൃഷ്ടിക്കുക, ദൃശ്യവൽക്കരിക്കാനുള്ള സാദ്ധ്യതകളുണ്ടാവുക ഇത്തരം ചില നിയോഗങ്ങൾ ചലച്ചിത്രഗാനത്തിന് നിറവേറ്റാനുണ്ട്'.[1]

[1] ഒ.എൻ.വി.കുറുപ്പ്, 'പാട്ടിന്റെ പാലാഴി', *ഹൃദയസരസ്സ്* -ശ്രീകുമാരൻ തമ്പി (ഡി.സി.ബുക്സ്, കോട്ടയം, 2009), പു. 10.

ഭാഷയും സംഗീതവും സമ്മേളിച്ച് മനുഷ്യമനസ്സുകളിൽ സൃഷ്ടിക്കുന്ന ഗാനസംസ്ക്കാരത്തിന്റെ സ്വാധീനം വലുതാണ്. കേരളസംസ്ക്കാരത്തിന്റെ ചില പ്രതിനിധാനങ്ങൾ ചലച്ചിത്രഗാനങ്ങളിൽ എങ്ങനെ വന്നുചേരുന്നുവെന്ന് അന്വേഷിക്കുന്നതാണ് ഈ പ്രബന്ധം. കാവ്യാത്മകതകൊണ്ട് ചലച്ചിത്രഗാനങ്ങളെ ജനപ്രിയമാക്കിയ കവികളായ പി. ഭാസ്ക്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി. കുറുപ്പ് എന്നിവരുടെ ഗാനങ്ങളെ ആസ്പദമാക്കിയാണ് ഈ പഠനം നിർവഹിച്ചിരിക്കുന്നത്.

**പഠനമേഖല**

1950-കൾ തൊട്ടാണ് മൗലികമായ ഗാനങ്ങൾ മലയാളചലച്ചിത്രത്തിൽ കടന്നുവരുന്നത്. അതിന്റെ പ്രധാനശിൽപികൾ പി. ഭാസ്ക്കരനും വയലാറും ഒ.എൻ.വിയുമാണ്. കഴിഞ്ഞ അൻപത് വർഷങ്ങളിൽ എഴുതപ്പെട്ട ഇവരുടെ വിവിധവിഭാഗങ്ങളിൽപ്പെട്ട ഗാനങ്ങളെ ആസ്പദമാക്കിയാണ് ഈ പഠനം നിർവ്വഹിച്ചിരിക്കുന്നത്. കേരളീയപ്രതിനിധാനങ്ങൾ ഏതൊക്കെ തരത്തിൽ പാട്ടുകളിൽ പ്രതിഫലിക്കുന്നു എന്നാണ് അന്വേഷണം. മലയാളദേശത്തെയും സംസ്ക്കാരത്തെയും കാണിച്ചു തരുന്ന ഘടകങ്ങൾ എന്ന നിലയിലാണ് കേരളീയ പ്രതിനിധാനങ്ങളെ സ്വീകരിക്കുന്നത്. കേരളത്തിൽ ജീവിച്ചുവന്ന ഒരു മലയാളിയുടെ ജീവിതവുമായി, ചുറ്റുപാടുമായി ബന്ധപ്പെട്ട അനുഭവങ്ങളെയും മുദ്രകളെയും നോക്കിക്കാണുകയാണ്.

**പൂർവ്വകാല പഠനങ്ങൾ**

സമീപകാലത്ത് മാത്രമാണ് ചലച്ചിത്രഗാനങ്ങൾ ഗൗരവതരമായി പഠിക്കപ്പെട്ടത്. ഗാനങ്ങളെക്കുറിച്ചുള്ള ഗവേഷണപഠനങ്ങളും അടുത്ത കാലത്താണ് എഴുതപ്പെട്ടത്. കവികളുടെ സാഹിത്യഭാവനകളെക്കുറിച്ചുള്ള പഠനങ്ങളുടെ ഭാഗം എന്ന നിലയിൽ ഗാനസാഹിത്യത്തെ സമീപിക്കുന്ന ചില പൂർവ്വപഠനങ്ങൾ ഉണ്ട്. ''വയലാർ രാമവർമ്മയുടെ സാഹിത്യസംഭാവനകൾ''

(ജി. ചന്ദ്രകുമാരിയമ്മ, കേരള സർവ്വകലാശാല, തിരുവനന്തപുരം: 1990) ''വയലാറിന്റെ ഗാനങ്ങൾ ഒരു പഠനം'' (ഡേവീസ് സേവ്യർ, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം: 2004) എന്നീ ഗവേഷണ പ്രബന്ധങ്ങൾ ഈ രീതിയിലുള്ളതാണ്. ''മലയാള ചലച്ചിത്രഗാനങ്ങൾ പാഠവും ആവിഷ്ക്കാരവും വയലാർ പി. ഭാസ്ക്കരൻ, ഒ.എൻ.വി. എന്നിവരുടെ തിരഞ്ഞെടുത്ത ഗാനങ്ങളെ ആസ്പദമാക്കി ഒരു പഠനം'' എന്ന വിഷയത്തിൽ 2018ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് സെബാസ്റ്റ്യൻ ജോസഫ് ഗവേഷണപ്രബന്ധം ഒരുക്കിയിട്ടുണ്ട്. ചലച്ചിത്രഗാനങ്ങൾ എങ്ങനെ തിരശ്ശീലയിൽ ദൃശ്യവൽക്കരിക്കപ്പെടുന്നു എന്നതാണ് അദ്ദേഹത്തിന്റെ അന്വേഷണവിഷയം. ചലച്ചിത്രഗാനങ്ങളെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളും പഠനങ്ങളും ഇപ്പോൾ ആനുകാലികങ്ങളിൽ ധാരാളമായി വരുന്നുണ്ട്. ഗാനസംബന്ധിയായ പുസ്തകങ്ങളും സുലഭമാണ്. 1973-ൽ അഞ്ചാം പതിപ്പായി പ്രസിദ്ധീകരിച്ച *പദ്യസാഹിത്യചരിത്രം* എന്ന ഗ്രന്ഥത്തിൽ ടി.എം. ചുമ്മാർ ആണ് ആദ്യമായി മലയാള ചലച്ചിത്രഗാനശാഖയെ അവലോകനം ചെയ്തത്. ബി.വി.ശശികുമാർ, പ്രദീപൻ പാമ്പിരിക്കുന്ന്, രവിമേനോൻ, ഷിബുമുഹമ്മദ്, എം.ഡി. മനോജ്, വി.ടി. മുരളി, സുനിൽ പി. ഇളയിടം, ആലങ്കോട് ലീലാകൃഷ്ണൻ, കെ. ജയകുമാർ, രമേഷ് ഗോപാലകൃഷ്ണൻ, എതിരൻ കതിരവൻ, സുഭാഷ്ചന്ദ്രൻ, കുമാരൻ വയലേരി, കെ.വി. ശശി, പി.എസ്. രാധാകൃഷ്ണൻ, അജയപുരം ജ്യോതിഷ്കുമാർ, ആർ വി.എം. ദിവാകരൻ തുടങ്ങിയവർ ചലച്ചിത്രഗാനങ്ങളെക്കുറിച്ചും അവയിലെ സാംസ്കാരിക ഘടകങ്ങളെക്കുറിച്ചും പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഗാനരചയിതാവായ *ശ്രീകുമാരൻ തമ്പി പി. ഭാസ്ക്കരന്റെ കാവ്യമുദ്രകൾ* എന്നൊരു പഠനഗ്രന്ഥവും കെ. ജയകുമാർ *വയലാർ ഗാനരചനയിലെ ഗാന്ധർവ്വം* എന്ന പഠനഗ്രന്ഥവും രചിച്ചിട്ടുണ്ട്.

ടി.എം. ചുമ്മാർ ആണ് പദ്യസാഹിത്യചരിത്രത്തിൽ സിനിമാഗാനങ്ങൾ എന്ന അദ്ധ്യായത്തിൽ ആദ്യമായി ചലച്ചിത്രഗാനങ്ങളെ പരിചയപ്പെടുത്തിയത്.

അഭയദേവ് മുതൽ യൂസഫലി കേച്ചേരിവരെയുള്ള മലയാള ചലച്ചിത്ര ഗാനരചയിതാക്കളുടെ ശ്രദ്ധേയമായ ചുരുക്കം ഗാനങ്ങളാണ് പരിചയപ്പെടുത്തുന്നത്. പി. ഭാസ്കരന്റെ പതിനഞ്ച് ഗാനങ്ങളും, വയലാറിന്റെ പതിനാല് ഗാനങ്ങളും ഒ.എൻ.വി.യുടെ അഞ്ച് ഗാനങ്ങളും വിലയിരുത്തുന്നുണ്ട്. ഗാനങ്ങളുടെ കല്പനാസൗന്ദര്യമാണ് പറയുന്നത്. സെബാസ്റ്റ്യൻ ജോസഫിന്റെ ഗവേഷണപഠന പ്രബന്ധത്തിൽ പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി. എന്നിവരുടെ ഗാനങ്ങൾ സിനിമയിൽ എങ്ങനെ ദൃശ്യവത്ക്കരിക്കപ്പെടുന്നു എന്ന അന്വേഷണമാണ്. റിച്ചാർഡ് ഷെഗനറുടെ പ്രകടന കലാസിദ്ധാന്തം ആണ് അടിസ്ഥാനം. ഗാനത്തെ ഗാനമാക്കുന്ന ഘടകങ്ങളും ഗാനം സ്വീകാര്യമാക്കിയ ഘടകങ്ങളും പരിശോധിക്കുന്നു. സിനിമയ്ക്കകത്തും, പുറത്തുമുള്ള വൈവിധ്യമാർന്ന വാചിക, ദൃശ്യ അവതരണങ്ങളായി ചലച്ചിത്രഗാനങ്ങളെ പരിഗണിച്ചുകൊണ്ട് വിശകലനം ചെയ്യുന്നു. മലയാള സിനിമയുടെ ആഖ്യാനതന്ത്രങ്ങളിൽ ഗാനാവതരണങ്ങൾക്ക് സുപ്രധാന സ്ഥാനം ഉണ്ടായിരുന്നു. പ്രണയമുഹൂർത്തങ്ങളുടെ ആവിഷ്ക്കാരത്തിൽ ഗാനചിത്രീകരണങ്ങൾ സിനിമയിൽ അനിവാര്യമായി കണക്കാക്കുന്നു. പ്രകടകലാസിദ്ധാന്തം എന്ന കാഴ്ചവട്ടത്തിലൂടെ മലയാളത്തിലെ ഈ മൂന്ന് ഗാനരചയിതാക്കളുടെ പ്രണയം, ഭക്തി, വിപ്ലവം എന്നിവ പ്രമേയമാകുന്ന ഗാനങ്ങളിലെ അവതരണപരമായ പ്രത്യേകതകൾ പരിശോധിക്കുകയാണ് സെബാസ്റ്റ്യൻ ജോസഫ്.

*ആത്മഗാനം, പ്രണയചന്ദ്രകാന്തം, അല്ലിയാമ്പൽക്കടവ്* എന്നിങ്ങനെ മൂന്ന് ചലച്ചിത്രഗാന പഠനഗ്രന്ഥങ്ങൾ എന്റേതായുമുണ്ട്. ചലച്ചിത്രഗാനങ്ങളെ കേരള സംസ്ക്കാരവുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ ഒരു അന്വേഷണം ഇതേവരെ ഉണ്ടായിട്ടില്ല.

**പ്രബന്ധഘടന**

ചലച്ചിത്രഗാനങ്ങളിലെ കേരളീയത അന്വേഷിക്കുന്ന ഈ പ്രബന്ധത്തിന് ആറ് അദ്ധ്യായങ്ങളാണുള്ളത്. ഒന്നാം അദ്ധ്യായത്തിൽ കേരളത്തിന്റെ ഗാന സംസ്ക്കാരത്തെ അവലോകനം ചെയ്യുകയാണ്. നാടൻപാട്ടുകൾ തൊട്ട് ചലച്ചിത്രഗാനങ്ങൾവരെയുള്ള വിവിധ പാട്ടുശാഖകളെ പരിചയപ്പെടുത്തുന്നു. ഇത്തരം പാട്ടുകളൊക്കെയും വ്യത്യസ്തരൂപത്തിൽ ചലച്ചിത്രഗാനങ്ങളിൽ വന്നിട്ടുണ്ട്. സ്വന്തമായി ഒരു പാട്ടില്ലാത്ത മലയാളിക്ക് ചലച്ചിത്രഗാനമാണ് സ്വന്തം പാട്ട് എന്ന് കണ്ടെത്തുന്നു. മലയാളഗാനശാഖയെ പരിവർത്തിപ്പിച്ച പി. ഭാസ്ക്കരന്റെയും വയലാറിന്റെയും ഒ.എൻ.വിയുടെയും ചലച്ചിത്രഗാനങ്ങളുടെ പൊതുസ്വഭാവവും ചങ്ങമ്പുഴയുടെ സ്വാധീനവും കണ്ടെത്തുകയാണ് രണ്ടാം അധ്യായത്തിൽ. മൂന്നാം അദ്ധ്യായത്തിൽ ചലച്ചിത്രഗാനങ്ങളിലെ മലയാളിയുടെ സാമൂഹ്യജീവിതം വിശദീകരിക്കുന്നു. സമൂഹം, മനുഷ്യൻ, വ്യത്യസ്ത ജനവിഭാഗങ്ങൾ എങ്ങനെ പാട്ടുകളിൽ വന്നുചേരുന്നു എന്ന അന്വേഷണം. ചലച്ചിത്രഗാനങ്ങളിലെ പ്രണയമാണ് നാലാംഅദ്ധ്യായത്തിൽ പരിശോധിക്കുന്നത്. അഞ്ചാംഅദ്ധ്യായത്തിൽ കേരളീയപ്രകൃതി ചലച്ചിത്രഗാനങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്ന് വിശദമാക്കുന്നു. കേരളീയമായ ആചാരങ്ങളും ആഘോഷങ്ങളും ചലച്ചിത്രഗാനങ്ങളിൽ എന്നതാണ് ആറാം അദ്ധ്യായത്തിന്റെ ഉള്ളടക്കം. ഈ പഠനങ്ങളിലൂടെ എത്തിച്ചേരുന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും ഏഴാം അദ്ധ്യായത്തിൽ ക്രോഡീകരിക്കപ്പെടുന്നു. അനുബന്ധമായി ഈ ഗവേഷണ പ്രബന്ധത്തിൽ ഉപയോഗിച്ച പാട്ടുകളുടെ ആദ്യപാദസൂചിക ചേർത്തിരിക്കുന്നു.

# അധ്യായം ഒന്ന്

# കേരളത്തിന്റെ ഗാനസംസ്കാരം നാടൻപാട്ടുകൾതൊട്ട് ചലച്ചിത്രഗാനംവരെ

'വൃത്തവ്യവസ്ഥയില്ലക്ഷരവ്യക്തിയ-
ല്ലർത്ഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലിഗ്ഗീത-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽപോലെ.'[1]

നാടോടിപ്പാട്ടുകളുടെ നാദപ്രപഞ്ചത്തെ വള്ളത്തോൾ 'പണ്ടത്തെ പാട്ടുകളിൽ ഇവ്വിധം കുറിച്ചിട്ടിരിക്കുന്നു. ഗ്രാമീണജനത തങ്ങളുടെ ജീവിതത്തിന്റെ തുടിയും താളവുമായി സ്വീകരിച്ചുവന്ന പാട്ടും കവിതകളുംതന്നെയാണ് നാടൻപാട്ടുകൾ. രാഘവൻ പയ്യനാട് പറയുന്നു.[2] 'അജ്ഞാതകർതൃത്വം, വ്യക്തമായ ചരിത്രമില്ലായ്മ, വാമൊഴിയിലൂടെയുള്ള വ്യാപനം, യഥാർത്ഥപാഠമില്ലായ്കയും പാഠഭേദങ്ങൾ മാത്രം ഉള്ള അവസ്ഥയും ആവർത്തനപദങ്ങൾ, താളാത്മകത, സ്വതഃസ്ഫുരണത, തനതായ ശൈലി, ആത്മനിഷ്ഠത, യുക്തിരാഹിത്യം എന്നിവയാണ് നാടൻ പാട്ടുകളുടെ സവിശേഷത. സാഹിത്യം, സംഗീതം എന്നിവയുടെ ചരിത്രമന്വേഷിക്കുന്ന ഏതൊരാളും അന്തിമമായി എത്തിച്ചേരുന്നത് അഥവാ എത്തിച്ചേരേണ്ടത് നാടൻപാട്ടുകളുടെ മഹാപ്രപഞ്ചത്തിലാണ്. കാരണം എല്ലാ കലാസാഹിത്യാദികളുടെയും മൂലകാരണം നാടൻപാട്ടുകളായിരുന്നു എന്നതാണ്.

---

[1] 'കിളിക്കൊഞ്ചൽ', *സാഹിത്യമഞ്ജരി,* ഭാ.5, 2-ാം പ. (ഡി.സി.ബുക്സ്, കോട്ടയം, 2004), പു. 271.

[2] രാഘവൻ പയ്യനാട്, *ഫോക്‌ലോർ* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996), പു. 200-220.

മനുഷ്യന്റെ പരിണാമത്തെ, വിശിഷ്യ, സാംസ്ക്കാരികപരിണാമദശയെ പാട്ടുകളുമായി ബന്ധപ്പെടുത്തിയന്വേഷിക്കുന്നത് ഉചിതവും യുക്തിഭദ്രവുമാണ്. ഓരോ കാലത്തിനും ദേശത്തിനുമനുസരിച്ച് അതാതിടങ്ങളിൽ പ്രചരിച്ച കഥയോ, നടന്ന സംഭവങ്ങളോ, നിലനിൽക്കുന്ന ആചാരങ്ങളോ വിഷയമാക്കി രൂപപ്പെട്ടു വന്നിട്ടുള്ളവയാണ് ഇത്തരം പാട്ടുകൾ. ജാതി, മതം, സമൂഹം, സമുദായം, കുലം, തൊഴിൽ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഇവയെ വർഗ്ഗീകരിക്കാവുന്നതാണ്. മലമുകളിൽ കാടൊട്ടി ജീവിക്കുന്ന ആദിവാസികളുടെ പാട്ടിൽനിന്നും തീർത്തും ഭിന്നമാണ് ഈനാട്ടിലെ കർഷകന്റെയും തീരപ്രദേശത്തെ മത്സ്യത്തൊഴി ലാളികളുടെയും പാട്ടുപ്രകൃതം. തലമുറകൾ തലമുറകളിലേക്കു പകർന്നുനൽകിയ വാമൊഴിമധുരങ്ങളിൽനിന്നും കാലാന്തരത്തിൽ വാക്കുകൾ തെന്നിമാറിയിട്ടു ണ്ടെങ്കിലും, അതിന്റെ താളപദ്ധതിക്ക് ഒരപകടവും ഇതുവരെയും പിണഞ്ഞിട്ടില്ല.

പാട്ടിന്റെ പിന്നാമ്പുറം തിരയുന്നത്, നടേ സൂചിപ്പിച്ചപോലെ യുഗ പരിണാമങ്ങളുടെ കഥയന്വേഷിക്കൽകൂടിയാണ് എന്നുവരുമ്പോൾ ഏറെക്കാലം പിറകോട്ടു പോകേണ്ടതുണ്ട് നാം. സമൂഹപരിണാമത്തെ സംബന്ധിച്ച് പല സിദ്ധാന്തങ്ങളും ഉണ്ടായിട്ടുണ്ട്. പ്രാകൃതം (ancient) ആധുനികം (modern), ഉത്തരാധുനികം (postmodern) എന്നിങ്ങനെയാണ് ഒരു തരം തിരിവ്. ഓരോ കാലത്തെയും ജീവിതരീതിയാണ് ഇത്തരം ഖണ്ഡവിഭജനങ്ങളുടെ ഹേതു. സാമ്പത്തികസംസ്ക്കാരത്തെ അടിസ്ഥാനപ്പെടുത്തിയാണ് വേട്ടയാടൽഘട്ടം (hunting stage), കാലിവളർത്തൽഘട്ടം (Pastoral Stage), കാർഷികഘട്ടം (agricultural stage), വ്യാവസായികഘട്ടം (Industrial stage) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നത്. സാങ്കേതികവിദ്യാപ്രയോഗത്തിന്റെയും തദനുസരണമായ പുരോഗതിയുടെയും അടിസ്ഥാനത്തിൽ ശിലായുഗം (stone age), ഓട്ടുയുഗം (bronze age), ഇരുമ്പുയുഗം (iron age) എന്നിങ്ങനെ ക്രമപ്പെടുത്തിക്കാണുന്നു.

വികസനഘട്ടങ്ങളെ വ്യക്തമാക്കിക്കൊണ്ട് ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനത്തിൽ കാറൽ മാർക്സ് പ്രാകൃതകമ്മ്യൂണിസം (Primitive Communism), അടിമത്തം (slavery) നാടുവാഴിത്തം (Feudalism), മുതലാളിത്തം (capitalism), കമ്മ്യൂണിസം (communism) എന്നിങ്ങനെ സമൂഹത്തിന്റെ കാലഭേദങ്ങളെ കണക്കാക്കുന്നു. ഇതിന്റെ ഒന്നാംഘട്ടത്തിൽ മനുഷ്യൻ സ്ഥിരവാസിയായിരുന്നില്ല. പ്രകൃതിയിലു ള്ളത് എല്ലാം എല്ലാവർക്കും (Each for all spall for each) എന്ന ജനാധിപത്യകാ ഴ്ചപ്പാടാണു പുലർത്തിയിരുന്നത്. ഇതാകട്ടെ ഒരലിഖിതനയം കൂടിയായിരുന്നു. സ്വകാര്യസ്വത്ത് (Private Property) എന്ന സങ്കല്പം ഉയർന്നുവരാത്ത ഒരു കാല ഘട്ടത്തിൽ സർവ്വരും സ്വതന്ത്രരായിരുന്നു. വേട്ടയാടൽപ്രക്രിയ വിജയപര്യവസായി യായിത്തീരുമ്പോൾ പ്രാകൃതമനുഷ്യർ ചില അവ്യക്തശബ്ദങ്ങൾ ഉണ്ടാക്കുക പതിവായിരുന്നു. ഇത്തരം ശബ്ദങ്ങൾക്കുണ്ടായ തുടർച്ച പിന്നീട് അവരുടെ പാട്ടുകളായി പരിണമിച്ചിരുന്നിരിക്കാം. പാട്ടുകളുടെ ആദിരൂപങ്ങളെല്ലാം കൃഷിനില ങ്ങളിൽനിന്നുമാണ് ഒഴുകിപ്പരന്നത്. നിലമൊരുക്കുക, വിത്തുവിതയ്ക്കുക, ഞാറുനടുക, കളപറിക്കുക, നനയ്ക്കുക, ചക്രമുപയോഗിച്ച് വെള്ളം തേവുക, കൊയ്യുക, മെതിക്കുക തുടങ്ങിയ ഘട്ടങ്ങളിലെല്ലാം ജോലിയുടെ ആയാസം ലഘൂകരിക്കാനായി പണ്ടുള്ളവർ അഭയം തിരഞ്ഞത് പാട്ടുകളിലായിരുന്നു. കഥകളും കഥാഗാനങ്ങളും വീരേതിഹാസങ്ങളും പുരാണങ്ങളുമെല്ലാം പാട്ടിനു വിഷയീഭവിച്ചിട്ടുണ്ട്. അക്ഷരങ്ങളുടെ ജാലവും ശാസ്ത്രീയമായി ചിട്ടപ്പെടുത്താതെ തന്നെ രൂപപ്പെടുത്തിയെടുത്ത താളവുമാണ് നാടൻപാട്ടുകളുടെ അടിത്തറ. ഹാസ്യവും പരിഭവവുമടക്കം ജീവിതത്തിന്റെ ഭാവപ്പകർച്ചകളെല്ലാം ഇതിൽ ഉൾച്ചേർന്നിരിക്കുന്നു.

നാടൻപാട്ടുകളിൽ ഗ്രാമീണസംസ്ക്കാരമാണ് നിറഞ്ഞുനിൽക്കുന്നത്. ഓരോ ജാതിക്കും വർഗ്ഗത്തിനും മതത്തിനും പ്രത്യേകം പ്രത്യേകം പാട്ടുകളുണ്ട്. ജനനംമുതൽ മരണംവരെയുള്ള ഓരോ മനുഷ്യന്റെ അനുഭവങ്ങളോട് പാട്ട്

ബന്ധപ്പെട്ടുകിടക്കുന്നു. വിത്തു വിതയ്ക്കുമ്പോഴും വിള കൊയ്യുമ്പോഴും കുട്ടിയെ ഉറക്കുമ്പോഴും കല്യാണത്തിനും പ്രാർത്ഥനയ്ക്കും ദോഷോച്ചാടനത്തിനുമെല്ലാം പാട്ടുകൾ വേണം. കേരളത്തിലെ നാടൻപാട്ടുകളിൽ നല്ലൊരു വിഭാഗം മതപരമായ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടവയാണ്. അനുഷ്ഠാനകലകൾ, അനുഷ്ഠാന കർമ്മങ്ങൾ, മാന്ത്രികക്രിയകൾ എന്നിവയ്ക്കു പാടുന്ന പാട്ടുകൾ ഈ വിഭാഗ ത്തിൽപ്പെടുന്നു. തൊഴിൽപരമായ ഗാനങ്ങൾ മനുഷ്യന്റെ അദ്ധ്വാനഭാരത്തെ ലഘൂകരിക്കുകയും മധുരീകരിക്കുകയും ചെയ്യുന്നു. കൃഷിപ്പാട്ടുകൾ, വഞ്ചിപ്പാട്ട്, വണ്ടിപ്പാട്ട്, അരവുപാട്ട്, തേക്കുപാട്ട് മുതലായവ ഈ വിഭാഗത്തിൽപ്പെടുന്നു.[3] ഗ്രാമീണസംസ്ക്കാരത്തെയും ജീവിതത്തെയും തുറന്നു കാണിക്കുന്നതാണ് നാടൻ പാട്ടുകൾ. പഴയകാലത്തെ ജീവിതസമ്പ്രാദയങ്ങളെയും ഭക്ഷണം, വസ്ത്രം, ആരാധന, തൊഴിൽ ഉപകരണങ്ങൾ, വിശ്വാസങ്ങൾ, വിനോദങ്ങൾ, കർമ്മങ്ങൾ എന്നിവയുടെയെല്ലാം ഒരു ഏകദേശരൂപം ലഭിക്കുവാൻ നാടൻ പാട്ടുകൾ സഹായിക്കും.

**കൃഷിപ്പാട്ടുകൾ**

കൃഷി അസ്തിത്വ ഉപാധിയാണ്. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധത്തെ അത് കാണിച്ചുതരുന്നു. കൃഷിപ്പാട്ടുകൾ പലരീതിയിലുണ്ട്. വിത്തിടാ നായി നിലമൊരുക്കുന്നതുമുതൽ പാടുന്നത് കൃഷിപ്പാട്ടുകളാണ്.

''ആ തിന്ത തിനതിന്തിന്തോ - തിന്തിന്താരാ

ആ തിന്ത തിനതിന്തിന്തോ - തിന്തിന്താരാ''

എന്ന വായ്ത്താരിയിൽ തുടങ്ങുന്ന ഒരു കൃഷിപ്പാട്ടു നോക്കുക.

---

[3] എം.വി. വിഷ്ണുനമ്പൂതിരി, *ഫോക്‌ലോർ നിഘണ്ടു* (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരു വനന്തപുരം, 1989), പു. 617-18.

ഒത്തു കിളക്കിനെടോ, തിന്തിന്താരാ

ഒരുമിച്ചു കിളക്കിനെടോ തിന്തിന്താരാ

എങ്ങനെ കിളക്കിണുണ്ടേ തിന്തിന്താരാ

അങ്ങിനെ കിളക്കിണുണ്ടേ തിന്തിന്താരാ

വടക്കൊള്ള കെളകെളച്ചേ തിന്തിന്താരാ

ആ തിന്ത തിനി.......

പിന്നീടുള്ളത് വിത്തിടൽ പാട്ടുകളാണ്.

'പൊലിപൊലിക...' 'തെയ്യിത്തനുന്തതിനുന്തിനം താരാ.... താരതിനുന്തതി നുന്തിനം താരാ...' മുതലായ വായ്ത്താരികളാണ് വിത്തിടൽ പാട്ടുകൾക്ക് അകമ്പടി സേവിക്കുന്നത്.

ഒരു പാട്ടു നോക്കുക:

നമ്മുടെ കണ്ടത്തി ചങ്കുകണ്ടത്തി

നാളെ നമുക്കൊരു വിത്തിടീലൊണ്ടേ

നീലിയും തേനിയും കൊച്ചിക്കേ ചക്കീം

ചങ്കുകണ്ടത്തിന്റെ ചന്തം കണ്ടമ്മോ

തെയ്യത്തിനന്ത തിനന്തിനന്താരാ

താരാതിനന്ത തിനന്തിനന്താര[4]

വയലിട്ട വിത്ത് ഞാറായി വളർന്നുകഴിഞ്ഞാൽ പിന്നെ നാട്ടിപ്പാട്ടാണ്. വിത്തിട്ട കണ്ടത്തിൽനിന്നും ഞാറു പൊരിച്ചെടുക്കുമ്പോൾ പൊരിപ്പാട്ടും നടു മ്പോൾ നടീൽപ്പാട്ടുമുണ്ട്. ഞാറു നടുന്നത് താളാത്മകമായാണ്. അതു കൊണ്ടുതന്നെ ഇത്തരം പാട്ടുകളിലെ വായ്ത്താരി കൃത്യമായ ഒരു സംഗീത പദ്ധതിയുടെ കർത്തവ്യം തന്നെ നിർവ്വഹിക്കുന്നുണ്ട്.

[4] പഴമ്പാട്ടുകൾ (സമാഹരണം) എം.ജി. അജിത്കുമാർ, (നാട്ടരങ്ങ് പ്രസിദ്ധീകരണം, പറപ്പൂർ പി.ഒ. കോട്ടക്കൽ, 2002), പു. 54.

ഞാറെല്ലാം ലാകിലാക്യേ-

താരികന്താരോം

തിരിപ്പണം കെട്ടിയിട്ടേ

താരീതിനന്തോം

കണ്ടം നടുക്കു ചെന്തേ

താരികന്താരോം

ഞാറിട്ടു കൈ വണങ്ങ്യേ

താരീതിനന്തോം

നടുവലം തിരിഞ്ഞേ

താരികന്താരോം

നട്ടുപുറം തിരിഞ്ഞേ

താരീതിനന്തോം

നട്ടുവരമ്പുകണ്ടേ

താരികന്താതോം

ഞാറിട്ടു കൈവണങ്ങ്യേ

താരിതിനന്തോം

ചേറ്റിമ്മേൽ കൈവണങ്ങ്യേ

താരിതിനന്തോം

ചേറ്റിമ്മേൽ കൈവണങ്ങ്യേ

താരികന്താരോം

ഒടയോരെ കൈവണങ്ങ്യേ

താരീതിനന്തോം

താരതമ്യേന വേഗം ആവശ്യമുള്ള കൊയ്ത്തുപണിക്കും മറ്റും അകമ്പടി സേവിക്കുന്ന പാട്ടുകൾക്കും വായ്ത്താരികൾക്കും ആ വേഗത ദൃശ്യമാണ്. ഇത്തരം സന്ദർഭങ്ങളിൽ 'തെയ്യകം താരോ തിന്താരോ' 'തെയ്യന്താരാ', 'തൈതിനിന്ത തിനിന്തിനിന്തോ' 'തെയ്യകം തെയ്യകം തെയ്യകം താരാ' തുടങ്ങിയ വായ്ത്താരി കളാണ് പ്രയോഗിച്ചു വരുന്നത്.

ഒരു കൊയ്ത്തുപാട്ടു നോക്കുക:

'താഴ്ത്തികൊയ്യടി താളത്തിൽ കൊയ്യടി

താഴെ നിൽക്കുന്ന പെണ്ണാളെ

നീട്ടി കൊയ്യടി നിർത്തത്തിൽ കൊയ്യടി

നീലത്താമര കണ്ണാളെ

തെയ്യകം തിന്തിമി തെയ്യകം താരാ

തെയ്യകം തിന്തിമി തെയ്യകം താരാ

തന്നാനെ താര തക തന്നാനം താരാ

തന്നാനെ താര തക തന്നാനം താരാ

കൊയ്ത്തുകാലത്ത് പുള്ളുവസമുദായത്തിൽപെട്ടവർ വയൽവരമ്പിലിരുന്ന് പാടുന്ന പാട്ടിന് സംഗീതത്തിന്റെ എല്ലാ സൗന്ദര്യവുമുണ്ട്. പാരമ്പര്യവാദ്യോപകരണമായ പുള്ളുവവീണയും പുള്ളുവക്കുടവും ഈ പാട്ടിന് അകമ്പടി സേവിക്കുന്നു. ചിട്ടപ്പെടുത്തലുകൾക്ക് വശംവദമാകാത്ത പാട്ടുകളാണ് ഇവ.

**ആഘോഷപ്പാട്ടുകൾ**

കേരളത്തിന്റെ പാട്ടുസംസ്ക്കാരത്തെ സജീവവും സമ്പന്നവുമാക്കുന്നതിൽ ഇവിടുത്തെ ജനകീയാഘോഷങ്ങളോടു ചേർന്നുകൊണ്ടു പാടിവന്ന പാട്ടുകൾ വഹിച്ച പങ്ക് നിസ്തുലമാണ്.[5] ഓണം, വിഷു, തിരുവാതിര തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ടാണ് ഇങ്ങനെ പാട്ടുകൾ നിലവിലുള്ളത്. ആഘോഷത്തെ വിനോദിക്കാനുള്ള വേളകളാക്കി മാറ്റുകയെന്ന ദൗത്യമാണ് ഇത്തരത്തിൽ പാടുന്ന പാട്ടുകൾക്കുള്ളതെന്നു വ്യക്തം. തുമ്പി തുള്ളൽപ്പാട്ട്, ഊഞ്ഞാൽപ്പാട്ട്, കുമ്മാട്ടിപ്പാട്ട് എന്നിങ്ങനെയെല്ലാം ഓണപ്പാട്ടുകൾ നിലവിലുണ്ട്.

5 ചിറക്കൽ ടി. ബാലകൃഷ്ണൻനായർ, *കേരളത്തിലെ ഭാഷാഗാനങ്ങൾ* (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1979), പു. 72.

തുമ്പപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂതരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടു?

കാക്കപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരുവട്ടി പൂതരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടു?

അരിപ്പൂവേ പൂത്തിരളേ
നാളേയ്ക്കൊരു വട്ടി പൂതരണേ
ആയ്ക്കില ഈയ്ക്കില ഇളംകൊടി പൂയ്ക്കില
പിന്നെ ഞാനെങ്ങനെ പൂതരേണ്ടൂ?
പൂവായ പൂവെല്ലാം പിള്ളേരിറുത്തു
പൂവാങ്കുരുന്നില ഞാനുമിറുത്തു
പിള്ളേരെ പൂവെല്ലാം കത്തിക്കരിഞ്ഞുപോയ്
ഞങ്ങളെ പൂവെല്ലാം മിന്നിത്തെളിഞ്ഞുപോയ്
പൂവേ...പൊലി...പൂവേ...പൊലി
പൂവേ... പൊലി...പൂവേ

മേൽ ഉദ്ധരിച്ചതരം പാട്ടുകളിൽ കാണാൻകഴിയുന്ന ഏറ്റവും വലിയ സവിശേഷത ആദ്യംമുതൽ അവസാനംവരെ വരികൾ ഒരേ ദൈർഘ്യത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നുവെന്നതാണ്.

ഓണക്കാലത്തിന്റെ ഉത്സാഹം പ്രകടമായി വരുന്ന മറ്റൊരിനമാണ് ഊഞ്ഞാൽപ്പാട്ട്. കൃത്യമായ താളബോധമുള്ളവയാണ് ഈ പാട്ടുകൾ.

ഊഞ്ഞാലോ - ചക്കിയമ്മ
മുട്ടയിട്ടു - കുഞ്ഞുകൊത്തി
തോടടപ്പാൻ - കൈതവെട്ടി

കൈതപ്പൂവേ - കൊടിയേറ്റ്

എന്തുകൊടി ? - വെറ്റക്കൊടി

എന്ത് വെറ്റ? - കണ്ണുവെറ്റ

എന്ത് കണ്ണ്? - ആനക്കണ്ണ്

എന്ത് ആന? - കുഴിയാന

എന്ത് കുഴി ? - ചേമ്പിൻകുഴി

എന്ത് ചെമ്പ് ? - വേട്ടുചേമ്പ്

എന്ത്വെട്ട് ? - കല്ലുവെട്ട്

എന്ന രീതിയിലാണ് ഒരു ഊഞ്ഞാൽപ്പാട്ട്.

ഉത്സവപ്പാട്ടുകളിൽ ശ്രദ്ധയാകർഷിക്കുന്ന മറ്റൊരിനം തിരുവാതിരപ്പാട്ടുകളാണ്. ധനുമാസത്തിലെ ആതിര മഹോത്സവത്തോടനുബന്ധിച്ച് ഭർതൃസൗഖ്യത്തിനും നെടുമംഗല്യത്തിനുമായി സ്ത്രീകൾ നടത്തുന്ന കൈകൊട്ടിക്കളിയും അതിന് താളം പകർന്നുകൊണ്ടുള്ള പാട്ടുകളും ഒരു ശാസ്ത്രീയ ചിട്ടപ്പെടുത്തലിനെ അനുസ്മരിപ്പിക്കുന്നു.

ആലായാൽ തറവേണം

അടുത്തൊരമ്പലം വേണം

ആലിനു ചേർന്നൊരു

കുളവും വേണം

കുളിപ്പാനായ് കുളം വേണം

കുളത്തിൽച്ചെന്താമരവേണം

കുളിച്ചുചെന്നകം പൂകാൻ

ചന്ദനം വേണം.

പൂവായാൽ മണം വേണം

പൂമാനായാൽ ഗുണം വേണം

പൂമാനിനിമാർകളായാ-

ലടക്കം വേണം.

നാടായാൽ നൃപൻവേണം

അരികേ മന്ത്രിയും വേണം

നാട്ടീന്നു ഗുണമുള്ള

പ്രജകൾ വേണം.

യുദ്ധത്തിൽ രാമൻ നല്ലൂ

കുലത്തിങ്കൽ സീത നല്ലൂ

ഊണുറക്കുമുപേക്ഷിക്കാൻ

ലക്ഷ്മണൻ നല്ലൂ.

പടയ്ക്കു ഭരതൻ നല്ലൂ

പറക്കാൻ പൈങ്കിളി നല്ലൂ

പറക്കുന്ന പക്ഷികളിൽ

ഗരുഡൻ നല്ലൂ

മങ്ങാട്ടച്ചനു ഞായം നല്ലൂ

മങ്ങാതിരിപ്പാൻ നില-

വിളക്കു നല്ലൂ

പാലിൽ പഞ്ചസാര നല്ലൂ

പാലിയത്തച്ഛനു നീതി നല്ലൂ

പാരാതിരിപ്പാൻ ചില

പദവി നല്ലൂ.'[6]

വിഷുപ്പക്ഷിയുടെ പാട്ടായി പരിഗണിച്ചുപാടുന്ന

'വിത്തും കൈക്കോട്ടും

കള്ളൻ ചക്കേട്ടു

ചക്കയ്ക്കുപ്പില്ല

അച്ഛൻ കൊമ്പത്ത്

അമ്മ വരമ്പത്ത്,

എന്ന പാട്ടിലും കൃത്യമായ താളബോധം സൂക്ഷിച്ചിരിക്കുന്നതു കാണാം.

[6] ചിറക്കൽ ടി ബാലകൃഷ്ണൻനായർ, പു. 121.

**താരാട്ടുപാട്ടുകൾ**

കുഞ്ഞുങ്ങളെ ഉറക്കാൻ വേണ്ടി പാടുന്നതാണ് താരാട്ടുപാട്ടുകൾ. കേരളത്തിൽ നിലവിലുള്ള താരാട്ടുപാട്ടുകൾ രണ്ടു രീതിയിൽ കാണാൻ കഴിയും. ഒന്ന് തനിപ്രാദേശികമായ ചുറ്റുപാടിൽ സാധാരണക്കാരൻ പാടി പ്പതിപ്പിച്ച പാട്ടുകൾ.

''വാ...വാ...വാ...വാ...വാ...വാ..

വാ...വാ..വാ..വാ..വാ..വാ....''

എന്നും

''രേ രേ രം രേ രേ രം

രേ രേ രം രേ രേ രം''

എന്നിങ്ങനെയും മറ്റുമുള്ള വായ്ത്താരിയുടെ അകമ്പടിയോടെയാണ് ഇത്തരം പാട്ടുകൾ പാടിക്കേൾക്കുന്നത്.

ഇരയിമ്മൻ തമ്പിയുടെ ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ട്പാട്ട് പ്രശസ്തമാണ്.

ഓമനത്തിങ്കൾ കിടാവോ...നല്ല

കോമളത്താമരപ്പൂവോ.?

പൂവിൽ നിറഞ്ഞ മധുവോ...പരി

പൂർണ്ണേന്ദു തന്റെ നിലാവോ..?'

എല്ലാത്തിനെയും അധഃകരിച്ചുകൊണ്ട് ഇന്നും എന്നും ജീവിക്കാൻ കഴിവുള്ളതാരാട്ടാണ് ഓമനത്തിങ്കൾക്കിടാവോ..[7]

[7] എം.ലീലാവതി, മലയാള കവിതാസാഹിത്യചരിത്രം, (കേരള സാഹിത്യഅക്കാദമി, തൃശൂർ, 1980), പു. 160

**തമാശപ്പാട്ടുകൾ**

കൃത്യമായ താളബോധം സൂക്ഷിക്കുന്ന ഇനിയൊരിനം തമാശപ്പാട്ടുകളാണ്. വരികളിൽ മുറ്റിനിൽക്കുന്ന ഫലിതമോ, പാട്ട് ആത്യന്തികമായി പ്രതിനിധാനം ചെയ്യുന്ന തമാശ കലർന്ന സംഭവങ്ങളോ ഒക്കെയാണ് ഇതിലൂടെ വിടരുന്നത്. വരികളുടെ ആവർത്തനമാണ് ഇത്തരം പാട്ടുകളുടെ സവിശേഷതയായി ചൂണ്ടിക്കാട്ടാനുള്ളത്. ഒരു പാട്ടു ശ്രദ്ധിക്കുക.

പോകാലോ പോകാലോ

മഞ്ഞക്കാട്ടില് പോകാലോ

മഞ്ഞക്കാട്ടില് പോയാല്

മഞ്ഞക്കിളിയെ പിടിക്കാലോ

മഞ്ഞക്കിളിയെ പിടിച്ചാലോ

പപ്പും പൂടേം പറിക്കാലോ

ഉപ്പും മുളകും തിരുമ്മാലോ

ഉപ്പും മുളകും തിരുമ്മ്യാലോ

ചട്ടീലിട്ടു വറുക്കാലോ

ചട്ടീലിട്ടു വറുത്താലോ

പച്ചെല വാട്ടിപൊതിയാലോ

പച്ചെല വാട്ടിപ്പൊതിഞ്ഞാലോ

തണ്ടാൻ പടിക്കൽ ചെല്ലാലോ

തണ്ടാൻ പടിക്കൽ ചെന്നാലോ

കള്ളാലിത്തിരി മോന്താലോ

കള്ളാലിത്തിരി മോന്ത്യാലോ

ഓളേം മക്കളേം തല്ല്യാലോ

കോലോത്തും വാതുക്കൽ ചെല്ലാലോ

കോലോത്തും വാതുക്കൽ ചെന്നാലോ

കാലും പെണച്ചങ്ങു നിക്കാലോ

കാലും പെണച്ചങ്ങു നിന്നാലോ

കാര്യംകൊണ്ടിത്തിരി പറയാലോ

കാര്യം കൊണ്ടിത്തിരി പറഞ്ഞാലോ

കഴുമ്മേല് കിടന്നങ്ങാടാലോ![8]

ഒരേ താളക്രമം ആദ്യന്തം സൂക്ഷിക്കുന്നുവെന്നതാണ് ഇത്തരം പാട്ടുകളുടെ സവിശേഷതകയായി എടുത്തു പറയാനുള്ളത്.

**വടക്കൻപാട്ടും തെക്കൻപാട്ടും**

ഉത്തരകേരളത്തിൽ പണ്ട് ജീവിച്ചിരുന്ന ഏതാനും വീരപുരുഷന്മാരുടെയും വീരവനിതകളുടെയും അപദാനങ്ങളാണ് വടക്കൻപാട്ടുകൾ. ദേവതാപ്രീതികരങ്ങളായ പാട്ടുകളും ദേശചരിത്രപരമായ പാട്ടുകളും അടങ്ങിയതാണ് തെക്കൻ പാട്ടുകൾ. പുത്തൂരം, തച്ചോളി എന്നീ കുടുംബങ്ങളിലെ നായകന്മാരായ ആരോമൽചേകവർ, ഒതേനൻ എന്നിവരെ കേന്ദ്രമാക്കിയാണ് മിക്കവാറും വടക്കൻ പാട്ടുകൾ. അമാനുഷികതയും അമരത്വവുമൊക്കെയാണ് ഇതിന്റെ പ്രമേയങ്ങൾ. ഒരർത്ഥത്തിൽ പ്രാദേശികചരിത്രത്തിന് കനത്ത ഈടുവെപ്പുകൾ കൂടിയാണ് ഇവ. ചരിത്രപരമായും വസ്തുതാപരമായും സാധുതയുള്ളതും ഇല്ലാത്തതുമായ കഥകൾ ഇത്തരം പാട്ടുകൾക്കു വിഷയീഭവിച്ചുകാണുന്നുണ്ട്. പോർവീര്യക്കലിയൊടുങ്ങാത്ത കടത്തനാടൻകളരി കൊണ്ടും കൊടുത്തും നേടിയ നേട്ടങ്ങളും നഷ്ടങ്ങളും വടക്കൻപാട്ടിൽ പറയുന്നു. ചതി, വഞ്ചന, പ്രതികാരം മുതലായ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് മുഖ്യമായും പാട്ടുകൾ പാടിക്കേൾക്കുന്നത്. ഇത്തരം പാട്ടുകൾ തൊഴിലിന്റെ ആയാസം ലഘൂകരിക്കുന്നതിനായി വയലേലകളിൽ നിന്നുമാണ് പാടിക്കേട്ടിട്ടുള്ളത്. ഒരാൾ നിർത്തുമ്പോൾ 'ഉം...' എന്നോ 'ആ...' എന്നോ തുടർച്ച നൽകിയാണ് അടുത്തയാൾ അടുത്ത വരി പാടുന്നത്.

തെക്കൻതിരുവിതാംകൂറിന്റെ ചില ഭാഗങ്ങളിൽ പ്രചാരത്തിലിരുന്നവയാണ് തെക്കൻപാട്ടുകൾ. 'ഇരവിക്കുട്ടിപ്പിള്ളപോര്' ഇതിൽ പ്രമുഖമാണ്.

[8] ചിറക്കൽടി ബാലകൃഷ്ണൻനായർ, പു. 88

പതിനെട്ടു വീരവനിതകളുടെ പേരു വ്യക്തമാക്കുന്ന ഒരു വടക്കൻ പാട്ടിന്റെ താളപദ്ധതി നോക്കുക.

ആറ്റുമണമ്മേലെ ഉണ്ണിയാർച്ച

ചെറുപുരം തുളുക്കോട്ട കുഞ്ഞിക്കന്നി

കുന്നുമ്മൽ വെമ്മേരി കുഞ്ഞിമാതു

അടിവാരത്തുണ്ണൂലി തീയപെണ്ണ്

കുറുമച്ചെറുപെണ്ണ് കുഞ്ഞിത്താലു

ചുഴലിക്കുറുമ്പേരി നേത്യാരമ്മ

മാടായിമണിക്കോയിലോ തമ്പുരാട്ടി

എളയെടത്തെളംകന്നി കുഞ്ഞിമാളു

കിളിയാപുരം കുട്ടി മാരക്കണ്ണി

കൈതേരി നാല്കെട്ടിൽ തേമനമ്മ

മംഗലത്ത് കുഞ്ഞമ്മ കുഞ്ഞിമാക്കം

തിരുവാലരയത്തി കുഞ്ഞിപ്പെണ്ണ്

മണിമലക്കോട്ടേലെ കുട്ടിമാണി

പുലയനാർ പുതുക്കോട്ട പുള്ളുവത്തി

പൂമാതയ് പൊന്നമ്മ പൂലുവത്തി

ആറ്റിലരഞ്ഞോളി വേട്ടുവത്തി

പൂട്ടോളെടക്കണ്ടി കുഞ്ഞനമ്മു

മതിലേരിലൂങ്കൊയിലോം കുഞ്ഞിക്കന്നി'.[9]

## മാപ്പിളപ്പാട്ടുകൾ

മലബാറിലെ മുസ്ലീങ്ങളെ മാപ്പിളമാർ എന്നും അവരുടെ ഗാനകൃതികളെ മാപ്പിളപ്പാട്ടുകൾ എന്നും പണ്ടേ വിളിച്ചുപോരുന്നു. കേരളത്തിൽ ഒരുപാട് നാടോടി സംഗീതരൂപങ്ങൾ ഉണ്ടെങ്കിലും മാപ്പിളപ്പാട്ട് മാത്രമാണ് അതിജീവിച്ചു നിൽക്കുന്നത്. പേരിൽ സമുദായമുണ്ടെങ്കിലും ആസ്വാദനത്തിൽ അതിനെ

[9] എം.സി. അപ്പുണ്ണിനമ്പ്യാർ, (സമ്പാ): വടക്കൻപാട്ടുകൾ, (സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം 1983), പു.112

അതിജീവിച്ച് എല്ലാവരുടെയും ഹൃദയം കീഴടക്കാൻ മാപ്പിളപ്പാട്ടിന് സാധിച്ചു. 'പി. ഭാസ്ക്കരനും കെ. രാഘവനുമാണ് 'കായലരികത്ത്' എന്ന ചലച്ചിത്രഗാനത്തിലൂടെ ഈ ശാഖയെ പൊതുധാരയിലേക്ക് എത്തിച്ചത്' എന്ന് വി.ടി. മുരളി പറയുന്നു. [10]

മാപ്പിളപ്പെൺകുട്ടികളുകളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു നാടൻ മാപ്പിളപ്പാട്ട് ഇങ്ങനെയാണ്.

ഇടിയുണ്ട് വെട്ട്ണ് മഴയുണ്ട് പെയ്യ്ണ്
ചേക്കാമ്മാക്കന്റെ മകളുണ്ട് വര്ണ്
എന്തുടുത്ത് പട്ടുടുത്ത് പാട്ടിന്റെ മുട്ടിൽ ചോരാ-
ചോര കഴ്കാൻ ചോലേ ചെന്നപ്പം
ചോലേലുണ്ടൊരു പാളാ
പാളകുത്താൻ കൊല്ന് ചെന്നപ്പ-
കോല്മ്മലുണ്ടൊരു ചുണ്ടിച്ചി
ചുണ്ടിച്ചിന്റെ കാത്കുത്തും
പട്ടരെ വീട്ടീക്കല്യാണോം
കല്യാണോം സഭ കല്യാണം-
കല്യാണോം സഭ കല്യാണോം.[11]

വിഷയവൈവിദ്ധ്യം മാപ്പിളപ്പാട്ടിനുണ്ടെങ്കിലും പ്രണയവും ശൃംഗാരവുമാണ് കൂടുതലും. ലോട്ടറി വിഷയമാക്കിക്കൊണ്ട് നാടകകൃത്തായ കെ.ടി. മുഹമ്മദ് എഴുതിയ ഒരു മാപ്പിളപ്പാട്ട് നോക്കുക

ഭാഗ്യമെന്ന സുന്ദരിപ്പെണ്ണിന്റെ
കളിചിരി കണ്ടിട്ടല്ലേ

[10] *വിളക്കുമരച്ചോട്ടിലെ ഭൂമി* (ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2011), പു. 87.

[11] *മാപ്പിളപ്പാട്ടിന്റെ ചരിത്രസഞ്ചാരങ്ങൾ*, വി.എം. കുട്ടി, (കേരള മാപ്പിളകലാഅക്കാദമി, കോഴിക്കോട്, 2006,) പു. 7172

ഭാവിയെപ്പറ്റിപ്പറയും വാക്കു

കേൾക്കല്ലെ - നമ്മുടെ

നല്ല പൈസ കൊടുത്തവളെ

തീറ്റിപ്പോറ്റല്ലേ.

**വള്ളംകളിപ്പാട്ടുകളും കല്യാണപ്പാട്ടുകളും**

സ്വത്വത്തിൽ സംഗീതം കാത്തുസൂക്ഷിക്കുന്നവയാണ് വഞ്ചിപ്പാട്ടുകൾ. നതോന്നത വൃത്തത്തിൽ ഇവ ചിട്ടപ്പെടുത്തിയിരിക്കുന്നു. വരികൾ കൃത്യമായ അക്ഷരക്രമം പാലിക്കുന്നുണ്ട്. തുഴയുമ്പോഴുള്ള മന്ദഗതിയും പിന്നീടുള്ള വേഗത യും പാട്ടിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്.

''തെയ് തെയ് തക തെയ് തെയ് തോം

തിത്തിത്താ തിത്തെയ് തെയ്...''

എന്ന മട്ടിലാണിത്.

ഒരു കാലത്ത് ഏതാണ്ടെല്ലാ ജാതി-മത-വിഭാഗങ്ങൾക്കിടയിലും ഒരു പോലെ പ്രചാരത്തിലുണ്ടായിരുന്നവയാണ് കല്ല്യാണപ്പാട്ടുകൾ. ഏറെ ഉത്സാഹം അലതല്ലുന്ന അന്തരീക്ഷത്തിലാണ് ഇവയുടെ അവതരണം.

**പുള്ളുവൻപാട്ട്**

കേരളത്തിന്റെ നാനാഭാഗങ്ങളിലായി ജീവിച്ചുവരുന്ന വർഗ്ഗക്കാരാണ് പുള്ളുവർ. അവരുടെ ഉത്പത്തിയെയും കലാപാരമ്പര്യത്തെക്കുറിച്ചും അവർ ക്കിടയിൽ ചില പാട്ടുകളുണ്ട്. ദക്ഷിണകേരളത്തിലെ പുള്ളുവരാണ് സർപ്പപ്പാട്ട് പാടാറുള്ളത്. പുള്ളുവവീണ, പുള്ളുവമിഴാവ്, പുള്ളുവക്കുടം, കൈമണി എന്നിവയാണ് അവരുടെ വാദ്യോപകരണങ്ങൾ. ''ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ പുള്ളുവർ ഭവനംതോറും ചെന്ന് പാട്ട് പാടിവരുന്നു. നെല്ല്, അരി, തുണി, പണം മുതലായവ അവർക്ക് ലഭിക്കും. അത്യുത്തര കേരളത്തിലെ

പുള്ളുവർ കൊയ്ത്തുകാലത്ത് വയലുകളിൽ ചെന്ന് പാട്ടുപാടി നെൽക്കറ്റകൾ ശേഖരിക്കാറുണ്ട്. ഗ്രാമീണജീവിതത്തിൽ പുള്ളുവർക്ക് ശ്രദ്ധേയമായ പരിഗണന ഉണ്ടായിരുന്നു.'' [12]

**പാണപ്പാട്ട്**

തുയിലുണർത്തുന്നവരാണ് പാണൻമാർ. കർക്കിടമാസത്തിൽ ചേട്ടയെ അകറ്റാനും ശീവോതിയെ സ്വീകരിക്കാനും പാണർ വീടുകൾ തോറും ചെന്ന് തുടികൊട്ടിപ്പാടുന്നു. തുയിലുണർത്തുപാട്ട് ആണ് പ്രശസ്തം. കണ്ണേർപാട്ട്, എണ്ണമന്ത്രപ്പാട്ട്, തോലുഴിച്ചൽ പാട്ട്, ബലിക്കളപ്പാട്ട് തുടങ്ങിയവയും പ്രധാനമാണ്. മലബാറിലെ പാണന്മാർ തോറ്റംപാട്ടുകൾ പാടും. ഓണപ്പാട്ടുകളും പൊലിച്ചു പാട്ടുകളും ശീവോതിപ്പാട്ടുകളും കലിയൻ പാട്ടുകളും മലബാറിലെ പാണന്മാർ ക്കിടയിലുണ്ട്.

**പലവകപ്പാട്ടുകൾ**

പ്രത്യേകിച്ചൊരു വർഗ്ഗീകരണത്തിനു വശംവദമാകാത്ത ചില പാട്ടുകളുണ്ട്. അവയുടെ മുഖ്യ ലക്ഷ്യം തൊഴിലിടത്തിലെ വിഷമം നീക്കുകതന്നെയാണ്.

ഉദാ: ഏലേലയ്യാ ഏലേലം

ഏലേലയ്യാ ഏലേലം
പാറക്ക്ട്ടടി പാറക്ക്ട്ടടി
ഏലേലയ്യാ ഏലേലം
തൊപ്പനാളുകളൊപ്പരംകൂടി
പാറക്കിട്ടടി ഏലേലം
ഏലേലയ്യ ഏലേലം
ഏലേലയ്യ ഏലേലം

---

[12] എം.വി. വിഷ്ണുനമ്പൂതിരി, *ഫോക്‌ലോർ നിഘണ്ടു*, പു. 269.

ഞെട്ടട്ട്പാറ പൊട്ടട്ട് പാറ

പൊളിയട്ട് പാറ ഏലേലം.

**ചലച്ചിത്രഗാനങ്ങൾ**

മലയാളത്തിന്റെ സവിശേഷമായ പാട്ടുപാരമ്പര്യത്തെക്കുറിച്ചാണ് ഇത്രയും പറഞ്ഞത്. ഇനിയും വിസ്തരിക്കാൻ അനവധി പാട്ടുകളുണ്ട്. നാം മനസ്സി ലാക്കുന്ന സത്യം ഇവയൊന്നും മലയാളിക്ക് പൊതുവായി തങ്ങളുടേതാണെന്ന് പറയാവുന്ന മലയാളസംഗീതമല്ല എന്നതാണ്. ചലച്ചിത്രഗാനങ്ങളും നാടക ഗാനങ്ങളും അങ്ങനെയായി എന്നതാണ് ചരിത്രസത്യം. നാടകഗാനങ്ങൾ പ്രബന്ധവിഷയത്തിലേക്ക് വരാത്തതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. 'നവോത്ഥാനകാലത്തിനുശേഷമുള്ള കേരളത്തെ രൂപപ്പെടുത്തിയ അനുഭൂതി സാന്ദ്രമായ ശ്രവ്യഘടകങ്ങളാണ് ചലച്ചിത്രഗാനങ്ങൾ. എല്ലാ മനുഷ്യർക്കും കേൾക്കാനുള്ള അവകാശവും അനുവാദവുമുള്ളതാണ് ചലച്ചിത്രഗാനങ്ങൾ. നമ്പൂതിരിയുടെയും നായരുടെയും ഈഴവരുടെയും പറയരുടെയും പുലയരുടെയും പാട്ടുകളായിരുന്നു ഇവിടെ മുൻപ് ഉണ്ടായിരുന്നത്. ജാതിസംഗീതങ്ങൾ. ഓരോ സംഗീതവും ജാതിക്കുള്ളിൽ ജനിച്ചു ജീവിച്ചു മരിച്ചു. അവയൊന്നും കേരളത്തിന്റെ പൊതുസംഗീതമായിരുന്നില്ല. സംഗീതം ശരിക്കും ജനകീയമായത് ചലച്ചിത്രഗാന ങ്ങളോടെയാണ്. ഓരോ പാട്ടിലൂടെയും അനുഭവങ്ങളെയും സ്വപ്നങ്ങളെയും ലോകാനുഭൂതികളെയും തിരിച്ചറിഞ്ഞ മലയാളികൾ ചലച്ചിത്രഗാനങ്ങൾക്ക് നല്ല പ്രചാരം നൽകി. അങ്ങനെ 1950-കൾ തൊട്ട് മലയാളിയുടെ സ്വന്തം സംഗീതമായി, ജനപ്രിയസംഗീതമായി ചലച്ചിത്രഗാനങ്ങൾ മാറി. മലയാളിയുടെ പ്രധാന ജീവിതാനന്ദം തന്നെയായി അവ ജനതയുടെ പൊതുബോധത്തിൽ ആഴ്ന്നിറങ്ങി. [13]

[13] കെ.വി. ശശി, 'വയലാറിന്റെ ഗാനസഞ്ചാരങ്ങൾ' (*ചന്ദ്രിക ആഴ്ചപ്പതിപ്പ്*, കോഴിക്കോട്, നവം. 8 2018),പു. 15.

ചലച്ചിത്രഗാനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ജനസേവനം വളരെ വലുതാണെന്നും ജീവിതത്തിന്റെ ഓരോ സന്ദർഭങ്ങൾക്കും അത് പിന്നണി പാടി ക്കൊണ്ടിരിക്കുന്നു. പി.കെ. ദയാനന്ദൻ അഭിപ്രായപ്പെടുന്നുണ്ട്. [14] പാവപ്പെട്ടവന്റ കവിതയും തത്വശാസ്ത്രവും ധർമ്മശാസ്ത്രവും മലയാളത്തിൽ ചലച്ചിത്രഗാന മാണെന്ന് കൽപ്പറ്റ നാരായണനും നിരീക്ഷിക്കുന്നു. [15] കേരളത്തിലെ എല്ലാ കാല ങ്ങളിലെയും നാടൻപാട്ടുകളും പലവക ഭാഷാഗാനങ്ങളും വിവിധ രൂപങ്ങളിൽ മലയാളചലച്ചിത്രഗാനങ്ങളിൽ കടന്നുവന്നിട്ടുണ്ട്. ചലച്ചിത്ര ഗാനങ്ങളിൽ ഇടം പിടിക്കാത്ത പൂർവ്വകാലപാട്ട്രൂപങ്ങൾ ഇല്ലെന്ന് പറയാം.

---

[14] പി.കെ.ദയാനന്ദൻ, ‘ആത്മകഥാഗാനങ്ങൾ’, *ആത്മഗാനം,* വി.ആർ.സുധീഷ് (ഡി.സി. ബുക്സ് കോട്ടയം, 2004), പു.7.

[15] കൽപ്പറ്റ നാരായണൻ ‘അനുരാഗിയുടെ ഡയറക്ടറി’, *ആത്മഗാനം*, വി.ആർ.സുധീഷ്, പു.9.

## അദ്ധ്യായം രണ്ട്

# പി. ഭാസ്ക്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി. കുറുപ്പ്- ചലച്ചിത്രഗാനങ്ങളുടെ പരിവർത്തനകാലം

സംസ്ക്കാരപഠനം നടത്തുന്ന ഏതൊരാൾക്കും ഒഴിച്ചുകൂടാനാവാത്ത മേഖലയാണ് ചലച്ചിത്രഗാനശാഖ. ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിർമ്മിക്കുന്ന ചലച്ചിത്രങ്ങളിൽനിന്നും വ്യത്യസ്തമായി ഗാനങ്ങൾ ഇന്ത്യൻ സിനിമയുടെ അവിഭാജ്യഘടകമാണ്. സിനിമയിലെ കഥാസന്ദർഭത്തിനൊത്താണ് ഗാനങ്ങൾ പിറവികൊള്ളുന്നത്. രംഗങ്ങളുടെ ഭാവതീവ്രത വർദ്ധിപ്പിക്കാനോ, കഥാസന്ദർഭ ങ്ങളെ വിശദീകരിക്കാനോ, നിശ്ശബ്ദതയെ പൂരിപ്പിക്കാനോ പൊലിമ കൂട്ടാനോ ഗാനങ്ങൾ സിനിമയിൽ ഉപകരിക്കുന്നു. 1935-ലാണ് പിന്നണിപാടുക എന്ന രീതി സിനിമയിൽ വരുന്നത്. ഗാനമായും പശ്ചാത്തലസംഗീതമായും രണ്ടു തരത്തിൽ സംഗീതം സിനിമയിൽ ചേർന്നു നിൽക്കുന്നുണ്ട്. ആദ്യകാല മലയാള സിനിമകൾ സംഗീതനാടകം പോലെയായിരുന്നു. 1938-ൽ പുറത്തുവന്ന ആദ്യശബ്ദചിത്രമായ ബാലനിൽ 23 പാട്ടുകളുണ്ടായിരുന്നു. മുതുകുളം രാഘവൻ പിള്ളയാണ് പാട്ടുകൾ എഴുതിയത്. ഒരുപാട് രംഗങ്ങൾ പാട്ടിലൂടെ പറഞ്ഞാണ് ബാലന്റെ കഥ മുന്നോട്ടു പോയത്. രണ്ടാമത്തെ മലയാളചിത്രമായ ജ്ഞാനാംബികയിൽ 14 ഗാനങ്ങളും മൂന്നാമത്തെ ചിത്രമായ നിർമ്മലയിൽ 12 പാട്ടുകളും ഉണ്ടായിരുന്നു. നിർമ്മലയിലെ പാട്ടുകൾ എഴുതിയത് ജി. ശങ്കരക്കുറുപ്പ് ആയിരുന്നു. ''ഗാനങ്ങൾ അവ അവതരിപ്പിക്കപ്പെടുന്ന സന്ദർഭത്തിനിണങ്ങണമെന്ന നിർബന്ധബുദ്ധി കാണികൾ ക്കോ സംവിധായകനോ ഇല്ല. കഥാഗതിയിൽ നിന്നും പിരിമുറുക്കത്തിൽനിന്നു മുള്ള താൽക്കാലികമുക്തിയായി പ്രേക്ഷകർ ഗാന രംഗത്തെ സ്വീകരിക്കുന്നു.[1]

[1] ആർ.വി.എം. ദിവാകരൻ, 'പാട്ടിന്റെ മായക്കാഴ്ചകൾ', *മലയാളചലച്ചിത്രഗാനം സാഹിത്യം ചരിത്രം* (നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2013), പു. 52, 53.

അഭയദേവ് ആണ് പിന്നീട് വന്ന പ്രധാനഗാനരചയിതാവ്. അൻപതോളം സിനിമകളിൽ അദ്ദേഹം ഗാനങ്ങൾ എഴുതി. ഗാനങ്ങളിലെ സാഹിത്യ മൂല്യത്തെ അന്നൊന്നും ആരും പരിഗണിച്ചിട്ടില്ല. 1954-ൽ 'നീലക്കുയിൽ' വന്ന പ്പോഴാണ് സിനിമയിലെ കവിതാസാദ്ധ്യതകളെ ആസ്വാദകർ പ്രധാനമായി കണ്ടത്. പി. ഭാസ്കരൻ, വയലാർ രാമവർമ്മ, ഒ.എൻ.വി.കുറുപ്പ് എന്നീ മൂന്നു കവികൾ സിനിമയിൽ ഗാനരചയിതാക്കളായി വന്നതോടുകൂടിയാണ് മലയാള സിനിമാഗാനങ്ങൾക്ക് സാഹിത്യപരതയുടെ സൗന്ദര്യം ലഭിച്ചത്. ഇവരെ ഒരു കവിത്രയമായാണ് ഗാനരചനാരംഗത്ത് പരിഗണിക്കുന്നത്. അന്യഭാഷയിൽ നിന്ന് കടംകൊണ്ട ഈണങ്ങൾക്കനുസരിച്ച് പാട്ടുകളെഴുതിയിരുന്ന പൂർവ്വരീതികളിൽ നിന്ന് വ്യത്യസ്തമായി കേരളീയപ്രാതിനിധ്യമുള്ള മൗലികമായ മലയാളദേശപ്പാട്ട് നീലക്കുയിലിലൂടെ ആളുകൾ കേട്ടു. റേഡിയോ എന്ന മാധ്യമം ആ പാട്ടുകൾ ലോകത്തെ കേൾപ്പിച്ച് ജനപ്രിയമാക്കി. സമൂഹത്തിന്റെ സ്വത്വബോധവും കേരളീയ തയുടെ സംസ്ക്കാരവും ഭാവനയുടെ സൗന്ദര്യവും പ്രതിഫലിപ്പിക്കുന്ന പാട്ടുകൾ പിന്നീടങ്ങോട്ട് മലയാളസിനിമയിലുണ്ടായി. അൻപതുകൾ തൊട്ട് എൺപതുകൾ വരെയാണ് ഈ സവിശേഷതകളുള്ള പാട്ടുകളുടെ സുവർണ്ണകാലം. അതിനു പിന്നചന്റ പ്രവർത്തിച്ച പ്രധാന നവോത്ഥാനഘടകങ്ങളാണ് പി. ഭാസ്ക്കരനും വയലാറും ഒ.എൻ.വിയും എഴുതിയ ഗാനങ്ങൾ. കാല്പനികമായ ഒരു കേരളീയത സൃഷ്ടിക്കുവാൻ ഇവരുടെ പാട്ടുകൾക്കു കഴിഞ്ഞു. കേരളീയ പ്രകൃതിയും പ്രണയവും കുടുംബ ബന്ധങ്ങളും ആഘോഷങ്ങളും ആചാരങ്ങളും അദ്ധ്വാനവും സാമൂഹികചലനങ്ങളുമെല്ലാം ഈ ഗാനങ്ങളിൽ കാണാം.

**ചങ്ങമ്പുഴയുടെ അനുകർത്താക്കൾ**

പി. ഭാസ്ക്കരൻ, വയലാർ, ഒ.എൻ.വി. എന്നീ കവികൾ ചങ്ങമ്പുഴയുടെ അനുകർത്താക്കളായിട്ടാണ് മലയാളകവിതാരംഗത്ത് വന്നത്. 'മാറ്റൊലിക്കവികൾ' എന്ന് വിശേഷിപ്പിക്കപ്പെട്ട അവരുടെ ഗാനങ്ങളിലും ചങ്ങമ്പുഴയുടെ സ്വാധീനം

ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു. ''നമ്മുടെ ചേതനകളെയെല്ലാം മയക്കിയുറക്കുന്ന മനോഹരഗാനം. നമ്മുടെ ഓരോ സിരകളെയും പുണർന്നുണർത്തുന്ന മധുര സംഗീതം. നാം അകന്നുപോകണമെന്നാശിച്ചാലും അതിലേക്കുതന്നെ നമ്മെ ആകർഷിക്കുന്ന ഒരുതരം പുതിയ ഗാനപ്രവാഹം.''[2] ചങ്ങമ്പുഴക്കവിതകളെ പി. ഭാസ്ക്കരൻ വിലയിരുത്തുന്നത് അങ്ങനെയാണ്. പി. ഭാസ്ക്കരന്റെയും വയലാറിന്റെയും ഒ.എൻ.വി.യുടെയും ജനകീയ വിപ്ലവ കവിതകളുടെ പ്രചോദനം ചങ്ങമ്പുഴ തന്നെയായിരുന്നു. 'വയലാർ ഗർജ്ജിക്കുന്നു' എന്ന കാവ്യം സാദ്ധ്യമാക്കിത്തീർത്തത് ചങ്ങമ്പുഴക്കവിതയുടെ പശ്ചാത്തലമാണ് എന്നതിനും സംശയമില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ജനകീയ കാവ്യശൈലിയുടെ മൗലികസ്രോതസ്സ് എന്നും ചങ്ങമ്പുഴ തന്നെയായിരുന്നു[3] അങ്ങനെയാണെങ്കിലും പി. ഭാസ്ക്കരനും വയലാറും ഒ.എൻ.വിയും എഴുതിയ ചലച്ചിത്രഗാനങ്ങൾ ചങ്ങമ്പുഴയെക്കാൾ വലിയ സ്വാധീനം മലയാളി മനസ്സുകളിലുണ്ടാക്കി. 'യവനിക' എന്ന കവിതയിൽ തന്റെ കഥാപാത്രമായ ശേഖരനിലൂടെ ചങ്ങമ്പുഴ പാട്ടിനെപ്പറ്റി ഒരു വിശേഷണം നൽകുന്നുണ്ട്. അത് ഈ മൂന്നു പാട്ടെഴുത്തുകാർക്കും ചേരും.

> ഭാഷ പൂത്തും വികാരം തളിർത്തും
> ഭാവനയ്ക്കു പുളകം കിളിർത്തും
> ചോരയിൽ ചേർന്നലിഞ്ഞുപോം
> ഗാനധാരകളെ ജയജയ നിങ്ങൾ.

ജീവിതത്തിന്റെ സ്വപ്നചിത്രങ്ങൾ സമഗ്രമായി അവതരിപ്പിക്കുന്ന ഒരു കാൽപ്പനിക പ്രദർശനശാലയാണ് ചങ്ങമ്പുഴക്കവിത. ചങ്ങമ്പുഴ തൊടാത്ത ഒരു പ്രണയഭാവവും ഇല്ല. ഒരു സ്വപ്നകാന്തിയും ഇല്ല. ''ഇന്നലെ രാത്രിയിൽ ഞാനൊരു പൂവിന്റെ മന്ദസ്മിതത്തിൽ കിടന്നുറങ്ങി'' എന്ന ചങ്ങമ്പുഴയുടെ വരികൾ പിന്നീട് ചലച്ചിത്രഗാനശൈലിയായി മാറി എന്നും ചങ്ങമ്പുഴയെ

---

[2] പി. ഭാസ്ക്കരൻ, *ചങ്ങമ്പുഴക്കവിതകൾ*, മുഖവുര (ഡി.സി. ബുക്സ്, കോട്ടയം, 2004), പു. 15.

[3] എം.എൻ വിജയൻ, *'വേദനയുടെ സംഗീതം'*, *കവിതയുടെ ലോകപദം* (ഐ ബുക്സ്, കോഴിക്കോട്, 2018), പു. 43.

തൊടാതെ ഒരു ചലച്ചിത്രഗാനവും കടന്നുപോകുന്നില്ല എന്നും എസ്. ശാരദക്കുട്ടി നിരീക്ഷിക്കുന്നു.[4]

''ഇന്ദുമുഖീ....ഇന്ദുമുഖീ

എന്തിനിന്നു നീ സുന്ദരിയായി

ഇന്ദുമുഖീ.... ഇന്ദുമുഖീ..''

(*അടിമകൾ*)

എന്ന് തുടങ്ങുന്ന പാട്ടിൽ വയലാർ ഇങ്ങനെ എഴുതി.

''എന്നനുരാഗമാം അഞ്ചിതൾപ്പൂവിൻ

മന്ദസ്മിതത്തിൽ കിടന്നുറങ്ങി - വന്നു നീ

കിടന്നുറങ്ങി.''

'മനസ്വിനി' എന്ന കവിതയിൽ ചങ്ങമ്പുഴ എഴുതി.

''മലരൊളി തിരളും മധുചന്ദ്രികയിൽ

മഴവിൽക്കൊടിയുടെ മുനമുക്കി

എഴുതാനുഴറീ കൽപ്പന''

വയലാറിന്റെ ഒരു പാട്ട് തുടങ്ങുന്നത് ഇങ്ങനെ

''മധുചന്ദ്രികയുടെ ചായത്തളികയിൽ

മനസ്സിൽ പൂമ്പൊടി ചാലിച്ചു''

(*അനാച്ഛാദനം*)

---

[4] എസ്. ശാരദക്കുട്ടി, കത്തുന്ന ചുംബനങ്ങളാൽ പ്രാണനെ ചുട്ടുപൊള്ളിച്ചവൻ' (*മാതൃഭൂമി ഓണപ്പതിപ്പ്*, സപ്തംബർ 2011), പു. 208.

പി. ഭാസ്ക്കരന്റെ

''ഇന്നലെ നീയൊരു സുന്ദരരാഗമായെൻ....

പൊന്നോടക്കുഴലിൽ വന്നൊളിച്ചിരുന്നു'' *(സ്ത്രീ)*

എന്നു തുടങ്ങുന്ന ഗാനവും

''ഇന്നലെ മയങ്ങുമ്പോൾ ഒരു മണിക്കിനാവിന്റെ

പൊന്നിൻ ചിലമ്പൊലി കേട്ടുണർന്നു''

(*അന്വേഷിച്ചു കണ്ടെത്തിയില്ല*)

എന്നു തുടങ്ങുന്ന ഗാനവും

'മാതളപ്പൂപോലൊരു മാനസം ഞാനിന്നു കണ്ടു' (*സ്വപ്നം*)

എന്ന ഗാനവും

'പിന്നെ ഞാൻ പാടിയൊരീണങ്ങളൊക്കെയും

നിന്നെക്കുറിച്ചായിരുന്നു''

(*നഖക്ഷതങ്ങൾ*)

എന്ന വരികളും ചങ്ങമ്പുഴശൈലിക്ക് ഉദാഹരണങ്ങളാണ്.

കവിതയുടെ പൂർവ്വപാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമാണ് ചങ്ങമ്പുഴയുടെ ഭാഷാശൈലി. അത് ലളിതമാണ്. കോമളമാണ്. കാന്തംപോലെ ആകർഷിക്കുന്നതാണ്. നൃത്തം വെയ്ക്കുന്ന പദാവലിയാണ്. കാലിൽ ചിലങ്കയുള്ള വാക്കുകളുടെ പദാവലിയാണ്. കാലിൽ ചിലങ്കയുള്ള വാക്കുകളുടെ നൃത്തമാണ് ചങ്ങമ്പുഴ കവിതയിലൂടെ കാണിച്ചുതന്നത്. ജീവിതത്തിന്റെ സ്വപ്നചിത്രം വരയ്ക്കുന്ന കാൽപ്പനിക കവിതയുടെ സുവ്യക്തമായ ഉദാഹരണമാണ് ചങ്ങമ്പുഴക്കവിത. പദസംഗീതവും കാവ്യാനുഭൂതിയും ചങ്ങമ്പുഴക്കവിതയിൽ അഭിന്നമാകുന്നു.

കാവ്യനർത്തകി' എന്ന പേരിൽ തന്നെ ചങ്ങമ്പുഴ കവിത എഴുതിയിട്ടുണ്ട്. പദസംഗീതവും കാവ്യാനുഭൂതിയും ചേർന്നാണ് സിനിമാഗാനങ്ങൾ ഉണ്ടാകുന്നത്. ചങ്ങമ്പുഴയുടെ ഗാനാത്മകമായ കാവ്യരചനാശൈലിയാണ് പി. ഭാസ്കരനും, വയലാറും, ഒ.എൻ.വി.യും സ്വീകരിച്ചത്. ലളിതമായ ഭാഷയും ജീവിതഗന്ധിയും സ്വപ്നാത്മകവുമായ ഉള്ളടക്കവും അവർ ഗാനങ്ങളിൽ കൊണ്ടുവന്നു. "മലയാളി തങ്ങളുടെ പ്രണയവും പ്രണയഭംഗങ്ങളും ദർശനങ്ങളും വിശ്വാസവും സിനിമാപ്പാട്ടുകളിൽ കേട്ടു. സിനിമാപ്പാട്ടുകളെല്ലാം ഏതാണ്ട് ചങ്ങമ്പുഴയുടെ തുടർച്ച തന്നെയായിരുന്നു"[5]. സിനിമാഗാനങ്ങൾ വളരെ നേരിട്ട് വികാരസംവേദനം ചെയ്യുന്നവയാണ്. കഥാപാത്രങ്ങളുടെ മാനസികാവസ്ഥയെയും കഥാസന്ദർഭ ങ്ങളെയുമൊക്കെയാണ് അവ പ്രകാശിപ്പിക്കുന്നത്. ഗാനം ആവശ്യപ്പെടുന്നത് ഭാഷയുടെയും ആവിഷ്കാരത്തിന്റെയും സംവേദനത്തിന്റെയും ലാളിത്യമാണ്. അതിൽ സംഗീതാംശത്തിന് പ്രാധാന്യമുണ്ട്.

ചങ്ങമ്പുഴക്കവിതപോലെ
ശയ്യാഭംഗിയുമായ്
സങ്കൽപ്പച്ചില്ലുമാളിക തുറന്നവളെ
ഏത് കലാമണ്ഡലത്തിൽ പഠിച്ചു നീ..
നിന്റെ ഏഴഴകുള്ളൊരീ തിരനോട്ടം... (സമ്മാനം)

വയലാർ രാമവർമ്മ എഴുതിയ ഈ പാട്ടിൽ ചങ്ങമ്പുഴക്കവിതയുടെ ശയ്യാഭംഗി എടുത്തു പറയുന്നു.

പാൽക്കാരി................ പാൽക്കാരി
കാട്ടിലാടിനെമേച്ചു നടക്കും

[5] എസ്. ശാരദക്കുട്ടി, *വിചാരം, വിമർശം, വിശ്വാസം* (മാതൃഭൂമി ബുക്സ്, 2015), പു. 21

കസവുതട്ടക്കാരീ

കസവുതട്ടക്കാരി

എന്ന് വയലാർ 'കസവുതട്ടം' എന്ന സിനിമയ്ക്കുവേണ്ടി ഗാനം എഴുതുമ്പോൾ ചങ്ങമ്പുഴ ശൈലി സംഗീതാത്മകമായി ചിത്രം പോലെ തെളിയുന്നു.

പൂമരത്തണലിൽ - ഞാൻ

നിനക്കു നല്ലൊരു പച്ചിലമാടം

പണിഞ്ഞു നൽകും

എന്ന് എഴുതുമ്പോൾ അത് സരളവും എളുപ്പത്തിൽ സംവേദനാത്മക വുമാകുന്നു. പദാവലികളുടെ കിലുക്കവും അനുഭവിപ്പിക്കുന്നു.

മധുരപ്രതീക്ഷതൻ പൂങ്കാവിൽവെച്ചൊരു

മണിവേണു ഗായകനെ കണ്ടുമുട്ടി

അനുരാഗയമുനതൻ തീരത്തുവെച്ചൊരു

അജപാല ബാലികയെ കണ്ടുമുട്ടി. (ഭാഗ്യമുദ്ര)

പി. ഭാസ്ക്കരൻ എഴുതിയ ഈ ഗാനം ചങ്ങമ്പുഴയുടെ ഇടയ കഥാപാത്ര ങ്ങളെയും സന്ദർഭങ്ങളെയും ഓർമ്മിപ്പിക്കും.

മാണിക്യവീണയുമായെൻ

മനസ്സിന്റെ താമര-

പ്പൂവിലുണർന്നവളേ

പാടുകില്ലേ? ഒീണ മീട്ടുകില്ലേ..?

നിന്റെ വേദനയെന്നോടു ചൊല്ലുകില്ലേ.?

എന്ന ഒ.എൻ.വി.യുടെ ഗാനം (കാട്ടുപൂക്കൾ) ചങ്ങമ്പുഴ ശൈലിക്ക് ഉദാഹരണമാണ്. സരളവും മധുരവുമായ പദങ്ങൾകൊണ്ട് നിർമ്മിക്കപ്പെടുന്ന

ചിത്രങ്ങളാണ് ഗാനങ്ങളിൽ സിനിമാ സംവിധായകർ ആഗ്രഹിക്കുന്നത്. അവയ്ക്ക് ദൃശ്യാത്മകമായി സവിശേഷമായ വ്യാഖ്യാനസൗന്ദര്യം നൽകാൻ കഴിയണം. തിരശ്ശീലയിൽ നിന്ന് വേറിട്ടും ആളുകളുടെ മനസ്സിൽ അവരുടെ മനോധർമ്മത്തിനും അനുഭവപരിചയത്തിനു മനുസരിച്ചുള്ള വ്യാഖ്യാനസൗന്ദര്യം പാട്ടുകൾ നൽകും. അവിടെയാണ് കവിതയായി മാറുന്ന ഗാനമെന്നോ ഗാനമായി മാറുന്ന കവിതയെന്നോ വിശേഷി പ്പിക്കാവുന്ന ഈ ചലച്ചിത്രഗാനങ്ങൾ വിജയിച്ചത്. അവയിലെ കേരളീയത അതിന്റെ മാറ്റ് കൂട്ടുകയും ചെയ്തു.

**പി. ഭാസ്ക്കരൻ**

1949 ൽ അപൂർവ്വസഹോദരങ്ങൾ' എന്ന തമിഴ്ചിത്രത്തിനു വേണ്ടി ''കടക്കണ്ണിൻ തലപ്പത്ത് കറങ്ങും വണ്ടേ' എന്ന മലയാള വരികൾ എഴുതി ക്കൊണ്ടാണ് പി. ഭാസ്ക്കരൻ സിനിമാരംഗത്തേയ്ക്ക് കടന്നുവരുന്നത്. കേരള ത്തിന്റെ സംസ്ക്കാരപരിണാമത്തിന്റെ ചരിത്രമാണ് ഭാസ്ക്കരന്റെ പാട്ടുകൾ പറയുന്നത്. മലയാളിയുടെ സ്വത്വബോധം കേരളീയമായി പുനർനിർമ്മിക്കപ്പെടുന്ന പശ്ചാത്തലമാണത്.

''പദംപദം ഉറച്ചു നാം
പാടിപ്പാടിപ്പോവുക
പാരിലൈക്യകേരളത്തിൻ
കാഹളം മുഴക്കുവാൻ''

എന്നു പാടി ഐക്യകേരളത്തെ സ്വപ്നം കണ്ട കവിയാണ് ഭാസ്ക്കരൻ. *നാഴിയുരിപ്പാല്* എന്ന പുസ്തകത്തിന്റെ മുഖവുരയിൽ പി. ഭാസ്ക്കരൻ എഴുതി 'നാടൻ പാട്ടുകൾ' മിക്കവാറും അധഃസ്ഥിതമായിരുന്ന ഒരു ജനവിഭാഗത്തിന്റെ സാംസ്ക്കാരികസമ്പത്തായി വയലുകളിലും തെങ്ങിൻപറമ്പുകളിലുമെല്ലാം തങ്ങിനിന്നു. കഥകളിപ്പാട്ടും മറ്റും ബഹുജനസംഗീതത്തിന്റെ അംശങ്ങളായി മാറിയിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മലയാളിക്ക് പാടുവാൻ ലളിതഗാനങ്ങളോ

ദേശീയപ്രവർത്തകർക്ക് വീര്യമുൾക്കൊണ്ട് ആലപിക്കുവാൻ സമരഗാനങ്ങളോ ഉണ്ടായിരുന്നില്ല. ആ പശ്ചാത്തലത്തിൽ കാലഘട്ടത്തിന്റെ ചരിത്രപരമായ ഒരാവശ്യം എന്നെകൊണ്ട് പാട്ടുകളെഴുതിച്ചു എന്നു പറയാം.[6]

1950ൽ പുറത്തു വന്ന *ചന്ദ്രിക* ആണ് ഭാസ്കരൻ ആദ്യമായി പാട്ടെഴുതിയ മലയാളസിനിമ. *നവലോകം* (1951) എന്ന സിനിമയിൽ എഴുതിയ ഒരു പാട്ട് ചങ്ങമ്പുഴ ശൈലിയിൽ തന്നെയാണ്.

തങ്കക്കിനാക്കൾ ഹൃദയേ വീശും
വനാന്തചന്ദ്രികയാരോ നീ
സങ്കല്പമാകെ പുളകം പൂശും
വസന്തസുമമേയാരോ നീ... (നവലോകം)

സാമൂഹികമായ കാഴ്ചകളിലേക്കും അനുഭവങ്ങളുടെ വിശാലഭൂമികയിലേക്കും പിന്നീട് ഭാസ്ക്കരന്റെ പാട്ടുകൾ വികസിച്ചു. നാട്ടുജീവിതവും നാഗരികജീവിതവും വ്യത്യസ്ത ദേശസംസ്ക്കാരങ്ങളും ഭാഷയുമെല്ലാം ആ പാട്ടുകളിൽ കടന്നു വന്നു. 1954ൽ പുറത്തുവന്ന *'നീലക്കുയിൽ'* എന്ന ചിത്രത്തിലെ ഗാനങ്ങളാണ് മലയാളചലച്ചിത്രഗാനങ്ങളെ പരിവർത്തിപ്പിച്ചത്. അതുവരെയും നിലനിന്നിരുന്ന സംസ്കൃതാധിപത്യത്തിൽനിന്നും ആദ്ധ്യാത്മികതയിൽനിന്നും ഗാനവഴികളെ നാടോടിത്തത്തിലേക്കും മലയാളത്തനിമയിലേക്കും കൊണ്ടുവരികയായിരുന്നു നീലക്കുയിലിലെ ഗാനങ്ങൾ. ഈ നാടോടിത്തമാണ് ഭാസ്ക്കരന്റെ ഗാനങ്ങളുടെ മുഖമുദ്ര.

നീലക്കുയിലിലെ ഗാനങ്ങൾക്ക് അസാധാരണമായ വൈചിത്ര്യമുണ്ടായിരുന്നു. പാടത്തെ പച്ചക്കിളി, പട്ടുകുപ്പായക്കാരൻ, തുള്ളാട്ടമാടുന്ന ചെന്താമര വള്ളി, കൊന്നത്തയ്യിന്റെ കാതിലെ ലോലാക്ക്, നെഞ്ചിലെ കരിങ്കല്ല്, നീലക്കരിമ്പിന്റെ തുണ്ട്. കിനാവിന്റെ മാമ്പൂവ്, കരളിനുരുളിയിൽ എണ്ണകാച്ചിയ

[6] പി. ഭാസ്ക്കരൻ, *നാഴിയുരിപ്പാല്,* (കറന്റ് ബുക്സ്, തൃശ്ശൂർ, 1992), പു. 9

നൊമ്പരം തുടങ്ങിയ അപൂർവ്വമായ നാടോടിപ്രയോഗങ്ങൾകൊണ്ട് ഈ ഗാനങ്ങൾ ആളുകൾക്ക് വളരെ ആസ്വാദ്യകരമായി. കേരളീയമായ സരളമധുരഗാനാനുഭൂതി എന്തെന്ന് ഈ പാട്ടുകളുടെ രചനയും കെ. രാഘവന്റെ സംഗീതവും മലയാളികളെ അനുഭവിപ്പിച്ചു. കഴിഞ്ഞ അൻപതുവർഷക്കാലത്തെ മലയാളപ്രകൃതിയും ജീവിതസംസ്കാരവും കാലപരിണാമവുമെല്ലാം ഭാസ്ക്കരന്റെ പാട്ടുകളിൽ മുദ്രിതമായിട്ടുണ്ട്. ആഗോളീകൃത ജീവിതസംസ്ക്കാരം പിന്തള്ളിയ കേരളീയത ഈ പാട്ടുകളിൽ ഉണർന്നിരിക്കുന്നു. കേരളീയമായ ആ വരപ്രസാദത്തിന് ഉദാഹരണമായി ഈ പാട്ടിന്റെ വരികൾ നോക്കൂ.

പതിവായി പൗർണ്ണമി തോറും
പടിവാതിലിനപ്പുറമെത്തി
കണിവെള്ളരി കാഴ്ചവയ്ക്കും
കനകനിലാവേ...കനകനിലാവേ...

*(ആദ്യ കിരണങ്ങൾ)*

മറ്റൊരു ഗാനം ഇങ്ങനെ

കരിമുകിൽകാട്ടിലെ
രജനിതൻ വീട്ടിലെ
കനകാംബരങ്ങൾ വാടീ
കടത്തുവള്ളം യാത്രയായീ
യാത്രയായീ....
കരയിൽ നീ മാത്രമായീ...

*(കള്ളിച്ചെല്ലമ്മ)*

കദളിവാഴക്കയ്യിലിരുന്ന്
കാക്കയിന്നു വിരുന്നു വിളിച്ചു
വിരുന്നുകാരാ...വിരുന്നുകാരാ
വിരുന്നുകാരാ വന്നാട്ടെ! *(ഉമ്മ)*

മണിമലയാററിൻ തീരത്ത്

മാൻതള്ളും മലയോരത്ത്

നാലുമണിപ്പൂനുള്ളി നടക്കും

നാടൻപെണ്ണേ നിന്നാട്ടേ

(*സുബൈദ*)

പ്രണയഗാനവും ഭക്തിഗാനവും മാപ്പിളപ്പാട്ടും ക്രിസ്തീയഭക്തിഗാനവും തമാശ പ്പാട്ടും താരാട്ടുപാട്ടും ദേശഭക്തിഗാനവും തൊരംപാട്ടും കുട്ടിപ്പാട്ടും വിപ്ലവ ഗാനവും സംഘഗാനവും ദേശഭക്തിഗാനവും എല്ലാം ചേർന്ന് വൈവിധ്യ പൂർണ്ണമാണ് പി. ഭാസ്ക്കരന്റെ ഗാനലോകം.

**വയലാർ രാമവർമ്മ**

പരിപൂർണ്ണമായും കേരളമാണ് പി. ഭാസ്ക്കരന്റെ സാങ്കല്പികലോക മെങ്കിൽ വയലാറിൽ അത് ഭാരതത്തോളം വിസ്തൃതമാകുന്നു. ഭാരതത്തിലേയ്ക്ക് വികസിക്കുന്ന ഒരു കേരളീയഭാവന വയലാറിന്റെ പാട്ടുകളിൽ കാണാം. 1954-ൽ *'വഴിവിളക്ക്'* എന്ന ചിത്രത്തിൽ ഗാനങ്ങൾ എഴുതിക്കൊണ്ടാണ് വയലാർ രാമവർമ്മ സിനിമാരംഗത്തേയ്ക്ക് വരുന്നത്. ആ ചിത്രം പുറത്തുവന്നില്ല. അതിൽ അഞ്ച് പാട്ടുകളുണ്ടായിരുന്നു എന്ന് ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ രേഖ പ്പെടുത്തുന്നു.[7]

എന്തിനു വന്നീ മൺകുടിലിൽ

സ്നേഹധാര തൂകി നീയെൻ ചാരേ

നീറുമെന്നാത്മാവിൻ കമ്പികൾ മീട്ടി

ഞാനാ ഗാനം പാടീടുമ്പോൾ

കാനനമൈനേ.... (വഴിവിളക്ക്)

[7] ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ, *വയലാർ* (മാതൃഭൂമി ബുക്സ് കോഴിക്കോട്, 2011), പു. 59-60.

എന്നിങ്ങനെ ചങ്ങമ്പുഴ ശൈലിയിലാണ് വഴിവിളക്കിലെ ഗാനങ്ങൾ എഴുതപ്പെട്ടത്. 1956-ൽ പുറത്തു വന്ന *'കൂടപ്പിറപ്പ്'* ആണ് വയലാർ പാട്ടെഴുതി പുറത്തുവന്ന ആദ്യചിത്രം.

ആയിരം കൈകള്

ആയിരം കൈകള്

ആരിക്ക് നെയ്യുണീ പൊൻമാല - മല

നാടിനു നെയ്യുണീ പൊൻമാല.

എന്നിങ്ങനെയാണ് 'കൂടപ്പിറപ്പി'ലെ ഒരു പാട്ട് തുടങ്ങുന്നത്.

വയലാറിന്റെ പാട്ടുകളിൽ പൗരാണികസൗന്ദര്യരൂപങ്ങളും വിപ്ലവകരമായ ആധുനികഘടകങ്ങളും വൈരുദ്ധ്യാത്മകമായി സമ്മേളിക്കുന്നുണ്ട്. വരേണ്യമായ ഒരു പാരമ്പര്യം ആ പാട്ടുകൾക്കുണ്ട്. ഭ്രാന്തമായ ഒരു ലഹരിയിലേക്ക് പതഞ്ഞു പൊങ്ങുന്ന കാവ്യഭാവനകളാണ് മിക്കവാറും പാട്ടുകളിലുള്ളത്. വിപ്രലംഭശൃംഗാര നൃത്തമാടാൻ വരുന്ന അപ്സരസ്ത്രീയും പുണ്യാശ്രമത്തിലെ സന്യാസിനിയും അനുരാഗപ്പപാൽക്കടൽ കടഞ്ഞുകിട്ടിയ ആശ്ചര്യചൂഡാമണിയും വിശ്വചരിത്രം തിരുത്തിയെഴുതിയ വർഗ്ഗസമരപടയാളികളും നിശാസുരഭികളായ വസന്തസേന കളും ആ ഗാനലോകത്തിൽ കാണാം. കാളിദാസകാവ്യസംസ്ക്കാരത്തോടാണ് വയലാറിന്റെ ഭാവന അടുത്തു നിൽക്കുന്നത്. മനുഷ്യനും സമൂഹവും ഒരുപോലെ ഈ പാട്ടുകളിൽ അഭിമുഖീകരിക്കപ്പെടുന്നു. സ്നേഹിതരേ, യുഗപുരുഷന്മാരേ, മനുഷ്യരേ, സ്വപ്നാടകരേ, മാനവജീവിതസത്യാന്വേഷികളേ എന്നൊക്കെ വയലാർ മനുഷ്യരെ അഭിസംബോധന ചെയ്യുന്നു.

ഭാരതസാഹിത്യത്തിൽ ജീവിതഹർഷം എന്ന വിധായകഭാവം കാളിദാസ കൃതികളിലാണ്. ഉന്നമ്രമായി തിളങ്ങുന്നത് എന്ന് എം.പി. ശങ്കുണ്ണിനായർ പറയു ന്നുണ്ട്. പുരുഷതേജസ്സിനോടും സ്ത്രീസൗന്ദര്യത്തിനോടും കാളിദാസനുള്ള പ്രതിപത്തി നിസ്തുലമാണ്. നൃത്തഗാനചിത്രപ്രതിമാവാസ്തുശില്പാദികലകളിൽ

ഇത്രയും സർവ്വതോന്മുഖമായ താല്പര്യം മറ്റൊരു സംസ്കൃതകവിക്കും ഉള്ളതായി കാണുന്നില്ല. ഇന്ദ്രിയവിഷയങ്ങളിലുള്ള അഭിനിവേശം, ആർഷധർമ്മത്തെ ഉയർത്തിക്കാണിക്കൽ, ജീവിതരസം നുകരൽ, സത്യശിവങ്ങളോട് സുന്ദരത്തെ സമന്വയിപ്പിക്കൽ ഇതെല്ലാം കാളിദാസകൃതികളിൽ ശങ്കുണ്ണിനായർ കണ്ടെത്തുന്നുണ്ട്.[8] വയലാറിന്റെ ഗാനങ്ങളിൽ ഈ പ്രത്യേകതകളെല്ലാം കാണാവുന്നതാണ്. കാളിദാസശാകുന്തളത്തെ ആസ്പദമാക്കിയുള്ള ശകുന്തള എന്ന സിനിമയിൽ മാത്രമല്ല മറ്റ് അനേകം ഗാനങ്ങളിൽ കാളിദാസകഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും വയലാർ കൊണ്ടുവന്നിട്ടുണ്ട്.

ഗംഗായാറൊഴുകുന്ന  നാട്ടിൽ നിന്നൊരു
ഗന്ധർവ്വനീവഴി വന്നൂ - പണ്ടൊരു
ഗന്ധർവ്വനീവഴി വന്നൂ
അന്നാരം പുന്നാരം കാട്ടിനകത്തൊരു
പെണ്ണിനെ മോഹിച്ചു നിന്നൂ - അവനൊരു
പെണ്ണിനെ മോഹിച്ചു നിന്നൂ.

'കാട്ടുതുളസി' എന്ന സിനിമയ്ക്ക് വേണ്ടി എഴുതിയ ഈ ഗാനത്തിൽ ശകുന്തളാ ദുഷ്യന്ത്യപ്രണയമാണ് വിഷയമാക്കിയിരിക്കുന്നത്.

കാളിദാസൻ മരിച്ചു
കണ്വമാമുനി മരിച്ചു
അനസൂയ മരിച്ചു
പ്രിയംവദ മരിച്ചു
ശകുന്തള മാത്രം മരിച്ചില്ല.

(താര)

[8] എം.പി. ശങ്കുണ്ണിനായർ, *ഛത്രവും ചാമരവും, (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 1988), പു.60*

ശകുന്തളയും, മേനകയും, ഉർവ്വശിയും, രംഭതിലോത്തമമാരും ദുഷ്യന്തനും മാളവികയും കണ്വനും മാനസസരസ്സും, മരാളവും വനജ്യോത്സനയും, മാലിനീ തടവും അനസൂയാപ്രിയംവദമാരും വയലാറിന്റെ ഗാനങ്ങളിൽ ആവർത്തിച്ചു വരുന്നുണ്ട്. എം.പി. ശങ്കുണ്ണിനായർ എഴുതുന്നു.[9] ''മലയാള സാഹിത്യത്തിൽ അപ്സരസ്സുകളെ അവതരിപ്പിച്ചതിൽ ചങ്ങമ്പുഴയ്ക്കു സാരമായ പങ്കുണ്ട്. എന്നാൽ, ചങ്ങമ്പുഴലോകം ഒരുവിധത്തിൽ നീഹാരപ്രാവൃതമാകുന്നു. സ്പഷ്ടദർശനമില്ല. അപസരസ്സുകളെ രൂപവ്യക്തിയോടെ ഉന്മീലനം ചെയ്യുന്നത് വയലാർ രാമവർമ്മയാണ്.''

ഉണരൂ, ചിലമ്പൊലി കേട്ടുണരൂ

മാറോടു ചേർത്തെന്നെ പുണരൂ

..............................................................

..............................................................

സ്വർഗ്ഗീയ നിർവൃതിയിൽ നീരാടി

പുഷ്പവിമാനത്തിലങ്ങയെത്തേടി വരും

അപ്സര നർത്തകി ഞാൻ...

വയലാർ രാമവർമ്മ അപ്സരസ്സുകളെ കണ്ടിട്ടുണ്ടെന്നുള്ളത് നിർവിവാദമാണ്. അപസരസ്സുകളെ നേരത്തെതന്നെ നേരിട്ടുകണ്ട മഹാകവിയാണ് കാളിദാസൻ.[10]

'മാനസസരസ്സിൽ പറന്നിറങ്ങിയ

മരാളകന്യകളേ

മനോഹരാംഗികളേ

---

[9] എം.പി. ശങ്കുണ്ണിനായർ , *ഛത്രവും ചാമരവും, പു. 109*

[10] ''ചരാചരാത്മകമായ പ്രകൃതിയോട് അത്രയും സഹകരിച്ച കവിയായിരുന്നു കാളിദാസൻ. ഋതുസംക്രമങ്ങളുടെ നവോന്മേഷിയായ ആവർത്തനകഥയിൽ അദ്ദേഹം ഉല്ലസിച്ചു. ആകാശത്തിന്റെയും ആഴകടലിന്റെയും മാമലകളുടെയും പുഷ്പങ്ങളുടെയും പറവകളുടെയും മറ്റും ആത്മാവിനെ മനുഷ്യന്റെ സങ്കുചിത ജീവിതത്തിലേക്ക് അഴിച്ചുവിടാൻ കാളിദാസനു കഴിഞ്ഞു''.

നിങ്ങടെ പവിഴചുണ്ടിൽ നിന്നൊരു

മംഗളപത്രമെനിക്കു തരൂ (അശ്വമേധം)

തോപ്പിൽ ഭാസിയുടെ 'അശ്വമേധം' എന്ന നാടകത്തെ ആസ്പദമാക്കിയുള്ള സിനിമയ്ക്കുവേണ്ടി എഴുതുമ്പോഴും വയലാർ കാളിദാസന്റെ മേഘസന്ദേശ ചിത്രങ്ങൾ പാട്ടിൽ കൊണ്ടുവരുന്നു.

വയലാറിന്റെ ഗാനങ്ങളിൽ ജീവിതവും പ്രകൃതിയും തമ്മിലുള്ള ആശ്ലേഷവും ഇന്ദ്രിയവിഷയങ്ങളിലുള്ള അഭിനിവേശവും മറ്റു കലാരൂപ ങ്ങളോടുള്ള മമതയും ആർഷധർമ്മാദരവും, സ്ത്രീസൗന്ദര്യാരാധനയുമെല്ലാം കാണാം. കാളിദാസന്റെ രചനാസംസ്കാരത്തോടാണ് വയലാർ അടുത്തു നിൽക്കുന്നത്.

നദികൾ - നദികൾ - നദികൾ

നാണം കുണുങ്ങികൾ സഖികൾ

(കല്ല്യാണരാത്രിയിൽ)

നദികൾ സർവ്വാംഗസുന്ദരികളായ സഖികളാണെന്നും മാനത്തെ മഴവില്ലിന്റെ മാനസപുത്രികളാണെന്നും കാനന കന്യകകൾ കാമുകസന്നിധി തേടിപ്പോകുന്ന കാമരൂപികളാണെന്നും രാജഹംസങ്ങളെ മടിയിൽ വളർത്തുന്ന രാജകുമാരികളാ ണെന്നും പറയുന്നു.

ഭൂമിദേവി പുഷ്പിണിയായി

കാമദേവനുത്സവമായി

ഉത്സവമായ്....ഉത്സവമായ്

മദിരോത്സവമായി... (തുലാഭാരം)

ഇന്ദ്രനീലയവനിക ഞൊറിഞ്ഞു

ചന്ദ്രലേഖ മണിയറ തുറന്നു

രജനീ- ചൈത്രരജനീ - നിന്റെ

രഹസ്യകാമുകൻ വരുമോ..? (കൂട്ടുകുടംബം)

കാളിദാസൻ അപ്സരസ്സുകളെ രൂപവതികളായി വർണ്ണിക്കുന്നുവെന്ന് ശങ്കുണ്ണിനായർ പറയുന്നുണ്ട്. വയലാർ ഒരു ഗാനം ഇങ്ങനെ തുടങ്ങുന്നു.

രൂപവതീ....രുചിരാംഗി...

രോമാഞ്ചം ചൂടിവരൂ..

മോഹവതീ മധുരാംഗീ..

മാറിലെ ചൂടു തരൂ..

(പൊന്നാപുരംകോട്ട)

കാളിദാസനു കാവ്യവിഷയമാകുന്ന ഉദാത്തനായ മനുഷ്യനെ വയലാർ ഇങ്ങനെ അവതരിപ്പിക്കുന്നു.

പ്രകാശഗോപുരവാതിൽ തുറന്നു

പണ്ടുമനുഷ്യൻ വന്നു

വിശ്വപ്രകൃതി വെറും കയ്യോടെ

വിരുന്നു നൽകാൻ നിന്നൂ..

ഭൂമിയിൽ ആയിരമായിരം അത്ഭുതശില്പങ്ങൾ, കലയുടെ അമരാവതികളായി തീർത്ത മനുഷ്യൻ ഇവിടെ ഐശ്വര്യങ്ങൾ കൊണ്ട് ഭൂമിയെ അനശ്വരയാക്കി. സങ്കല്പത്തിന്റെ ചിറകുകൾ കൊണ്ട് ഭൂമിയെ സനാഥയാക്കി. ആ മനുഷ്യനെ ഒരിക്കൽകൂടി ഇവിടേക്ക് പറഞ്ഞയക്കാനാണ് ദേവിയോട് വയലാർ പറയുന്നത്. ദേവലോകവും അപ്സരസ്സും ഭൂമിയും ഋതുചക്രവും, മനുഷ്യനും, ജീവിതരസവും, മേളിക്കുന്ന വയലാറിന്റെ ഗാനലോകത്തിന് കാളിദാസകാവ്യ പ്രകൃതിയോട് നല്ല അനുഭാവമുണ്ട്.

ആരോഹണാവരോഹണതാളമുള്ള ഒരു ശില്പഗോപുരം പോലെയാണ് വയലാറിന്റെ പാട്ടുകൾ. മിക്കപ്പോഴുമത് നുരഞ്ഞുപൊന്തുന്നു. മദിരപകർന്നു വെച്ചൊരു മൺചഷകംപോലെ ലഹരിയായി തുളുമ്പുന്നു. വയലാറിന്റെ മിക്ക ഗാനങ്ങളിലും രതിനടനം നിർവ്വഹിക്കപ്പെടുന്നതു കാണാം. മുനവെച്ച രതിചിഹ്നങ്ങൾ പല പാട്ടുകളിലുമുണ്ട്.

''പ്രേമസർവ്വസ്വമേ - നിൻ
പ്രമദവനം ഞാൻ കണ്ടു.'' (*സ്വപ്നഭൂമി*)

''തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടീ- നിന്റെ
തിങ്കളാഴ്ച നൊയമ്പിന്നു മുടക്കും ഞാൻ'' (*കൂട്ടുകുടുംബം*)

ശൃംഗാരമോഹിനി, ഋതുമതി, മധുമതി, സ്വപ്നാടക, കാമാക്ഷി, കാതരാക്ഷി, മധുവിധു മേനക, അപ്സരസ്വപ്നാടക, ഉന്മാദിനി, ഗഗനമോഹിനി എന്നിങ്ങനെ 'അവൾക്ക്' ധാരാളം വിശേഷങ്ങൾ. തപസ്സുണർത്താൻ വരുന്ന മേനക ആവർത്തിക്കുന്നുണ്ട്. സവർണ്ണപക്ഷഭാവനയെന്ന് പ്രത്യക്ഷത്തിൽ പറയാവുന്ന പാട്ടുകളാണ് കൂടുതലും. കേരളീയമായ സൗന്ദര്യപ്രകൃതിയിൽ വരേണ്യരൂപങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടാണ് വയലാർ പാട്ടെഴുതിയത്. പ്രകൃതിയിൽ നിറഞ്ഞു നിൽക്കുന്ന ആത്മാവായി ദൈവത്തെ കണ്ട്, മതേതരമായ ഒരു ഭാവന ആവർത്തിച്ച് പാട്ടിൽ കൊണ്ടുവന്നിട്ടുണ്ട് വയലാർ.

മാനവും ഭൂമിയും തീയും ജലവും
വായുവും നിർമ്മിച്ച വിശ്വശിൽപ്പീ
മണ്ണിലെ മനുഷ്യന്റെയന്തരാത്മാവിൽ - നീ
നിന്നിലെ നിന്നെ കൊളുത്തിവെച്ചൂ

(*ഒരു പെണ്ണിന്റെ കഥ*)

മനുഷ്യനോട് പൊയ്മുഖങ്ങൾ വലിച്ചെറിയാൻ ആഹ്വാനം ചെയ്തും മാനവികത ദൈവികതയാണെന്ന് ആവർത്തിച്ചും വയലാറിന്റെ പാട്ടുകൾ ഒരു നവോത്ഥാന ധർമ്മം നിർവ്വഹിച്ചു. ഫ്യൂഡൽപ്രഭാവം ഉയർത്തിപ്പിടിക്കുന്ന ഭാവന കാലത്തിലൂടെ സഞ്ചരിക്കുന്ന സ്വഭാവരീതിയാണ് വയലാറിന്റെ പാട്ടുകളിൽ കാണുക. ആ സഞ്ചാരം വിവിധ അന്വേഷണമാണ്. അതിന് തത്ത്വചിന്തയുടെ പിൻബലവുമുണ്ട്.

**ഒ.എൻ.വി. കുറുപ്പ്**

1955-ൽ *കാലം മാറുന്നു* എന്ന ചിത്രത്തിലൂടെയാണ് ഒ.എൻ.വി. ഗാന രചയിതാവായി ചലച്ചിത്രരംഗത്തു വരുന്നത്. സമ്പൂർണ്ണമായ ഭാവഗീതസ്വഭാവം നിലനിർത്തുന്ന ഗാനങ്ങളാണ് ഒ.എൻ.വി.യുടേതെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ''ഇംഗ്ലീഷ് കാൽപനികതയുടെ ഭാവുകത്വപരമായ മിതത്വം, സംഗീതാത്മകത, ഭാവാത്മകത, ഏകാഗ്രത ഇവയെല്ലാം ചേർന്നുള്ള മലയാളത്തിലെ ഭാവഗീത ങ്ങളാണ് ഒ.എൻ.വി. യുടെ ചലച്ചിത്രഗാനങ്ങൾ''.[11]

അമ്പിളിയെ പൊന്നരിവാളാക്കിക്കൊണ്ടാണ് ഒ.എൻ.വിയുടെ പാട്ടുകാലം തുടങ്ങുന്നത്. ഒരു കാമുകന്റെയോ കാമുകിയുടെയോ ഏകാകിയുടെയോ യാത്രിക ന്റെയോ ഏകാന്തമായ കാഴ്ചപ്പാടിലൂടെ ആവിഷ്ക്കരിക്കപ്പെടുന്ന സുഭദ്രമായ വൈകാരികലോകം ആണ്. ഒ.എൻ.വി.യുടെ ഗാനങ്ങൾ.

''അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ
ഒരു മാത്ര വെറുതെ നിനച്ചുപോയി...''

*(നീയെത്ര ധന്യ)*

''ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന
തിരുമുറ്റത്തെത്തുവാൻ മോഹം''

*(ചില്ല്)*

[11] പ്രദീപൻ പാമ്പിരിക്കുന്ന്, *മലയാളചലച്ചിത്രഗാനം, കാമന, ശരീരം,* ദേശം, (നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2012), പു. 72

എന്നിങ്ങനെ ഏതു മനസ്സിനെയും തൊട്ടുണർത്തുന്ന ഭാവാത്മകതയാണ് ഒ.എൻ.വിയുടെ ഗാനങ്ങളിൽ മുന്തിനിൽക്കുന്നത്. അവയിൽ സാഹിത്യപരതയ്ക്ക് പ്രാധാന്യമുണ്ട്. ''ചിലപ്പോൾ ഒരു തൂവൽസ്പർശം, മറ്റു ചിലപ്പോൾ ഒരു നൊമ്പരച്ഛായ, വേറെ ചിലപ്പോൾ സ്നേഹത്തിന്റെ രഥോത്സവം. ഇതൊക്കെ ആ ഗാനങ്ങൾ നമ്മെ അനുഭവിപ്പിക്കുന്നു.[12]

മണ്ണിലേക്കും വിണ്ണിലേക്കും കാലത്തിന്റെ അപാരതയിലേക്കും സഞ്ചരിക്കുന്ന ഭാവനയാണ് ഒ.എൻ.വി.യുടെ പാട്ടുകളിലുള്ളത്. സംഗീതസാന്നിദ്ധ്യം ആ പാട്ടുകളിൽ സമൃദ്ധമാണ്. ''ആരോ മധുരമായി പാടി വിളിക്കുന്നു'' എന്ന് (ഉൾക്കടൽ) പാട്ടിൽ എഴുതിയതുപോലെ ഒ.എൻ.വി.യുടെ ഗാനങ്ങളിൽ ഒരു സംഗീതപ്രപഞ്ചം രൂപപ്പെടുന്നതുകാണാം.

''പാടുവാനായ് വന്നു നിന്റെ പടിവാതിൽക്കൽ'' (*എഴുതാപ്പുറങ്ങൾ*)

എന്നു തന്നെ ഒരു പാട്ട് തുടങ്ങുന്നു. ഒരേ സമയം കാല്പനികവും ക്ലാസ്സിക്കലുമാകുന്ന ഭാവഗീതഭാഷകൊണ്ടാണ് മിക്ക പാട്ടുകളും എഴുതപ്പെട്ടിരിക്കുന്നത്. ജനകീയമായ നാടോടിരീതികളും കാണാം. കേരളീയമായ പ്രകൃതിയുടെ അതിരുകളിൽ ഭൂമിയെയും ആകാശത്തെയും സാക്ഷിനിർത്തി ജീവിതപ്പകർച്ചകളെയും ഋതുഭേദങ്ങളെയും ഏറ്റുപാടുന്ന ഒരു ഏകാകിയുടെ വിഷാദമുദ്രകൾ ഒ.എൻ.വി.യുടെ പാട്ടുകളിൽ കാണാം. ആൾക്കൂട്ടത്തിന്റെ നിറഞ്ഞ സാന്നിദ്ധ്യമല്ല, ഏകാകിയുടെ ഒഴിഞ്ഞ ലോകമാണ് ആ പാട്ടുകളിൽ അധികവും കാണുക.

---

[12] പ്രഭാവർമ്മ അവതാരിക, *മാണിക്യവീണ* (ഡി.സി.ബുക്സ്, കോട്ടയം, 2006), പു. 29.

# അദ്ധ്യായം മൂന്ന്

# സമൂഹവും മനുഷ്യനും ചലച്ചിത്രഗാനങ്ങളിൽ

മലയാളികളുടെ സാമൂഹ്യജിവിതം വ്യത്യസ്തരൂപങ്ങളിൽ, വിവിധ തലങ്ങളിൽ ചലച്ചിത്രഗാനങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. വിഭിന്നമത വർഗ്ഗങ്ങളിൽപ്പെട്ട ജനവിഭാഗങ്ങൾ ആണല്ലോ സിനിമയിൽ കേന്ദ്രകഥാപാത്ര മായും മറ്റും വരുന്നത്. അവർക്കുവേണ്ടി പി. ഭാസ്ക്കരനും വയലാറും ഒ.എൻ.വിയും സുന്ദരചിത്രങ്ങൾ പാട്ടുകളിലൊരുക്കിയപ്പോൾ ഓരോരോ സമൂഹ മനുഷ്യന്റെ സ്വത്വം പ്രതിഫലിക്കുകയുണ്ടായി. സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളെ തിരിച്ചറിയുന്ന പാട്ടുകൾ അന്വേഷിക്കുകയാണ് മൂവരുടെയും ഗാനലോകത്തിൽ ഈ അദ്ധ്യായത്തിൽ. പേരുകൊണ്ടും വേഷംകൊണ്ടും അദ്ധ്വാനംകൊണ്ടും ജീവിതരീതികൊണ്ടും സാമൂഹ്യനിലകൊണ്ടും അവർ ഈ പാട്ടുകളിൽ എളുപ്പത്തിൽ തിരിച്ചറിയാനാവുന്നവിധം തെളിഞ്ഞുനിൽക്കുന്നു.

**സമൂഹവും മനുഷ്യനും പി. ഭാസ്ക്കരന്റെ ചലച്ചിത്രഗാനങ്ങളിൽ**

സമൂഹത്തിലെ വിവിധതൊഴിലുകളിൽ വ്യാപരിക്കുന്ന മനുഷ്യരെ ചലച്ചിത്രഗാനങ്ങളിൽ കാണാം. പാണനും പുള്ളുവനും, അരയനും, വേടനും, ചാലിയനുമെല്ലാം തങ്ങളുടെ തൊഴിലിടങ്ങളിൽ പാടുന്ന പാട്ടുകൾ ഇതിലുണ്ട്. 'നല്ലൊരു നാളെയിലെ മാളോരെ' സ്വപ്നം കാണുന്ന പാട്ടുകൾ ജനതയ്ക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നു. അക്കൂട്ടത്തിൽ മികച്ച ദേശഭക്തിഗാനങ്ങളും സമര ഗാനങ്ങളും എഴുതിക്കൊണ്ടാണ് ഈ മൂന്നു കവികളും ചലച്ചിത്രഗാന രംഗത്തേക്ക് കടന്നുവന്നത്.

കേരളത്തിന്റെ പഴയകാലത്തെ യാചകനായ ഒരു ചെറുപ്പകാരനെ പി. ഭാസ്ക്കരൻ പാട്ടിലെഴുതുന്നു. കൽക്കരിയിലോടുന്ന പഴയ തീവണ്ടിയോടാണ് യാചകൻ തന്നെ താരതമ്യപ്പെടുത്തുന്നത്.

വണ്ടീ.....പുകവണ്ടീ...
വണ്ടീ...വണ്ടീ... നിന്നെപ്പോലെ
വയറിലെനിക്കും തീയ്യാണേ
തെണ്ടിനടന്നാൽ രണ്ടുപേർക്കും
കയ്യിൽ വരുന്നതു കായാണേ..

*(ഡോക്ടർ)*

എല്ലാ ഭാരവുമേറ്റി നടക്കുന്ന ഈ തെണ്ടിക്ക് പുകവണ്ടി കാണുമ്പോൾ തന്നെപ്പോലെതന്നെ എന്ന് തോന്നുന്നു. ഒരു വ്യത്യാസം മാത്രം. ചക്രത്തിന്മേലാണ് വണ്ടിയുടെ കറക്കം. ചക്രം കിട്ടാനാണ് തെണ്ടിയുടെ കറക്കം. എന്തുതന്നെയായാലും തെണ്ടി നടന്നാൽ രണ്ടുപേർക്കും കിട്ടുന്നത് കായ് തന്നെ. പ്രണയിയായ ഈ തെണ്ടിയെ ഇതേ ചിത്രത്തിനുവേണ്ടി മറ്റൊരു സന്ദർഭത്തിൽ പി. ഭാസ്ക്കരൻ ഇങ്ങനെ എഴുതുന്നു.

നയാപൈസയില്ല - കൈയ്യിലൊരു
നയാപൈസയില്ല
നഞ്ചുവാങ്ങിത്തിന്നാൻപോലും
നയാപൈസയില്ല.

കടം വാങ്ങാൻ ആളില്ലാതെ പണയം വെയ്ക്കാൻ പൊന്നില്ലാതെ കാലിയടിച്ച വയറും പള്ളയൊഴിഞ്ഞ പഴ്സുമായി നടക്കുകയാണ് കാമുകനായ ഈ തെണ്ടി. അതുകൊണ്ട് തന്റെ പ്രണയിനിയെക്കാണുമ്പോൾ അയാളുടെ കരളിൽ കടന്നൽകുത്തിയ വേദനയാണ്.

കണ്ടം ബെച്ച കോട്ടുമിട്ട് നാലുവർഷമായി നടക്കുന്ന ഒരു മമ്മദ്കാക്കയെ മറ്റൊരു പാട്ടിൽകാണാം.

കണ്ടംബെച്ചൊരു കോട്ടാണ്
പണ്ടേ കിട്ടിയ കോട്ടാണ്
മമ്മദ് കാക്കേടെ കോട്ടാണേ – ഇത്
നാട്ടില് മുയുവൻ പാട്ടാണേ.

ഗോഗോൾ എന്ന റഷ്യൻ കഥാകാരന്റെ 'ഓവർകോട്ട്' എന്ന കഥയിലെ വക്കീൽ ഗുമസ്തനെ ഓർമ്മിപ്പിക്കുന്നു ഈ മമ്മദ്കാക്ക. മാറി ഉടുക്കാൻ മറ്റൊരു കോട്ടില്ലാതെ കണ്ടംബെച്ച കോട്ടുമായി ജീവിക്കുന്ന പാവപ്പെട്ട ഒരു സർക്കാർ ഗുമസ്തനാണ് ആ കഥയിലുള്ളത്. കഷ്ടപ്പെടുന്ന സാധുജനങ്ങളുടെ കണ്ണീരൊപ്പുന്ന കോട്ടാണ് മമ്മദ് കാക്കയുടേതെന്ന് പി. ഭാസ്കരൻ പറയുന്നു.

മുൻപ് കേരളത്തിൽ പല ദേശങ്ങളിൽ പല വേഷങ്ങളിൽ സുറുമ വിൽപ്പനക്കാരുണ്ടായിരുന്നു. പല സ്ഥലങ്ങളിലായി പേരുകേട്ട സുറുമാനിർമ്മാതാക്കളുമുണ്ടായിരുന്നു. സുറുമയിട്ട കണ്ണുകൾ കവിഭാവനയെ നന്നായി പ്രചോദിപ്പിച്ചു. ഒരു സുറുമവിൽപ്പനക്കാരനെ പി. ഭാസ്കരൻ ആവിഷ്ക്കരിച്ചത് 'കായംകുളം കൊച്ചുണ്ണി' എന്ന സിനിമയിലാണ്. കൊല്ലം ജില്ല തൊട്ട് വടക്കൻ കേരളത്തിൽ കണ്ണൂരു വരെ അലയുകയാണ് ഈ സുറുമ വിൽപ്പനക്കാരൻ.

നല്ല സുറുമ,
നല്ല സുറുമ
കൊച്ചു സിന്ദൂരപ്പൊട്ടുകുത്തി മന്ദാരക്കണ്ണിണയിൽ
സുന്ദരിമാരണിയും സുറുമ

കൊല്ലത്തും കോട്ടയത്തും കണ്ണൂരും വടകരയും സുറുമ വിൽക്കാൻ ചെന്ന വിശേഷങ്ങൾ അവതരിപ്പിക്കുകയാണ് ഈ പാട്ടിൽ. പെണ്ണുവേണമെന്നും പെണ്ണായാൽ കണ്ണിൽ സുറുമ വേണമെന്നുമാണ് പാട്ടുകാരന്റെ തത്വം. സുറുമയെഴുതിയ മിഴികൾ ഇന്ന് കേരളത്തിൽ അന്യംനിന്നുപോയി.

വൈലോപ്പിള്ളിയുടെ പ്രശസ്ത കവിതയായ *ആസ്സാംപണിക്കാരി*ലേതു പോലെ ആസ്സാമിൽ ജോലിക്കുപോയി തിരിച്ചുവന്ന ഒരു പുത്തൻ പണക്കാരനെ പി. ഭാസ്ക്കരൻ അവതരിപ്പിക്കുന്നു. അയാൾ കാശുണ്ടാക്കി. തിരിച്ചുവന്ന് ചിട്ടിയിൽ ചേരുകയാണ്. എല്ലാം തന്റെ പ്രണയിനിക്കുവേണ്ടി. അവളെ സ്വന്തമാക്കാനുള്ള ഒരു ദിനം അയാൾ കാത്തിരിക്കുകയാണ്. അവൾക്കാകട്ടെ അയാൾ സ്വീകാര്യനല്ല. അവളെ പറഞ്ഞ് മോഹിപ്പിക്കുകയാണ് അയാൾ.

കേളെടി, നിന്നെ ഞാൻ കെട്ടുന്ന കാലത്ത്
നൂറിന്റെ നോട്ട് കൊണ്ടാറാട്ട്
കണ്ണാണെ നീയെന്നെ കെട്ടിയില്ലെങ്കിലോ
കണ്ണീരിലാണെന്റെ നീരാട്ട്.

*(ഡോക്ടർ)*

''കിന്നാരവാക്കുമായി കൈക്കൂലികാട്ടി എന്റെ നേർക്കടുക്കണ്ട'' എന്നു പറഞ്ഞ് അവൾ അയാളെ തിരസ്ക്കരിക്കുകയാണ്.

വീട് തോറും കയറിയിറങ്ങി വിഴുപ്പ് വാങ്ങി പുഴക്കരയിൽ ചെന്ന് അലക്കി ക്കൊടുക്കുന്ന വണ്ണാന്മാർ എന്ന ജാതിസമൂഹത്തിൽനിന്നും ഒരാൾ പാട്ടിൽ വരുന്നുണ്ട്.

വണ്ണാൻ വന്നല്ലോ – ഹേയ്
വണ്ണാൻ വന്നല്ലോ
കണ്ണാടി പുഴക്കരയിൽ നിൽക്കുന്ന
വണ്ണാത്തിപെണ്ണേ
തന്നാലായതു തലയിലേറ്റി
വണ്ണാൻ വന്നല്ലോ...

*(വിരുതൻ ശങ്കു)*

തലയിൽ വിഴുപ്പും ചിരിയിൽ വെളുപ്പുമായി കരക്കാരുടെ വീടുകൾ തോറും കാലത്തു തൊട്ടേ നടക്കുകയാണ് വണ്ണാൻ. വിഴുപ്പലക്കാൻ തന്നാട്ടെ സാറേ എന്ന്

കെഞ്ചിക്കൊണ്ട്. വിഴുപ്പലക്കുമ്പോൾ പാവുമുണ്ട് കീറിയാലോ, പട്ടുറൗക്ക പിഞ്ഞിയാലോ പാവപ്പെട്ട വണ്ണാന് കഞ്ഞി കുമ്പിളിൽ തന്നെ എന്നു പറഞ്ഞു കൊണ്ടാണ് പാട്ട് അയാളുടെ ദൈന്യത്തിൽ അവസാനിക്കുന്നത്.

രുചികരമായ നാടൻ വിഭവങ്ങൾ കിട്ടുന്ന ചായക്കടക്കാരെയും ഹോട്ടലു കാരെയും അവതരിപ്പിക്കുന്നുണ്ട് ഒരു പാട്ടിൽ.

കോയിക്കോട്ടങ്ങാടീലെ കോയാക്കാന്റെ കടയിലെ
കോയീന്റെ കറിയുടെ ചാറ്, ഹാ, ഹാ
ബായക്കാ ബറുത്തതും ജോറ്.

*(തങ്കക്കുടം)*

എന്നാണ് പാട്ട് തുടങ്ങുന്നത്. കൊച്ചിയിലുള്ള കൊച്ചീക്കാരന്റെ ഹോട്ടലിൽ ബെച്ച കരിമീന്റെ ചാറും അമ്പലപ്പുഴയിലെ എമ്പ്രാന്റെ കടയിലെ തുമ്പപ്പൂചോറും എമ്പ്രാത്തി വെച്ച സാമ്പാറും കൊല്ലത്തെ ചിന്നക്കടയിലെ പുള്ളിക്കാരൻ പുള്ളേച്ചന്റെ അവിയലും പൊരിയലും തീയലും എല്ലാം ഈ പാട്ടിലുണ്ട്.

മുസ്ലിംകല്ല്യാണത്തിലെ പുതുമണവാട്ടിയെ ഏറെ പാട്ടുകളിൽ പി. ഭാസ്ക്കരൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. നാട്ടുബിംബങ്ങളാൽ സമൃദ്ധമായ ഒരു പാട്ടിൽ ആ മണവാട്ടി ഇങ്ങനെ

പകലവനിന്നു മറയുമ്പോൾ
അകിലുപുകച്ച മുറിക്കുള്ളിൽ
പനിമതിബിംബമുദിച്ചപോൽ
പുതുമണവാട്ടി - ഏഴാം
ബഹറിനകത്തൊരു ഹൂറിയാകും.

*(അസുരവിത്ത്)*

കാളവണ്ടിയുടെ ചലനത്തിന്റെ വേഗതയിൽ വണ്ടിക്കാരന്റെ പാട്ടായിട്ടാണ് ഇത് ചലച്ചിത്രത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

''കായലരികത്ത് വലയെറിഞ്ഞപ്പോൾ വളകിലുക്കിയ സുന്ദരി'' എന്ന നീലക്കുയിലെ പ്രശസ്തമായ ഗാനം വല തുന്നിക്കൊണ്ട് ഒരു മത്സ്യത്തൊഴിലാളി പാടുന്ന പാട്ടായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

''ഭാരതമെന്നാൽ പാരിൻ നടുവിൽ
കേവലമൊരു പിടി മണ്ണല്ല
ജനകോടികൾ നമ്മെ നാമായ് മാറ്റിയ ജന്മഗൃഹമല്ലോ...''

*(ആദ്യകിരണങ്ങൾ)*

മലയാളത്തിലെ പ്രശസ്തമായ ഒരു ദേശഭക്തിഗാനമാണിത്. ഐക്യ കേരളത്തെക്കുറിച്ചുള്ള പാട്ടെഴുതിയ ഭാസ്ക്കരനു ഭാരതം ഗൃഹമായി മാറുന്നു. ജനകോടികൾ നമ്മെ നാമാക്കി മാറ്റിയ ജന്മഗൃഹം എന്നാണ് പറയുന്നത്.

ഓരോ തുള്ളി ചോരയിൽ നിന്നും
ഒരായിരം പേരുയരുന്നു
ഉയരുന്നൂ അവർ നാടിൻ മോചന-
രണാങ്കണത്തിൽപ്പടരുന്നു...

*(മൂലധനം)*

'വയലാർ ഗർജ്ജിക്കുന്നു'വെന്ന കാവ്യമെഴുതിയ ഭാസ്ക്കരന്റെ വിപ്ലവ വീര്യമുള്ള ഒരു പാട്ടാണ് ഇത്.

നീതിക്കുവേണ്ടിയുള്ള മനുഷ്യരുടെ പോരാട്ടത്തിന്റെ ശക്തിയും ധീരതയു മാണ് ഈ പാട്ടിലുള്ളത്.

വിണ്ണിലിരുന്നുറങ്ങുന്ന ദൈവമോ
മണ്ണിതിൽ ഇഴയുന്ന മനുഷ്യനോ
അന്ധനാര് ഇപ്പോൾ അന്ധനാര്
അന്ധകാരപ്പരപ്പിതിൽ അന്ധനാര്

*(മൂന്നുപൂക്കൾ)*

ലക്ഷ്യം അറിയാതെ ജീവിതവഴിയിലൂടെ തപ്പിത്തടഞ്ഞു നടക്കുന്ന അന്ധരായ മനുഷ്യരുടെ ചിത്രമാണ് ഈ പാട്ടിലുള്ളത്.

ദുഃഖങ്ങൾക്ക് അവധികൊടുത്ത് വിധിയുമായിരുന്ന് ചീട്ടുകളിക്കുന്ന ദാർശനികനെയും കണ്ണീരുമൊലിപ്പിച്ചു കൈവഴികൾ പിരിയുമ്പോൾ പുഴ കരയുന്നോ അതോ ചിരിക്കുന്നോ എന്നു ചിന്തിക്കുന്ന ചിന്തകനെയും ഏകാന്തതയുടെ അപാരതീരത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന അന്വേഷകനെയും തീർത്ഥമേതെന്നറിയാതെ നടത്തുന്ന തീർത്ഥാടനമാണു ജീവിതം എന്നും ഒരു കാവ്യപുസ്തകമാണ് ജീവിതമെന്നും നമ്മെ പഠിപ്പിക്കുന്ന അദ്ധ്യാപകനെയും നാം പി. ഭാസ്ക്കരൻ എന്ന മഹാകവിയിൽ കാണുന്നു.[1]

**സമൂഹവും മനുഷ്യനും വയലാർ രാമവർമ്മയുടെ ചലച്ചിത്രഗാനങ്ങളിൽ**

പല തൊഴിൽ മേഖലകളിൽ വ്യാപരിക്കുന്ന വ്യത്യസ്തമനുഷ്യരെക്കുറിച്ച് പാട്ടുകളെഴുതാൻ സിനിമയിൽ ഏറ്റവും കൂടുതൽ അവസരം കിട്ടിയത് വയലാറിനാണ്. ആ സിനിമകൾ പലതും മലയാളത്തിലെ പ്രശസ്തസാഹിത്യ കൃതികളുടെ അനുകല്പനങ്ങളായിരുന്നു. തകഴിയുടെ ചെമ്മീൻ, കേശവദേവിന്റെ ഓടയിൽനിന്ന്, തോപ്പിൽഭാസിയുടെ 'തുലാഭാരം', മുട്ടത്തുവർക്കിയുടെ 'ഇണപ്രാവുകൾ' എന്നിങ്ങനെയുള്ള ചിത്രങ്ങളിൽ അത്തരം പാട്ടുകൾ കാണാം.

അരയസമുദായത്തിന്റെ ജീവിതത്തിൽനിന്നാണല്ലോ ചെമ്മീൻ എഴുതപ്പെട്ടത്. മീൻപിടിക്കാൻ പോകുന്ന മുക്കുവരെ വയലാർ പാട്ടിൽ കൊണ്ടുവരുന്നു.

> കടലിന്നക്കരെ പോണോരെ
> കാണാപ്പൊന്നിനു പോണോരേ
> പോയ്‌വരുമ്പോഴെന്തു കൊണ്ടുവരും?

[1] ശ്രീകുമാരൻതമ്പി, 'അവതാരിക', *പി ഭാസ്ക്കരൻ കൃതികൾ സമ്പൂർണ്ണം* (ഡി.സി. ബുക്സ്, കോട്ടയം, 2008), പു. 32.

കൈ നിറയെ

പോയ് വരുമ്പോഴെന്തു കൊണ്ടുവരും?

കടലിന്റെ യഥാർത്ഥ്യത്തിൽനിന്നും ദേവനായകന്മാരുടെ സ്വപ്നലോകത്തിലേയ്ക്കാണ് ഈ പാട്ട് സഞ്ചരിക്കുന്നത്. പൊന്നിൻ പൂമീനുമായി മടങ്ങിയെത്തുന്ന മുക്കുവരെ കാത്തിരിക്കുന്ന അനുഭവമാണ് ഈ പാട്ട്. പുറക്കാട്ട് കടപ്പുറത്തെ ചാകരയെക്കുറിച്ച് കൂടുതൽ യഥാതഥമായ ഒരു പാട്ട് വയലാർ ചെമ്മീനിൽ എഴുതിയിട്ടുണ്ട്.

പുത്തൻവലക്കാരേ.....

പുന്നപ്രക്കാരേ...

പുറക്കാട്ട് കടപ്പുറത്ത്

ചാകര....ചാകര....ചാകര...

പൂവാലൻചെമ്മീൻചാകര സ്വപ്നംകാണുന്ന മുക്കുവരും ആടി ഉലയുന്ന തോണികളും ഈ പാട്ടിന് ചിത്രങ്ങൾ നൽകുന്നു. മുക്കുവൻ തോണിയിൽ പോകുമ്പോൾ അവന്റെ അരയത്തി വ്രതവിശുദ്ധിയുമായി കരയിൽ കാവൽ നിൽക്കണമെന്ന പുരാവൃത്തം പെണ്ണാളേ എന്നു തുടങ്ങുന്ന പാട്ടിൽ കാണാം.

പണ്ടൊരു മുക്കുവൻ മുത്തിനു പോയി

പടിഞ്ഞാറൻകാറ്റത്ത് മുങ്ങിംപോയി

അരയത്തിപ്പെണ്ണ് പിഴച്ചു പോയി

അവനെ കടലമ്മകൊണ്ടുപോയി.

കടലിൻ മുത്തുകൾ വാരാൻ പോകുന്ന മുക്കുവനെക്കുറിച്ച് മറ്റൊരുപാട്ട് വയലാർ എഴുതിയിട്ടുണ്ട്. ചിത്രം *കടലമ്മ.*

‘‘മുങ്ങി മുങ്ങി മുത്തുകൾ വാരും

മുക്കുവനേ.... ഓ.... മുക്കുവനേ

മുന്നാഴിമുത്തു കടംതരുമോ.’’

യാഥാർത്ഥ്യത്തിൽനിന്ന് സങ്കൽപലോകത്തിലേയ്ക്ക് സഞ്ചരിക്കുന്ന സ്വഭാവം വയലാറിന്റെ ഇത്തരം പാട്ടുകൾക്കുണ്ട്.

കേശവദേവിന്റെ 'ഓടയിൽനിന്ന്' എന്ന നോവലിന്റെ ചലച്ചിത്രാവിഷ്കാരത്തിലും വയലാറിന്റെ പാട്ടുകൾതന്നെ. കൊല്ലത്തെ റിക്ഷാക്കാരുടെ ലോകമാണ് പാട്ടിലുള്ളത്.

''ഓ...റിക്ഷാവാലാ...
ഓ റിക്ഷാവാലാ...
കൊല്ലംവണ്ടിക്കു കുഞ്ഞാണ്ടിക്കൊരു
കോളുകിട്ടി.''

റിക്ഷാവലിച്ച് നടുവൊടിഞ്ഞ് വേണ്ടത്ര കൂലികിട്ടാതെ ചുമച്ച്, ചുമച്ച് ചങ്കു കലങ്ങി ഒടുങ്ങുന്ന റിക്ഷാക്കാരന്റെ കൂലി കുറയ്ക്കുന്ന വ്യവസ്ഥിതിയോടുള്ള രോഷവും വണ്ടിക്കാളകളെപ്പോലെ നരകയാതന അനുഭവിക്കുന്ന ഈ മനുഷ്യ പുത്രന്മാരോടുള്ള അനുതാപവും പാട്ടിലുണ്ട്. *ഓടയിൽനിന്നി*ലെ നായകനായ പപ്പുവിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാകുമ്പോൾ ആ സന്ദർഭത്തിന് വയലാർ പാട്ടെഴുതിയത് ഇങ്ങനെ

വണ്ടിക്കാരാ...വണ്ടിക്കാരാ..
വഴിവിളക്കുതെളിഞ്ഞു
സ്വപ്നം കണ്ടു നടക്കും നീയൊരു
സ്വാഗതഗാനം കേട്ടു... നാളെ... നാളെ

പഴയ കേരളത്തിലെ കുളക്കടവിലെ പെണ്ണുങ്ങളുടെ പരദൂഷണം പറച്ചിലും പാട്ടും ഇതേ ചിത്രത്തിലെ മറ്റൊരു പാട്ടിലുണ്ട്.

അമ്പലക്കുളങ്ങരെ കുളിക്കാൻ ചെന്നപ്പോൾ
അയലത്തെ പെണ്ണുങ്ങൾ കളിയാക്കി

കല്യാണി കളവാണി പാടിക്കൊണ്ടവരെന്നെ

കല്യാണപ്പെണ്ണിനെപ്പോൽ കളിയാക്കി

കുളക്കടവിൽ എത്തിനോക്കുന്ന പുരുഷനെ വയലാർ അവതരിപ്പിച്ചത് കടത്തുകാരൻ എന്ന സിനിമയിലെ പാട്ടിലാണ്.

ഇളനീലതൊപ്പിയിട്ട്

കളമുണ്ടും തോളിലിട്ട്

കുളിരും കോണ്ടോടിവരും

വിരുന്നുകാരാ

പെണ്ണുങ്ങൾ കുളിക്കുന്ന

കടവിൽ വന്നെന്തിനു

കണ്ണുകൊണ്ടീയൊരു തിരനോട്ടം?

'റൗഡി' എന്ന സിനിമയിൽ പക്ഷിശാസ്ത്രക്കാരനായ ഒരു കുറവനെ അവതരിപ്പിക്കുന്നു. പക്ഷി ശാസ്ത്രക്കാരനെ വിളിക്കുന്ന വീട്ടമ്മയാണ് പാട്ടിൽ.

തങ്കക്കുടത്തിന്റെ ജാതകം തത്തമ്മയെക്കൊണ്ട് പൊന്നോലയിൽ കൊത്തിച്ചുതരാനാണ് ക്ഷണം. ആയുസ്സു നോക്കി അർത്ഥം പറയുകയും വേണം.

പക്ഷിശാസ്ത്രക്കാരാ - കുറവാ

പടിക്കലിത്തിരി നിന്നേപോ

താളിയോലക്കിളിയുമായ് നീ

തണലിലല്പമിരുന്നേപോ..

കാവേരിതീരത്തുനിന്ന് വരുന്ന കൈനോട്ടക്കാരിയെക്കുറിച്ച് ഒരു പാട്ട് *സ്ഥാനാർത്ഥി സാറാമ്മ* എന്ന ചിത്രത്തിലുണ്ട്. കൈരേഖകൾ കണ്ണാടിവെച്ച് പറയുന്ന അവൾ മേലാകെ പച്ചകുത്തിയിരിക്കുന്നു.

''കാവേരി തീരത്തു നിന്നൊരു

കൈനോട്ടക്കാരി - കൈനോട്ടക്കാരി''

കന്നാലിചെക്കന്മാരും, ഇടയപ്പെൺകിടാങ്ങളും കേരളത്തിന്റെ നാട്ടിൻ പുറങ്ങളിൽ പഴയൊരു കാഴ്ചയായിരുന്നു. അത്തരമൊരു കന്നാലിച്ചെക്കനെ വെറും പ്രയോഗത്തിലൂടെ വയലാർ പാട്ടിലൊരുക്കുന്നുണ്ട്.

''കള്ളിപ്പെണ്ണേ നിന്റെ
കന്നാലിച്ചെറുക്കന്റെ
കല്ല്യാണപ്പന്തലിൽ വന്നിരുന്നാട്ടെ''. (*ഇണപ്രാവുകൾ*)

തൊഴിലാളി സഖാക്കളെ പ്രത്യക്ഷമായി സംബോധന ചെയ്തുകൊണ്ട് 'പുന്നപ്ര വയലാർ' എന്ന ചിത്രത്തിൽ വയലാർ എഴുതുന്നു.

സഖാക്കളെ മുന്നോട്ട്... മുന്നോട്ട്.. മുന്നോട്ട്
തൊഴിലാളികളെ തൊഴിലാളികളെ...
മനസ്സിൽ വിപ്ലവത്തിരകളിരമ്പിടു-
മലയാഴികളേ.

തൊഴിലാളിവർഗ്ഗത്തിന്റെ അജയ്യതയെ പ്രകീർത്തിക്കുന്നു. രാഷ്ട്ര ശില്പികൾ നമ്മൾ/ തോറ്റു പിൻമടങ്ങിടാത്ത തൊഴിലാളികൾ/ തോട്ടം തൊഴി ലാളികൾ എന്നൊരു പാട്ട് വയലാറിന്റേതായി *ചലനം* എന്ന സിനിമയിലുണ്ട്.

നാട്ടിൻപുറത്തെ അധഃസ്ഥിതരായ ദളിത്കർഷകയുവതികളുടെ പ്രണയ സാഫല്യം ആകാശത്തിലെ ചന്ദ്രനും മേഘങ്ങളും പ്രതീകങ്ങളാക്കി വയലാർ അവതരിപ്പിക്കുന്നുണ്ട്. ഭൂമിയിലെ പുഞ്ചപ്പാടത്തിൻ നാമ്പിട്ട ആദ്യ പ്രണയത്തിനു സാക്ഷികൾ മേലെമാനത്തെ നീലിപ്പുലയിയും അവളെ സ്നേഹിച്ച പഞ്ചമി ചന്ദ്രനും ആണ്.

മേലേ മാനത്തെ നീലിപ്പുലയിക്ക്
മഴ പെയ്താൽ ചോരുന്ന വീട്
അവളെ സ്നേഹിച്ച പഞ്ചമിച്ചന്ദ്രന്
കനകം മേഞ്ഞൊരു നാലുകെട്ട്. (*കൂട്ടുകുടുംബം*)

കുട്ടനാടൻ പുഞ്ചയിലെ കൊച്ചുപെണ്ണിനെ കാണാം *കാവാലം ചുണ്ടൻ* എന്ന ചിത്രത്തിലെ പാട്ടിൽ. വള്ളംകളിക്കാരുടെ പാട്ടായിട്ടാണ് എഴുതപ്പെട്ടിരിക്കുന്നത്. കുട്ടനാട്ടിലെ വള്ളംകളികളുടെ പശ്ചാത്തലത്തിൽ ജയിച്ചു വരുന്ന ചുണ്ടൻ വള്ളത്തെ വരവേൽക്കുന്ന പാട്ടാണിത്.

വാല്മീകി, വള്ളുവർ, കാളിദാസൻ, പൂന്താനം, കുമാരനാശാൻ, ചങ്ങമ്പുഴ തുടങ്ങിയ കവികളെക്കുറിച്ചുള്ള പരാമർശങ്ങൾ വയലാർ പാട്ടിൽ നടത്തിയിട്ടുണ്ട്. കുമാരനാശാന്റെ വീണപൂവിനെ സംബോധന ചെയ്തുകൊണ്ടാണ് വീണപൂവേ എന്ന പാട്ട്.

''വീണ പൂവേ... വീണപൂവേ..
കുമാരനാശാന്റെ വീണപൂവേ...''

*(ജീവിക്കാൻ മറന്നുപോയ സ്ത്രീ)*

സിനിമകളിൽ കഥാപാത്രങ്ങൾ ആവർത്തിക്കുന്തോറും പാട്ടുകൾ ആവർത്തിക്കുന്നില്ല. കർഷകരും തൊഴിലാളികളും വിപ്ലവകാരികളുമാണ് വയലാറിന്റെ ഗാനങ്ങളിൽ കൂടുതലായും കടന്നു വരുന്ന സമൂഹമനുഷ്യർ.

എല്ലാരും പാടത്ത് സ്വർണം വിതച്ചു
ഏനെന്റെ പാടത്ത് സ്വപ്നം വിതച്ചു
സ്വർണം വിളഞ്ഞതും നൂറുമേനി
സ്വപ്നം വിളഞ്ഞതും നൂറുമേനി . *(നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി)*

സ്വർണവും സ്വപ്നവും വിതയ്ക്കാൻ പുലയപെണ്ണിന് അധികാരം കിട്ടുകയാണ്. സ്വർണവും സ്വപ്നവും ഒരേ അളവിലാണ് നൂറുമേനിയിലാണ് വിളയുന്നത്. ഈ മണ്ണും ലോകവും തുല്യമായി തനിക്കുകൂടി അവകാശപ്പെട്ടതാണെന്ന തിരിച്ചറിവാണ് ഈ വരികളിൽ പ്രതിഫലിക്കുന്നത്. ഒരു കീഴാളസ്ത്രീ തന്റെ വ്യക്തിത്വത്തിലേക്ക് ഉയർത്തപ്പെടുന്ന സംസ്കാര സന്ദർഭമാണിത്.

മനുഷ്യൻ എന്ന ശബ്ദം വയലാറിന്റെ ഗാനങ്ങളിലാണ് ആവർത്തിച്ചു മുഴങ്ങിക്കേൾക്കുക. വയലാർ മനുഷ്യനെ സംബോധന ചെയ്യുന്നു, പ്രകീർത്തിക്കുന്നു വിമർശിക്കുന്നു. മനുഷ്യന്റെ ഉണർത്തുപാട്ട് പാടുകയും ചെയ്യുന്നു.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നിങ്ങനെ വിളംബരം ചെയ്ത ശ്രീനാരായണഗുരുവിന്റെ കാലത്തിനുശേഷം ഏറ്റവും കൂടുതൽ മനുഷ്യദർശനം ജനങ്ങളിലേക്ക് എത്തിയത് വയലാറിന്റെ പാട്ടുകളിലൂടെയാണ്.

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു
മനുഷ്യനും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണ് പങ്കുവെച്ചു..

*(അച്ഛനും ബാപ്പയും)*

ഈ ലോകത്തിലെ സമസ്തഘടകങ്ങളും മനുഷ്യന്റേതാണെന്നും ഈ ലോകത്തെ മാറ്റിത്തീർക്കാനുള്ള ഇച്ഛാശക്തിയും കർമ്മശക്തിയും മനുഷ്യനുണ്ടെന്നും വെളിപ്പെടുത്തുകയാണ് ഈ ഗാനം.

പ്രകാശഗോപുരവാതിൽ തുറന്നു
പണ്ടു മനുഷ്യൻ വന്നു
വിശ്വപ്രകൃതി വെറും കൈയോടെ
വിരുന്നു നൽകാൻ നിന്നു... (*തുലാഭാരം*)

ഭൂമിയെ മാറ്റിത്തീർക്കുന്ന ശക്തിയായി ഈ പാട്ടിൽ മനുഷ്യൻ അവതരിക്കുന്നു. 'ഈ യുഗം കലിയുഗം' എന്നു തുടങ്ങുന്ന ഒരു പാട്ടിൽ *(വാഴ്‌വേ മായം)* വയലാർ എഴുതി.

മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ
മനസ്സിൽ ദൈവം ജനിക്കുന്നു

മനുഷ്യൻ മനുഷ്യനെ വെറുക്കാൻ തുടങ്ങുമ്പോൾ
മനസ്സിൽ ദൈവം മരിക്കുന്നു.

മനുഷ്യനെയും ദൈവത്തെയും പുതുതായി കാണുകയാണ് ഈ ഭാവന. പ്രപഞ്ചത്തോളം വളർന്നു നിൽക്കുന്ന മനുഷ്യനെ ഭാവന ചെയ്ത് പുതിയൊരു മനുഷ്യനെ സൃഷ്ടിക്കുന്നു.

'യുക്തി, സമത്വം, സ്വാതന്ത്ര്യം, ശാസ്ത്രബോധം എന്നിങ്ങനെ നവോത്ഥാന ആശയങ്ങൾ ഉഴുതിട്ട മണ്ണും ആകാശവും തന്നെയാണ് ഈ ഗാനങ്ങളിൽ എഴുതപ്പെടുന്നതും പുതുക്കപ്പെടുന്നതും വ്യക്തി സാമൂഹികമനുഷ്യനായി സങ്കല്പിക്കപ്പെടുന്നു എന്നാണ് ഇതിനർത്ഥം'.[2]

വയലാറിന്റെ ചലച്ചിത്രഗാനങ്ങളിലെ മനുഷ്യനും സമൂഹവും ചലനാത്മക മായി പരിവർത്തിക്കപ്പെടുന്നു. ആ കാലപരിണാമത്തെ രേഖപ്പെടുത്തുന്ന ഒരു പാട്ടുണ്ട്.

''ചലനം ......... ചലനം......... ചലനം.........
മാനവജീവിത പരിണാമത്തിൻ
മയൂരസന്ദേശം
ചലനം ......... ചലനം......... ചലനം.........'' (*വാഴ്വേമായം*)

**സമൂഹവും മനുഷ്യനും ഒ.എൻ.വി. കുറുപ്പിന്റെ ചലച്ചിത്രഗാനങ്ങളിൽ**

സമൂഹത്തിന്റെ പുറമ്പോക്കിൽ തള്ളപ്പെട്ട നിസ്വരായ മനുഷ്യക്കുഞ്ഞു ങ്ങളെ ഒ.എൻ.വി. ഒരു പാട്ടിൽ അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്:

---

[2] കെ.വി. ശശി, 'വയലാറിന്റെ ഗാനസഞ്ചാരങ്ങൾ' (*ചന്ദ്രിക ആഴ്ചപ്പതിപ്പ്*, കോഴിക്കോട്), പു. 22.

കാട്ടുപൂക്കൾ ഞങ്ങൾ കാട്ടുപൂക്കൾ

കാടറിയാതെ പിറന്ന കാട്ടുപ്പൂക്കൾ

കാറ്ററിയാതെ വിടർന്ന കാട്ടുപൂക്കൾ

(*കാട്ടുപൂക്കൾ*)

ഇരുട്ടിന്റെ തൊട്ടിലിൽ വീണുറങ്ങിയ ഒരു തുള്ളി വെയിൽ കിനാവു കാണുന്ന ഇവരെ തൊട്ടിലാട്ടാൻ ഒരു ചന്ദനക്കാറ്റും വരില്ല. ഇവരെ തുയിലുണർത്താൻ ആരുമില്ല. തേനും മണവുമില്ലാത്ത ഈ കാട്ടുപൂക്കൾ വെളിച്ചം തിരയുകയാണ്.

കയർതൊഴിലാളികൾ ഒ.എൻ.വി.യുടെ ഒരു പാട്ടിൽ കടന്നുവരുന്നത് ഇങ്ങനെയാണ്:

പഞ്ചാരമണ്ണില് പാൽത്തിരകൈകള്

പണ്ടത്തെ കഥയെഴുതി മായ്ക്കുമ്പോൾ

പത്തരമാറ്റുള്ള പൊന്നും നൂലാണേ

റാട്ടു തിരിച്ചവർ നൂല്ക്കുന്നു - കയർ

റാട്ടു തിരിച്ചവർ നൂല്ക്കുന്നു.

മതഭ്രാന്തന്മാരുടെ അട്ടഹാസം ഉയരുമ്പോൾ അവിടെ കവിയുടെ ചോദ്യം ഗാനരൂപത്തിലുയരുന്നുണ്ട്.

ഈശ്വര് - അല്ലാഹ് - തേരേനാം നമ്മളീ

ശ്രുതിമന്ത്രം മറന്നതെന്തേ

സ്നേഹമില്ലാത്തിടത്തുണ്ടോ ദൈവം?

ഭയമേതുമില്ലാത്തിടത്തുണ്ടോ ദൈവം?

'ചൈതന്യം' എന്ന ചിത്രത്തിലാണ് ഈ ഗാനം. ശംഖൊലിയും പള്ളി സങ്കീർത്തനവും സമ്മേളിക്കുന്ന ഗ്രാമത്തെ ചിത്രപ്പെടുത്തിക്കൊണ്ടാണ് ഗാനം തുടങ്ങുന്നത്.

ചെറുകാടിന്റെ *മണ്ണിന്റെ മാറിൽ* ചലച്ചിത്രമായപ്പോൾ ഒ.എൻ.വിയാണ് പാട്ടെഴുതിയത്. കർഷക തൊഴിലാളിയായ കൊമ്പൻ കൊണ്ടേരനെ ഒ.എൻ.വി. പാട്ടിൽ ഇങ്ങനെ അവതരിപ്പിക്കുന്നു.

വയലേലക്കന്തിയ്ക്കാരേ
പുടവകൊടുത്തു
കൊമ്പൻ കൊണ്ടേരനല്ലേ,
പുന്നാരപ്പുതുമാരൻ..

ചെങ്കോടികളുമായി ആയിരങ്ങളായി ഉയിർത്തെഴുന്നേൽക്കുന്ന കൊമ്പൻ കെണ്ടേരന്റെ വീരഗാഥകൾ ഈ മണ്ണിൽ മാറിൽ കേൾക്കാമെന്നാണ് പ്രഖ്യാപിക്കുന്നത്. അത്തിക്കോടൻ വയലിനപ്പുറം പന്നിക്കോടൻ മാമലയുടെ ചിത്രമെഴുതിയാണ് പാട്ട് തുടങ്ങുന്നത്. കർഷകപ്രസ്ഥാനത്തിന്റെ കരുത്ത് പ്രതിഫലിക്കുന്ന ഒരു പാട്ട് അതേ ചിത്രത്തിൽ തുടങ്ങുന്നതിങ്ങനെ.

ഒരു കൈ
ഇരുകൈ
ഒരായിരം കൈ ഉയരട്ടെ
ഉഴുതകരങ്ങൾ
ഉഴുതുനിലങ്ങൾക്കുടമകളാവട്ടെ.

കയർതൊഴിലാളികളും ചുമട്ടുതൊഴിലാളികളും ഒരേ പോലെ കടന്നു വരുന്നുണ്ട് മറ്റൊരു പാട്ടിൽ

നഷ്ടപ്പെടുവാനില്ലൊന്നും - ഈ
കൈവിലങ്ങുകളല്ലാതെ
കിട്ടാനുണ്ടൊരു ലോകം - നമ്മളെ
നമ്മൾ ഭരിക്കും ലോകം

(*സ്ഫോടനം*)

സമരമുഖങ്ങളിൽ നിന്നും രക്തസാക്ഷികളുടെ ഓർമ്മകളുമായി നമ്മുടെ നാളെയെ സ്വപ്നം കാണുന്ന അദ്ധ്വാനവർഗ്ഗത്തിന്റെ ഗാനമാണിത്.

*മീനമാസത്തിലെ സൂര്യൻ* എന്ന സിനിമയിൽ കയ്യൂർ രക്തസാക്ഷി സഖാക്കളെ ഒ.എൻ.വി. അവതരിപ്പിക്കുന്നുണ്ട്.

കയ്യൂരിന്റെ വിപ്ലവപ്രകൃതിയും മനുഷ്യരും 'കയ്യൂർ' എന്നു തുടങ്ങുന്ന പാട്ടിൽ ഇങ്ങനെ പ്രതിഫലിക്കുന്നു.

ഒരു കുഗ്രാമം പോറ്റി വളർത്തിയ
ചെറിയ മനുഷ്യനിൽ നിന്നും
ഒരു തീപ്പൊരിയായ് തീനാമ്പുകളായ്
പടർന്നതാണീ ജ്വാല...

ജീവൻപൊടിയുമ്പോഴും നാളേയ്ക്കുവേണ്ടി യുഗമന്ത്രങ്ങൾ ഉറക്കെ പാടിയവരുടെ ഒരു സമരഗാഥ ഈ പാട്ടിൽ കേൾക്കാം.

പറകൊട്ടിപ്പാടുക, നമ്മൾക്ക് ഭാരതം
കരയല്ല കടലല്ലാകാശമല്ല! വെറും
കരയല്ല കടലല്ലാകാശമല്ല!
ഉയിരാണ് - ഉയിരിലെ ചൂടാണ്!
ഉതിരത്തിൽ പടരും വികാരമാണ്

*(സത്യപ്രതിജ്ഞ)*

ഒ.എൻ.വിയുടെ വിശ്വപൗരനാണ് ഈ പാട്ടിലുള്ളത്. മതനിരപേക്ഷമായ മാനവികതയുടെ ഉന്നതമായ ശബ്ദം ഈ പാട്ട് കേൾപ്പിക്കുന്നു.

# അദ്ധ്യായം നാല്

# മലയാളചലച്ചിത്രഗാനങ്ങളിലെ പ്രണയം

പ്രണയമില്ലാത്ത സിനിമകൾ ദുർലഭമായിരിക്കും. ജനപ്രിയസിനിമയുടെ അടിസ്ഥാനഘടകങ്ങളിലൊന്ന് പ്രണയംതന്നെയാണ്. പ്രണയം, നഷ്ടപ്രണയം, ദാമ്പത്യപ്രണയം എന്നിങ്ങനെ പ്രണയാനുഭവങ്ങളുടെ മൂന്നു വ്യത്യസ്തരീതികളി ലൂടെയാണ് മലയാളസിനിമ കടന്നുപോന്നിട്ടുള്ളത്. ഒരു ഗാനരചയിതാവിന് സിനി മയിൽ മിക്കവാറും എഴുതേണ്ടിവരുന്നത് പ്രണയത്തെക്കുറിച്ചിയാരിക്കും. പ്രണയ ത്തെപോലെ ഇത്ര വ്യത്യസ്താവസ്ഥകളും ഉപവികാരങ്ങളെ ഉദ്ദീപിപ്പിക്കാനുള്ള കഴിവും മറ്റു വികാരങ്ങൾക്കില്ല. പ്രണയം ഒരു സങ്കീർണ്ണാനുഭവമാണ്. അത് കാത്തിരിപ്പാണ്. ഉന്മാദമാണ്, നിർവ്വചിക്കാനാവാത്ത ഒന്നാകാനുള്ള വെമ്പലാണ്. ഹൃദയലാവണ്യത്തിന്റെ ധാരാളിത്തമാണ്. ആകർഷണം മുതൽ സമാഗമത്തിലേ ക്കുള്ള ഹൃദയസഞ്ചാരമാണ്. 'പ്രണയത്തിന്റെ ഓരോ ഘട്ടത്തിലും മനുഷ്യമനസ്സ് സംഗീതസാന്ദ്രമാകും. ചലച്ചിത്രമെന്ന മാധ്യമം ഈ വികാരത്തിന്റെ സമ്പൂർണ്ണമായ നിർദ്ധാരണത്തിന് അസാമാന്യമായ പ്രാധാന്യം കല്പിക്കുന്നു. അക്കാരണത്താൽ ഒരു ചലച്ചിത്രഗാനരചയിതാവിന് പ്രണയഗാനങ്ങൾ ധാരാള മായി രചിക്കേണ്ടിയും വരുന്നു.'[1]

മലയാളിക്ക് ശരിക്കും പ്രണയം പകർന്നു കൊടുത്തത് സാഹിത്യത്തിൽ ചങ്ങമ്പുഴയാണ്. അതിന്റെ തുടർച്ചയാണ് ചലച്ചിത്രഗാനങ്ങളിലൂടെ പി. ഭാസ്കരനും വയലാറും ഒ.എൻ.വി.യും നിർവ്വഹിച്ചത്. ചലച്ചിത്രഗാനങ്ങളിലൂടെ കേരളീയരെ അതിവേഗത്തിൽ സ്വാധീനിക്കാൻ ഇവർക്ക് കഴിഞ്ഞു. കാല്പനിക പ്രണയത്തിന്റെ സമഗ്രഭാവങ്ങളെയെല്ലാം ഇവർ പാട്ടുകളിൽ ആവിഷ്കരിച്ചപ്പോൾ അത് കേരളീയമനസ്സിനെ പുതിയൊരു ഭാവതലത്തിലേയ്ക്ക് എത്തിച്ചു.

---

[1] കെ. ജയകുമാർ, *വയലാർ ഗാനരചനയിലെ ഗാന്ധർവ്വം* (സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 2015), പു. 34.

നവോത്ഥാനകാലമാണ് മലയാളിയെ പ്രണയിക്കാൻ പഠിപ്പിച്ചത്. ചലച്ചിത്ര ഗാനങ്ങളിലൂടെ ജീവിതാനുഭവങ്ങളിലേയ്ക്ക് കാല്പനികശൈലിയിലൂടെ മലയാളി മനസ്സിനെ കൊണ്ടുവരാൻ ഈ ഗാനരചയിതാക്കൾക്ക് സാധിച്ചു. ചങ്ങമ്പുഴ ക്കവിതയിലേതുപോലുള്ള ലോലമായ പ്രണയം പറയുന്ന സിനിമകൾ ആയിരുന്നു മലയാളത്തിൽ ആദ്യം പുറത്തിറങ്ങിയത്. 1954-ൽ നീലക്കുയിൽ തൊട്ടാണ് പുതിയൊരു ഭാവുകത്വത്തിലേയ്ക്ക് മലയാള സിനിമയും ഗാനങ്ങളും ഉണരുന്നത്. അതിന്റെ മുഖ്യശിൽപ്പിയായിരുന്നുപി. ഭാസ്ക്കരൻ. ചങ്ങമ്പുഴ പറഞ്ഞു നിർത്തിയ കാലം തൊട്ട് പി. ഭാസ്ക്കരൻ തുടങ്ങി. 'കാവ്യവിനിമയത്തെ ഏറ്റവും വിപുലമാക്കിയ ഇടപ്പള്ളിപ്രസ്ഥാനത്തിന്റെ തുടർച്ചയാണ് പി. ഭാസ്ക്കരനെന്ന് എം. എൻ. വിജയൻ നിരീക്ഷിക്കുന്നു.'[2]

**പ്രണയം പി ഭാസ്ക്കരന്റെ ചലച്ചിത്രഗാനങ്ങളിൽ**

ചങ്ങമ്പുഴയ്ക്കുശേഷം കേരളം കണ്ട ഏറ്റവും മികച്ച പ്രേമഗായകനാണ് പി. ഭാസ്കരൻ. ''നാലഞ്ചുതുമ്പകൊണ്ട് മാനത്ത് പൊന്നോണമുണ്ടാക്കുന്നതു'' പോലെയാണ് ഭാസ്ക്കരന്റെ ഗീതികല. നീലക്കുയിലിലെ ഗാനങ്ങളിലൂടെയാണ് ഭാസ്ക്കരൻ മലയാളികളെ പാട്ടിലാക്കിയത്.

> കായലരികത്ത് വലയെറിഞ്ഞപ്പോൾ
> വളകിലുക്കിയ സുന്ദരി
> പെണ്ണുകെട്ടിനു കുറിയെടുക്കുമ്പോൾ
> ഒരു നറുക്കിന് ചേർക്കണേ

ഖൽബിലെ നൊമ്പരം മാലോകർ കേൾക്കേ വിളിച്ചുപറഞ്ഞ അൻപതുക ളിലെ മലയാളി കാമുകനാണ് അയാൾ. ഒരു നിരാശാകാമുകന്റെ അപേക്ഷയാണ് ഈ പാട്ട്. പ്രണയം അസ്വതന്ത്രവും ഭീതിദവുമായ കാലത്ത് സ്വാഭാവികമായി

---

[2] എം.എൻ.വിജയൻ, 'ദൂരക്കാഴ്ചകൾ'. *പി. ഭാസ്ക്കരൻ സംഗീതസ്മൃതികൾ* (ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008), പു. 30.

പ്രണയം പറഞ്ഞ തന്റേടിയാണ് ആ കാമുകൻ. സാധാരണ കായലിലാണ് വലയെറിയുക. കായലിൽ വലയെറിഞ്ഞാൽ മീൻ കിട്ടും.

കായലരികത്ത് വലയെറിഞ്ഞാലേ വളകിലുക്കുന്ന സുന്ദരിയെ കിട്ടുകയുള്ളൂ. ഉച്ചത്തിൽ വിളിച്ചു ചോദിക്കുന്നത് പോലെയാണ് ഈ മാപ്പിളപ്പാട്ട്. മാപ്പിളസ്വത്വത്തിന്റെ ഭാഷയാണ് സൂക്ഷ്മത്തിൽ ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. നൊമ്പരവും പമ്പരവും ചേറും ഹൂറിയും നെയ്ച്ചോറും കമ്പും കമ്പിയും വെയിലും കയിലുമെല്ലാം ചേർന്ന് അന്നത്തെ കേരളസംസ്കാരചിഹ്നങ്ങൾ ഇവിടെ പ്രകാശിതമാകുന്നു.

''വെറുതെ ഞാനെന്തി
നെരിയും വെയിലത്ത്
കയിലും കുത്തി നടക്ക്ണ്''

എന്ന് പറയാനുള്ള ആർജ്ജവമാണ് നർമ്മബോധം കൊണ്ട് തിളങ്ങുന്ന ഈ പാട്ടിനെ ആലോചനാമൃതമാകുന്നത്.

നീലക്കുയിലിലെ മറ്റൊരു ഗാനമാണ് എങ്ങനെ നീ മറക്കും കുയിലേ- ആകാശവും ഭൂമിയും ചേർന്നുള്ള ഒരു പശ്ചാത്തലം സൃഷ്ടിച്ചാണ് ഭാസ്കരന്റെ പ്രേമഗാനങ്ങൾ അധികവും എഴുതപ്പെട്ടിരിക്കുന്നത്. നക്ഷത്രക്കണ്ണുള്ള മാണിക്യപ്പൈങ്കിളിയുള്ള മാനവും പച്ചപ്പാവാടയിട്ട പാടവും അതിനിടയിൽ മതിമറന്ന് പാടിപ്പറക്കുന്ന കുയിലും ചേർന്ന് ഈ പാട്ട് അൻപതുകളിലെ കേരളീയഭൂപടം വരയ്ക്കുന്നു.

''ജാതിയുടെ കണക്കിൽ നമ്മുടെ നാട്ടിലെ ഒരു പാവം പെൺകിടാവിന് മാനഹാനിയും ജീവഹാനിയും വിധിച്ച കൊടും ചതിയിൽ പിറവികൊണ്ട തീരാത്ത

ശോകത്തിന്റെ ഇന്നും തുടർന്നു പോരുന്ന കഥയാണ് ഈ പാട്ടെ''ന്ന് എം.എൻ. കാരശ്ശേരി പറയുന്നു.[3]

''മഞ്ഞണിപ്പൂനിലാവ്

പേരാറ്റിൻ കടവിങ്കൽ

മഞ്ഞളരച്ചുവെച്ച് നീരാടുമ്പോൾ...'' *(നഗരമേ നന്ദി)*

സ്ത്രീപക്ഷത്തുനിന്നുള്ള പി. ഭാസ്കരന്റെ ഏറ്റവും മികച്ച പ്രേമ ഭാവനകളിലൊന്നാണ് ഇത്. താന്നിയൂർ അമ്പലത്തിലെ കഴകക്കാരനെപ്പോലെ താമരമാലയുമായെത്തുന്ന ചിങ്ങത്തെക്കുറിച്ച് പറയുന്നുണ്ട്. യഥാർത്ഥത്തിൽ അങ്ങനെ ഒരു അമ്പലമോ കഴകക്കാരനോ ഇല്ല. അങ്ങനെ ഒരു കേരളീയാനുഭൂതി സൃഷ്ടിക്കുന്നതിലാണ് ഭാസ്ക്കരന്റെ കഴിവ്.

എള്ളെണ്ണമണം വീശുന്ന മുടിക്കെട്ടുള്ള നായിക എം.ടി.യുടെ കഥയിലെ വള്ളുവനാടൻ യുവതിതന്നെ. വൈക്കം മുഹമ്മദ് ബഷീറിന്റെ *നീലവെളിച്ചം* എന്ന കഥ *ഭാർഗ്ഗവീനിലയം* എന്ന സിനിമയാകുമ്പോൾ പി. ഭാസ്ക്കരനാണ് പാട്ട് എഴുതിയത്.

താമസമെന്തേ വരുവാൻ

പ്രാണസഖീയെന്റെ മുന്നിൽ

താമസമെന്തേയണയാൻ

പ്രേമമയീയെന്റെ കണ്ണിൽ.

ബഷീറിന്റെ കഥാഭാഷയ്ക്ക് സന്ദർഭത്തിനൊത്ത് മറ്റൊരു ഭാഷ്യം നിർമ്മിക്കുകയാണ് പി. ഭാസ്ക്കരൻ. പൂഞ്ചോലക്കടവിൽ അവളുടെ പാദസരം കിലുങ്ങുന്നതും തളിർമരം ഇളകുന്നതും തങ്കവള കിലുങ്ങുന്നതും പാതിരാ ക്കാറ്റിൽ പട്ടുറുമാൽ ഇളകുന്നതും ബഷീറിന്റെ ഭാവനയോട് ചേർന്നു നിൽക്കുന്ന

[3] എം.എൻ. കാരശ്ശേരി, 'ഉപ്പിലിട്ടുവെച്ച കിനാവുകൾ', *പി. ഭാസ്ക്കരൻ സംഗീത സ്മൃതികൾ,* ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008), പു. 76.

പുതിയ ഭാഷയാണ്. സ്ത്രീയെ അഭിസംബോധന ചെയ്യുന്ന സ്ത്രീ കേന്ദ്രീകൃതമായ ധാരാളം സിനിമകൾ 1960-കളിൽ പുറത്തുവന്നിരുന്നു. ആ സിനിമകളിലൊക്കെയും സ്ത്രീയുടെ പാട്ടുകൾക്കായിരുന്നു മുൻഗണന. ബഷീറിന്റെ ഭാർഗ്ഗവിക്കുട്ടിയ്ക്ക് വേണ്ടി ഭാസ്കരൻ ഇങ്ങനെയെഴുതി.

വാസന്തപഞ്ചമി നാളിൽ
വരുമെന്നൊരു കിനാവു കണ്ട്
കിളിവാതിലിൽ മിഴിയും നട്ട്
കാത്തിരുന്നു ഞാൻ

വിധുരയായ നായികയുടെ കാത്തിരിപ്പിന്റെ വിഷാദമാണ് ഈ പാട്ടിലുള്ളത്.

മുട്ടിവിളിക്കുന്നു വാതിലിൽ മധുമാസം
ഉദ്യാനപാലകാ ഉണരുണരൂ
പുത്തനാം രഥമേറി വന്നൂ വസന്തറാണി
ഉദ്യാനപാലകാ ഉണരുണരൂ... (*മനസ്വിനി*)

ചങ്ങമ്പുഴയെപ്പോലെ ടാഗോറും ഭാസ്ക്കരനെ ആവേശിച്ചിട്ടുണ്ട്. ഉദ്യാന പാലകനെ ഉണർത്തുന്ന ഈ ഗാനം ടാഗോറിനോടാണ് കടപ്പെട്ടിരിക്കുന്നത്. ഹൃദയത്തറവാടിന്റെ ഭാഗത്തിന് എത്തിയ മധുരപ്പതിനേഴുകാരിയോടുള്ള പി. ഭാസ്ക്കരന്റെ സംവേദനം ഒരു മലയാളകാമുകന്റെ സ്വപ്നസന്നിവേശമാണ്. ലളിതമായി ഈ പാട്ട് ഹൃദയം തുറക്കുന്നു. മധുരപ്പതിനേഴുകാരി മലയാളിയുടെ പ്രയോഗമാണ്. സ്വീറ്റ്സെവന്റീൻ എന്നതിന്റെ പരിഭാഷ.

മധുരപ്പതിനേഴുകാരീ- എന്റെ
മധുരപ്പതിനേഴുകാരീ
ഹൃദയത്തറവാടിൻ ഭാഗത്തിനെത്തിയ
മധുരപ്പതിനേഴുകാരീ

(*അമ്മയെ കാണാൻ*)

ആശകളുടെ അറയിൽ ആയിരം കല്ലുള്ള മണിമാലയുണ്ടെന്ന്, ആ മാല നിന്റെ ഓമൽകഴുത്തിൽ ചാർത്താൻ മോഹമുണ്ടെന്നുമാണ് വളരെ സരളമായി ഈ പാട്ടിൽ കാമുകൻ പറയുന്നത്.

വടക്കൻപാട്ടുകളുടെ കർത്താക്കളെ അതിശയിക്കുന്ന തരത്തിലാണ് *തച്ചോളി ഒതേനൻ* എന്ന വടക്കൻപാട്ട്സിനിമയ്ക്ക് ഭാസ്ക്കരൻ പാട്ട് എഴുതിയത്.

അഞ്ജനക്കണ്ണെഴുതി

ആലിലത്താലിചാർത്തി

അറപ്പുരവാതിലിൽ ഞാൻ കാത്തിരുന്നു

മണവാളനെത്തുന്നേരം കുടുമയിൽ ചൂടാനൊരു

കുടമുല്ല മലർമാല കോർത്തിരുന്നു.

വടക്കൻപാട്ടിൽ കാണാത്ത അലങ്കാരകല്പനകൾ കൊണ്ടാണ് കാത്തിരിക്കുന്ന നായികയുടെ വ്യഥ ഈ പാട്ടിൽ എഴുതിയിരിക്കുന്നത്. അറപ്പുരവാതിലിൽ കാത്തിരിക്കുന്ന അഞ്ജനമിഴിയാളെ വടക്കൻപാട്ടിൽ കാണാമെങ്കിലും തോഴിമാരോട് കള്ളനവൻ വന്നില്ലായെന്ന് നിരാശയോടെ പരിഭവം പറയുന്ന വടക്കൻപെണ്ണാണ് ഈ പാട്ടിന്റെ ചൈതന്യം.

പ്രിയമുള്ളവളേ.... നിനക്കുവേണ്ടി

പിന്നെയും നവസ്വപ്നോപഹാരം

ഒരുക്കീ...ഒരുക്കി...ഞാൻ

നിനക്കുവേണ്ടി മാത്രം

പ്രിയമുള്ളവളേ...

*(തെക്കൻകാറ്റ്)*

ഹൃദയവും ഹൃദയവും തമ്മിൽ പറയുന്ന പ്രണയകഥയാണ് ഈ പാട്ട്. വിശുദ്ധയായി നീ എന്റെ വികാരത്തിന്റെ രാജാങ്കണത്തിൽ ശതാവരിപുഷ്പം പോലെ വിടർന്നുവെന്ന് കാമുകൻ പറയുന്നു. 'നെഞ്ചിലാകെ അനുരാഗക്കരിക്കിൻ വെള്ള'മെന്ന് വിശേഷിപ്പിച്ചത് പി. ഭാസ്ക്കരനാണ്. അനുരാഗകരിക്കിൻവെള്ള

മാണെന്ന ഉപമ ഏറ്റവും പുതുമയാർന്നതും മലയാളിത്തം നിറഞ്ഞതുമാണ്. ആമ്പൽക്കടവും കൊതുമ്പുവള്ളവും താമരക്കാടും ഞാവൽക്കായയു മൊക്കെയുള്ള ഒരു കേരളത്തിന്റെ ഗൃഹാതുരതയിലാണ് ഈ പാട്ട് രൂപപ്പെടുന്നത്.

''അല്ലിയാമ്പൽക്കടവിലന്നരയ്ക്കുവെള്ളം അന്നു
നമ്മളൊന്നായ്ത്തുഴഞ്ഞില്ലേ കൊതുമ്പുവള്ളം
നമ്മുടെ നെഞ്ചിലാകെ അനുരാഗകരിക്കിൻവെള്ളം''

മോഹിപ്പിക്കുന്ന വാഗ്ദാനമാണ് മറ്റൊരു പാട്ടിലുള്ളത്. പ്രേമത്തിന്റെ യമുനാനദിയിൽ നീന്തുന്ന സ്വർണ്ണമത്സ്യമെന്നവളെ വിളിച്ച് താമസിക്കാൻ താമരയല്ലികൊണ്ടുള്ള കൂടുതരാമെന്ന് പറയുന്നു.

മന്മഥനാം ചിത്രകാരൻ
മഴവില്ലിൻ തൂലികയാലേ
കിളിവാതിലിലെഴുതിച്ചേർത്ത
മധുരചിത്രമേ - മന്നിൽ
മലരിട്ട താരുണ്യത്തിൻ പുതിയ പുഷ്പമേ

*(ലക്ഷപ്രഭു)*

നിദ്രയുടെ നീരാഴി നീന്തിക്കടക്കുന്ന പ്രണയിനിക്ക് സ്വപ്നത്തിന്റെ കളിയോടം കിട്ടുകയാണ്. അതും തുഴഞ്ഞ് അവൾ മറ്റാരും കാണാത്ത കരയി ലെത്തുന്നു.

നിദ്രതൻ നീരാഴി നീന്തിക്കടന്നപ്പോൾ
സ്വപ്നത്തിൽ കളിയോടം കിട്ടീ
കളിയോടം മെല്ലെ തുഴഞ്ഞു ഞാൻ മറ്റാരും
കാണാത്ത കരയിൽ ചെന്നെത്തി
കാണാത്ത കരയിൽ ചെന്നെത്തി

വെള്ളാരംകല്ലുകൊണ്ട് വെണ്ണക്കൽകൊട്ടാരം പണിത രാജകുമാരനെ ക്കാണാൻ അവൾ വേഴാമ്പലിനെപ്പോലെയിരുന്നു. രാജകുമാരൻ ആവട്ടെ ഏതോ മരച്ചോട്ടിൽ ഓടക്കുഴൽ വായിക്കുകയാണ്.

അവിടുന്നെൻ ഗാനം കേൾക്കാൻ
ചെവിയോർത്തിട്ടരികിലിരിക്കെ
സ്വരരാഗ സുന്ദരിമാർക്കോ
വെളിയിൽ വരാനെന്തൊരു നാണം *(പരീക്ഷ)*

നായികയുടെ പാട്ടുകേൾക്കാൻ നായകൻ ആഗ്രഹിക്കുകയാണ്. എന്തു പാടണമെന്ന് അവൾ പരവശപ്പെടുന്നു. പാട്ടിന്റെ തിരഞ്ഞെടുപ്പാണ് അവളെ അങ്കലാപ്പിലാക്കുന്നത്. പാട്ട് അയാളുടെ ചേതനയിൽ മധുരം പകരുന്ന താകണമെന്ന് നിർബന്ധമുണ്ട്. എന്നാലേ അവളെക്കുറിച്ചുള്ള സങ്കല്പങ്ങൾ അയാളിൽ പീലിവിടർത്തുകയുള്ളൂ.

പ്രണയഗാനം പാടിയാൽ അവിവേകിപ്പെണ്ണാണെന്ന് തെറ്റിദ്ധരിയ്ക്കും. ദുഃഖഗാനമായാൽ അയാളുടെ ഹൃദയത്തിന് മുറിവേറ്റാലോ? അത്രയ്ക്ക് നിഷ്കളങ്കമായി അവളുടെ വിചാരങ്ങൾ നീളുന്നു.

ഇന്ദുലേഖതൻ പൊൻകളിത്തോണിയിൽ
ഇന്നലെ ഞാൻ നിന്നെകൊണ്ടുപോയി
നിദ്രാസമുദ്രത്തിൽ തീരത്തു നമ്മുടെ
നിശ്ചയതാംബൂലം നടന്നു

*(അനാഥ)*

വാനവും ഭൂമിയും സാക്ഷികളായി നിൽക്കെ, നിദ്രാസമുദ്രത്തിന്റെ തീരത്തു നടന്ന ഈ നിശ്ചയവും ജാതകകൈമാറ്റവും മോതിരം മാറലും പാട്ടിന്റെ മറ്റൊരു അത്ഭുത ശില്പമായി.

പ്രാണസഖീ, ഞാൻ വെറുമൊരു

പാമരനാം പാട്ടുകാരൻ

ഗാനലോകവീഥികളിൽ

വേണുവൂതുമാട്ടിടയൻ

താജ്മഹൽ എന്നും പ്രണയിനികൾക്ക് അത്ഭുതകുടീരംതന്നെ. ഓമലാൾക്കു താമസിക്കാൻ അതുകൊണ്ട് കിനാവുകളുടെ താജ്മഹൽ തന്നെയാണ് ഉയർത്തേണ്ടത്. പക്ഷെ പാമരനായ പാട്ടുകാരന്റെ കൂടെ അവൾ വരുമോ എന്നാണ് അറിയേണ്ടത്. സുന്ദരവസന്തരാത്രിയുടെ ഇന്ദ്രനീല മണ്ഡപത്തിൽ എന്നുമെന്നും താമസിക്കാൻ എന്റെ കൂടെ പോരുമോയെന്നാണ് ഈ മലയാളകാമുകൻ ചോദിക്കുന്നത്.

ഒരു പുഷ്പം മാത്രമെൻ പൂങ്കുലയിൽ നിർത്താം ഞാൻ

ഒടുവിൽ നീ എത്തുമ്പോൾ ചൂടിക്കുവാൻ

ഒരു ഗാനം മാത്രമെൻ ഹൃദയത്തിൽ സൂക്ഷിക്കാം

ഒടുവിൽ നീ എത്തുമ്പോൾ ചെവിയിൽ മൂളാൻ

ഒരു മുറി മാത്രം തുറക്കാതെ വെച്ച് അവൾക്ക് സ്വപ്നം കണ്ടുറങ്ങാൻ പുഷ്പശയ്യവിരിച്ച് കാത്തിരിക്കുകയാണ് അയാൾ. അവൾ എന്ന് വന്നുചേരു മെന്നുമാത്രം അറിയില്ല. സ്വപ്നം പോലെയാണ് ഈ ഗാനം.

അനഘസങ്കല്പഗായികേ - മാനസ

മണിവിപഞ്ചികാവാദിനീ - നിന്നുടെ

മൃദുകരാംഗുലസ്പർശനാലിംഗന-

മദലഹരിയിലെന്റെ കിനാവുകൾ. *(അണിയറ)*

സമയത്തിന്റെ ബന്ധനമില്ലാതെ മരണത്തിന്റെ കടലിലേക്ക് എത്തി ച്ചേരുന്നതുവരെ അനഘസങ്കല്പഗായികയുടെ സാമീപ്യലഹരിയിൽ മുഴുക ണമെന്ന സ്വപ്നമാണ് ഈ ഗാനം പങ്കുവെയ്ക്കുന്നത്.

''ഇന്നലെ മയങ്ങുമ്പോൾ ഒരു മണിക്കിനാവിന്റെ

പൊന്നിൻ ചിലമ്പൊലി കേട്ടുണർന്നു''  *(അന്വേഷിച്ചു കണ്ടെത്തിയില്ല)*

പി. ഭാസ്കരൻ എഴുതിയ സ്വപ്നസദൃശമായ മറ്റൊരു ഗാനമാണ് ഇത്. കിനാവിൽ ഏതോ സ്മരണയുമായി തംബുരുശ്രുതി മീട്ടി അവൾ വരികയാണ്. അതിന്റെ ചിലമ്പൊലിയൊച്ചയാണ് മന്ത്രമധുരമായി ഈ പാട്ടിൽ മുഴങ്ങുന്നത്.

മാനത്തെക്കായലിൻ മണപ്പുറത്തിന്നൊരു

താമരക്കളിത്തോണി- വന്നടുത്തു

താമരക്കളിത്തോണി

തങ്കം, നിനക്കുള്ള പിച്ചക മാലയുമായ്

സംക്രമപ്പൂനിലാവിറങ്ങി വന്നു.  *(കള്ളിച്ചെല്ലമ്മ)*

പ്രണയവും രതിയും ധ്വനിമയമാക്കിയ ഗാനമാണ് ഇത്. ആകാശവും ഭൂമിയും സമ്മേളിക്കുന്ന, കേരളീയ പ്രതിനിധാനങ്ങൾ നിറഞ്ഞ ഗാനം.

മാറോടണച്ചു ഞാനുറക്കിയിട്ടും

എന്റെ മാസസവ്യാമോഹമുണരുന്നു

ഏതോ, കാമുകന്റെ നിശ്വാസം കേട്ടുണരും

ഏഴിലംപാലപ്പൂവെന്ന പോലെ  *(കാട്ടുകുരങ്ങ്)*

ഒരു മുല്ലപ്പൂമൊട്ടിൽ എങ്ങനെയാണ് വസന്തത്തിന്റെ മധുരഗന്ധം ഒതുക്കുകയെന്നാണ് പ്രണയിനി ചോദിക്കുന്നത്. എത്രയേറെ അടക്കി നിർത്തിയിട്ടും ഉണർന്നുപോവുന്ന അവളുടെ പ്രണയമോഹങ്ങളുടെ ആവി ഷ്കാരമാണ് ഇത്. ശ്രീകുമാരൻ തമ്പി എഴുതുന്നു.

പ്രണയഗാനരചനയിൽ പി. ഭാസ്കരൻ എന്നും നിത്യയൗവ്വനം കാത്തു സൂക്ഷിച്ചു.

''അപാരസുന്ദരനീലാകാശം

അനന്തതേ നിൻ മഹാസമുദ്രം''

എന്ന വിഖ്യാതഗാനത്തിൽ അനാദികാലം മുതലേ ഏകാന്തതയുടെ മൗനഗാനമായി ഏതോ കാമുകിയെ കാത്തിരിക്കുന്ന അജ്ഞാതകാമുകനാണ് ആകാശമെന്ന് പറയുന്നു. ഭൂമിയിലെ ഋതുഭേദങ്ങൾ ആ കാമുകന്റെ പ്രണയ ചേഷ്ടകളാണെന്ന് ഭാവന ചെയ്യുന്നു.[4]

കാല്പനികഭാവനയുടെ സ്വരരാഗസുധകൊണ്ട് മലയാളഗാനങ്ങളെ മാത്രമല്ല മലയാള സിനിമയുടെ കൂടി മുഖഛായയാണ് പി. ഭാസ്കരൻ മാറ്റിയത്.

**പ്രണയം വയലാർ രാമവർമ്മയുടെ ചലച്ചിത്രഗാനങ്ങളിൽ**

വയലാറിന്റെ പ്രണയഗാനങ്ങൾ ഭൂരിഭാഗവും ഉന്മാദഭരിതമാണ്. രതിയുടെ അന്തർധാരയും സവർണ്ണസംബോധനകളും അവയിൽകാണാം വെൺമണി പാരമ്പര്യത്തിൽപ്പെട്ട ശൃംഗാരമല്ല വയലാറിന്റെ പ്രണയം. ''വയലാറിന്റെ ഗാനങ്ങളിൽ നാം പരിചയപ്പെടുന്ന പ്രണയഭാവത്തിന് ഒരു തന്റേടമുണ്ട്. കല്പനകൾക്ക് നൂതനത്വമുണ്ട്. സങ്കോചമില്ലായ്മ ആ ഗാനങ്ങളിലെ കയ്യൊപ്പാണ്. എഴുതിയ ആയിരത്തോളം പ്രണയഗാനങ്ങളിൽ വാങ്മയങ്ങളും സങ്കല്പങ്ങളും ആവർത്തിക്കുന്നില്ലെന്നത് അത്ഭുതാവഹമാണ്.''[5]

കുടമുല്ലപ്പൂവിനും മലയാളിപ്പെണ്ണിനും
ഉടുക്കാൻ വെള്ളപ്പുടവ
കുളിക്കാൻ പനിനീർച്ചോല
കൂന്തൽ മിനുക്കാൻ ഞാറ്റവേല *(ജ്വാല)*

[4] ശ്രീകുമാരൻതമ്പി, *പി. ഭാസ്കരന്റെ കാവ്യമുദ്രകൾ,* (ഗ്രീൻബുക്സ്, തൃശൂർ, 2010), പു. 27.

[5] കെ.ജയകുമാർ, *വയലാർ ഗാനരചനയിലെ ഗാന്ധർവം,* (സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2015), പു. 34, 35.

ആത്മാവിനുള്ളിലെ കാമുകമന്ത്രത്താൽ രോമാഞ്ചംകൊണ്ട് ആകെ തളിർത്ത കാമിനിയും കാമുകനും ഒന്നിച്ചുപാടുന്ന പാട്ടാണിത്. മലയാള പ്രകൃതിയുടെ പ്രണയവും ഒന്നിച്ചുചേർന്നിരിക്കുന്നു. ഉത്രാടസന്ധ്യയും ഞാറ്റുവേലയും മലയാളിപ്പെണ്ണും തമ്മിലുള്ള ഈ ഒരുമയിൽ രാഗപരാഗം കലർന്നിരിക്കുന്നു.

അജ്ഞാതസഖീ....ആത്മസഖീ.....
അനുരാഗനർമദാതീരത്തുനിൽപ്പൂ നീ
ആകാശപുഷ്പങ്ങൾ ചൂടീ....
ആകാശപുഷ്പങ്ങൽ ചൂടീ....... *(ഒള്ളതുമതി)*

ദിവാസ്വപ്നങ്ങളെ പുൽകി വിടർത്താൻ വന്ന അജ്ഞാതസഖിയോട് എന്തിനെന്റെ തപസ്സിളക്കി എന്ന് ചോദിക്കുകയാണ്. വയലാറിന്റെ കാമിനിമാർക്ക് അലൗകികമായ രൂപഭാവങ്ങളാണ്. തപസ്വിനി, ഭിക്ഷുകി, കാമിനി, സന്യാസിനി, മൃണാളിനി, പ്രാണേശ്വരി, കാമാക്ഷി, മഞ്ജുഭാഷിണി, മാനസേശ്വരി എന്നൊക്കെയാണ് വയലാറിന്റെ പ്രേമഗാനങ്ങളിൽ കാമിനിമാർക്കുള്ള സംബോധന. പുരുഷപക്ഷത്തുനിന്നുകൊണ്ടും സ്ത്രീപക്ഷത്തു നിന്നുകൊണ്ടും അനവധി പ്രണയഗാനങ്ങൾ വയലാർ രചിച്ചിട്ടുണ്ട്.

കാമുകനോട് മനസ്സുതുറന്ന് നിവേദിച്ച ഒരു യുവതിയെ *ഓടയിൽനിന്ന്* എന്ന സിനിമയിലെ ഗാനത്തിൽ കാണാം. കേശവദേവിന്റെ പ്രശസ്തമായ നോവലിന്റെ ചലച്ചിത്രാവിഷ്ക്കാരമാണ് ഇത്. നായകനായ റിക്ഷക്കാരൻ പപ്പുവിനോട് അടുത്തപ്പോൾ അവൾ എല്ലാം തുറന്നു പറയുകയാണ്.

അമ്പലക്കുളങ്ങരെ കുളിക്കാൻ ചെന്നപ്പോൾ
അയലത്തെ പെണ്ണുങ്ങൾ കളിയാക്കി
കല്യാണി കളവാണി പാടിക്കൊണ്ടവരെന്നെ
കല്യാണപ്പെണ്ണിനെപോൽ കളിയാക്കി (ഓടയിൽനിന്ന്)

തുറന്നുപറയുകയല്ല, പറഞ്ഞുപോവുകയാണ്. അമ്പലക്കുളത്തിലെ കുളിയും അയലത്തെ പെണ്ണുങ്ങളുടെ പായ്യാരംപറച്ചിലും പരദൂഷണവും മറഞ്ഞു പോയ ഒരു കേരളീയചിത്രം തരികയാണ്.

പശ്ചാത്തലത്തിൽ കല്യാണി കളവാണിയും അഷ്ടപദിപ്പാട്ടുകളുമുണ്ട്. ഉള്ളിലെ 'കാരിയം' എല്ലാവരുമറിഞ്ഞുപോയ മധുരനൊമ്പരം വിളിച്ചുപറയുന്ന ഈ രാധതന്നെ അന്നത്തെ കേരളീയകാമിനി.

വയലാറിന്റെ മിക്കവാറും പാട്ടുകളിൽ കാളിദാസസ്പർശം കാണും. കാളിദാസന്റെ മയൂരപിഞ്ഛംകൊണ്ടാണ് വയലാർ തന്റെ മാനസനന്ദിനിക്ക് പൊട്ടുകുത്തുക. 'തപസ്സുണർത്താൻ വന്ന മേനക'യാണ് വയലാർ ഗാനങ്ങളിൽ കൂടുതലും. മരിക്കാത്ത ശകുന്തളയും വനജ്യോത്സനകളും പലയിടങ്ങളിലുമുണ്ട്. *കാളിദാസശാകുന്തളം* ചലച്ചിത്രമായപ്പോൾ വയലാറിനു അതൊരു ആഘോഷം തന്നെയായി. ചൂടാത്ത നവരത്നമണിപോലെ, ചുംബനമറിയാത്ത പൂപോലെ ശകുന്തള വയലാറിന്റെ മനോരഥത്തെ സമൃദ്ധമായ കല്പനകൾകൊണ്ട് ആശ്ലേഷിച്ചു.

''പ്രിയതമാ....പ്രിയതമാ...
പ്രണയലേഖനം എങ്ങനെയെഴുതണം
മുനികുമാരികയല്ലോ....''

'അഭിജ്ഞാനശാകുന്തള'ത്തിലെ മുനികുമാരിയുടെ ആത്മാലാപനങ്ങൾക്ക് വലിയ കാവ്യാത്മകത കിട്ടുന്നു. പ്രണയം ചൊല്ലുന്ന ചുണ്ടുകൾകൊണ്ട് പ്രേമകാകളി പാടാൻ ആശങ്കപ്പെടുന്ന ഈ തപോവനകന്യകയുടെ ചിത്രം മധുരാർദ്രമാണ്.

സന്യാസിനി.......ഓഹോ....
സന്യാസിനി നിൻ പുണ്യാശ്രമത്തിൽ ഞാൻ
സന്ധ്യാപുഷ്പവുമായ് വന്നു

ആരും തുറക്കാത്ത പൂമുഖവാതിലിൽ

അന്യനെപ്പോലെ ഞാൻ നിന്നൂ

*(രാജഹംസം)*

ഒന്നിക്കുവാൻ ഭാഗ്യമില്ലാതെപോയ പ്രണയികളാണ് ഈ പാട്ടിലുള്ളത്. പിരിഞ്ഞുപോവാൻ വിധിക്കപ്പെട്ടവനാണ് നായകൻ; രാത്രി പകലിനോട് എന്ന പോലെ അയാൾ അവളോട് യാത്ര ചോദിക്കുന്നു. തന്റെ പ്രണയം നിത്യമാണെന്നും ഓർമ്മയുടെ വീഥിയിൽ നീ എന്റെ കാല്പാടുകൾ കാണാതിരിക്കില്ലെന്നും അയാൾ അവളെ അറിയിക്കുകയാണ്. ഇതേ ഭാവമാണ് പ്രേമഭിക്ഷുകി എന്നു തുടങ്ങുന്ന ഗാനത്തിൽ.

പ്രേമഭിക്ഷുകീ.... ഭിക്ഷുകീ... ഭിക്ഷുകി...

ഏതു ജന്മത്തിൽ... ഏതു സന്ധ്യയിൽ

എവിടെ വെച്ചു നാം കണ്ടു

ആദ്യമായ് എവിടെവെച്ചു നാം കണ്ടു

*(പുനർജ്ജന്മം)*

ഈ പാട്ടിൽ തളം കെട്ടിക്കിടക്കുന്ന ഒരു കാലമുണ്ട്. വിധിയുടെ കാലടിപ്പാടുകളുണ്ട്. കാലചക്രത്തിന്റെ ദയനീയമായ ഞരക്കമുണ്ട്. അതിനിട യിലാണ് ഇടറിപ്പോയ ഒരു പൗരുഷത്തിന്റെ നിശ്വാസങ്ങളുയരുന്നത്.

രതിചിഹ്നങ്ങളുടെ കലവറ തന്നെയാണ് വയലാറിന്റെ പല പ്രണയ ഗാനങ്ങളും. മദിരപകർന്നുവെച്ച മൺചഷകം പോലെ ലഹരിയായി തുളുമ്പുന്ന പാട്ടുകൾ. രാസക്രീഡയിൽ കാമുകർ ചൂടുന്ന രോമാഞ്ചംകൊണ്ട് അവൾ അലങ്കരിക്കപ്പെട്ടിരിക്കുന്നു. അവളോട് അയാൾ ഒട്ടും മടിയില്ലാതെ തുറന്നു ചോദിക്കും.

തങ്കത്തളികയിൽ പൊങ്കലുമായ് വന്ന

തൈമാസ തമിഴ് പെണ്ണേ നിന്റെ

അരഞ്ഞാണച്ചരടിലെ ഏലസ്സിനുള്ളിൽ

ആരെയും മയക്കുന്ന മന്ത്രമുണ്ടോ

അനംഗമന്ത്രമുണ്ടോ...?

*(ഗായത്രി)*

നീലക്കടമ്പിന്റെ പൂക്കൾ ചൂടി നിലാവുപോലെ വന്ന ഒരുവൾ വയലാറിന്റെ ഭാവനയിലുണ്ട്. അവൾക്കാണോ ഹിമവാഹിനിക്കാണോ മാദകസൗന്ദര്യം എന്നാണ് കാമുകന്റെ ചോദ്യം.

''ഹിമവാഹിനീ.... ഹൃദയഹാരിണീ

നിനക്കോ എന്റെ പ്രിയമുള്ളവൾക്കോ

മാദകസൗന്ദര്യം.'' *(നാടൻപെണ്ണ്)*

വധൂവരന്മാരായി എത്തുന്ന ഒരു നാളെ ഈ പ്രണയികളുടെ സൗഗന്ധിക ഹൃദയങ്ങളിലുണ്ട്. രതിസൂചകങ്ങളുടെ നിറഞ്ഞ ആവനാഴിയുമായി ഒരു വയലാർ ഭാവന ഇങ്ങനെയാണ്.

പ്രേമസർവസ്വമേ - നിൻ

പ്രമദവനം ഞാൻ കണ്ടു

അതിൽ മദനൻ വളർത്തും

മാനിനെ കണ്ടു

മദിരോത്സവം കണ്ടു....

*(സ്വപ്നഭൂമി)*

പ്രണയം, രതി, പ്രകൃതി എന്നിങ്ങനെ സമന്വയിപ്പിച്ച് വയലാർ എഴുതിയ പാട്ടാണിത്. പല്ലവിയിൽ ധ്വനിപ്പിച്ച രതി അനുപല്ലവിയിൽ മാഞ്ഞു പോവുന്നു. പ്രിയപ്പെട്ടവളെ ആത്മാവിന്റെ ശില്പഗോപുരത്തിലേക്ക് ആനയിക്കുന്ന ഗാനമാണ് ചക്രവർത്തിനി.

''ചക്രവർത്തിനീ നിനക്കു ഞാനെന്റെ

ശില്പഗോപുരം തുറന്നു.''

*(ചെമ്പരത്തി)*

സ്വപ്നദൃശ്യങ്ങൾകൊണ്ട് ഭാവിയിലേക്ക് സഞ്ചരിക്കുകയാണ് ഈ പാട്ട്. ചക്രവർത്തിനി നഗ്നപാദയായി അകത്തുവന്നാൽ സംഭവിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. മൺവിളക്കുകൾ പൂക്കുന്ന, രുദ്രവീണകൾ പാടുന്ന ഈ പാട്ടിലെ ചടുലനടനങ്ങൾ ശ്രദ്ധേയമാണ്. സാലഭഞ്ജികകളും ശില്പകന്യകളും ചേർന്നൊരുക്കുന്ന ആ നടനം തന്നെ ഈ പാട്ടിന്റെ ഊർജം.

പാരിജാതം തിരുമിഴി തുറന്നു

പവിഴമുന്തിരി പൂത്തു വിടർന്നു

നീലോൽപ്പലമിഴി - നീലോൽപ്പലമിഴി

നീമാത്രമെന്തിനുറങ്ങി? *(തോക്കുകൾ കഥപറയുന്നു)*

അലൗകികമായ ഒരു പ്രകൃതി മഞ്ഞിൽ മൂടിക്കിടക്കുന്നുണ്ട് ഈ പാട്ടിൽ.... ''നിശാനികുഞ്ജത്തിനരികിലുള്ള വികാരസരസ്സിൻകരയിൽ'' കാമുകൻ നിത്യ കാമുകിയെ തേടിവന്നു നിൽക്കുകയാണ്. അവൾ ഉറങ്ങിപ്പോയി. ഉണർത്താനാണ് ഈ ഗാനം. ഉണർന്ന് അവൾ ഏകാന്തജാലകം തുറക്കുകയും വേണം.

സ്വർണചാമരം വീശിയെത്തുന്ന

സ്വപ്നമായിരുന്നെങ്കിൽ ഞാൻ

സ്വർഗ്ഗസീമകൾ ഉമ്മവെയ്ക്കുന്ന

സ്വപ്നമായിരുന്നെങ്കിൽ ഞാൻ

*(യക്ഷി)*

ഗാനവും കവിതയും ഒന്നിക്കുന്ന എന്നാൽ കവിതയിൽ നിന്ന് ഗാനം വേർതിരിയുന്ന സൗന്ദര്യാനുഭൂതിയുണ്ട് ഈ പാട്ടിന്. പാട്ടിൽ പറയുന്നതു പോലെ കല്പനകളെ ചിറകണിയിക്കുകയാണ്.

''മഞ്ജുഭാഷിണീ! മണിയറവീണയിൽ
മയങ്ങിയുണരുന്നതേതൊരു രാഗം
ഏതൊരു ഗീതം''?

*(കൊടുങ്ങല്ലൂരമ്മ)*

മഞ്ജുഭാഷിണിയെന്ന് ആദ്യം പ്രയോഗിച്ചത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനാണ്. *മഹാഭാരത*ത്തിലെ ദുഷ്യന്തൻ കാണുന്ന ശകുന്തള മഞ്ജുഭാഷിണിയാണ്. വയലാറിന്റെ നായികയുടെ മോഹിതസ്പർശം കൊണ്ട് താനേ പാടാത്ത തന്ത്രികൾ ഉണ്ടാവില്ല. താളം പിടിക്കാത്ത ഹൃദയവുമുണ്ടാവില്ല. തന്നിൽ മയങ്ങി ഉണരുന്ന രാഗവും ഗീതവുമറിയാതെ മന്ത്രസ്പർശത്താൽ അയാളുടെ കാമനകൾ വിടരുകയാണ്.

പെണ്ണിന്റെ നോട്ടത്തിൽ ഒരു നാട്ടിൻപുറത്തുകാരിയുടെ കള്ളക്കിന്നാരം വയലാർ എഴുതിയിട്ടുണ്ട്.

മുത്തോലക്കുടയുമായി
മുന്നാഴിപ്പൂവുടുമായ്
ഉത്രാടരാത്രിയുടെ തേരിറങ്ങി
തങ്കത്തേരിറങ്ങി
അത്തപ്പൂമരത്തിന്റെ
അലുക്കിട്ട കൊമ്പിന്മേൽ
ആയിരം കിനാവുകൾ പൂത്തിറങ്ങി
പൂത്തിറങ്ങി...

*(കടത്തുകാരൻ)*

വിവിധദൃശ്യബിംബങ്ങളായി കേരളീയപ്രതിനിധാനങ്ങൾ ഈ പാട്ടിൽ കടന്നുവരുന്നു.

കേരളീയഗ്രാമത്തിന്റെ ഒരു ഭൂതകാലചിത്രമാണ് ഇത്.

തപസ്വിനീ... തപസ്വിനീ

പ്രേമതപസ്വിനീ....

എന്തിനെൻ ബാഷ്പതടാകത്തിൽ

നീയൊരു

ചന്ദനത്തോണിയിൽ വന്നൂ...

*(വിദ്യാർത്ഥി)*

ഭൂമിയും സ്വർഗ്ഗവും കൂട്ടിയിണക്കുന്ന മേനകയായിട്ടാണ് കാമിനിയായ തപസ്വിനിയെ അവതരിപ്പിക്കുന്നത്. നിലാവിനെ ഗോപസ്ത്രീയാക്കുന്നു മറ്റൊരു പാട്ടിൽ.

''നിറകുടം തുളുമ്പീ, നിന്റെ തിരുമുഖം തിളങ്ങി

നിലാവേ, നിലാവേ നീയൊരു ഗോപസ്ത്രീ''

*(കരിനിഴൽ)*

മോഹനിബിഡമായ മുടിയിൽ തിളങ്ങുന്ന സിന്ദൂരപുഷ്പങ്ങൾ നക്ഷത്രങ്ങളാണോ നവഗ്രഹങ്ങളാണോ സ്നേഹിച്ച കാർവർണ്ണനാണോ ചൂടിച്ചത് എന്ന് ചോദിക്കുന്ന പ്രണയവീര്യമാണ് ഈ പാട്ടിൽ ഉള്ളത്.

സാമ്യമകന്നോരുദ്യാനമേ

കല്പകോദ്യാനമേ- നിന്റെ

കഥകളി മുദ്രയാം കമലദളത്തിലെൻ

ദേവിയുണ്ടോ....ദേവി *(ദേവി)*

സാമ്യമകന്നോരുദ്യാനം ഉണ്ണായിവാര്യരുടെ പ്രയോഗമാണ്. മഞ്ജുതര എന്ന പ്രയോഗത്തിലൂടെ കഥകളിയുടെ അന്തരീക്ഷം പാട്ടിന് മിഴിവ് നൽകുന്നു. ഹംസങ്ങൾ ദൂതുപോയ മനോരഥത്തിൽ ദേവിയെ അന്വേഷിക്കുകയാണ് കാമുകൻ.

സ്വർഗ്ഗപുത്രീ...നവരാത്രീ

സ്വർണ്ണം പതിച്ച നിൻ

സ്വരമണ്ഡപത്തിലെ

സോപാനഗായകനാക്കൂ...എന്നെ നീ... *(നിഴലാട്ടം)*

കാമിനിയെ പ്രണയംകൊണ്ട് അധീനയാക്കുവാനും കരവലയത്തിലൊതുക്കി ചുംബിക്കുവാനും അഭിനിവേശം കാണിക്കുന്ന കാമുകനാണ് ഈ പാട്ടിൽ ഉള്ളത്

കായലും തോണിപ്പടവും വിളക്കുമാടവും വെയിൽപിറാക്കളും ചേർന്നുനിൽക്കുന്ന ഒരു ചീനവലപ്പാട്ടുണ്ട്.

തളിർവലയോ താമരവലയോ

താലിപ്പൊൻവലയോ നിൻ

ശൃംഗാരച്ചിപ്പിയിൽ വീണത്

സ്വപ്നവലയോ പുഷ്പവലയോ... *(ചീനവല)*

വേമ്പനാട്ടുകായലിന്റെ മണവും ആയിരം രാവുകളുടെ രോമാഞ്ചവുമുള്ള ഈ പാട്ട് ഒരു പ്രണയകഥ പറയുന്നതിനൊപ്പം കേരളീയ ഭൂപടം നിവർത്തിക്കാണിക്കുന്നു.

സീമന്തിനി നിന്റെ ചൊടികളിലാരുടെ

പ്രേമമൃദുസ്മേരത്തിൻ സിന്ദൂരം

ആരുടെ കൈനഖേന്ദു മരീചികളിൽ

കുളിച്ചാകെ തളിർത്തു നിൻ കൗമാരം. *(അതിഥി)*

അസാധാരണമായ ഒരു ക്ലാസിക്കൽ ഭാവമാണ് ഈ പാട്ടിനുള്ളത്. പ്രണയമെന്നാൽ നിന്നിലെ നിലയ്ക്കാത്ത വേദനയാകുന്ന ഞാനാണെന്ന് നിർവചിക്കുന്നു.

കാളിദാസ ബിംബങ്ങൾകൊണ്ട് പണിത മറ്റൊരു ഗാനമുണ്ട്.

കാമിനീ! കാവ്യമോഹിനീ!
കാളിദാസന്റെ മാനസനന്ദിനീ
നിന്റെ മാലിനീതീരത്തു ഞാൻതീർത്തു
എന്റെ സാഹിതീക്ഷേത്രം *(പുനർജന്മം)*

പാട്ടിൽ പറയുന്നതുപോലെ കാളിദാസനോടുള്ള കടപ്പാട് പ്രത്യക്ഷത്തിൽ രേഖപ്പെടുത്തുന്നു.

കായാമ്പൂ കണ്ണിൽ വിടരും
കമലദളം കവിളിൽ വിടരും
അനുരാഗവതീ നിൻ ചൊടികളിൽ നി-
ന്നാലിപ്പഴം പൊഴിയും *(നദി)*

കണ്ണിൽ കായമ്പൂ വിടരുന്ന കവിളിൽ കമലദളം വിടരുന്ന ചൊടികളിൽ നിന്ന് ആലിപ്പഴം പൊഴിയുന്ന അവളുടെ മൃദുമന്ദഹാസം നിത്യവിസ്മയമാണ്. ഓടിയെത്തുന്ന ഓർമ്മകളിൽ ഓമാലാളിന്റെ ഗദ്ഗദം അറിഞ്ഞ് അതേ കാമുകൻ പിന്നെയും പാടുന്നു.

ആയിരം പാദസരങ്ങൾ കിലുങ്ങി
ആലുവാപ്പുഴ പിന്നെയുമൊഴുകി
ആരും കാണാതെയോളവും തീരവും
ആലിംഗനങ്ങളിൽ മുഴുകി..... മുഴുകി.. *(നദി)*

വയലാറിന്റെ പ്രേമഭാവനകളിൽ എല്ലാം ആവേശഭരിതമായ വികാരമാണ് കത്തിനിൽക്കുന്നത് രതിസൂചകങ്ങൾകൊണ്ട് കോരിത്തരിപ്പിക്കാതെ ആ ഭാവന പൂർണ്ണമാവില്ല.

''മാനത്തു കണ്ണികൾ മയങ്ങും കയങ്ങൾ
മനോരമേ നിൻ നയനങ്ങൾ

അവയിൽ മുഖം നോക്കും എന്റെ വികാരങ്ങൾ ആവേശഭരിതങ്ങൾ''

*(മാധവിക്കുട്ടി)*

പ്രണയിനിയുടെ നുണക്കുഴിപ്പൂമൂടുന്ന കുറുനിരകളെ പ്രണയോപനിഷത്തിലെ കൈയക്ഷരങ്ങളായാണ് ഉപമിച്ചത്. അതിന്റെ രചനാഭംഗികൾ കാറ്റു വന്ന് മാറ്റി. നീയെന്തിനാണ് അത് അനുവദിച്ചത് എന്ന് ചോദിച്ച് കാറ്റിനെ ശപിക്കുന്ന കാമുകനാണ് ഈ പാട്ടിൽ ഉള്ളത്.

നിത്യകാമുകീ ഞാൻ നിൻ മടിയിലെ
ചിത്രവിപഞ്ചികയാകാൻ കൊതിച്ചു
ആ മൃണാളമൃദുലാംഗുലിയിലെ
പ്രേമപല്ലവിയാകാൻ കൊതിച്ചു *(സൂസി)*

പുതിയ പ്രേമാവിഷ്ക്കാരങ്ങൾക്ക് ഇത്തരം പാട്ടുകൾ വേണ്ട. നാവെടുത്ത് പേരു വിളിക്കുന്ന കാലത്തിന് പ്രാണനായകനും നായികയും നിത്യകാമുകിയുമില്ല. വയലാർ ചോദിക്കുന്നുണ്ട് ഒരു സ്വപ്നസഞ്ചാരിണിയോട് നിന്റെ മനോരഥം സ്വർഗ്ഗത്തിലോ ഭൂമിയിലോ എന്ന്. അവൾ തുറന്നടിച്ചു മറുപടി പറയുന്നു.

സങ്കല്പഗന്ധർവ്വലോകത്തിൽ എന്ന്. രണ്ട് കൂട്ടുകാരികൾ മനസ്സ് പങ്കുവയ്ക്കുന്ന ഈ പാട്ടിലൊരിടത്ത് ഒരുവളുടെ ചോദ്യമുണ്ട്.

''നന്ദകുമാരന്റെ വേഷം കണ്ടിട്ട്
നിൻമിഴിയെന്തേ നനഞ്ഞുപോയി?''

വൃന്ദാവനത്തിലെ രാധയെ ഞാൻ അന്നേരമോർമ്മിച്ചുപോയി എന്നാണ് മറുപടി.

സ്വപ്നസഞ്ചാരിണീ, നിന്റെ മനോരഥം
സ്വർഗ്ഗത്തിലോ ഭൂമിയിലോ

സ്വർഗ്ഗത്തിലല്ല ഭൂമിയിലല്ല

സങ്കല്പഗന്ധർവ്വലോകത്തിൽ. *(കൂട്ടുകുടുംബം)*

'പ്രണയഗാനങ്ങളിൽ വയലാർ നിർവഹിക്കുന്ന ധർമ്മം തീർച്ചയായും കാമത്തെ പരമപുരുഷാർത്ഥമാക്കുക എന്നതല്ല. എന്നാൽ സന്ദർഭോചിതമായി രതിവർണ്ണന നടത്താനോ കാമോദ്ദീപകമായ കാവ്യചിത്രങ്ങൾ വരച്ചിടാനോ മടിച്ചിട്ടുമില്ലെ'ന്ന് കെ. ജയകുമാർ എഴുതിയിട്ടുണ്ട്.[6]

പ്രണയശൃംഗാരഭാവങ്ങൾക്ക് മലയാളഗാനങ്ങളിൽ വ്യത്യസ്തവും വിപുലവുമായ ആവിഷ്കാരം നൽകുകയും വൈകാരികമായ സാന്ദ്രത നിലനിർത്തുകയും ചെയ്തതാണ് വയലാർ ഗാനങ്ങളുടെ സവിശേഷത.

**പ്രണയം ഒ.എൻ.വി. കുറുപ്പിന്റെ ചലച്ചിത്രഗാനങ്ങളിൽ**

പ്രണയത്തിന്റെ ഭാഷ ഒ.എൻ.വി.ക്ക് വയലാറിന്റേതുപോലെ ഉന്മത്തമല്ല. പി. ഭാസ്ക്കരനിലേതുപോലെ ലളിതമല്ല. ശ്രീകുമാരൻതമ്പിയിലേതുപോലെ ആരാധനാനിർഭരമല്ല. വാക്കിലൂടെയും സ്വരത്തിലൂടെയുമുള്ള സ്നേഹസ്പർശങ്ങൾ മാത്രം.[7]

അധ്യാപകന്റേതായ ഗൗരവത്തോടുകൂടി വികാരസംയമനത്തോടു കൂടി ക്ലാസ്സിക്കൽഭാഷയും നാടോടിമലയാളവും ഔചിത്യത്തോടുകൂടി വിന്യസിച്ചതാണ് ഒ.എൻ.വിയുടെ പ്രണയഗാനങ്ങൾ. കുമാരനാശാന്റെ കരുണാകാവ്യം ചലച്ചിത്രമായപ്പോൾ പാട്ടെഴുതിയത് ഒ.എൻ.വി. ആണ്. വാസവദത്തയുടെ മനസ്സ് ആശാന്റെ വരികളിൽനിന്ന് വേറിട്ട് ആവിഷ്കരിക്കാൻ ഒ.എൻ.വി.ക്ക് അനായാസം കഴിഞ്ഞു

[6] കെ. ജയകുമാർ, *വയലാർ ഗാനരചനയിലെ ഗാന്ധർവ്വം*, പു. 35

[7] എസ്. ശാരദക്കുട്ടി, 'പാട്ടിലെ ആർദ്രസ്മിതങ്ങൾ', *ഓർമ്മതൻ കിളുന്നുതൂവൽ* (ഡിസി ബുക്സ്, കോട്ടയം, 2016), പു. 118.

സമയമായില്ലെന്നു പറഞ്ഞ് ഉപഗുപ്തൻ തിരസ്കരിക്കുന്ന വാസവദത്ത യുടെ മനസ്സും ആത്മനിന്ദയിൽ എത്തുകയാണ്. തോഴിയോട് അവൾ പറയുന്നു.

''വ്യർത്ഥമായ്ത്തോന്നുന്നു കഷ്ട-
മവൻ കാണാതെനിക്കുള്ള
നൃത്തഗീതാദികളിലെ നൈപുണിപോലും''.

മണിമാളികയിലേക്കുള്ള തന്റെ ക്ഷണം പലതവണ നിരസിക്കുന്ന ഉപഗുപ്തനെ സുന്ദരിയും നർത്തകിയും ഗായികയുമായ പ്രണയിനി ഇനി എങ്ങനെ നേരിടും? അവളുടെ സങ്കടത്തിന് ഒ.എൻ.വി. ഒരുക്കുന്ന ഭാഷ്യം ഇങ്ങനെ-

''എന്തിനീ ചിലങ്കകൾ
എന്തിനീ കൈവളകൾ
എൻ പ്രിയനെന്നരികിൽ വരില്ലയെങ്കിൽ?''

ആശാന്റെ കാവ്യസംസ്കാരത്തെ തെളിമയോടെ പ്രതിഫലിപ്പിക്കു ന്നതാണ് ഈ ഗാനഭാഷ.

താഴെ തൊഴുതുനിൽക്കും
താമരപ്പൂവാണു ഞാൻ
താലോലിച്ചെന്നെ നാഥൻ
തഴുകുകില്ലേ!

എന്ന് ചോദിക്കുമ്പോൾ ആശാന്റെ നളിനി എന്ന കഥാപാത്രത്തിന്റെ മനസ്സുകൂടി ഒ.എൻ.വി. ഇവിടെ ചേർത്തുവയ്ക്കുന്നുണ്ട്. വാസവദത്തയെന്ന വാരസുന്ദരിയെ ലാവണ്യദേവതയായി വിശേഷിപ്പിച്ചുകൊണ്ട് *കരുണ*യിൽ മറ്റൊരു പാട്ടുകൂടി ഉണ്ട്. അവളുടെ ശരീരസൗന്ദര്യം പരോക്ഷമായി വർണ്ണിക്കപ്പെടുന്നു.

വാർതിങ്കൾത്തോണിയേറി

വാസന്തരാവിൽ വന്ന

ലാവണ്യദേവതയല്ലേ? നീ വിശ്വ-

ലാവണ്യദേവതയല്ലേ?

മിതത്വം പാലിക്കുമ്പോഴും വാസവദത്തയുടെ സൗന്ദര്യം തിരിച്ചറിയാൻ കഴിയുന്നു.

സൗരയൂഥത്തിൽ

വിടർന്നൊരു കല്യാണ-

സൗഗന്ധികമാണീ ഭൂമി!

അതിൻ സൗവർണ്ണപരാഗമാണോമനേ നീ

അതിൻ സൗരഭമാണെന്റെ

സ്വപ്നം, സ്വപ്നം....

നിന്നെ ഞാൻ എന്തുവിളിക്കുമെന്ന് പ്രണയിനിയുടെ മനസ്സിൽ ചോദ്യ മുയരുന്നു. ആത്മസംഗീതമെന്ന്, ആരും പാടാത്ത പാട്ടിന്റെ മാധുര്യമെന്ന് ചൂടാത്ത പൂവിന്റെ നിശ്വാസമെന്ന്, നിശ്വാസസുഗന്ധമെന്ന് പല പല സന്ദേഹങ്ങൾ ഉണ്ടാകുന്നു.

''നിന്നെ ഞാനെന്തുവിളിക്കും എ-

ന്നെന്നും തളിർക്കുന്ന സൗന്ദര്യമെന്നോ?

നിന്നെ ഞാനെന്തു വിളിക്കും?''

*(സ്വപ്നം)*

പ്രണയത്തിന്റെ കുങ്കുമപ്പാടം കത്തിയെരിഞ്ഞുപോയ ഒരു കാമുക മനസ്സിൽ ഉയരുന്ന അഗാധവിഷാദനാദമാണ് 'ശ്യാമസുന്ദരപുഷ്പമേ' എന്നു തുടങ്ങുന്ന പാട്ടിൽ ഉള്ളത്.

ശ്യാമസുന്ദരപുഷ്പമേ എന്റെ

പ്രേമസംഗീതമാണു നീ

ധ്യാനലീനമിരിപ്പൂ ഞാൻ എന്റെ

ഗാനമെന്നെ മറക്കുമോ? *(യുദ്ധകാണ്ഡം)*

സൂര്യനും സന്ധ്യയുടെ സ്വർണ്ണമേടയും എരിഞ്ഞടങ്ങുമ്പോൾ മേഘരാഗമായി ശ്യാമസുന്ദരപുഷ്പം തീകെടുത്താൻ എത്തുമോ എന്നാണ് ചോദിക്കുന്നത്

''അരികിൽ നീയുണ്ടായിരുന്നെങ്കിലെന്നു ഞാൻ

ഒരു മാത്ര വെറുതെ നിനച്ചു പോയി

ഒരു മാത്ര വെറുതെ നിനച്ചുപോയി''

*(നീയെത്ര ധന്യ)*

ഒ.എൻ.വിയുടെ ഭാവന കണ്ടെത്തുന്ന ചില ചിത്രശാലകളും ബിംബങ്ങളും ഈ പാട്ടിൽ സമ്മേളിച്ചിട്ടുണ്ട്. രാത്രിമഴയും കുളിർകാറ്റും കാതരയായ പക്ഷിയും ജാലകവാതിലും ചമ്പകത്തെയ്യും മുടിച്ചാർത്തും മുഗ്ധസങ്കല്പങ്ങളായി ഈ പാട്ടിനെ തലോടുന്നു. ഇലച്ചാർത്തുലയുന്നതും നീർത്തുള്ളികൾ ഇറ്റിറ്റുവീഴുന്നതും പ്രേമകഥയിലെ ഗീതികൾ ചിറകടിക്കുന്നതും പക്ഷി ചിലയ്ക്കുന്നതുമെല്ലാം ദേവരാജന്റെ സംഗീതം സൂക്ഷ്മത്തിൽ അനുഭവിപ്പിക്കുന്നത് ശ്രദ്ധേയമാണ്. അത്തരം രീതിവിശേഷങ്ങളുള്ള മറ്റൊരു പാട്ടുകൂടി ഉണ്ട്.

ആത്മാവിൽ മുട്ടിവിളിച്ചതുപോലെ

സ്നേഹാതുരമായ്

തൊട്ടുരിയാടിയപോലെ

മണ്ണിന്റെ ഇളം ചൂടാർന്നൊരു മാറിൽ

ഈറനാമൊരിന്ദുകിരണം

പൂവുചാർത്തിയ പോലെ

*(ആരണ്യകം)*

പ്രണയത്തിന് ഒ.എൻ.വി. നൽകുന്ന വിശദാംശങ്ങൾ അങ്ങിനെയാണ്. ഒരു ഗന്ധർവ്വൻ പാടുന്ന അനുഭൂതി വിശേഷം ഈ പാട്ടിനുണ്ട്. ഒ.എൻ.വിയുടെ ഗാനങ്ങളിലെ കാമിനി മിക്കവാറും ഉൾനാടൻ പെൺകിടാവാണ്. കുന്നത്തെ കാവും വിളക്കുമെല്ലാം ഒ.എൻ.വി.ക്ക് പ്രിയപ്പെട്ടതാണ്. ശ്യാമമനോഹരമായ ഗ്രാമഭൂമിയിൽ ശംഖുപുഷ്പം പോലെ ചിരിച്ചുനിൽക്കുന്ന ഒരു ഉൾനാടൻ പെൺകിടാവിനെ ഇങ്ങനെ അവതരിപ്പിക്കുന്നു.

പൊന്നരളിപ്പൂവൊന്നു മുടിയിൽ ചൂടി
കന്നിനിലാക്കസവൊളിപ്പുടവചുറ്റി
കുന്നത്തെക്കാവിൽ വിളക്കുകാണാൻ വന്നൊ-
രുൾ നാടൻ പെൺകിടാവേ എന്റെ
ഉള്ളിൽ മയങ്ങുന്ന മാൻകിടാവേ

*(കത്തി)*

ഇനിയൊരു ജന്മത്തിന്റെ കടവിലേക്കോ അതല്ല ഇതുവരെ കാണാത്ത കരയിലേക്കോ മധുരമായി പാടിവിളിക്കുന്ന ഒരു പ്രണയത്തിന്റെ സംഗീതം *ഉൾക്കടൽ* എന്ന ചിത്രത്തിലെ ഒ.എൻ.വിയുടെ പാട്ടുകളിലുണ്ട്.

''ശരദിന്ദുമലർദീപനാളം നീട്ടി
സുരഭിലയാമങ്ങൾ ശ്രുതിമീട്ടി'' (ഉൾക്കടൽ)

കടിഞ്ഞൂൽ പ്രണയകഥയിലെ പെൺകൊടിയെ തേടി സ്വപ്നഭൂമിയിലേക്കുള്ള വരവ് ഒ.എൻ.വി.യുടെ പ്രിയഭാവനയാണ്. അവിടെ എല്ലാ ജനങ്ങളും തൊഴുതുനിൽക്കും. നാടൻപെൺകൊടിയും ഗ്രാമീണപ്രകൃതിയും ഒന്നായിച്ചമയും

എന്റെ കടിഞ്ഞൂൽ പ്രണയകഥയിലെ
പെൺകൊടീ നിന്നെയും തേടി
എൻ പ്രിയസ്വപ്നഭൂമിയിൽ വീണ്ടും
സന്ധ്യകൾ തൊഴുതുവരുന്നു (ഉൾക്കടൽ)

കൃഷ്ണതുളസിക്കതിരുകൾ ചൂടിയ അശ്രുകുടീരമാണ് അയാൾ. അവൾ നഷ്ടവസന്തത്തിൻ തപ്തനിശ്വാസം. മനസ്സിന്റെ അങ്കണത്തെ വർണാഞ്ചിതമാക്കാൻ അയാൾ കേഴുകയാണ്. എം.ബി. ശ്രീനിവാസൻ സംഗീതം നൽകിയ ഈ പാട്ടുകൾ മലയാളിയുടെ ഒരു പ്രണയകാലത്തെയാണ് വർണ്ണാഞ്ചിതമാക്കിയത്. പ്രണയം ഉന്നതമായ ഒരു സംസ്കാരമാണെന്ന് രേഖപ്പെടുത്തിയ പാട്ടുകളാണിവ.

''കൃഷ്ണതുളസിക്കതിരുകൾ ചൂടിയൊ-
രശ്രുകുടീരം ഞാൻ'' (ഉൾക്കടൽ)

''നഷ്ടവസന്തത്തിൽ തപ്തനിശ്വാസമേ
മുഗ്ദ്ധലജ്ജാവതീ ലാവണ്യമേ!'' *(ഉൾക്കടൽ)*

ജീവിതത്തിന്റെ പാഥേയമായിട്ടാണ് ഒ.എൻ.വി. പാട്ടിനെ കണ്ടത്. പാട്ടിനുള്ളിൽ പാട്ടിന്റെ മറ്റൊരു സൗന്ദര്യലോകം അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. പ്രണയികൾ പാടുന്ന പാട്ടിലെല്ലാം സംഗീതസംബന്ധിയായ വിചാരങ്ങളുണ്ട്. ഗാനവും രാഗവും ഈണവുമെല്ലാം ലയിച്ചുചേരുന്ന അനുരാഗത്തിന്റെ നിശ്ശബ്ദലോകം ആ പാട്ടുകളിൽ കാണാം.

ഉദാ: ''നീയെന്റെ ഗാനത്തിൽ രാഗമായി'' (*അധ്യാപിക*) ''നിന്നെക്കുറിച്ചുള്ള പാട്ടിലെല്ലാം എന്തെന്തു മാധുര്യം'' (*മദനോത്സവം*), 'ഞാനൊരു ഗാനമായി വീണപാടും ഈണമായി'' (*സ്വപ്നം*).[8]

മാണിക്യവീണയുമായെൻ
മനസ്സിന്റെ താമര

[8] എം.ഡി.മനോജ്, *ആരോ മധുരമായി പാടിവിളിക്കുന്നു, ഒ.എൻ.വിയുടെ പാട്ടുലോകം* (ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017), പു. 14.

പ്പൂവിലുണർന്നവളേ,

പാടുകില്ലേ? വീണമീട്ടുകില്ലേ?

നിന്റെ വേദനയെന്നോടു ചൊല്ലുകില്ലേ?

ഒന്നും മിണ്ടുകില്ലേ?

*(ഉദ്യോഗസ്ഥ)*

പരിഭവച്ചുവയുള്ള അനുരാഗഗാനമാണിത്. ലളിതമായ പദങ്ങൾ കൊണ്ട് ഒരു പ്രണയചിത്രം വരയ്ക്കുന്നു.

എന്റെയീ പൂങ്കുടിൽ-

മുറ്റത്തു ദേവീ, നിൻ

പൊന്നുഷഃ സന്ധ്യയെ കണ്ടതുപോലെന്റ

മന്ദാരത്തയ്യും തളിർക്കും

*(നമ്മുടെ നാട്)*

കുളിരുകോരുന്ന പാരിജാതവും കർപ്പൂരം കത്തിക്കുന്ന ചക്കരമാവും കൊഞ്ചി വിളിക്കുന്ന ശാരികയും ചേർന്ന് കോരിത്തരിപ്പിക്കുന്ന പാട്ടാണിത്.

സ്വപ്നസുന്ദരീ! നീയൊരിക്കലെൻ

സ്വപ്നശയ്യാതലങ്ങളിൽ

വാസനപ്പൂക്കൾ വർണ്ണപുഷ്പങ്ങൾ

വാരിവാരിച്ചൊരിഞ്ഞുപോയ്!

*(അധ്യാപിക)*

അലൗകികമായ പ്രകൃതിയിൽ സ്വപ്നസുന്ദരിയെ ഭാവനചെയ്യുന്ന വ്യത്യസ്തമായ ഗാനമാണിത്. സ്വപ്നത്തോട് ചേർന്നു നിൽക്കുന്ന ഗാനം.

പ്രിയസഖി, ഗംഗേ! പറയൂ

പ്രിയമാനസനെവിടെ

ഹിമഗിരിശൃംഗമേ! പറയൂ എൻ

പ്രിയതമനെവിടെ?

*(കുമാരസംഭവം)*

കൈലാസത്തിന്റെ പശ്ചാത്തലത്തിൽ പാർവ്വതി പാടുന്ന വിരഹഗാനമാണിത്. അതൊരു താത്കാലികവിരഹമാണ്. പാർവ്വതി പരമേശ്വരനെ അന്വേഷിക്കുകയാണ്. ശിവനു പ്രിയപ്പെട്ട ഗംഗയോട് ആണ് ചോദിക്കുന്നത്. എന്റെ പ്രിയമാനസൻ ഏതു മായായവനികയ്ക്കപ്പുറത്താണെന്ന്? അവൾ ചോദിക്കുന്നത് ഭക്തിയാർന്ന പ്രണയത്തോടുകൂടിയാണ്.

ശ്യാമമേഘമേ, നീയെൻ പ്രേമ

ദൂതുമായ് ദൂരെ പോയ്‌വരൂ

എന്റെ ദേവി കേഴും ദൂരെ

മന്ദിരത്തിൽ പോയ്‌വരൂ *(സമയമായില്ല പോലും)*

ദേവിയുടെ അടുത്തേക്ക് ശ്യാമമേഘത്തെ ദൂതുമായി അയക്കുന്ന കേരളീയകാമുകനാണ് ഈ പാട്ടിൽ ഉള്ളത്.

''ഒരു നറുപുഷ്പമായെൻ

നേർക്ക് നീളുന്ന

മിഴിമുനയാരുടേതാവാം?'' *(മേഘമൽഹാർ)*

അറിയാത്ത കന്യതൻനേർക്കുള്ള ഈ ഗന്ധർവ്വപ്രണയ സംഗീതത്തിൽ ചങ്ങമ്പുഴയും ഇടശ്ശേരിയുമെല്ലാം കൂടിക്കലർന്നിട്ടുണ്ട്. പേരറിയാത്ത പ്രണയത്തിന്റെ മറ്റൊരു ഗാനഭാഷയാണിത്. പാട്ടും പാട്ടുകാരനും കവിയും ഒന്നായിത്തീരുന്ന ഒരു സോപാനവേദിയാണ് ഒ.എൻ.വിയുടെ കാവ്യലോകം. പൂവും പക്ഷിയും സന്ധ്യയും യാത്രയും ഗാനവും നിഴലും നിദ്രയും മണ്ണും മരണവും നിറഞ്ഞ പാഥേയമാണ് ഒ.എൻ.വി.ക്ക് പാട്ട്. ഒരു പുല്ലാങ്കുഴലിന്റെ സുഷിരങ്ങളിൽക്കൂടി ഒഴുകുന്നതോമനേ ഈ ഞാനല്ലോ എന്ന് *ഞാനെന്ന ഗാനം*

എന്ന കവിതയിൽ ഒ.എൻ.വി. എഴുതിയിട്ടുണ്ട്. ശ്യാമമേഘവും വിഷാദസന്ധ്യയും കാതരയായ പെൺകിടാവും ചിത്രങ്ങളായി തെളിയുന്ന പ്രണയഗാനങ്ങളാണ് ഒ.എൻ.വിയുടേത്.

## അദ്ധ്യായം അഞ്ച്

# കേരളീയപ്രകൃതി ചലച്ചിത്രഗാനങ്ങളിൽ

കേരളീയപ്രകൃതിയുടെ എല്ലാ സൗഭാഗ്യഘടകങ്ങളും സൗന്ദര്യചിത്രങ്ങളും മലയാളചലച്ചിത്രഗാനങ്ങളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. 1954-ൽ നീലക്കുയിൽ എന്ന സിനിമയിലൂടെ മലയാളമണ്ണിന്റെ നീരാവിയും ആകാശവുമെല്ലാം ചലച്ചിത്രഗാനത്തിൽ കടന്നുവന്നു. ദൈവത്തിന്റെ വരദാനം പോലുള്ള കേരളത്തിന്റെ ഭൂപ്രകൃതി ഉപയോഗിച്ചുകൊണ്ടാണ് പല ഗാനങ്ങളും തിരശ്ശീലയിലെ സന്ദർഭങ്ങൾക്ക്വേണ്ടി ഒരുക്കിയിട്ടുള്ളത്. പുഴകളും മലകളും കായലും തോടും കുന്നുകളും പാടങ്ങളും കാടും നാട്ടുവഴികളും നിറഞ്ഞ സസ്യകേരളത്തെ ചലച്ചിത്രഗാനങ്ങളിൽ പി.ഭാസ്ക്കരനും, വയലാറും ഒ.എൻ.വി.യും വൈവിധ്യമാർന്ന ചിത്രശാലയാക്കിത്തീർത്തു. നാൽപ്പത്തിനാല് പുഴകളാണ് കേരളത്തിലൂടെ ഒഴുകുന്നത്. മിക്കവാറും പുഴകൾ പാട്ടിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മലയാളസിനിമാ സ്റ്റുഡിയോവിന്റെ അകത്തളങ്ങളിൽ നിന്നും പുറംവാതിലിലേക്ക് പ്രവേശിച്ചപ്പോൾ പാട്ടുകളുടെ ചിത്രീകരണത്തിനു പിന്നിൽ ഈ കേരളീയസ്വത്വം കടന്നുവന്നതോടുകൂടി പ്രകൃതിയുടെ ഭാഗമായി ജീവിക്കുന്ന കഥാപാത്രങ്ങൾക്കും സിനിമയിൽ പ്രാധാന്യം വന്നു. പി. ഭാസ്ക്കരന്റെയും വയലാറിന്റെയും ഒ.എൻ.വിയുടെയും ഗാനങ്ങൾ പ്രകൃതിയുടെയും സംസ്കാരത്തിന്റെയും കാലപരിണാമത്തിന്റെയും കാഴ്ചപ്പാടുകളിലുള്ള മാറ്റത്തിന്റെയും പ്രതിഫലനങ്ങളാണ്. പ്രാദേശികഭേദങ്ങൾ കൈയൊഴിഞ്ഞ് കേരളത്തെ ഒറ്റ ഏകകമാക്കി സങ്കൽപ്പിക്കുന്നതിൽ സിനിമാഗാനങ്ങളുടെ വ്യാപ്തി പ്രധാനമാണെന്ന് പ്രദീപൻ പാമ്പിരിക്കുന്ന് നിരീക്ഷിച്ചിട്ടുണ്ട്.[1]

[1] പ്രദീപൻ പാമ്പിരിക്കുന്ന്, 'ചലച്ചിത്രഗാനവും സാഹിത്യസംസ്കാരവും', *ചലച്ചിത്രഗാന പഠനങ്ങൾ* (സാഹിതി, സംസ്കൃതസർവ്വകലാശാല, പയ്യന്നൂർ, 2011), പു. 36.

**കേരളീയപ്രകൃതി പി. ഭാസ്കരന്റെ ഗാനങ്ങളിൽ**

പേരാറും പെരിയാറും

കളിയാടും നാടേതോ

കടലലയും കായലുമേ

കഥപറയും നാടേതോ

പേരതിനു മലയാളം

പേരുകേട്ട മലയാളം

പേരതിനു മലയാളം

പേരുകേട്ട മലയാളം

*(ഭാഗ്യമുദ്ര)*

പേരാറും പെരിയാറും കളിയാടുന്ന കടലലയും കായലും കഥപറയുന്ന നാടിന് മലയാളം എന്നുതന്നെയാണ് പേരെന്ന് പി. ഭാസ്ക്കരൻ തീർത്തു പറയുന്നു. മലയാളത്തിന്റെ മഹാകവികളും സംഗീതജ്ഞരും ഈ പാട്ടിൽ സമ്മേളിക്കുന്നുണ്ട്. എഴുത്തച്ഛനും സ്വാതിതിരുനാളും വള്ളത്തോളും പാടിയുണർത്തിയ മലയാളപ്രകൃതിയെയാണ് ഭാസ്കരൻ സ്തുതിക്കുന്നത്.

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു

നാഴിയിടങ്ങഴി മണ്ണുണ്ട്

അതിൽ നാരായണക്കിളിക്കൂടുപോലുള്ളൊരു

നാലുകാലോലപ്പുരയുണ്ട്

*(തുറക്കാത്ത വാതിൽ)*

കേരളം കേരവൃക്ഷങ്ങളുടെ നാടാണ്. ആ നാട്ടിൽ നാഴിയിടങ്ങഴി മണ്ണുള്ള ദരിദ്രനായ ഒരു പ്രവാസിയുടെ കാഴ്ചപ്പാടിലാണ് ഈ ഗാനം എഴുതപ്പെട്ടിരിക്കുന്നത്. കേരളത്തിലെ പക്ഷിയായ നാരായണക്കിളിയും നോമ്പുനോൽക്കുന്ന ആചാരവും വലിയ പെരുന്നാളും പഴയ കേരളീയഗ്രാമങ്ങളിലുള്ള കല്ലു

വെട്ടാംകുഴിയും വാഴക്കുമ്പും ചാമ്പക്കയുമെല്ലാം ഈ പാട്ടിൽ ബിംബങ്ങളായി കടന്നുവരുന്നു.

മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു നാടുണ്ട് - കൊച്ചു
മലയാളമെന്നൊരു നാടുണ്ട്
കാടും തൊടികളും കനകനിലാവത്തു
കൈകൊട്ടിക്കളിക്കുന്ന നാടുണ്ട്

*(നിണമണിഞ്ഞ കാല്പാടുകൾ)*

കേരളീയപ്രകൃതിയെക്കുറിച്ചുള്ള പി. ഭാസ്കരന്റെ മറ്റൊരു പ്രവാസഗാനമാണിത്. കാടും തൊടികളും സ്വർണ്ണനിലാവിൽ കൈകൊട്ടികളിക്കുന്ന നാടാണ് കേരളമെന്ന് കവി പറയുന്നു. തൈത്തെങ്ങിന്റെ തണലും താമരക്കടവും കിളിക്കൂട് പോലെയുള്ള വീടും, കൈതപ്പൂനിറവും കവിളത്ത് മറുകുമുള്ള പെണ്ണും ഈ കേരളീയപ്രകൃതിയിൽ കടന്നുവരുന്നു. അവളെ കിനാവുകണ്ട് അവളുടെ അടുത്തേയ്ക്ക് പറന്നുചെല്ലാൻ കഴിയാത്ത പ്രവാസിയുടെ തീരാസങ്കടമാണ് ഈ പാട്ടിൽ പറയുന്നത്.

കിഴക്കുദിക്കിലെ ചെന്തെങ്ങിൽ
കരിക്കുപൊന്തിയ നേരത്ത്
മുരിക്കൻ തയ്യേ നിന്നുടെ ചോട്ടിൽ
മുറുക്കിത്തുപ്പിയതാരാണ്''?

*(ആദ്യകിരണങ്ങൾ)*

ചെന്തെങ്ങും മുരിക്കിൻ തയ്യും കാറ്റും മഴയും മേഘവുമെല്ലാം പഴയ കേരള ഗ്രാമത്തിൽ ഈ പാട്ട് കാണിച്ചുതരുന്നു. ആരംഭത്തിൽ ധ്വനിപ്പിക്കപ്പെടുന്നത് സൂര്യനും രശ്മികളുമാണ്. കിഴക്കുദിക്കിലെ ചെന്തെങ്കിന്റെ കരിക്കായി സൂര്യനെ ഭാവന ചെയ്യുമ്പോൾ സൂര്യന്റെ ശോണരശ്മികളെ മുരിക്കിൻതൈയ്യിന്റെ ചുവട്ടിൽ മറുക്കിതുപ്പിയതായി സങ്കൽപ്പിക്കുന്നു. മഴക്കാലം കലിതുള്ളിയപ്പോൾ മുത്തശ്ശി

മുല്ലയുടെ പൂക്കൾ കൊഴിഞ്ഞു വീണതിനെ കൊഴിഞ്ഞ പല്ലുകളായിട്ടാണ് വർണ്ണിക്കുന്നത്. ആകാശമേഘങ്ങൾ വെള്ളത്തുണിയിട്ട മാനത്തെ പെണ്ണുങ്ങളാണ്. അവർ പള്ളിയിൽ പോവുകയാണ്. ഓശാനനാളിൽ പടിക്കൽ എത്തിയ പാണനെ പ്പോലെ ഉടുക്കു കൊട്ടുന്ന ഇടിനാദവും ഇളിച്ചുകാട്ടുന്ന മിന്നൽപിണരുകളും ഈ പാട്ട് ദൃശ്യവൽക്കരിക്കുന്നു.

പതിവായി പൗർണ്ണമിതോറും
പടിവാതിലിനപ്പുറമെത്തി
കണിവെള്ളരി കാഴ്ചവെയ്ക്കും
കനകനിലാവേ - കനകനിലാവേ

*(ആദ്യകിരണങ്ങൾ)*

പഴയ ഒരു കേരളീയഗ്രാമചിത്രം പരോക്ഷമായി ഈ പാട്ടിൽ വരയ്ക്ക പ്പെടുന്നു. പൗർണ്ണമിയും നിലാവും ഇരുളുന്ന ആകാശവും കരിനീലക്കാടുമെല്ലാം ഈ പാട്ടിൽ ധ്വനികളുണർത്തുന്ന ബിംബങ്ങളാണ്.

മഴവില്ലിന്റെ പീലിചുരുക്കി മറയുന്ന പൊൻവെയിലായി പകൽ മാറുന്നു. കരിനീലക്കാടുകൾതോറും കരയാമ്പൂനുള്ളി നടക്കുന്ന കറുത്ത പെണ്ണാകുന്നു രാത്രി.

വെളുക്കുമ്പൊക്കുളിക്കുവാൻ പോകുന്ന വഴിവക്കിൽ
വേലിക്കൽ നിന്നവനേ - കൊച്ചു-
കിളിച്ചുണ്ടൻ മാമ്പഴം കടിച്ചുംകൊണ്ടെന്നോടു
കിന്നാരം പറഞ്ഞവനേ-

*(കുട്ടിക്കുപ്പായം)*

പ്രകൃതിയും മനുഷ്യരും ജീവിതസന്ദർഭങ്ങളും കഥയും പ്രണയവുമെല്ലാം നിറഞ്ഞിരിക്കുന്ന ഗാനമാണിത്. പഴയ കേരളീയഗ്രാമങ്ങളിൽ വീടിന് അതിരിട്ട് വേലികൾ ഉണ്ടായിരുന്നു. വേലിക്കപ്പുറത്തും ഇപ്പുറത്തും നിന്നാണ് അന്നത്തെ

ആശയവിനിമയങ്ങൾ. പുഴയിൽ കുളിക്കാൻ പോവുന്ന പെണ്ണും വേലിക്കൽ കിന്നാരംപറഞ്ഞു നിൽക്കുന്ന ചെക്കനുമാണ് ഈ പാട്ടിൽ ഉള്ളത്. അവളുടെ ഓർമ്മയിലുള്ള കുട്ടിക്കാലവും പ്രേമത്തിന്റെ മധുരവുമാണ് ഈ പാട്ട് അനുഭവിപ്പിക്കുന്നത്.

മഞ്ഞണിപ്പൂനിലാവ്- പേരാറ്റിൻകടവത്ത്
മഞ്ഞളരച്ചുവെച്ച് നീരാടുമ്പോൾ
എള്ളെണ്ണ മണം വീശും എന്നുടെ മുടിക്കെട്ടിൽ
മുല്ലപ്പൂ ചൂടിച്ച വിരുന്നുകാരാ-

*(നഗരമേ നന്ദി)*

പേരാറ്റിൻകടവത്ത് മഞ്ഞളരച്ചുനീരാടുന്ന നിലാവും എള്ളെണ്ണ മണമുള്ള മുടിക്കെട്ടുള്ള ഗ്രാമീണയുവതിയും ഈ പാട്ടിലുണ്ട്. താന്നിയൂർ അമ്പലത്തിലെ കഴകക്കാരനെ പോലെയാണ് വർഷത്തിലൊരിക്കൽ എത്തുന്ന ചിങ്ങം എന്നു പറയുന്നത്.

ഭാസ്ക്കരന്റെ പാട്ടുകളിൽ എല്ലാം ഋതുഭേദങ്ങളുടെ വർണ്ണചിത്രം കാണാം. രാത്രിയുടെ കളഭക്കിണ്ണം പൊന്നാനിപ്പുഴയിൽ വീണു എന്നാണ്, നഗരമേ നന്ദിയിലെ മറ്റൊരു ഗാനത്തിൽ സങ്കല്പിക്കപ്പെടുന്നത്.

''കന്നിരാവിൻ കളഭക്കിണ്ണം
പൊന്നാനിപ്പുഴയിൽ വീണപ്പോൾ'' (നഗരമേ നന്ദി)

''ഉണരുണരൂ ഉണ്ണിപ്പൂവേ...
കരിങ്കൊടിത്തണലത്ത് കാട്ടിലെ കിളിപ്പെണ്ണിൻ
കവിതകേട്ടുറങ്ങുന്ന പൂവേ
കവിത കേട്ടുറങ്ങുന്ന പൂവേ...

*(അമ്മയെക്കാണാൻ)*

കേരളഗ്രാമത്തിന്റെ മറ്റൊരു ചിത്രമാണ് ഈ പാട്ടിലുള്ളത്. തോണിക്കാരി യായ ഒരു യുവതിയുടെ കാഴ്ച്ചപ്പാടിലൂടെയാണ് ഈ ഗ്രാമീണചിത്രം പൂർണ്ണമാവുന്നത്. കരിക്കൊടിയുടെ തണലത്ത് കാട്ടിലെ കവിതകേട്ടുറങ്ങുന്ന പൂവും കാലിന്മേൽ തളയിട്ടു തുള്ളുന്ന തിരയും കാവടിയാടുന്ന കാറ്റും അവളുടെ ഭാവനയിൽ നിവരുന്നു. ഗൃഹാതുരത്വം ഉണർത്തുന്ന അനേകം ചിത്രങ്ങൾ ഭാസ്കരന്റെ പാട്ടുകളിലുണ്ട്. കരിമുകിൽക്കാട്ടിലെ രജനിതൻ വീട്ടിലെ കനകാമ്പരങ്ങൾ വാടിയപ്പോൾ യാത്രയായ കടത്തുവള്ളത്തെ നോക്കി വേദനിച്ചു പാടുന്ന കാമുകഹൃദയമാണ് *കള്ളിച്ചെല്ലമ്മ* എന്ന സിനിമയിലെ പ്രശസ്തമായ ഗാനത്തിൽ ഉള്ളത്.

കരിമുകിൽ കാട്ടിലെ
രജനിതൻ വീട്ടിലെ
കനകാംബരങ്ങൾ വാടി
കടത്തുവള്ളം യാത്രയായി
കരയിൽ നീ മാത്രമായി (കള്ളിച്ചെല്ലമ്മ)

ഋതുഭേദം ആകാശത്ത് സൃഷ്ടിക്കുന്ന മാറ്റങ്ങളെ പ്രണയനൊമ്പരങ്ങളിലേക്ക് ആവാഹിക്കാൻ പി. ഭാസ്ക്കരന് അസാധാരണമായ പാടവമുണ്ട്.

മാനത്തിൻ മുറ്റത്തു മഴവില്ലാലഴകെട്ടും
മധുമാസസന്ധ്യകളേ...!
കാർമുകിലാടകൾ തോരയിടാൻ വരും
കാലത്തിൻ കന്യകളേ...

*(കറുത്ത പൗർണ്ണമി)*

കാലത്തിന്റെ കന്യകമാരാണ് ഇവിടെ മധുമാസസന്ധ്യകൾ. മാനത്തിന്റെ മുറ്റത്ത് മഴവില്ലുകൊണ്ട് അവർ അഴകെട്ടുകയാണ്. അഴയിൽ കാർമേഘ ങ്ങളാകുന്ന വസ്ത്രങ്ങളെ കന്യകമാർ ഉണക്കാനിടുന്നു.

ഈറനുടുത്തുകൊണ്ടംബരം ചുറ്റുന്ന
ഹേമന്തരാവിലെ വെൺമുകിലേ
കണ്ണീരിൽ മുങ്ങിയൊരെൻ കൊച്ചുകിനാവുകൾ
എന്തിനീ ശ്രീകോവിൽ ചുറ്റീടുന്നു

*(ഇരുട്ടിന്റെ ആത്മാവ്)*

ഹേമന്തരാത്രിയിലെ വെൺമേഘം ആകാശത്തിൽ ഈറൻ ഉടുത്ത് പ്രദക്ഷിണം വെയ്ക്കുന്ന യുവതിയാണ്. താഴെ ഭൂമിയിൽ കണ്ണീരിൽ മുങ്ങിയ കിനാവുകളുമായി ഞാൻ എന്തിനാണ് ശ്രീകോവിൽ ചുറ്റുന്നത് എന്നാണ് നായികയെക്കൊണ്ട് കവി ചോദിപ്പിക്കുന്നത്. മനുഷ്യഹൃദയത്തിന്റെ വേദനകൾ അറിയാതെ ആകാശത്ത് ചിരിച്ചുകൊണ്ടിരിക്കുന്ന ചന്ദ്രനോട് ചോദിക്കുന്നു, ഭൂമിയിലെ മനുഷ്യരുടെ മൂടുപടമണിഞ്ഞ വികാരനാടകം കണ്ട് മടുത്തുപോയോയെന്ന്.

മണ്ണേറിഞ്ഞാൽ പൊന്നുവിളയും
മലയാളക്കരയിൽ
കല്യാണക്കിളി കാരോലക്കിളി
പൊന്നോണത്തിനു വന്നാട്ടേ...

*(തറവാട്ടമ്മ)*

കേരളത്തെക്കുറിച്ചുള്ള പി. ഭാസ്ക്കരന്റെ മറ്റൊരു ഗാനമാണിത്. കല്ല്യാണ ക്കിളിയും കാരോലക്കിളിയും പാണ്ടിനെല്ലും പുത്തരിയുമുള്ള കേരളത്തിന്റെ പൊന്നോണത്തിലേയ്ക്ക് ക്ഷണിക്കുകയാണ് ഈ പാട്ടിലൂടെ. മാവേലിവാണ നാട്ടിൽ മനുഷ്യർ എന്നും ഒന്നാകണമെന്ന സന്ദേശവും ഈ പാട്ട് നൽകുന്നുണ്ട്.

ആറാട്ടുകടവിങ്കൽ അരയ്ക്കൊപ്പം വെള്ളത്തിൽ
പേരാറ്റിൻ പുലർമങ്ക നീരാട്ടിനിറങ്ങി
ചെമ്പൊന്നിൻ ചെപ്പുകുടം കടവത്ത് കമിഴ്ത്തി
തമ്പുരാട്ടി കുളിനീരിൽ മുങ്ങാംകുഴിയിട്ടല്ലോ

*(വെങ്കലം)*

പി.ഭാസ്കരൻ അവസാനമായി എഴുതിയ ചലച്ചിത്രഗാനമാണിത്. പേരാറിനെ പുലർമങ്കയായി ആറാട്ടുകടവിൽ നീരാട്ടിന് ഇറക്കുകയാണ്.

''എങ്ങനെ......... നീ മറക്കും...കുയിലേ... എങ്ങിനെ
എങ്ങിനെ നീ മറക്കും കുയിലേ..
എങ്ങിനെ നീ മറക്കും?''

*(നീലക്കുയിൽ)*

പച്ചപാവാടയുടുത്ത കേരളത്തിലെ ഒരു നാട്ടിൻപുറം ഈ പാട്ടിൽ കാണാം. കിനാവിന്റെ മാമ്പൂതിന്ന് മേലോട്ട് പൊന്തുന്ന ഒരു നീലക്കുയിലിന്റെ വിഷാദമാണ് എഴുതപ്പെടുന്നത്. ഒരിക്കലും തീരാത്ത മോഹവും ശോകവും ആവിഷ്കരിക്കപ്പെടുന്ന ഈ ഗാനമാണ് മലയാളസിനിമയിലെ ആദ്യത്തെ കേരളീയസ്വത്വാവിഷ്കാരം. മണ്ണിന്റേത് ആയിരിക്കുമ്പോൾതന്നെ വിണ്ണിനെ എത്തിപ്പിടിക്കാൻ ഭാസ്കരന്റെ കല്പനകൾ കൈനീട്ടുന്നു. മണ്ണിന്റെ ഗന്ധവും വിണ്ണിന്റെ വെളിച്ചവും സമന്വയിപ്പിക്കാനുള്ള കൗതുകമാണ് ഭാസ്കരന്റെ ബിംബാവലിയുടെയും രൂപങ്ങളുടെയും കാതൽ.[2] പ്രകൃതിയെ വരയ്ക്കുമ്പോഴും എപ്പോഴും തന്റെ ഗാനങ്ങളിൽ മനുഷ്യനോടുള്ള പക്ഷപാതം നിലനിർത്താൻ അതീവജാഗ്രത പുലർത്തുന്നുണ്ട് പി. ഭാസ്കരൻ.

**കേരളീയപ്രകൃതി വയലാർ രാമവർമ്മയുടെ ഗാനങ്ങളിൽ**

പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരച്ചാമരം വീശുന്ന
ചന്ദനശീതളമണപ്പുറങ്ങൾ

*(നദി)*

[2] കെ. ജയകുമാർ, 'മാനവികതയുടെ ലാവണ്യശാസ്ത്രം', *പി. ഭാസ്കരൻ, സംഗീത സ്മൃതികൾ,* (ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008), പു. 136.

മിക്കവാറും കേരളത്തിലെ പ്രധാനപ്പെട്ട നദികളെയും കായലുകളെയും വയലാർ പാട്ടിൽ എഴുതിയിട്ടുണ്ട്. ഭൂമിയെ കവികൾ സാമാന്യേന സ്ത്രൈണ പ്രകൃതിയായിട്ടാണ് സങ്കല്പിക്കാറുള്ളത്. ആദികവിതൊട്ട് ഭൂമിയെ സ്ത്രീയാക്കി. സ്ത്രീ പുരുഷനു നൽകുന്ന ധനമാണ് സ്ത്രീധനം. ഇവിടെ അതിനെ തിരുത്തി ക്കൊണ്ട് വയലാർ ഭൂമിയാകുന്ന സ്ത്രീയ്ക്ക് ദൈവദത്തമായിക്കിട്ടിയ ധനം എന്ന അർത്ഥത്തിൽ പുഴകളെയും മലകളെയും പൂവനങ്ങളെയും മണപ്പുറങ്ങളെയും നോക്കിക്കാണുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന് കേരളം വിശേഷിപ്പിക്കപ്പെടു ന്നതിനു മുൻപുതന്നെ വയലാർ ഈ ഗാനത്തിൽ ഇങ്ങനെ എഴുതിയിരുന്നു.

''ഇവിടമാണിവിടമാണിതിഹാസരൂപിയാം
ഈശ്വരനിറങ്ങിയ തീരം''

കേരളത്തിലെ പ്രധാനനദിയായ പെരിയാറിനെ സംബോധന ചെയ്തു കൊണ്ടു തുടങ്ങുന്ന ഒരു പാട്ടുണ്ട്.

പെരിയാറേ, പെരിയാറേ,
പർവ്വതനിരയുടെ പനിനീരേ
കുളിരുംകൊണ്ടു കുണുങ്ങി നടക്കും
മലയാളിപ്പെണ്ണാണു നീ - ഒരു
മലയാളിപ്പെണ്ണാണു നീ

*(ഭാര്യ)*

നഗരം കാണാത്ത ഒരു നാടൻ മലയാളിപ്പെണ്ണായിട്ടാണ് പെരിയാറിനെ സങ്കല്പിക്കുന്നത്. പൊന്നലകൾ ഞൊറിഞ്ഞുടുത്ത് ഒരുങ്ങുന്ന ഒരു നവ വധുവിന്റെ പ്രൗഢി പെരിയാറിന് നൽകുന്നു.

കൈതപ്പുഴക്കായലിലെ

കാറ്റിന്റെ കൈകളിലെ

കളിചിരി മാറാത്ത കന്നിയോളമേ

കാണാക്കുടം നിറയെ കക്കയോ

കവിതയോ കറുത്തപൊന്നോ...

*(ത്രിവേണി)*

കൈതപ്പുഴക്കായലിലെ കാണാക്കുടത്തിൽ നിറഞ്ഞ കറുത്തപൊന്നുപോലുള്ള കക്കയെക്കുറിച്ച് വയലാർ എഴുതുന്നു. വെള്ളിയുദിക്കുമ്പോൾ വെള്ളാരംകല്പട വിലെ വെള്ളോട്ടിനുരുളിയിൽ ഒരു പൂക്കണിതന്നെ ഒരുങ്ങുന്നു.

അഷ്ടമുടിക്കായലിലെ

അന്നനടത്തോണിയിലെ

ചിന്നക്കിളി ചിങ്കാരക്കിളി -

ചൊല്ലുമോ

എന്നെ നിനക്കിഷ്ടമാണോ

*(മണവാട്ടി)*

വയലാർ മലനാടിനെക്കുറിച്ച് പറയുന്നതിങ്ങനെയാണ് -

പണ്ടുപണ്ടൊരു പെരുമാള് വന്നു

പങ്കുവെച്ചൊരു മലനാട്

വിണ്ടുകീറിയ കരളിന്നിഴകൾ

വീണ്ടുമിണക്കിയ മലനാട്

തൊണ്ടടിക്കും കൈകളുയർത്തിയ

തോരണമണിയും മലനാട്

ആ മലനാടിൻ മലർമുറ്റത്തൊരു

പൂവിളികേട്ടോ പെണ്ണാളേ

*(അവരുണരുന്നു)*

ചരിത്രപുരുഷനായ പഴശ്ശിരാജയ്ക്കുവേണ്ടി പാട്ടെഴുതുമ്പോൾ വയനാടിനെക്കുറിച്ച് പാടുന്നു.

വില്ലാളികളെ വളർത്തിയ നാട്
വയനാട്, വയനാട്
വെന്നിക്കൊടികൾ ഉയർത്തിയനാട്
വയനാട്, വയനാട്
പുത്തൻകലവും പൊന്നരിവാളും
പൊട്ടിച്ചിരിക്കുന്ന വയനാട്
മുത്തണിവില്ലിൻ
വെള്ളിക്കൊലുസ്സുകൾ
മുത്തം വെയ്ക്കണ വയനാട് (പഴശ്ശിരാജ)

കുരുമുളകിന്റെ പവിഴക്കിങ്ങിണിചാർത്തിയ വയനാടൻ പുലരികളെയും പുഷ്പ കിരീടം കെട്ടിയ മലകളെയും ഈ പാട്ടിൽ വർണ്ണിക്കുന്നുണ്ട്.

സന്ധ്യമയങ്ങുംനേരം
ഗ്രാമച്ചന്ത പിരിയുന്നേരം
ബന്ധുരേ - രാഗബന്ധുരേ...നീ-
യെന്തിനീ വഴി വന്നു
എനിക്കെന്തു നൽകുവാൻ വന്നൂ

ഗ്രാമവർണ്ണനയോടെ സഖിയെ വരവേൽക്കുകയാണ് ഈ പാട്ട്. കായലും കടത്തുതോണിയും താറാവും നിറഞ്ഞ ഒരു കുട്ടനാടൻ ഗ്രാമചിത്രമാണ് ഇതിലുള്ളത്. പഴയ നാടൻപാട്ടിന്റെ രൂപത്തിൽ കുട്ടനാടൻപെണ്ണിനെ സംബോധന ചെയ്യുന്ന മറ്റൊരു പാട്ടുണ്ട്.

കുട്ടനാടൻ പുഞ്ചയിലെ
കൊച്ചുപെണ്ണേ കുയിലാളെ

കൊട്ടുവേണം കുഴൽവേണം

കുരവവേണം

*(കാവാലം ചുണ്ടൻ)*

പഴയ നാടൻപാട്ടിനെ മിനുക്കിയെടുത്ത് പുതിയൊരു മേഘരൂപത്തെ വയലാർ സൃഷ്ടിക്കുകയുണ്ടായി.

''കറുത്തപെണ്ണേ, കരിങ്കുഴലീ,

നിനക്കൊരുത്തൻ കിഴക്കുദിച്ചു'' *(അന്ന)*

മാനം നിറഞ്ഞ മഴക്കാറും കിഴക്കുദിച്ച സൂര്യനും കായലും നിറഞ്ഞ ഒരു പ്രകൃതി ഈ പാട്ടിൽ കാണാം.

ആയിരം പാദസരങ്ങൾ കിലുങ്ങി

ആലുവാപ്പുഴ പിന്നെയുമൊഴുകീ

ആരും കാണാതെ ഓളവും തീരവും

ആലിംഗനങ്ങളിൽ മുഴുകീ. (നദി)

നദിയുടെ നെഞ്ചിൽ വിടരുന്ന നീർകുമിളകളിൽ വേർപെടുന്ന വേദനയാണോ വേരറിടുന്ന നിർവൃതിയാണോ എന്നാണ് രചയിതാവ് ചോദിക്കുന്നത്. പ്രകൃതിയും മനുഷ്യഹൃദയവും ബന്ധിപ്പിക്കപ്പെടുന്നുണ്ട് ഇത്തരം പാട്ടുകളിൽ.

തൃക്കാക്കര പൂപോരാഞ്ഞ്

തിരുനക്കര പൂപോരാഞ്ഞ്

തിരുമാന്ധാംകുന്നിലെത്തിയ

തെക്കൻക്കാറേറ

നിന്റെയോമൽ പൂപ്പാലിക

ഞാനൊന്നു കണ്ടോട്ടെ

*(ലൈൻബസ്)*

തിരുമാന്ധാംകുന്ന് മലപ്പുറം ജില്ലയിലെ ഒരു പ്രധാന ക്ഷേത്രമാണ്. താലി മുല്ലയും ചെന്താമരയും പാരിജാതവും നിശാഗന്ധിയും രാജമല്ലിയും നെയ്ത ലാമ്പലും വനജ്യോത്സനയുമെല്ലാം ഈ പാട്ടിൽ കടന്നുവരുന്നു. പാട്ടിൽ തീർത്ത ഒരു പൂക്കളമാണിത്. വയലാറിന് പ്രകൃതി പതിനേഴുതികയാത്ത ഒരു യുവതിയാണ്. അങ്ങനെ ഒരു പാട്ട് തുടങ്ങുന്നു.

പ്രകൃതി....പ്രകൃതീ
പതിനേഴ് തികയാത്ത യുവതീ
കാണികൾക്ക് നീ രൂപവതി - പ്രിയ
കാമുകർക്കു നീ പ്രേമവതി. (ബ്രഹ്മചാരി)

സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ
സ്വപ്നം വിടരും ഗ്രാമം
പ്രേമവതിയാമെൻ പ്രിയകാമുകി
താമസിക്കും ഗ്രാമം *(ദത്തുപുത്രൻ)*

പ്രേമവതിയായ പ്രിയകാമുകി താമസിക്കുന്നതുകൊണ്ടുമാത്രമല്ല ഗ്രാമം സ്വർഗ്ഗത്തേക്കാൾ സുന്ദരമാകുന്നത്. അവിടെ പുഴക്കടവും പൂങ്കാറ്റും പൊൻ വെയിലും പൂക്കൈതയുമെല്ലാമുണ്ട്.

പുഷ്പഗന്ധീ, സ്വപ്നഗന്ധീ പ്രകൃതീ നിന്റെ
പച്ചിലമേടയിലന്തിയുറങ്ങാനെന്തുസുഖം
കാമദേവൻ പൂനുള്ളാതൊരു താഴ്‌വരയിൽ
പ്രിയകാമുകനോടൊത്തു താമസിക്കാനെന്തു സുഖം
*(അഴകുള്ള സെലീന)*

പീരുമേടിന്റെ നീലിമ നിവർത്തിയ പുൽപ്പായയെ വർണ്ണിക്കുകയാണ് ഈ പാട്ട്. ധനുമാസം ഭൂമികന്യകയ്ക്ക് യൗവനം നൽകി എന്നാണ് പറയുന്നത്.

ഭാരതപ്പുഴയിലെ ഓളങ്ങളോട് പഴയ ഒരു പ്രേമകഥ ഓർമ്മയില്ലേ എന്നു ചോദിക്കുന്നുണ്ട് ഒരു പാട്ടിൽ

ഭാരതപ്പുഴയിലെ

ഓളങ്ങളേ....ഓളങ്ങളേ

പഴയൊരു പ്രേമകഥ ഓർമ്മയില്ലെ...

ഓർമ്മയില്ലെ...

ഭാരതപ്പുഴയിലെ

ഓളങ്ങളേ...ഓളങ്ങളേ...

*(കലക്ടർ മാലതി)*

ചന്ദ്രകളഭം ചാർത്തിയുറങ്ങുന്ന തീരമായും ഇന്ദ്രധനുസ്സിൻ തൂവൽ കൊഴിയുന്ന തീരമായും വയലാർ അവതരിപ്പിച്ച ഈ മനോഹരതീരം പ്രകൃതി സൗഭാഗ്യവും ലാവണ്യവും വഴിഞ്ഞൊഴുകുന്ന കേരളംതന്നെ. ഇവിടെ ഒരു ജന്മംകൂടി തരുമോയെന്നാണ് കവി അഭ്യർത്ഥിക്കുന്നത്.

കാമുക ഹൃദയങ്ങളും ഗന്ധർവ്വഗീതങ്ങളും സന്ധ്യകളും ചന്ദ്രികയും നിറഞ്ഞ് അങ്ങേയറ്റം കാല്പനികവും സ്വപ്നാത്മകവുമാണ് വയലാറിന്റെ പ്രകൃതി. അതേസമയം അലൗകികവുമാണത്. കാളിദാസൻ ഭാവന ചെയ്ത പ്രകൃതിയോടാണ് വയലാറിന്റെ പ്രകൃതിയും അടുത്ത് നിൽക്കുന്നത്.

ഉജ്ജയിനിയിലെ ഗായിക

ഉർവ്വശിയെന്നൊരു മാളവിക

ശിൽപ്പികൾ തീർത്തൊരു കാളിദാസന്റെ

കൽപ്രതിമയിൽ മാലയിട്ടു

*(കടൽപ്പാലം)*

ഈ ഹാരാർപ്പണം കാളിദാസന് വയലാർ നൽകുന്നതാണ്. പ്രകൃതിയോടും സ്ത്രീയോടുമുള്ള അനുഭാവം പ്രത്യക്ഷത്തിൽ തന്നെ വയലാർ തന്റെ ഗാനങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്.

സുപ്രഭാതം....സുപ്രഭാതം..
നീലഗിരിയുടെ സഖികളേ
ജ്വാലാമുഖികളേ...
ജ്യോതിർമയിയാമുഷസ്സിനു
വെള്ളിച്ചാമരം വീശും മേഘങ്ങളേ
സുപ്രഭാതം..സുപ്രഭാതം..

*(പണിതീരാത്തവീട്)*

പ്രകൃതിയെ നമിക്കുകയാണ് വയലാർ ഈ പാട്ടിൽ. വസന്തവും ശിശിരവും കളിക്കാനിറങ്ങുന്ന വനസരോവരം എന്ന് പാട്ടിലൊരിടത്ത് വിശേഷിപ്പിച്ചിരിക്കുന്നു. മനുഷ്യനും പ്രകൃതിയും പ്രപഞ്ചവും ഇതിൽ ഒന്നിക്കുന്നു. 'പ്രകൃതിയുടെ പ്രകാശധോരണിക്കു മുന്നിൽ നമിക്കുന്ന കൃതജ്ഞതാനിർഭരമായ മനുഷ്യമനസ്സിൽനിന്ന് ഉദ്ഗമിക്കുന്ന അഭിവാദനശബ്ദമാണ് ആ സുപ്രഭാതം' എന്ന് കെ. ജയകുമാർ നിരീക്ഷിക്കുന്നു.[3]

'ഗാനങ്ങളിൽ കേരളീയത സന്നിഹിതമാകുന്നതിന് നദികളെക്കുറിച്ചുള്ള വ്യാപകമായ പരാമർശങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. അവിടെ പേരാറും, പെരിയാറും ഭാരതപ്പുഴയും മാനന്തവാടിപ്പുഴയും കൈതപ്പുഴയും ഒഴുകുന്നുണ്ട്. പമ്പയാറും പല്ലനയാറും പള്ളാതുരുത്തിയാറും കിള്ളിയാറും മണിമലയാറുമുണ്ട്.'[4]

പെരിയാറേ പെരിയാറേ, അഷ്ടമുടിക്കായലിലെ, ആയിരം പാദസരങ്ങൾ കിലുങ്ങി ആലുവാപ്പുഴ പിന്നെയുമൊഴുകി, പൂന്തേനരുവീ പൊൻമുടിപുഴയുടെ അനുജത്തീ തുടങ്ങി പുഴയോട് ബന്ധപ്പെട്ട് ധാരാളം പാട്ടുകൾ വയലാർ

[3] കെ. ജയകുമാർ, *പ്രിയപ്പെട്ട പാട്ടുകൾ* (മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014). പു. 39.

[4] കെ. ജയകുമാർ, *വയലാർ ഗാനരചനയിലെ ഗാന്ധർവ്വം,* പു. 85.

എഴുതിയിട്ടുണ്ട്. പ്രകൃതി ഈ പാട്ടുകളിൽ ജൈവസാന്നിദ്ധ്യമാകുകയാണ്. മാനുഷികവികാരങ്ങളും ജീവിതപരിണാമങ്ങളും പുഴയിലും കാറ്റിലും ഋതു ഭേദങ്ങളിലുമെല്ലാം ആരോപിതമാകുകയാണ്.

**കേരളീയ പ്രകൃതി ഒ.എൻ.വി. കുറുപ്പിന്റെ ഗാനങ്ങളിൽ**

പൂവ്, കിളി, നിലാവ്, രാത്രി, കടൽ, പുലരി, സന്ധ്യ, മഴ ഗാനം, തുമ്പി, തെന്നൽ എന്നിവ ചേർന്ന ഒരു ഭൂപ്രകൃതിയാണ് ഒ.എൻ.വി.യുടെ കവിതകളിലും ഗാനങ്ങളിലും ഉള്ളത്. ഗാനങ്ങളിൽ ആവർത്തിച്ചുവരുന്ന ആകാശം സൂര്യചന്ദ്ര നക്ഷത്രങ്ങളാൽ നിബിഢമാണ്. വിഷാദത്തിന്റെ നേർത്ത സ്പർശം ഒ.എൻ.വി. യുടെ പ്രകൃതി ഏറ്റുവാങ്ങിയിട്ടുണ്ട്.

''കല്ലോലിനീ....വനകല്ലോലിനി, നിൻ
തീരത്തു വിടരും ദുഃഖപുഷ്പങ്ങളെ
താരാട്ടു പാടി ഉറക്കൂ...''

*(നീലക്കണ്ണുകൾ)*

ദുഃഖമയമായ ഈ പ്രകൃതിയിൽ ശ്യാമസുന്ദരപുഷ്പങ്ങൾ നിറഞ്ഞു നിൽക്കുന്നു. നീലവിശാലതയെ തൊടാൻവേണ്ടി പച്ചത്താലങ്ങൾ ഉയർത്തി നിൽക്കുകയാണ് തീരഭൂമി. പൂത്തളിക ഒഴിഞ്ഞ് പുകയുന്ന ബാഷ്പബിന്ദുവുമായി ഈ വനകല്ലോലിനിയെ നമുക്ക് കാണിച്ച് തരുന്നു.

സന്ധ്യേ!
കണ്ണീരിതെന്തേ സന്ധ്യേ
സ്നേഹമയീ! കേഴുകയാണോ നീയും?
നിൻമുഖം പോൽ, നൊമ്പരം പോൽ
നില്പൂ രജനീഗന്ധീ!

*(മദനോത്സവം)*

വിഷാദാർദ്രമായ ഈ സന്ധ്യയിലേക്ക് പ്രണയശോകകഥകൾ എത്തിച്ചേരുകയാണ്.

''നീരാടുവാൻ - നിളയിൽ

നീരാടുവാൻ

നീയെന്തേ വൈകി വന്നു പൂന്തിങ്കളേ!''

*(നഖക്ഷതങ്ങൾ)*

വള്ളുവനാടിന്റെ പശ്ചാത്തലത്തിൽപറഞ്ഞ ഒരു പ്രണയകഥയ്ക്കു വേണ്ടിയാണ് ഈ ഗാനം. നിളയും മണൽതിട്ടും പൂക്കൈതയും, ആറ്റുവഞ്ചിയും ആതിരക്കുളിരും ആലിൻകൊമ്പത്തെ ഗന്ധർവ്വനുമെല്ലാം പാട്ടിൽ നിറഞ്ഞ് ആ വള്ളുവനാടൻ പ്രകൃതിയ്ക്ക് അലങ്കാരമാവുന്നു. ചന്ദ്രോദയമാണ് ഇവിടെ ദൃശ്യം. ഗാനബിംബങ്ങൾക്കെല്ലാം മനുഷ്യഭാവം ലഭിക്കുന്നു.

കളകളം കായലോളങ്ങൾ

പാടും കഥകൾ - ഒരു

മുത്തുപോലാ പെൺകിടാവിൻ

കത്തും നൊമ്പരപ്പൂക്കളായ് - നറും

തെച്ചിപ്പൂക്കളായ് കണ്ണുനീർ

വാർക്കും കഥകൾ

*(ഈ ഗാനം മറക്കുമോ)*

കളകളം കായലോളങ്ങൾ കഥകൾ പാടുന്ന കുട്ടനാടിനെ പെൺകിടാവായി സങ്കല്പിക്കുകയാണ് ഈ പാട്ടിൽ. അവളുടെ നൊമ്പരമാണ് പൂക്കളായ് വിടരുന്നത്.

തുമ്പീവാ തുമ്പക്കുടത്തിൽ

തുഞ്ചത്തായ്

ഊഞ്ഞാലിടാം

ആകാശപ്പൊന്നാലിന്നിലകളെ

ആയത്തിൽ തൊട്ടേവരാം

*(ഓളങ്ങൾ)*

ഗന്ധർവ്വൻ പാടുന്ന മതിലകത്തേക്ക്, മന്ദാരം പൂവിട്ട തണലിലേക്ക്, കൽക്കണ്ടക്കുന്നിന്റെ മുകളിലേക്ക് ആണ് തുമ്പിയെ ക്ഷണിക്കുന്നത്.

ഒരുവട്ടം കൂടിയെന്നോർമ്മകൾ മേയുന്ന

തിരുമുറ്റത്തെത്തുവാൻ മോഹം

തിരുമുറ്റത്തൊരു കോണിൽ നില്ക്കുന്നൊരാനെല്ലി

മരമൊന്നുലുത്തുവാൻ മോഹം!

*(ചില്ല്)*

ഗൃഹാതുരത ഉണർത്തുന്ന ഒരു കാലത്തിലേക്കും പ്രകൃതിയിലേക്കുമാണ് ഈ പാട്ട് നമ്മെ വിളിക്കുന്നത്. പുഴയും മരങ്ങളും പക്ഷികളും കുയിൽപാട്ടും ഓർമ്മകളിൽനിന്ന് വിളിയ്ക്കുകയാണ്.

ഓണപ്പൂവേ, പൂവേ പൂവേ

ഓമൽപ്പൂവേ - പൂവേ - പൂവേ

നീ തേടും മനോഹരതീരം - ദൂരെ

മാടിവിളിപ്പൂ ഇതാ - ഇതാ

*(ഈ ഗാനം മറക്കുമോ)*

ഈ മനോഹരതീരത്തെ പാടി സ്തുതിക്കുന്ന ഈ ഗാനത്തിൽ വില്ലും വീണയും പൊൻതുടിയും പുള്ളുവപ്പെണ്ണിന്റെ മൺകുടവുമെല്ലാം കടന്നു വരുന്നു. നേർത്ത സ്മൃതിധാരകളിലൂടെ നമ്മെ ഒഴുക്കിക്കൊണ്ടുപോവുകയാണ് ഇത്തരം ഗാനങ്ങളെന്ന് പ്രഭാവർമ്മ പറയുന്നു. 'വൈകാരികാംശത്തിൽ ഊന്നുന്ന ഇത്തരം

ഒരു മാറ്റം ഗാനരംഗത്ത് സാധിച്ചു എന്നതാണ് ഒ.എൻ.വിയുടെ ഏറ്റവും വലിയനേട്ട'മെന്നും പ്രഭാവർമ്മ കൂട്ടിച്ചേർക്കുന്നു.[5]

പുഴയോരഴകുള്ളപെണ്ണ് - ആലുവാ-

പ്പുഴയോരഴകുള്ളപെണ്ണ്

കല്ലും മാലയും മാറിൽ ചാർത്തി

ചെല്ലക്കൊലുസിട്ട പെണ്ണ്

*(എന്റെ നന്ദിനിക്കുട്ടി)*

സ്ത്രീയെയും പ്രകൃതിയെയും സമന്വയിപ്പിച്ചിരിക്കുകയാണ് ഈ പാട്ടിൽ.

സാഗരങ്ങളെ പാടിയുണർത്തിയ

സാമഗീതമേ! സാമസംഗീതമേ!

സാഗരങ്ങളെ പാടിപ്പാടിയുണർത്തിയ

സാമഗീതമേ! സാമസംഗീതമേ!

*(പഞ്ചാഗ്നി)*

സമഗ്രമായ ഒരു പ്രകൃതിചിത്രമാണ് ഈ പാട്ടിലുള്ളത്. പിൻനിലാവിന്റെ പിച്ചകപൂക്കൾ ചിതറിക്കിടക്കുന്ന ഒരു ശയ്യാതലം ഇതിൽ വിരിച്ചിട്ടിരിക്കുന്നു. കന്നിമണ്ണിന്റെ ഗന്ധവും മദിച്ചു പാടുന്ന തെന്നലും നദിയും ഇവിടെ കാണാം. ആരെയും ഭാവഗായകനാക്കുന്ന ആത്മസൗന്ദര്യമാണ് ഒ.എൻ.വി. ബധിരയും മൂകയും സുന്ദരിയുമായ ചിത്രകാരിയ്ക്ക് നൽകുന്നത്. അവൾക്കുമുന്നിൽ നക്ഷത്രകന്യകൾ തൊഴുതുനിൽക്കും. ആകാശം വാഴ്ത്തിപ്പാടും. പ്രപഞ്ച ഹൃദയവീണയിൽ ആകെ ആ പ്രകീർത്തനം നിറയും. ചിത്രവർണ്ണങ്ങൾ നൃത്തമാടുന്ന മനസ്സാണ് അവളുടേത്. അവിടെ ഞങ്ങൾ കേൾക്കാത്ത പാട്ടിലെ സ്വരവർണ്ണരാജികളില്ലയോ എന്ന് ചോദിക്കുന്നു.

[5] പ്രഭാവർമ്മ, 'അവതാരിക', *മാണിക്യവീണ,* പു. 26, 27.

ആരെയും ഭാവഗായകനാക്കും
ആത്മസൗന്ദര്യമാണു നീ
നമ്രശീർഷരായ് നില്പൂ നിൻമുന്നിൽ
കമ്രനക്ഷത്രകന്യകൾ

*(നഖക്ഷതങ്ങൾ)*

പുലരികൾ, സന്ധ്യകൾ
പുളകിതരാവുകൾ
പൂവിട്ടു പുകഴ്പാടുന്നു
ആടിത്തിമർത്തു നീരാഴികൾ മൂന്നുമൊ-
രാനന്ദമൂർച്ഛയിലാവുന്നു

*(നീയെത്ര ധന്യ)*

ഒ.എൻ.വി. ഭാവനചെയ്യുന്ന പ്രകൃതിയിലെ മിക്കവാറും ബിംബങ്ങൾ ഈ പാട്ടിൽ സമ്മേളിച്ചിട്ടുണ്ട്. പുലരികളും സന്ധ്യകളും രാവുകളും പൂവിട്ടു പാടുന്ന ഈ ഭൂമിയെ സ്നേഹിച്ച ദേവാംഗന പൂവിന്റെ ജന്മം കൊതിച്ചത് മറ്റൊരു പാട്ടിൽ എഴുതുന്നുണ്ട്.

ഭൂമിയെ സ്നേഹിച്ച ദേവാംഗനയൊരു
പൂവിന്റെ ജന്മം കൊതിച്ചു
ഒരുവരുമറിയാതെ വന്നൂ! മണ്ണിൽ
ഒരു നിശാന്ധിയായ് കൺതുറന്നൂ..

*(നീയെത്ര ധന്യ)*

'ഒ.എൻ.വിയുടെ പാട്ടുകളിൽ പ്രകൃതിയിലെ സകലചരാചരങ്ങളും പാടുകയും ഏറ്റുപാടുകയും ചെയ്യുന്നു. മനുഷ്യബന്ധങ്ങളിലെ സ്നേഹസംഗീതത്തെ പാട്ടിൽ നിറച്ചുവെയ്ക്കാൻ ചില സംയോജകപ്രയോഗങ്ങൾ പ്രകൃതിയിൽനിന്ന് കവി

നേരിട്ട് കടമെടുക്കുന്നു. ഇതിൽ പ്രധാനം പൂവും തെന്നലുമാണെ'ന്ന് എം.ഡി. മനോജ് പറയുന്നു.[6]

നിറങ്ങളുടെ നൃത്തം പ്രകൃതിയിൽ കാണുന്ന ചിത്രകാരനായും നദികളുടെയും പക്ഷികളുടെയും സസ്യജാലങ്ങളുടെയും സംഗീതം കാതോർക്കുന്ന പാട്ടുകാരനായും ഗാനങ്ങളിൽ ഒ.എൻ.വി. മാറുന്നു. ദൃശ്യബിംബങ്ങളെക്കാൾ ശ്രവ്യബിംബകൾ സമൃദ്ധമാവുന്ന ഗാനലോകമാണത്. അതുകൊണ്ട് തന്നെ കവിത പാടുന്ന കിളികളും കനകമണികൾ ഉതിരുന്ന കതിരുകളും അഴകുള്ള പെണ്ണിനെ പോലുള്ള പുഴയുടെ കളകളവും ആ പാട്ടുകൾക്കും വ്യത്യസ്തമായ നാദാത്മകത നൽകുന്നു.

നിറങ്ങൾ തൻ നൃത്തം
ഒഴിഞ്ഞൊരീ മണ്ണിൽ
മറഞ്ഞ സന്ധ്യകൾ
പുനർജ്ജനിക്കുമോ മറഞ്ഞ
പക്ഷികൾ ഇനിയുമെത്തുമോ

*(പരസ്പരം)*

കാൽപ്പനിക വഴികളിലൂടെ ഭാവനയുടെ ധൂർത്തില്ലാതെ അദ്ധ്യാപകോചിതമായ മാന്യത സ്വീകരിച്ച് സഞ്ചരിക്കുന്ന കവിയാണ് 'തന്റെ ഗാനങ്ങളിൽ ഒ.എൻ.വി. പ്രകൃതിയെയും ലോകത്തെയും ഒറ്റയ്ക്ക് അനുഭവിക്കുന്നവന്റെ ഭാവഗീതത്വമാണിത്' എന്ന് പ്രദീപൻ പാമ്പിരിക്കുന്ന് പറയുന്നു.[7]

ജീവിതഭാവങ്ങൾ മുഴുവൻ പ്രതിഫലിക്കുന്ന നിറങ്ങളുടെ ഒരു ചിത്രശാലയായിട്ടാണ് ഒ.എൻ.വി.യുടെ ഗാനങ്ങളിൽ പ്രകൃതി കടന്നുവരുന്നത്.

---

[6] എം.ഡി.മനോജ്, *ആരോ മധുരമായ് പാടിവിളിക്കുന്നു* (ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017), പു. 23.

[7] പ്രദീപൻ പാമ്പിരിക്കുന്ന്, 'ചലച്ചിത്രഗാനവും സാഹിത്യസംസ്കാരവും', *ചലച്ചിത്രഗാന പഠനങ്ങൾ (സാഹിതി, സംസ്കൃതസർവകലാശാല, പയ്യന്നൂർ, 2011), പു.33*

ചൈത്രം ചായം ചാലിച്ചൂ - നിൻ
ചിത്രം വരയ്ക്കുന്നൂ - നിൻ ചാരു
ചിത്രം വരയ്ക്കുന്നു.

(ചില്ല്)

കവിൾത്തട്ടിൽ പടർന്ന കുങ്കുമവർണ്ണത്തിന്റെ കാരണം അന്വേഷിക്കുന്ന കാമുകനാണ് പാട്ടിലുള്ളത്. മാതളപൂക്കളിൽ നിന്നാണോ മലർവാക തളിർത്തതിൽ നിന്നാണോ, തന്റെ കളിതത്തയുടെ പാടലമായ ചുണ്ടിൽ നിന്നാണോ എന്ന് ആരായുകയാണ്. കുളിർനെറ്റിയിലെ ചന്ദനവർണ്ണവും മിഴിപ്പൂവിലെ നീലവും മേനിയിലെ സൗവർണ്ണവുമെല്ലാം എവിടെനിന്ന് എന്ന് തിരയുന്നു. പോക്കുവെയിൽ പൊന്നുരുകി പുഴയിൽ വീഴുന്നതും (ചില്ല്) മഞ്ഞുതുള്ളിയുടെ കുഞ്ഞുകവിളിൽ നുള്ളുകുങ്കുമം ചാർത്തുന്ന ഉഷകന്യകയെ ക്ഷണിക്കുന്നതും (ലയം) സൂര്യതിലകം ചാർത്തി സുവർണ്ണമുഖിയായി പ്രഭാമയി പ്രതിശ്രുതവധുവായി വരുന്നതും (ലേഖയുടെ മരണം, ഒരു ഫ്ളാഷ് ബാക്ക്) പാട്ടുകളിൽ കാണാം. മാരിവില്ലിന്റെ നിറങ്ങൾ പ്രഭാതസന്ധ്യയുടെ കൂടെ വന്ന് നൂറ് പൂക്കളിൽ പോയി കുടിയിരുന്നു എന്നും (നീയെത്ര ധന്യ) വാതിൽപ്പഴുതിലൂടെൻ മുന്നിൽ കുങ്കുമം വാരിവിതറുന്ന ത്രിസന്ധ്യ പോകുമ്പോൾ ഇടനാഴിയിൽ നിന്റെ കളമധുരമായ കാലൊച്ച കേട്ടു എന്നും (ഇടനാഴിയിൽ ഒരു കാലൊച്ച) ഒ.എൻ.വി. എഴുതുന്നു.

ഒൻ.എൻ.വിയുടെ പ്രണയഗാനങ്ങളുടെ വാചികാവതരണം ശ്രോതാക്കളുടെ മനസ്സിൽ സുന്ദരചിത്രങ്ങൾ വിരിയിക്കുമെങ്കിലും അവ ദൃശ്യവൽക്കരിക്കുക എളുപ്പമല്ല എന്ന് സെബാസ്റ്റ്യൻ ജോസഫ് നിരീക്ഷിക്കുന്നുണ്ട്.[8]

---

[8] സെബാസ്റ്റ്യൻ ജോസഫ്, *മലയാളചലച്ചിത്രഗാനങ്ങൾ പാഠവും ആവിഷ്ക്കാരവും*, (ഗവേഷണകേന്ദ്രം, മലയാളവിഭാഗം, ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ, 2017), പു. 468

## അദ്ധ്യായം ആറ്

# ആചാരങ്ങളും ആഘോഷങ്ങളും ചലച്ചിത്രഗാനങ്ങളിൽ

കേരളീയാചാരങ്ങളും ആഘോഷങ്ങളും നമ്മുടെ നാടൻപാട്ടുകളിലും കവിതകളിലും എന്ന പോലെ ചലച്ചിത്രഗാനങ്ങളിലും സുലഭമായി കടന്നു വന്നിട്ടുണ്ട്. പി. ഭാസ്ക്കരൻ, ഒ.എൻ.വി, വയലാർ എന്നിവർക്കു പുറമേ അഭയദേവ്, ശ്രീകുമാരൻ തമ്പി, യൂസഫലി കേച്ചേരി തൊട്ട് ഏറ്റവും പുതിയ ഗാനരചയി താക്കൾവരെ വിവിധ ആഘോഷങ്ങളെ ചലച്ചിത്രഗാന വാങ്മയങ്ങളാക്കിയിട്ടുണ്ട്. ഓണം, വിഷു, തിരുവാതിര, ക്രിസ്തുമസ്സ്, റമസാൻ, ദീപാവലി, ഓശാന പെരുന്നാൾ തുടങ്ങിയ ആഘോഷങ്ങൾ തൊട്ട് വിവാഹം തിരണ്ടുകല്ല്യാണം, ഗൃഹപ്രവേശം, കുറിക്കല്ല്യാണം, നോമ്പ് നോൽക്കൽ, എഴുത്തിനിരുത്ത്, മാമോദീസ തുടങ്ങി വിവിധ മതസമുദായങ്ങൾ ആചരിക്കുന്ന വ്യത്യസ്ത ചടങ്ങുകൾക്ക് മലയാളഗാനങ്ങളിൽ തിരശ്ശീലയിലെ സന്ദർഭങ്ങൾക്ക് അനുസരിച്ച് ആവിഷ്ക്കാരം കിട്ടിയിട്ടുണ്ട്. ഏറ്റവും കൂടുതൽ ചലച്ചിത്രഗാനങ്ങളിൽ കടന്നുവന്ന ആഘോഷം ഓണമാണ്. ധാരാളം ഓണപ്പാട്ടുകൾ ഭാസ്കരനും വയലാറും ഒ.എൻ.വിയും സിനിമയ്ക്ക് വേണ്ടി എഴുതിയിട്ടുണ്ട്. ഇവർക്കു പുറമെ കൂടുതൽ ഓണപ്പാട്ടുകൾ എഴുതിയ ചലച്ചിത്രഗാനരചയിതാവ് ശ്രീകുമാരൻ തമ്പിയാണ്. സിനിമാഗാനങ്ങൾക്ക് തിരശ്ശീലയിൽനിന്ന് വേറിട്ട് ഒരു അസ്തിത്വമുണ്ട്. മനുഷ്യരുടെ ജീവിത സന്ദർഭങ്ങളിൽ ഇത്തരം ആഘോഷപ്പാട്ടുകൾ ഉപയോഗിക്കു മ്പോൾ തിരശ്ശീല യിലെ രംഗങ്ങൾ ഓർമ്മിക്കപ്പെടുന്നില്ല. ആഘോഷപ്പാട്ടുകൾ ആളുകൾക്ക് ആഘോഷിക്കാനുള്ളതു തന്നെയാണ്. ഒരേസമയം ശ്രവ്യവും ദൃശ്യാത്മകവുമാണ് ചലച്ചിത്രഗാനം.

**ആചാരങ്ങളും ആഘോഷങ്ങളും പി. ഭാസ്കരന്റെ ചലച്ചിത്രഗാനങ്ങളിൽ**

1952ൽ പുറത്തിറങ്ങിയ *അമ്മ* എന്ന ചിത്രത്തിനുവേണ്ടി പി. ഭാസ്ക്കരൻ എഴുതിയ ഗാനമാണ് മലയാളസിനിമയിലെ ആദ്യത്തെ ഓണപ്പാട്ട്.

പൊൻതിരുവോണം വരവായ് പൊൻതിരുവോണം
സുരസുന്ദരിയായ് വന്നണഞ്ഞു പൊൻതിരുവോണം
മാബലി തൻ മോഹനമാം പൊൻകൊടി പോലെ
ചാഞ്ചാടിടുന്നു പാടങ്ങളിൽ ചെങ്കതിർ പോലെ
മലയാളമിതിനുത്സവമാം പൊൻതിരുവോണം.

മാവേലി മന്നനെയും പൈങ്കിളിയെയും മുല്ലമലരിനെയും സ്വാഗതം ചെയ്തുകൊണ്ട് തിരുവോണത്തെ വരവേൽക്കുകയാണ് ഈ ഗാനം.

നാഴിയുരിപ്പാലുകൊണ്ട് നാടാകെ കല്ല്യാണം
നാലഞ്ചു തുമ്പകൊണ്ട് മാനത്തൊരു
പൊന്നോണം ഹാ
മാനത്തൊരു പൊന്നോണം

*(രാരിച്ചൻ എന്ന പൗരൻ)*

''നാലഞ്ചു തുമ്പകൊണ്ട് മാനത്തൊരു പൊന്നോണം'' എന്നെഴുതുമ്പോൾ നക്ഷത്രങ്ങൾ ഉള്ള ഒരാകാശം ദൃശ്യമാകുന്നു. 'നാഴിയൂരിപ്പാലുകൊണ്ട് നാടാകെ കല്യാണം' എന്നത് നിലാവിൽ കുളിച്ച ഒരു നാടിനെ കാണിച്ചുതരും. തിരുവോണവും വിവാഹാഘോഷവും ശബളിമയാർന്ന പ്രകൃതിചിത്രവും സമന്വയിക്കുകയാണ് ഈ പാട്ടിൽ. ഒരു ലോകജനതയുടെ സമഗ്രാനന്ദത്തെ ഈ പാട്ട് ചിത്രീകരിക്കുന്നു.

പാരിന്റെ മുറ്റത്തൊരു പൊൻമെത്തപ്പായ നിവർത്തി എന്നാണ് പാട്ട് അവസാനിക്കുന്നത്.

മഹാബലി വന്നാലും പുതു

മലർക്കളം കണ്ടാലും

നൃപസുദിനമിതിൽ തവപദം തന്നിൽ

സുരഭിലമാം പൂവുകൾ തൂകിടാം...

*(ഉമ്മിണിത്തങ്ക)*

കാവിയുടുത്ത് വ്രതം നോറ്റ് വാർമഴവില്ലിന്റെ കാവടിയുമേന്തി ഒരു പെൺസ്വരം ഓണത്തുമ്പിയോട് പുതുരാഗം മൂളാൻ പറയുന്ന ഒരു പാട്ടുണ്ട്.

ഓണത്തുമ്പീ - ഓണത്തുമ്പീ

ഓടിനടക്കും വീണക്കമ്പീ

നീരാടാൻ പൂങ്കുളമുണ്ടേ

നൃത്തമാടാൻ പൂക്കളമുണ്ടേ

*(മുടിയനായ പുത്രൻ)*

നോമ്പ് നോറ്റ് പളനിയിൽ പോവാൻ വ്രതമനുഷ്ഠിക്കുന്ന ആമ്പൽ പൂവിനെക്കുറിച്ച് ഓണത്തുമ്പിയോട് പറയുകയാണ് ഈ പാട്ടിൽ.

മാനത്തുള്ളൊരു വല്യമ്മാവന്

മതമില്ലാ ജാതിയുമില്ലാ

പൊന്നോണത്തിനു കോടിയുടുക്കും

പെരുന്നാളിന് തൊപ്പിയിടും

*(മൂടുപടം)*

മതവും ജാതിയുമില്ലാത്ത ആ വല്യമ്മാവൻ ഓണനിലാവ് പരന്നപ്പോൾ പാലടവെച്ചു വിളിച്ചു. വലിയ പെരുന്നാൾ വന്നപ്പോൾ പത്തിരിചുട്ടു വിളിച്ചു. മലയാളസിനിമയിൽ മതമൈത്രിയുടെ ആദ്യത്തെ സന്ദേശഗാനമായി ഇതിനെ കാണാം. ഒട്ടും പ്രകടനപരതയില്ലാതെ ഈ പാട്ട് ആവിഷ്ക്കരിക്കപ്പെടുന്നു.

കദളിവാഴക്കയ്യിലിരുന്ന്

കാക്കയിന്നു വിരുന്നു വിളിച്ചു

വിരുന്നുകാരാ വിരുന്നുകാരാ

വിരുന്നുകാരാ വന്നാട്ടെ......

*(ഉമ്മ)*

കാലങ്ങൾക്കു മുൻപുള്ള കേരളത്തിലെ മുസ്‌ലിം സമുദായത്തിലെ ഒരു പെൺകുട്ടി പെണ്ണുകാണൽച്ചടങ്ങിനെ അഭിമുഖീകരിക്കാൻ മനസ്സുകൊണ്ട് ഒരുങ്ങുന്ന പാട്ടാണിത്. കാക്ക വിളിച്ചു പറഞ്ഞാൽ വിരുന്നുകാരൻ എത്തുമെന്നത് പഴയകേരളീയവിശ്വാസമാണ്. ആചാരവും ആഘോഷവും ഒന്നിക്കുന്ന പാട്ടാണിത്. ഒരു യാഥാസ്ഥിതികമുസ്‌ലിം സമുദായത്തിലെ പെൺസ്വത്വത്തിന്റെ അടക്കിപ്പിടിച്ച സ്വപ്നങ്ങളും നൈരാശ്യങ്ങളും ഈ പാട്ടിലുണ്ട്. മാരനാണു വരുന്നതെങ്കിൽ മധുരപ്പത്തിരി വെയ്ക്കണം. സുന്ദരൻ ആണു വരുന്നതെങ്കിൽ സുറുമ എഴുതണം. വയസ്സനാണു വരുന്നതെങ്കിൽ അയലയും ചോറും മാത്രമല്ല ഇടയ്ക്കിടയ്ക്ക് വെറ്റില തിന്നാൻ കൊടുക്കുകയും വേണം. പെണ്ണുകാണാൻ വരുന്നവനു വെറ്റില കൊടുക്കുക ഒരു പഴയ കേരളീയാചാരമാണ്.

‘‘കണിയാനും വന്നില്ലാ കവിടി വാരിവെച്ചില്ലാ

കല്ല്യാണത്തിനു നാൾകുറിച്ചെടീ നെല്ലോലക്കുരുവീ?

എന്റെ കല്യാണത്തിനു നാൾ കുറിച്ചെടി നെല്ലോലക്കുരുവീ?’’

*(മുതലാളി)*

കണിയാൻ വരാതെ കവിടി വെയ്ക്കാതെ തന്റെ കല്ല്യാണത്തിനു നാൾകുറിച്ചത് നെല്ലോലക്കുരുവിയോട് പറയുകയാണ് ഒരു യുവതി. പെണ്ണു കാണാൻ കൂടെ വന്നത് വെണ്ണിലാവ് മാത്രമാണ്. കല്ല്യാണം നിശ്ചയിച്ചത് കണ്ണും കണ്ണും! മധുവിധുനാളിൽ അമ്പലത്തിൽ വേല കാണാൻ പോവാനും അന്തിതൊട്ട് പുലരുവോളം ആട്ടക്കഥകാണാനും അവൾ നിശ്ചയിച്ചുകഴിഞ്ഞു.

''വാകച്ചാർത്ത് കഴിഞ്ഞൊരു ദേവന്റെ
മോഹനമലർമേനി കണികാണേണം
കമനീയ മുഖപദ്മം കണികാണേണം.''

*(ഇരുട്ടിന്റെ ആത്മാവ്)*

ഗുരുവായൂർ അമ്പലത്തിൽ വിഷുക്കണി കാണാൻ ഒരുങ്ങുന്ന നായികയുടെ ഹൃദയമാണ് ഈ പാട്ടിൽ തുറന്നുവെയ്ക്കുന്നത്.

എല്ലാമെല്ലാമയ്യപ്പൻ
എല്ലാർക്കും പൊരുളയ്യപ്പൻ
കല്യാണാംഗൻ കാരുണ്യാകരൻ
അല്ലലൊഴിപ്പോനയ്യപ്പൻ

*(ശബരിമല ശ്രീ ധർമ്മശാസ്താവ്)*

അയ്യപ്പനെയും ശബരിമലദർശനത്തെയും വിസ്തരിച്ച പാട്ടാണിത്. ശബരിമലയിലെ ആചാരങ്ങളും വിശേഷങ്ങളും ഈ പാട്ടിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

ഉത്രട്ടാതിയിലുച്ചതിരിഞ്ഞപ്പോൾ
വട്ടക്കായലിൽ വള്ളംകളി
പുല്ലാനി വരമ്പത്തു കളികാണാൻ എന്റെ
കല്യാണച്ചെറുക്കനും ഞാനും പോയി

*(കാക്കത്തമ്പുരാട്ടി)*

വള്ളം കളികാണാൻ പോവുന്ന പുതുദമ്പതികളുടെ ചിത്രമാണിതിലുള്ളത്. അതിൽ കുമ്മിയടിയും  ഓണക്കളിയും വിദഗ്ദ്ധമായി സന്നിവേശിപ്പിച്ചിരിക്കുന്നു.

നാളികേരത്തിന്റെ നാട്ടിലെനിക്കൊരു നാഴിയിടങ്ങഴി മണ്ണുണ്ട് എന്നു തുടങ്ങുന്ന പാട്ടിൽ (തുറക്കാത്ത വാതിൽ) പി. ഭാസ്ക്കരൻ നോമ്പ് നോറ്റ്

കാത്തിരിക്കുന്ന ഒരു പെണ്ണിനെ ചിത്രീകരിക്കുന്നുണ്ട്. അവളുടെ ഓർമ്മയിൽ വലിയ പെരുന്നാളും പരസ്പരം മനസ്സു തുറന്ന പഴയൊരു രാത്രിയുമുണ്ട്.

മലയാളത്തിലെ ഏറ്റവും മികച്ച ഭക്തിഗാനങ്ങളിലൊന്ന് പി. ഭാസ്ക്കര ന്റേതാണ്. കൃഷ്ണനെ അടിമുടി വർണ്ണിക്കുന്ന ഈ ഗാനം എം.ടി. തിരക്കഥ എഴുതിയ *പകൽക്കിനാവ്* എന്ന ചിത്രത്തിലാണ്.

കേശാദിപാദം തൊഴുന്നേൻ - കേശവാ
കേശാദിപാദം തൊഴുന്നേൻ
പീലിച്ചുരുൾ മുടിയും
നീലത്തിരുവുടലും
ഫാലത്തൊടുകുറിയും
താണു തൊഴുന്നേൻ (പകൽക്കിനാവ്)

പാട്ടിൽ പറയുന്നതു പോലെ കേശാദിപാദം ഇങ്ങനെ കൃഷ്ണ വർണ്ണന നടത്തുന്ന മറ്റൊരു ചലച്ചിത്രഗാനമില്ല.

ഏറ്റുമാനൂരപ്പനെ സംബോധന ചെയ്യുന്ന ഒരു പാട്ടുണ്ട്.
''ഏറ്റുമാനൂരമ്പലത്തിൽ എഴുന്നെള്ളത്ത് മുന്നിൽ
കാത്തുനിന്ന പൂവമ്പന്റെ പള്ളിനായാട്ട്''
*(ഓപ്പോൾ)*

പുഷ്പാർച്ചനയുടെ തിരക്കിൽ ഏതോ പ്രേമസ്വപ്നത്തിൽ ലയിച്ചു പോയ നായിക ഏറ്റുമാനൂരപ്പനോട് അപരാധം പറയുകയാണ്. മണ്ണാർക്കാട് പൂരത്തെക്കുറിച്ച് ഭാസ്കരൻ പാട്ട് എഴുതിയിട്ടുണ്ട്. ആചാരവും ആഘോഷവും സമ്മേളിക്കുന്ന പാട്ടാണത്. പൂരക്കാഴ്ചകൾ ഒന്നാകെ സരളമായി പിടിച്ചെടു ക്കുന്നു.

''മാർകഴിയിൽ മല്ലിക പൂത്താൽ മണ്ണാർക്കാട് പൂരം
മണ്ണാർക്കാട് പൂരം
കാടിറങ്ങി നീയും ഞാൻ കാണാൻ പോകണപൂരം''

*(പൊന്നി)*

പഴയകേരളത്തിലെ മഞ്ചലേറിവരുന്ന തമ്പുരാന്റെ എഴുന്നള്ളത്ത് വർണ്ണിക്കുന്ന ഒരു ഗാനം *ഉമ്മിണിത്തങ്ക* എന്ന സിനിമയിൽ ഉണ്ട്. വേളിയുടെ ആചാരാഘോഷങ്ങൾ വിസ്തരിക്കുന്ന പാട്ടാണത്.

വേളിക്കുന്നിൽ പള്ളി മഞ്ചലു-
മൂളി വരുന്നത് കണ്ടില്ലേ
മഞ്ചലിലേറി നിന്നെക്കാണാൻ
മലരമ്പൻ വരുമല്ലോ - ഒരു
മലരമ്പൻ വരുമല്ലോ..

ഓണനിലാവിനെ ഗുരുവായൂർ അമ്പലത്തിലേക്ക് ക്ഷണിക്കുന്ന ഒരു ഭാവന ഭാസ്കരന്റെ പാട്ടിൽ കാണാം.

ഒരുനാളെൻ ഓണനിലാവേ,
ഗുരുവായൂർ പോരണം
മതിലകത്തു കാണണമെന്നെ
മണവാട്ടി വേഷത്തിൽ
പകൽ നേരമെങ്കിലും പാൽപുഞ്ചിരി തൂകണം

*(ദേവത)*

ഓണപ്പാട്ടുകൾ പിന്നെയുമുണ്ട്.

''അത്തം പത്തിന് പൊന്നോണം
പുത്തരി കൊയ്ത്തൊരു കല്യാണം''

*(പിഞ്ചുഹൃദയം)*

എന്നാണേ നിന്നാണേ ഏമൂരെത്തേവിയാണേ
പൊന്നോണ നിലാവൊരു കോടി നെയ്തു
നെയ്തെടുത്ത മുണ്ടിന് കാട്ടാറിൽ പൊന്തിയ
നെയ്യാമ്പൽ പൂവുകൊണ്ട് കസവും വെച്ചു,
നല്ല കസവു വെച്ചു

*(ഡോക്ടർ)*

കാത്കുത്തും, പാലൂട്ടും, കല്യാണവും, വരവേല്പും, പാവക്കൂത്തു മൊക്കെ ചിത്രങ്ങൾ പോലെ ചേർത്ത് ഭാസ്കരൻ അവസാനകാലത്ത് എഴുതിയ ഒരു ഗാനത്തിൽ ആകാശത്തിലെ രാത്രികാലത്തെ പുള്ളിപ്പുലികളും മായന്നൂർ കാവിലെ പാവക്കൂത്തും പെണ്ണിന്റെ രാത്രിയിലെ പൂത്തിരുവാതിരയു മെല്ലാം ആകർഷകമായി സന്നിവേശിപ്പിച്ചിരിക്കുന്നു.

''പത്തുവെളുപ്പിന് മുറ്റത്ത് നിക്കണ
കസ്തൂരി മുല്ലയ്ക്ക് കാത് കുത്ത്, എന്റെ
കസ്തൂരി മുല്ലയ്ക്ക് കാത് കുത്ത്''

*(വെങ്കലം)*

'മാമാങ്കം' എന്ന സിനിമയ്ക്ക് വേണ്ടി മാമാങ്കം എന്ന പഴയ വീര കേരളാഘോഷത്തെക്കുറിച്ചുതന്നെ ഭാസ്കരൻ പാട്ടെഴുതിയിട്ടുണ്ട്. ചുരുങ്ങിയ വാക്കുകളിൽ ആ മഹോത്സവത്തിന്റെ പൊലിമ കാണിച്ചു തരും.

മാമാങ്കം – മാമാങ്കം
മാമലനാട്ടിൻ മഹാമഹം
വീരകേരള വീരരചിതചരിതം
ചോരയിലെഴുതും മഹാമഹം

അനാഥാലയത്തിലെ അന്തേവാസികൾക്ക് പാടാൻവേണ്ടി ഒരു പ്രാർത്ഥനാ ഗാനമുണ്ട്.

''ലോകം മുഴുവൻ സുഖം പകരാനായ്
സ്നേഹദീപമേ മിഴിതുറക്കൂ...''
(സ്നേഹദീപമേ മിഴിതുറക്കൂ..)

ശ്രദ്ധേയമായ ഒരു ക്രിസ്തീയഗാനമിങ്ങനെ-

കന്യാമറിയമേ തായേ
ഞങ്ങൾക്കെന്നെന്നുമാശ്രയം നീയേ
വിണ്ണിൻ പൊന്നുണ്ണിയെ
മന്നിൽ വളർത്തിയ
ധന്യയാം മാതാവും നീയേ..

*(ലില്ലി)*

'അശോകവനത്തിലെ സീതമ്മ'യെന്ന് തുടങ്ങുന്ന പുള്ളുവൻപാട്ട്, 'വേട്ടയ്ക്ക് വേടന്റെ വേഷം പൂണ്ടു' എന്ന് തുടങ്ങുന്ന വേടൻപാട്ട്' (*കള്ളി ച്ചെല്ലമ്മ*) കൊടുങ്ങല്ലൂരമ്മയ്ക്ക് നിവേദിക്കപ്പെട്ട 'കൊടുങ്ങല്ലൂരമ്മേ'യെന്ന് തുടങ്ങുന്ന ഭക്തിഗാനം *(കൊടുങ്ങല്ലൂരമ്മ)* 'കായലരികത്ത് വലയെറിഞ്ഞപ്പോൾ' എന്ന പ്രശസ്തമായ മാപ്പിളപ്പാട്ട് *(നീലക്കുയിൽ)* 'പകലവനിന്നു മറയുമ്പോൾ' എന്നു തുടങ്ങുന്ന കാളവണ്ടിപ്പാട്ട് *(അസുരവിത്ത്)* തുടങ്ങിയവയെല്ലാം ആചാരങ്ങളും ആഘോഷവും നിറഞ്ഞതാണ്. കാടിറങ്ങി നാടുചുറ്റി നഗരം ചുറ്റി കുടക്മലയും കുന്നിമലയും താണ്ടി കുറ്റിയാടി മലയിൽ എത്തുന്ന കുറത്തിമാരുടെ പാട്ടുണ്ട്. വടക്കൻപാട്ടിനെ ആധാരമാക്കിയുള്ള *തച്ചോളി മരുമകൻ ചന്തു* എന്ന സിനിമയിൽ ലക്ഷണം പറയാൻ വേണ്ടി വന്ന കുറത്തിമാർ തമ്പുരാട്ടിയോട് ഭാഗ്യം ചൊല്ലാൻ ഒരുങ്ങുകയാണ്.

കുടകുമല, കുന്നിമലകുറ്റിയാടി മലയിൽ
കുടിലുകെട്ടി താമസിക്കും കൂട്ടുകാർ ഞങ്ങൾ

ചലച്ചിത്രത്തിലെ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഏതുതരത്തിലുള്ള പാട്ടും അനായാസം എഴുതാൻ ഭാസ്കരനു കഴിയുമായിരുന്നു. ഭക്തിഗാനങ്ങളുടെയും കുട്ടിപ്പാട്ടുകളുടെയും ഒപ്പനപ്പാട്ടുകളുടെയും തൊരംപാട്ടുകളുടെയും കർഷക ഗാനങ്ങളുടെയും വൈവിധ്യമുള്ളൊരു സമൃദ്ധി ഭാസ്ക്കരന്റെ ഗാനലോക ത്തിനുണ്ട്. മുസ്ലീം സമുദായത്തിലെ പ്രശ്നങ്ങൾ അവതരിപ്പിക്കാനായി നിർമ്മി ക്കപ്പെട്ടിട്ടുള്ള മലയാളചലച്ചിത്രങ്ങളിൽ തൊണ്ണൂറു ശതമാനത്തിനും ഗാനങ്ങൾ രചിച്ചിട്ടുള്ളത് പി. ഭാസ്ക്കരൻ ആണ്. 'ആ സമുദായത്തിൽപ്പെട്ട പ്രശസ്തരായ കവികൾക്കുപോലും മാപ്പിളപ്പാട്ടിന്റെ രചനയിൽ പി. ഭാസ്ക്കരന്റെ അടുത്തു പോലും നിൽക്കാൻ കഴിഞ്ഞില്ലെന്ന് ശ്രീകുമാരൻ തമ്പി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[1]

1964-ൽ പുറത്തിറങ്ങിയ *കുട്ടിക്കുപ്പായം* എന്ന ചിത്രത്തിൽ മൂന്ന് ഒപ്പനപ്പാട്ടുകളുണ്ട്. മുസ്ലിം സമുദായത്തിലെ അനാചാരങ്ങളെ വിമർശ വിധേയ മാകുന്ന ചിത്രമായിരുന്നു അത്. മൊയ്തു പടിയത്ത്, കഥയും സംഭാഷണവും തയ്യാറാക്കിയ *കുട്ടിക്കുപ്പായ*ത്തിന്റെ ഇതിവൃത്തം പ്രകോപന പരമായിരുന്നു. എം.എസ്.ബാബുരാജ് സംഗീതം നൽകിയ ഇതിലെ ഗാനങ്ങളെല്ലാം മലയാളി കളുടെ മനസ്സിൽ എന്നുമുണ്ട്.

> ''ഒരു കൊട്ട പൊന്നുണ്ടല്ലോ - മിന്നുണ്ടല്ലോ മേനി നിറയെ
> കരയല്ലേ ഖൽബിൻ മണിയെ - കൽക്കണ്ടക്കനിയേ.''
>
> പുള്ളിമാനല്ല, മയിലല്ല, മധുരക്കരിമ്പല്ല
> മാരിവില്ലൊത്ത പെണ്ണാണ്
> പൊട്ടിച്ചിരിക്കുന്ന മുത്തുക്കുടമാണ്
> പത്തരമാറ്റുള്ള പൊന്നാണ് - പെണ്ണ്
> പത്തരമാറ്റുള്ള പൊന്നാണ്.

[1] ശ്രീകുമാരൻതമ്പി, *പി. ഭാസ്ക്കരന്റെ കാവ്യമുദ്രകൾ,* (ഗ്രീൻബുക്സ്, തൃശൂർ, 2010), പു. 64.

മലയാളത്തിലെ എക്കാലത്തെയും ഒപ്പനപ്പാട്ടുകളെ ഇവ അതിശയിക്കുന്നു. ഏത് ദേശത്തിന്റെയും ഭാഷയും സംസ്കാരവും സ്വാംശീകരിച്ച് പാട്ട് എഴുതാൻ കഴിഞ്ഞതാണ് പി. ഭാസ്കരന്റെ വലിയ സവിശേഷത. മലയാളിയുടെ വ്യത്യസ്തമായ ആചാരങ്ങളും ആഘോഷങ്ങളും അതിന്റെ സമഗ്രതയിൽ പാട്ടിലേക്ക് കൊണ്ടുവരാൻ ഭാസ്ക്കരനു കഴിഞ്ഞു.

**ആചാരങ്ങളും ആഘോഷങ്ങളും വയലാർ രാമവർമ്മയുടെ ചലച്ചിത്ര ഗാനങ്ങളിൽ**

1968-ൽ *തുലാഭാരം* എന്ന സിനിമയ്ക്കുവേണ്ടി വയലാർ എഴുതിയ ഓണപ്പാട്ടിൽ ഓണസമൃദ്ധിയിലെ ദാരിദ്ര്യമാണ് വിഷയം. 'ഓണം പുലർന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ കഞ്ഞി' എന്ന പഴമൊഴിയെ ഓർമ്മിപ്പിച്ചുകൊണ്ട് വയലാർ എഴുതിയ ഈ ഓണപ്പാട്ടിന് വിഷാദ സ്വഭാവമാണുള്ളത്. മാനത്തെ സമൃദ്ധിയുടെ യാഥാർത്ഥ്യവും മണ്ണിലെ സ്വപ്നത്തിന്റെ വ്യർത്ഥതയുമാണ് ഈ പാട്ടിൽ അവതരിപ്പിക്കുന്നത്. മാനത്തെകുഞ്ഞും മണ്ണിലെ കുഞ്ഞും വിപരീതയാഥാർത്ഥ്യങ്ങളാണ്. മാനത്തെ കുഞ്ഞിന് താമരക്കുമ്പിളിൽ പനിനീരും വെള്ളോട്ടുപാത്രത്തിൽ പാൽക്കഞ്ഞിയും കിട്ടുന്നു. ഭൂമിയിലെ കുഞ്ഞിനോ? കർക്കിടകത്തിലെ കരിക്കാടിയും അമാവാസിയും മാത്രം! എന്നെങ്കിലും പൊട്ടിവിടരുന്ന പൊന്നുഷസ്സ് കണികണ്ടുണരാൻ കണ്ണീരോടെ വെറും വയറോടെ ഉറങ്ങുകയേ കുഞ്ഞിന് നിവൃത്തിയുള്ളൂ.

ഓമനത്തിങ്കളിനോണം പിറക്കുമ്പോൾ<br>
താമരക്കുമ്പിളിൽ പനിനീര്<br>
ഓണം പിറന്നാലും ഉണ്ണി പിറന്നാലും<br>
ഓരോ കുമ്പിൾ കണ്ണീര്<br>
മണ്ണിനോരോ കുമ്പിൾ കണ്ണീർ. (തുലാഭാരം)

മയിലാടുന്ന  മലകളും പെരിയാറും സഖികളും മാവേലി പാട്ടുപാടുന്ന ഈ മലയാളനാട് പരശുരാമൻ മഴുവെറിഞ്ഞു നേടിയതല്ല എന്ന് പ്രഖ്യാപിക്കുന്നുണ്ട് വയലാർ ഒരു ഓണപ്പാട്ടിൽ. അതിനുമുൻപ് തന്നെ കേരളത്തിൽ മഹാബലി വാണിരുന്നുവെന്നാണ് ഈ പാട്ടിൽ പറയുന്നത്.

പരശുരാമൻ മഴുവെറിഞ്ഞു നേടിയതല്ല
തിരകൾ വന്നു തിരുമുൽകാഴ്ച നൽകിയതല്ല
മയിലാടും മലകളും പെരിയാറും സഖികളും
മാവേലിപ്പാട്ടുപാടുമീ മലയാളം

*(കൂട്ടുകുടുംബം)*

മാവേലി വാണ സമത്വസുന്ദരമായ ആ കാലത്തെ പ്രത്യക്ഷത്തിൽ തന്നെ വയലാർ ഒരു പാട്ടിൽ പ്രകീർത്തിക്കുന്നുണ്ട്.

മാവേലി വാണൊരുകാലം
മറക്കുകില്ല മറക്കുകില്ല
മറക്കുകില്ല മലയാളം
കള്ളമില്ല ചതിയില്ല കണ്ണുനീരില്ല, അന്ന്
കനകം മൂലം കാമിനി മൂലം കലഹങ്ങളുമില്ല.

*(കുറ്റവാളി)*

ഓണമുറ്റത്ത് പൂക്കളം തീർക്കാൻ ഒരുണ്ണിക്കിടാവിനുവേണ്ടി ആവണിത്തുമ്പിയോടും അവൾ പെറ്റമക്കളോടും അഭ്യർത്ഥിക്കുന്ന ഒരു സ്ത്രീ മനസ്സിൽ നിന്നുള്ള പാട്ടുണ്ട്.

കാറ്റും പോയ് മഴക്കാറും പോയ്
കർക്കടകം പുറകേപോയ്
ആവണിത്തുമ്പിയും അവൾ പെറ്റമക്കളും
വാ... വാ.... *(വാഴ്വേമായം)*

ശ്രാവണചന്ദ്രിക പൂചൂടിച്ചപ്പോൾ ഭൂമികന്യക പുഞ്ചിരിക്കുന്ന ചിത്രം ഒരു പാട്ടിന്റെ പല്ലവിയിൽ വരുന്നു. അവളുടെ ലജ്ജകൊണ്ട് വിടരുന്ന ചൊടികളിൽ ആദ്യത്തെ അനുരാഗക്കവിതയും വിരിയുന്നുവെന്നാണ് വയലാർ പറയുന്നത്.

ശ്രാവണചന്ദ്രിക പൂ ചൂടിച്ചു
ഭൂമികന്യക പുഞ്ചിരിച്ചു
അവളുടെ ലജ്ജയിൽ വിടരും ചൊടികളിൽ
അനുരാഗ കവിത വിരിഞ്ഞു, ആദ്യത്തെ
അനുരാഗ കവിത വിരിഞ്ഞു

*(ഒരു പെണ്ണിന്റെ കഥ)*

പൊന്നോണത്തിന് പൂപ്പട കൂട്ടാൻ തുമ്പിയെ വിളിക്കുന്നപാട്ടും *(പാവങ്ങൾ പെണ്ണുങ്ങൾ)* നാളേയ്ക്ക് ഒരുവട്ടിപൂ തരാൻ തുമ്പപ്പൂവിനോട് ചോദിക്കുന്ന 'പൂവേപൊലിപാട്ടും' *(ചെമ്പരത്തി)* വയലാറിന്റേതായിട്ടുണ്ട്.

വിഷുവിന്റെ തലേന്നാൾ ഗുരുവായൂർ അമ്പലത്തിൽ കിടന്നുറങ്ങി അതിരാവിലെ നിർമ്മാല്യം തൊഴുന്ന തികഞ്ഞ ഭക്തനായി വയലാർ ഒരു പാട്ടെഴുതിയത് അനുസ്മരിക്കുന്നുണ്ട് പുത്രനായ വയലാർ ശരത്ചന്ദ്രവർമ്മ.[2]

''ചെത്തിമന്ദാരം തുളസി
ചിച്ചമാലകൾ ചാർത്തി
ഗുരുവായൂരപ്പാ നിന്നെ കണികാണണം.''

*(അടിമകൾ)*

ഒരു ചലച്ചിത്രത്തിനുവേണ്ടി സൃഷ്ടിച്ചതാണെന്ന് വ്യവഛേദിക്കാ നാവാത്തവിധം രചനയും സംഗീതവും പരസ്പരപൂരകങ്ങളായിതീർന്ന ഗാന

[2] വയലാർ ശരത്ചന്ദ്രവർമ്മ, 'കണിയൊരുക്കിയ ചിത്രഗീതികൾ', *മാതൃഭൂമി വാരാന്തപ്പതിപ്പ്*, ഏപ്രിൽ 14, 2013)

മാണിത്. ഗുരുവായൂരപ്പന്റെ ഏതു തരം വിഗ്രഹമാണ് വിഷുദിനം കാണി ക്കേണ്ടത് എന്ന് വ്യക്തമായ ധാരണയുണ്ട് വയലാറിന്.

മയിൽപ്പീലിചൂടിക്കൊണ്ടും
മഞ്ഞതുകിൽ ചുറ്റിക്കൊണ്ടും
മണിക്കുഴലൂതിക്കൊണ്ടും
കണികാണേണം

പൊട്ടിച്ചിരിക്കുന്ന ഒരു വിഷുപുലരിയുടെ ചിത്രമുണ്ട് മറ്റൊരു പാട്ടിൽ

എന്റെ കൈയിൽ പൂത്തിരി
നിന്റെ കൈയിൽ പൂത്തിരി
എങ്ങും പൊട്ടിച്ചിരിക്കുന്ന വിഷുപ്പുലരി
പുലരിക്കുപൊൻപണം കൈനീട്ടം.

*(സമ്മാനം)*

വിഷു ആഘോഷത്തിന് തലേന്നാൾ മുതൽ ഒരുക്കങ്ങൾ തുടങ്ങും. അന്ന് വൈകീട്ട് വീട്ടിലെ ഉപയോഗശൂന്യമായ വസ്തുക്കൾ കത്തിച്ചു കളയുന്നു. വീട് ശുദ്ധിയാക്കുകയും പുതിയ വർഷത്തെ വരവേൽക്കുകയുമാണ് ഇതിന്റെ ഉദ്ദേശ്യം. അതോടെ പടക്കങ്ങൾ പൊട്ടിച്ചുതുടങ്ങുകയായി. പ്രകൃതിപോലും ഉത്സവലഹരിയി ലാറാടാൻ തയ്യാറെടുക്കുന്നതിന്റെ ഹൃദ്യമായ ചിത്രം കാവ്യാത്മകമായി വരച്ചിട്ടു വയലാർ.

വിഷു സംക്രാന്തി വിളക്കു കൊളുത്താൻ
ഉഷസ്സെഴുന്നേൽക്കും നേരം, പുത്തൻ
ഉഷസ്സെഴുന്നേൽക്കും നേരം
വരുകില്ലേ കോർത്തുതരികില്ലേ
പുതിയരാഗമാല്യം

(*നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി* എന്ന ചിത്രത്തിലെ അമ്പലപ്പറമ്പിലെ യാരാമത്തിലെ ചെമ്പരത്തിപ്പൂവേ... എന്നു തുടങ്ങുന്ന ഗാനം)

വിഷു ഒരു സംക്രാന്തിയാണ്. ഗ്രഹം ഒരു രാശി വിട്ട് മറ്റൊരു രാശിയിൽ പ്രവേശിക്കുന്നതിനെയാണ് സംക്രാന്തി എന്നു പറയുന്നത്. സംക്രാന്തി കാലത്തെ മാറ്റിമറിക്കുന്നു.

സംക്രമവിഷുപ്പക്ഷീ, സംവത്സരപ്പക്ഷി
പൊന്മണിച്ചുണ്ടിനാൽ കാലത്തിൻ ചുവരിലെ
പുഷ്പപഞ്ചാംഗങ്ങൾ മാറ്റി – നീയെത്ര
പുഷ്പപഞ്ചാംഗങ്ങൾ മാറ്റി

*(ചുക്ക്)*

''വിളക്കുകൊളുത്തി നീ ആദ്യമായി നൽകിയ
വിഷുക്കൈനീട്ടങ്ങൾ ഓർമ്മയില്ലേ''

എന്നു ചോദിക്കുന്നുണ്ട്. കൂട്ടുകുടുംബത്തിലെ 'തങ്കഭസ്മക്കുറിയിട്ട തമ്പു രാട്ടി' എന്ന് തുടങ്ങുന്ന പാട്ടിൽ. ഇവിടെ വിഷുക്കൈനീട്ടത്തിന് പ്രണയാഘോഷ ത്തിന്റെ മറ്റൊരു അർത്ഥതലമാണുള്ളത്.

ഇല്ലാരില്ലം കാട്ടിനുള്ളിലൊത്തിരിപ്പൂ
ഋതുമതിപ്പൂ
ഋതുമതിപ്പൂവിനു ഞൊറിവെച്ചുടുക്കുവാൻ
പുടവയുമായിളം വെയിലേ വാ

*(കരകാണാക്കടൽ)*

പെൺകുട്ടി ഋതുമതിയാവുന്നതിന്റെ ആഘോഷമാണ് ഈ പാട്ട്. ഋതുമതിപ്പൂവെന്നാണ് അവൾക്ക് വിശേഷണം നൽകിയിരിക്കുന്നത്. പെൺകുട്ടി ഋതുമതിയായാൽ ചുറ്റും വിളംബരം ചെയ്തു ആഘോഷിക്കുന്ന ആചാരം മുൻപ് കേരളത്തിൽ ഉണ്ടായിരുന്നു. അവൾക്ക് ഞൊറിവച്ചുടുക്കാൻ ഇളം വെയിലിനെയും നീരാടിക്കുവാൻ കുളിർക്കാറ്റിനെയും മാറുമറയ്ക്കാൻ തുകിലുമായി മുകിലിനെയും പുളകം കൊള്ളിക്കുവാൻ പൂത്തുമ്പിയെയും വിളിക്കുകയാണ് ഈ ഗാനത്തിൽ.

പെണ്ണാളെ, പെണ്ണാളെ - കരിമീൻ

കണ്ണാളേ, കണ്ണാളേ...

കന്നിത്താമരപ്പൂമോളെ... വാവാ

തന്തന തന്തന തന്താന

*(ചെമ്മീൻ)*

കടലിൽ പോവുന്ന മുക്കുവരുടെ ആഘോഷമാണിത്. ഈ പാട്ടിൽ തന്നെ കടപ്പുറത്തെ മുക്കുവരുടെ ആചാരവും കടന്നുവരുന്നു. കടലിൽ പോവുന്ന മുക്കുവന്റെ ജീവൻ കരയിലിരിക്കുന്ന അരയത്തിയുടെ തപസ്സാണ് നിർണ്ണയിക്കുന്നത്.

പണ്ടൊരു മുക്കുവൻ മുത്തിനുപോയി

പടിഞ്ഞാറൻ കാററത്ത് മുങ്ങിപ്പോയി

അരയത്തിപ്പെണ്ണ് തപസ്സിരുന്നു

അവനെക്കടലമ്മ കൊണ്ടുവന്നു

വേറൊരു മുക്കുവൻ മുത്തിനു പോയപ്പോൾ പടിഞ്ഞാറൻ കാറ്റത്ത് മുങ്ങിപ്പോയി. അരയത്തിപ്പെണ്ണ് പിഴച്ചുപോയതുകൊണ്ട് തപസ്സിരുന്നിട്ടും ഫലമുണ്ടായില്ല. അവനെ കടലമ്മ കൊണ്ടുപോയി. കണവൻ തോണിയിൽ പോയാൽ കരയിൽ കാവൽ നീ വേണമെന്ന് പറഞ്ഞുകൊണ്ടാണ് ഈ പാട്ട് അവസാനിപ്പിക്കുന്നത്. അറുത്തുങ്കൽ പള്ളിയിലെ പെരുന്നാൾ ഈ പാട്ടിലേക്ക് വയലാർ കൊണ്ടുവരുന്നുണ്ട്. അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച ചെമ്മീൻ എന്ന സിനിമയിൽ മറ്റൊരു ഗാനവും ആഘോഷവും ആചാരവും കൊണ്ട് സമന്വിതമാണ്.

''പുത്തൻവലക്കാരേ,

പുന്നപ്പറക്കാരേ പുറക്കാട്ട് കടപ്പുറത്ത്

ചാകര, ചാകര, ചാകര!''

കടലിൽ മീൻപൊട്ടിപുറപ്പെടുന്നതാണ് ചാകര. ചാകര വരുമ്പോൾ കടപ്പുറത്ത് ആഘോഷമാണ്. ഓണമായി പൊന്നോണമായി എന്നാണ് വയലാർ എഴുതുന്നത്. കടലിന്റെ നാൾ ചോതിയാണ്. ഇന്നല്ലോ നമ്മുടെ കടലിന് പൂത്തിരുനാൾ ചോതിനാൾ എന്ന് പാട്ടിൽ കാണാം. 'ചെമ്മീനിൽ തന്നെ മറ്റൊരു കടൽ പാട്ടുണ്ട്.

കടലിനക്കരെപ്പോണോരെ
കാണാപ്പൊന്നിനു പോണോരെ
പോയ്‌വരുമ്പോഴെന്തു കൊണ്ടുവരും?
കൈ നിറയെ
പോയ്‌വരുമ്പോഴെന്തുകൊണ്ടുവരും?

തോണിക്കാരുടെ ഈ ആഘോഷപ്പാട്ടിൽ വയലാർ ചില പുരാവൃത്ത ങ്ങളെ സന്നിവേശിപ്പിക്കുന്നു. പാലാഴിത്തിരയിലെ മത്സ്യകന്യകമാരുടെ മാണിക്യക്കല്ല് അതിലൊന്നാണ്.

കുട്ടനാടൻ പുഞ്ചയിലെ
കൊച്ചു പെണ്ണേ കുയിലാളെ
കൊട്ടുവേണം കുഴൽ വേണം
കുരവ വേണം
വരവേൽക്കാനാളുവേണം

*(കാവാലം ചുണ്ടൻ)*

ആഘോഷപൂർണ്ണമായ ഈ വള്ളംകളിപ്പാട്ടിൽ ദേശാചാരങ്ങൾ കടന്നുവരുന്നുണ്ട്. ചമ്പക്കുളം പള്ളിയിലെ പെരുന്നാളും അമ്പലപ്പുഴയിലെ ചുറ്റുവിളക്കും കരുമാടിക്കുട്ടന്റെ പനിനീർകാവടിയാട്ടവും കാവിലമ്മയുടെ ഗരുഡൻ തൂക്കവുമെല്ലാം ശ്രദ്ധേയമാണ്. ബിംബങ്ങളുടെ ഭാഷയിലാണ് വയലാറിന്റെ മിക്കവാറും ഗാനങ്ങൾ രചിക്കപ്പെട്ടിരിക്കുന്നത്.

പദ്മതീർത്ഥമേ ഉണരൂ - മാനസ

പദ്മതീർത്ഥമേ ഉണരൂ

അഗ്നിരഥത്തിൽ ഉദിക്കും ഉഷസ്സിന്

അർഘ്യം നല്കൂ...

*(ഗായത്രി)*

വൈദികസംസ്കാരത്തിലേക്കാണ് ഈ പാട്ട് കടന്നു പോവുന്നത്. ഉഷസ്സിന് അർഘ്യം നൽകാൻ മനസ്സിന്റെ പദ്മതീർത്ഥത്തെ വിളിക്കുകയാണ് കവി.

വയലാറിനെ ജനപ്രിയകവിയാക്കിയത് അദ്ദേഹത്തിന്റെ ഗാനങ്ങളാണ്. വയലാറും ദേവരാജനും ചേർന്നൊരുക്കിയ അനേകം ഗാനങ്ങൾ മലയാളിയുടെ വലിയ ഗൃഹാതുരതയാണ്.

'കഥകളി, ക്ഷേത്രം, ക്ഷേത്രകലകൾ, ദേവലോകങ്ങൾ തുടങ്ങി പുരാണം, ഇതിഹാസം, വേദം തുടങ്ങിയവയിലൂടെ തിടംവെച്ചുവരുന്ന മനുഷ്യ സ്വരൂപമായാണ് വയലാർ ആധുനികമനുഷ്യനെ സങ്കൽപ്പിച്ചത്. ആചാരങ്ങളെയും ആഘോഷങ്ങളെയും എഴുതുമ്പോഴും പുതിയ മനുഷ്യനെയും നവീന ശാസ്ത്രബോധത്തെയും വിളിച്ചുണർത്താൻ വയലാർ ജാഗ്രതകാണിച്ചു.[3]

**ആചാരങ്ങളും ആഘോഷങ്ങളും ഒ.എൻ.വി. കുറുപ്പിന്റെ ചലച്ചിത്രഗാനങ്ങളിൽ**

1965-ൽ പുറത്തിറങ്ങിയ *കാട്ടുപൂക്കൾ* എന്ന ചിത്രത്തിലാണ് ഒ.എൻ.വി. കുറുപ്പിന്റെ ആദ്യത്തെ ഓണപ്പാട്ട് പുറത്തു വന്നത്.

അത്തപ്പൂ ചിത്തിരപ്പൂ

അക്കരെയിക്കരെ പൂത്താലം

---

[3] പ്രദീപൻ പാമ്പിരിക്കുന്ന്, 'ചലച്ചിത്രഗാനവും സാഹിത്യസംസ്ക്കാരവും', *ചലച്ചിത്രഗാന പഠനങ്ങൾ,* പു. 30.

മല്ലിപ്പൂ മാലതിപ്പൂ

പുത്തൻപെണ്ണിനു പൂത്താലം

കല്യാണപ്പെണ്ണിനെ ഒരുക്കുന്ന ആഘോഷംകൂടിയാണ് ഈ പാട്ട്.

''ഓരിഴ ഈരിഴ മൂവിഴ മാലോകർ

ആരെയാരെയൊരുക്കേണം''

എന്ന് നാടൻപ്പാട്ടിന്റെ മട്ടിൽ ലളിതമായി ഈ പാട്ട് ഒരുക്കിയിരിക്കുന്നു.

''ചിങ്ങക്കുളിർക്കാറ്റേ എങ്ങു നിന്നുവരുന്നു നീ

അങ്ങകലെ ചങ്ങമ്പുഴയുടെ പാട്ടുകൾ മൂളും

കുഞ്ഞാറ്റക്കിളിയുണ്ടോ''

*(അഗ്നിപുഷ്പം)*

ചങ്ങമ്പുഴയുടെ പാട്ടുകൾ മൂളുന്ന കുഞ്ഞാറ്റക്കിളിയുണ്ടോ എന്ന് ചോദിക്കുന്നുണ്ട് ഈ പാട്ടിൽ. ചങ്ങമ്പുഴയുടെ അനുകർത്താവായി വന്ന കവിയുടെ ഗൃഹാതുരതയാണ് ഈ വരിയിലുള്ളത്. പഴയകാലവും പുതിയ കാലവും തമ്മിലുള്ള വ്യത്യാസവും ഈ പാട്ടിൽ കൊണ്ടുവരുന്നു.

''ഓണപ്പൂവേ - ഓണപ്പൂവേ

നീ തേടും മനോഹരതീരം, ദൂരേ

മാടി വിളിപ്പു ഇതാ...''

*(ഈ ഗാനം മറക്കുമോ)*

വില്ലും വീണയും പൊൻതുടിയും പുള്ളുവപ്പെണ്ണിന്റെ മൺകുടവു മെല്ലാം ഈ പാട്ടിൽ ചേർന്നിരിക്കുന്നു.

പൂവേണം പൂപ്പട വേണം

പൂവിളി വേണം

പൂണാരം ചാർത്തിയ കന്നി

പ്പൂമകൾ വേണം

*(ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം)*

കുന്നത്തെകാവിലെ തേവരുടെ എഴുന്നള്ളത്തും നാവേറു പാടുന്ന കന്നിയും ആയില്യം കാവിലെ വേലയും പൂരവും ഈ ഓണപ്പാട്ടിലുണ്ട്.

വിഷുക്കിളി വിളിച്ചതെന്തിനെന്നെ?

ജനലരികിൽ വന്നു

മധുമൊഴികൾ ചൊല്ലി

വിഷുക്കിളി! വിളിച്ചതെന്തിനെന്നെ?

ഉഷ മലരി പൂത്തു

ഉണരുണരുകെന്നോ

*(ഒളിയമ്പുകൾ)*

വിഷുക്കിളിയും ഉഷമലരിയും ഒ.എൻ.വിയ്ക്ക് പ്രിയപ്പെട്ടതാണ്. സ്വപ്നം കാണുന്ന കാടിന്റെ മക്കളും പാടാത്ത കണ്ണീർക്കുയിലുകളും ഈ പാട്ടിലുണ്ട്.

''പൂവിട്ടല്ലോ മലയുടെ നിറുകി-

ലരുമയൊടലരികൾ വിരിയേ

-അലരികൾ വിരിയേ''

*(ഒരു മുത്തം മണിമുത്തം)*

വിത്തും കൈക്കോട്ടും പാടാൻ വിഷുപ്പക്ഷിയെ വിളിക്കുന്ന ഈ ആഘോഷപ്പാട്ടിൽ കണിയുടെ പുകിലുകൾ ഉണരാനുള്ള ക്ഷണമാണുള്ളത്.

കാട്ടുപൂവിൻ കല്ല്യാണത്തിന്

പാട്ടുപാടും മൈനകളേ

കൂട്ടുവരുമോ നാളെ ഞങ്ങടെ

നാട്ടിലുണ്ടൊരു കല്ല്യാണം

*(പുത്രി)*

ചുരുങ്ങിയ വാക്കുകൾകൊണ്ടും സരളമായ കുറച്ച് ബിംബങ്ങൾ കൊണ്ടും ഒരുക്കിയ കല്യാണപ്പാട്ടാണിത്. പ്രകൃതിയും പക്ഷികളും മനുഷ്യരും ഒന്നിക്കുന്ന ഗാനരീതി ഇതിൽ കാണാം.

കാവിലമ്മേ, അമ്മേ, കാവിലമ്മേ!

കാളിയമ്മേ, അമ്മേ കാളിയമ്മേ

കളമെഴുതി കൈകൂപ്പി മുടിയാട്ടം തുള്ളുമീ

കന്യകളെ കൈക്കൊള്ളണമേ

*(കാവിലമ്മ)*

മുടിയാട്ടം തുള്ളുന്ന കാവിലെപ്പാട്ടാണിത്. നാടോടിപാട്ടിന്റെ ഈണവും താളവും ചേർത്തെഴുതിയ ഈ പാട്ടിൽ ആചാരവും ആഘോഷവും ഒന്നിക്കുന്നു.

''തെക്കു തെക്കു തെക്കു നിന്നൊരു

തേക്കു പാട്ട് - അതിൽ

തേനുണ്ട് - തേനുണ്ട് തേനടയുണ്ട്''

*(എന്റെ നീലാകാശം)*

തേക്കുപാട്ടും വടക്കൻപാട്ടും ഓണപ്പാട്ടും ചേർന്നാണ് ഈ ആഘോഷപ്പാട്ട് രൂപപ്പെടുന്നത്. പുത്തൂരംപാട്ടിലെയും തച്ചോളിപ്പാട്ടിലേയും സന്ദർഭങ്ങളും കഥാപാത്രങ്ങളും ഇതിൽ കടന്നുവരുന്നു. വടക്കൻ കേരളത്തിലെ വയലേലകളിൽ അദ്ധ്വാനിക്കുന്ന ഗ്രാമീണസ്ത്രീകളുടെ ചിത്രവുമുണ്ട്.

അല്ലിമലർക്കാവിൽ

കൂത്തുകാണാനുണ്ടേ

കൂട്ടുകാരെല്ലാരും! ആടി-

പ്പാടിവായോ

*(അന്തിവെയിലിലെ പൊന്ന്)*

കൂത്തുകാണാൻ പോകുന്ന കൂട്ടായ്മയുടെ പാട്ടാണിത്. പഴയ നാടൻ പാട്ടിലെ പ്രയോഗങ്ങൾ മിക്കതും ഈ പാട്ടിൽ ഇണക്കിച്ചേർത്തിട്ടുണ്ട്.

ഈ മണ്ണ്! നമ്മുടെ മണ്ണ്
മണ്ണല്ലിത് പൊന്ന്!
ഈ മണ്ണ് - നല്ല മണ്ണൊരു
കന്നിയിളംപെണ്ണ്

*(പുറപ്പാട്)*

അദ്ധ്വാനിക്കുന്നവരുടെ സംഘഗാനമാണിത്. മുളപൊട്ടുന്ന വിത്തിന്റെ ആഹ്ലാദം പുതുമണ്ണിന്റെ വാസനയോടെ പങ്കിടുകയാണ് കർഷകജനത.

പൂവാംകുരുന്നിനു നാവേറ് പാടാൻ വായോ...
പുള്ളോർക്കുടവുമായ് വീണക്കിടാവും വായോ
കണിവെള്ളരി പടർപന്തലിൽ
കുരുവിപ്പെണ്ണിൻ കുടിവയ്പല്ലേ?

*(ആകാശക്കോട്ടയിലെ സുൽത്താൻ)*

തിരുവാതിര ഞാറ്റുവേലയുടെ ആഘോഷപ്പാട്ടാണിത്. പേരാറിന്റെ കരയിൽ ഒരുഞ്ഞാൽ പാട്ടുകൂടിയാണിത്.

കതിരോൻ കണിവയ്ക്കും
ഉതിമല ശബരിമല
ഉതിമലയിൽ തുതിപാടാൻ
ചെറുമക്കളുണരുണരോ!

(ഗോത്രം)

സിനിമയിൽ ഒ.എൻ.വി. എഴുതിയ അയ്യപ്പൻപ്പാട്ടാണിത്.

മാറത്ത് തുടികൊട്ടി മലകയറുമ്പോൾ മാറാത്ത ദുരന്തരങ്ങൾ വഴി മാറുന്നുവെന്നാണ് പാട്ടിൽ പറയുന്നത്.

താളം - തൃത്താളം-

താളം - തൃത്താളം-

ആനന്ദത്തേൻ കുമ്മി ആടാൻ വാ മാളോരേ!

ഉതിർമണി കതിർമണി തിരയണ കുരുവികൾ

അതു വഴിയിതുവഴിയെതുവഴി പോയ്?

*(ഇളമുറത്തമ്പുരാൻ)*

ഒ.എൻ.വി. എഴുതിയ കുമ്മിപ്പാട്ടാണിത്. തമ്പുരാന്റെ എഴുന്നള്ളത്തും വരവേൽപ്പുമാണ് പാട്ടിലുള്ളത്.

''നമ്മള് കൊയ്യും വയലെല്ലാം

നമ്മുടേതാകും പൈങ്കിളിയേ

അരുമക്കിളിയേ, നേരോ, നേരോ?''

*(രക്തസാക്ഷികൾ സിന്ദാബാദ്)*

പ്രശസ്തമായ പഴയ കെ.പി.എ.സി. നാടകഗാനത്തിലെ വരികൾ പുനഃസൃഷ്ടിച്ചുകൊണ്ടാണ് ഈ പാട്ട് എഴുതിയിരിക്കുന്നത്. അദ്ധ്വാനിക്കുന്ന കർഷകരുടെ ആത്മവീര്യത്തിന്റെ ആ പാട്ടിൽ അവരുടെ ആഘോഷവും നെടുവീർപ്പുകളും നിറഞ്ഞിരിക്കുന്നു.

വാഴ്ത്തീടുന്നിതാ സ്വർഗ്ഗനായകാ

കാത്തുകൊൾക നീ സർവ്വദായകാ

വിണ്ണിൽ വാഴും നിന്റെ രാജ്യം

വന്നിടേണമേ

മധുരം നിൻ നാമം പാവനം

*(സമാഗമം)*

ചുരുക്കം ക്രിസ്തീയഭക്തിഗാനങ്ങളേ ഒ.എൻ.വി. സിനിമയിൽ എഴുതിയിട്ടുള്ളു. അതിലൊന്നാണിത്

ദേവദൂതർപാടീ

സ്നേഹദൂതർ പാടീ

ഈയൊലീവിൻ പൂക്കൾ

ചൂടിയാടും നിലാവിൽ

*(കാതോടു കാതോരം)*

പള്ളിമണികളേ! പള്ളിമണികളേ

സ്വർല്ലോകഗീതത്തിന്നുറവകളേ

നല്ലൊരു നാളയെ മാടിവിളിക്കുവിൻ

നല്ലൊരു നാളെ!... നാളെ

*(അദ്ധ്യാപിക)*

അദ്ധ്വാനഭാരമേന്തി അത്താണി തേടിപ്പോവുന്ന ജനതയുടെ പ്രാർത്ഥ നയാണ് ഈ ക്രിസ്തീയഗാനങ്ങളിലുള്ളത്.

എല്ലാ ശിവമയം, ശിവശക്തിമയം

കല്ലും കളഭവും കാഞ്ചനവും

എല്ലാം ശിവമയം, ശിവശക്തിമയം

അല്ലും പകലും അനന്തതയും

*(കുമാരസംഭവം)*

ഒ.എൻ.വി. എഴുതിയ ഹൈന്ദവഭക്തിഗാനങ്ങളിൽ പ്രധാനപ്പെട്ടതാണ് ശിവനെ സ്തുതിക്കുന്ന ഈ ഗാനം. കാളിദാസന്റെ കുമാരസംഭവത്തെ ആസ്പദമാക്കിയുള്ള സിനിമയിലാണ് ഈ പാട്ടുള്ളത്.

''പൊൽത്തിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ

ശൈലാഗ്രശൃംഗത്തിൽ-''

എന്നു തുടങ്ങുന്ന മറ്റൊരു ശിവസ്തുതിയും ഈ ചിത്രത്തിലുണ്ട്.

പ്രകൃതിയിലെ ഞാറ്റുവേലയും പൊന്നോണവും പൂരവും പൂവിളിയും ആവർത്തിച്ചു കാണുകയും കാതോർക്കുകയും ചെയ്യുന്നു. അല്ലിമലർ ക്കാവിലെ

കൂത്തും ആയില്യം കാവിലെ വിളക്കും പുള്ളോർ വീണതൻ നാവേറും കുന്നത്തെ കാവിലെ തേവരും, കർക്കിടകത്തിലെ സംക്രാന്തിയും പോഴിയും മുത്തിയും മക്കളും ആതിര ഞാറ്റുവേലയും ഊരുചുറ്റും പാണനാരും പുത്തില്ലംകാവിലെ പൂയക്കാവടിയും തിരുമൂർത്തികൾ വാഴും കാവും, കാവടിയാട്ടവും അമ്മക്കുടവും തുള്ളും ചിലമ്പുമായി വരുന്ന പൂരവും കരിനാഗങ്ങളും പാട്ടും പഞ്ചാരിമേളവും -ഇങ്ങനെ നാട്ടുപഴമയുടെ അടയാളങ്ങൾ ഒ.എൻ.വിയുടെ പാട്ടുകളിൽ സജീവസാന്നിദ്ധ്യമായി മാറുന്നു.[4]

പൊതുവെ ഒ.എൻ.വി. ഗാനങ്ങളിൽ ഏകാകിതയ്ക്കാണ് പ്രാധാന്യം. ഏകാന്തമായ സ്വന്തം ആത്മാവിലേക്ക് നോക്കിയുള്ള ആലാപനങ്ങൾപോലെയാണ് ആ ഗാനങ്ങൾ.

---

[4] എം.ഡി. മനോജ്, *ആരോ മധുരമായി പാടിവിളിക്കുന്നു*, പു. 67

# ഉപസംഹാരം

പാട്ട് എന്നാൽ മലയാളിക്ക് ചലച്ചിത്രഗാനം ആണ്. പാട്ടിന്റെ ചരിത്രം ചലച്ചിത്രഗാനങ്ങളുടെ ചരിത്രമാണ്. മലയാളിയുടെ ജീവിചരിത്രത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ചലച്ചിത്രഗാനങ്ങൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. സവിശേഷമായും അൻപതുകൾ തൊട്ട് എൺപതുകൾ വരെയുള്ള ചലച്ചിത്ര ഗാനങ്ങൾ. പ്രണയഗാനമായാലും വിപ്ലവഗാനമായാലും സമരഗാനമായാലും വിഷാദഗാനമായാലും അത് മലയാളിക്ക് സമ്മാനിച്ച സ്വപ്നവും ഊർജ്ജവും വലുതാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചും പുതിയൊരു നാളെയിലേക്കുള്ള പ്രയാണത്തെക്കുറിച്ചും പി. ഭാസ്കരനും വയലാറും ഒ.എൻ.വിയും പാട്ടുകളെഴുതി. അവ ജനതയുടെ ആത്മാവിൽ പുതിയൊരു തെളിച്ചം നൽകി. 'കാഴ്ചകളും കേൾവികളും സ്പർശങ്ങളും ഗന്ധങ്ങളും രുചികളുമെല്ലാം വിഫലതകൾ മാത്രം സമ്മാനിക്കുന്ന ഒരു വലിയ ശതമാനം മലയാളികൾ ഇന്നു ജീവിക്കുന്നത് പഴയ ഗാനങ്ങൾ വീണ്ടും വീണ്ടും കേൾക്കുമ്പോഴുണ്ടാവുന്ന ഉള്ളുണർവ്വിലാണ്. പലരും ആത്മഹത്യ യിൽനിന്ന് പിന്തിരിയുന്നതുപോലും പഴയ ചലച്ചിത്രഗാനങ്ങൾ നൽകുന്ന സാന്ത്വനം കൊണ്ടാണ്.[5] ജീവിക്കുന്നകാലത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും മനുഷ്യബന്ധ ങ്ങളെക്കുറിച്ചും ചില കാഴ്ചപ്പാടുകൾ നൽകാൻ ചലച്ചിത്രഗാനങ്ങൾക്ക് സാധിച്ചു. മൂന്നോ നാലോ നിമിഷങ്ങളിൽ ഒതുങ്ങി നിൽക്കുന്ന ഒരു സ്വരശിൽപ്പമാണ് ചലച്ചിത്രഗാനം. തന്ത്രീലയസമന്വിതമായി അല്പം ചില വരികൾ: അവയിലൂടെ ഒരു ഭാവത്തിന്റെ ഉന്മീലനം: വിരൽത്തുമ്പുകൊണ്ട് തൊട്ടാലുടനെ പൊട്ടിവിടരുന്ന ചില പൂമൊട്ടുകളെ അനുസ്മരിപ്പിക്കുംവിധം അനായാസമധുരമായ ഭാവപ്രകടനം - പദങ്ങളും ഇമേജുകളുമെല്ലാം അതിനുതകുംവിധമാവണം. ഇതിനൊക്കെപ്പുറമെ,

[5] ആലങ്കോട് ലീലാകൃഷ്ണൻ, 'പ്രണയനിലാവിന്റെ പാട്ടുപുസ്തകം', അവതാരിക, *അല്ലിയാമ്പൽക്കടവ്*, വി.ആർ.സുധീഷ്, (ഡി.സി.ബുക്സ്, കോട്ടയം, 2017), പു. 9.

നമ്മുടെ സഞ്ചിതസംസ്കാരത്തിന്റെയോ സ്മൃതിമേഖലയുടെയോ ഏതോ ചില കോണുകളിൽ വെളിച്ചം വീശുന്ന എന്തോ ചിലതുകൂടി സമന്വയിച്ചുവെങ്കിലോ, അപൂർവ്വസുന്ദരമായ ഒരനുഭവമായി പരിണമിക്കുമത്.[6]

സമൂഹത്തിൽ, സംസ്കാരത്തിൽ ചലച്ചിത്രഗാനങ്ങൾ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതെങ്ങനെ എന്ന അന്വേഷണത്തിന്റെ ഭാഗമാണ് ഈ പ്രബന്ധം. മനുഷ്യരുടെ നമ്മുടെ കേൾവിയിലേക്ക് താനേ വന്നു ചേരുന്ന ഒരു കലാരൂപമാണ് പാട്ട്. അതിൽ ഒരു അനായാസതയുണ്ട്. കേരളീയരെ ചേർത്തുനിർത്തുന്ന ഒരു സംസ്കാരികശക്തിയായി ഗാനങ്ങൾക്ക് പ്രവർത്തിക്കാനാവുന്നുണ്ട് എന്ന് ഇ.പി. രാജഗോപാലൻ അഭിപ്രായപ്പെടുന്നു.[7] 'പാട്ട് മൂളുന്ന മലയാളികൾ ഓരോ കൂട്ടത്തിലും കുടുംബത്തിലും ഉണ്ടായിവന്നത് ചലച്ചിത്രഗാനപ്രചാരത്തിന്റെ ഭാഗമായാണ്. തങ്ങൾ പാടുന്ന പാട്ടിന്റെ മേന്മ നോക്കാതെ പാട്ട് പാടുന്നതിൽ സന്തോഷവും സ്വാഭാവികതയും കണ്ടെത്തുന്ന ആയിരക്കണക്കിന് മലയാളി ആണുങ്ങളും പെണ്ണുങ്ങളും ഉണ്ടായിവന്നു. പലതരം പാട്ടുകൾ അവയുടെ ശകലങ്ങൾ സ്വന്തമായി പാടി. ജീവിതത്തിന്റെ പല വേളകളും അങ്ങനെയവർ സവിശേഷമാക്കി മാറ്റി. സംഗീതം ശരിക്കും ജനകീയമായത് ചലച്ചിത്രഗാനങ്ങളോടെയാണ്.[8] *നീലക്കുയിൽ* എന്ന സിനിമ തിയേറ്ററുകളിൽ വന്നപ്പോൾ ഉണ്ടായ ഒരു അനുഭവം സംഗീതസംവിധായകൻ കെ. രാഘവൻ പങ്കുവെയ്ക്കുന്നുണ്ട്. ഗാനരംഗങ്ങൾ വരുമ്പോൾ കാണികളൊന്നാകെ ആവേശപൂർവ്വം ഒപ്പം പാടുകയായിരുന്നു. മെഴുകുതിരി കത്തിച്ചുപിടിച്ച്, ചിരട്ടകൊണ്ട് മറച്ച് പാട്ടുപുസ്തകം നോക്കിയുള്ള ഈ ഏറ്റുപാടൽ സംതൃപ്തിദായകമായ ഒരു സ്മരണയാണ് സംഗീതസംവിധായകന്.

---

[6] ഒ.എൻ.വി. കുറുപ്പ്, 'ആയിരം പാദസരങ്ങൾ', *വയലാർ കൃതികൾ* (എസ്.പി.സി.എസ്. നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1976), പു. 664.

[7] ഇ.പി. രാജഗോപാലൻ, 'കേൾവിയുടെ കേരളചരിത്രത്തിലേക്ക്', അവതാരിക, *പാട്ടൊരുക്കം*, വി.ടി. മുരളി, (ലിറ്റ്മസ്, ഡി.സി.ബുക്സ്, കോട്ടയം, 2013), പു.11.

[8] *ടി.* " "

'ഒരു തലമുറയുടെ, അല്ല, ഒരു ജനതയുടെ തന്നെ സംഗീതാസ്വാദന ക്ഷമതയ്ക്ക് 'ഊടും പാവും നെയ്യുക' എന്ന ചരിത്രപരമായ കർത്തവ്യം നിർവ്വഹിക്കുകയായിരുന്നു നീലക്കുയിലിലെ പാട്ടുകൾ.'[9]

വൈലോപ്പിള്ളി *ഗന്ധർവബാലന്മാർ* എന്നാണ് പി. ഭാസ്ക്കരനെയും വയലാറിനെയും വിശേഷിപ്പിച്ചത്. *മകരക്കൊയ്ത്ത്* എന്ന സമാഹാരത്തിലെ ഗന്ധർവ്വബാലന്മാർ' എന്ന കവിതയിൽ.[10]

എന്തു പാട്ടുകളെന്തു ചിത്രങ്ങൾ, നാനാസ്തോഭ-
ബന്ധുരം, നവനവകല്പനാമനോഹരം
ജീവിതചലച്ചിത്രസൂക്ഷ്മരമ്യഭാവങ്ങ-
ളീവിധം മണിച്ചൊല്ലിലിന്നോളം പാടീലാരും

എന്ന് അത്ഭുതത്തോടെ ഇവരുടെ പാട്ടുകളെ പ്രകീർത്തിക്കുന്നു.

ഈ ഗവേഷണപ്രബന്ധത്തിലെ മുഖ്യമായ നിഗമനങ്ങളും നിരീക്ഷണ ങ്ങളും ഇങ്ങനെ സംഗ്രഹിക്കാം.

1. മലയാളിയുടെ പൊതുബോധത്തെ ആഴത്തിൽ സ്വാധീനിച്ച ജനകീയ സംഗീതമാണ് ചലച്ചിത്രഗാനങ്ങൾ. സരളമധുരപദാവലികൾകൊണ്ട് ചിത്രപ്പെടുത്തിയ ഈ സ്വരശിൽപ്പങ്ങൾ തങ്ങളുടെ ജീവിതത്തോട് ചേർന്നു നിൽക്കുന്നവയാണെന്ന് ജനത തിരിച്ചറിഞ്ഞു.

2. മലയാളിയുടേതായി നാം കാണുന്ന സാംസ്കാരികവൈവിധ്യങ്ങളും സ്വത്വാടയാളങ്ങളും ചലച്ചിത്രഗാനങ്ങളിൽ വ്യക്തമായി പ്രതിഫലിക്ക പ്പെട്ടിരിക്കുന്നു.

---

[9] സുരേഷ് മണിമല, *കെ. രാഘവൻ* (കേരളസംസ്ഥാനചലച്ചിത്രഅക്കാദമി, തിരുവനന്തപുരം, 1998), പു. 28.

[10] വൈലോപ്പിള്ളി ശ്രീധരമേനോൻ, *സമ്പൂർണ്ണകൃതികൾ* (കറന്റ് ബുക്സ്, തൃശ്ശൂർ, 2001), പു. 753.

3. മലയാളഭാഷയുടെ സവിശേഷമായ സൂക്ഷിപ്പുകൾ ചലച്ചിത്രഗാനങ്ങളിലുണ്ട്. 'വെറുതെ ഞാനെന്തിനെരിയും വെയിലത്ത്/ കയിലും കുത്തി നടക്ക്ണ്', 'ചേറിൽനിന്ന് വളർന്ന്പൊന്തിയ ഹൂറി, തുടങ്ങിയ നാടൻ പ്രയോഗങ്ങൾ പാട്ടുകളിൽ കാണാം.

4. പ്രകൃതിയെക്കുറിച്ചുള്ള പാരിസ്ഥിതികമായ വലിയ അവബോധം പാട്ടുകളിൽ കാണാം. പരിസ്ഥിതിവാദമൊക്കെ വരുന്നതിനു മുൻപാണ് ഇത്തരം തിരിച്ചറിവുകൾ പാട്ടുകൾ നൽകിയത്.

5. അൻപതുകൾ തൊട്ടുള്ള ആധുനികമായ കേരളത്തെ രൂപപ്പെടുത്തുന്നതിൽ പി. ഭാസ്കരൻ, വയലാർ, ഒ.എൻ.വി. എന്നിവരുടെ ചലച്ചിത്രഗാനങ്ങൾ വലിയ പങ്ക് വഹിക്കുകയുണ്ടായി.

6. ജനപ്രിയസംസ്കാരത്തിന്റെ ഏറ്റവും അംഗീകൃതമായ കലാരൂപമാണ് ചലച്ചിത്രഗാനങ്ങൾ.

7. ഏതുവിഭാഗത്തിൽപ്പെട്ട മനുഷ്യരെയും സ്വതന്ത്രഭാവനയിലേയ്ക്ക് നയിക്കാൻ ചലച്ചിത്രഗാനങ്ങൾക്ക് കഴിഞ്ഞു.

8. കേൾവിയുടെ ഏകാന്തസൗന്ദര്യം ജനതയെ അനുഭവിപ്പിക്കാൻ റേഡിയോ എന്ന മാധ്യമത്തിലൂടെ പാട്ടുകൾക്ക് സാധിച്ചു.

ചുരുക്കത്തിൽ ചലച്ചിത്രഗാനങ്ങൾ ഒരേസമയം ദൃശ്യവും ശ്രവ്യവുമായി മലയാളികളെ ആഴത്തിൽ സ്വാധീനിക്കുകയും ഏറ്റവും വലിയ ജനപ്രിയകലയായി മാറുകയും ചെയ്തു. ചലച്ചിത്രം മനസ്സിൽനിന്ന് മാഞ്ഞുപോയാലും അതിലെ മികച്ച പാട്ടുകൾ എക്കാലവും നിലനിന്നു. ഈ ജനപ്രീതിക്കു പിന്നിലുള്ള ഏറ്റവും പ്രബലമായ ഘടകം പാട്ടുകളിലെ കേരളീയപ്രതിനിധാനങ്ങളാണ്.

# ഗ്രന്ഥസൂചി


അച്യുതനുണ്ണി, ചാത്തനാത്ത്. *സാഹിത്യഗവേഷണം, പ്രബന്ധരചനയുടെ തത്വങ്ങൾ,* 5-ാം പ.ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.

അജിത്കുമാർ എം.ജി. *പഴമ്പാട്ടുകൾ,* (സമാഹരണം), പറപ്പൂർ പി.ഒ: നാട്ടരങ്ങ് പ്രസിദ്ധീകരണം, 2002

അപ്പുണ്ണിനമ്പ്യാർ, എം.സി. (സമ്പാ.) *വടക്കൻപാട്ടുകൾ,* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം, 1983.

കുട്ടി, വി.എം. *മാപ്പിളപ്പാട്ടിന്റെ ചരിത്രസഞ്ചാരങ്ങൾ,* കോഴിക്കോട്: കേരള മാപ്പിള കലാഅക്കാദമി, 2006

കുമാരൻ വയലേരി. *ചലച്ചിത്രഗാനപഠനങ്ങൾ,* പയ്യന്നൂർ: സാഹിതിമലയാള വിഭാഗം, കൂട്ടായ്മ, സംസ്കൃത സർവ്വകലാശാല, 2011.

കുറുപ്പ്, ഒ.എൻ.വി. *മാണിക്യവീണ.* കോട്ടയം: ഡി.സി.ബുക്സ്, 2006.

കുറുപ്പ്, ഒ.എൻ.വി. *അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ.* കോട്ടയം: ഡി.സി. ബുക്സ്, 2015.

*ഓർമ്മതൻ കിളുന്നുതൂവൽ.* (ഒ.എൻ.വി പഠനങ്ങൾ) കോട്ടയം: ഡി.സി.ബുക്സ്, 2016.

കൃഷ്ണപ്പിള്ള ചങ്ങമ്പുഴ. *ഹേമന്തചന്ദ്രിക,* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക്സ്റ്റാൾ, 1999.

ഗോപാലകൃഷ്ണൻ, ചേലങ്ങാട്ട്. *വയലാർ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

*ചങ്ങമ്പുഴക്കവിതകൾ.* കോട്ടയം: ഡി.സി.ബുക്സ്, 2004.

ചുമ്മാർ ടി. എം. *പദ്യസാഹിത്യചരിത്രം*, 5-ാം പ. കോട്ടയം: നാഷണൽ ബുക്സ് സ്റ്റാൾ, 1973.

ജയകുമാർ. കെ. *വയലാർ ഗാനരചനയിലെ ഗാന്ധർവ്വം.* കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം എൻ.ബി. എസ്, 2015.

ജയകൃഷ്ണൻ, എൻ. *മലയാളത്തിന്റെ സൂര്യഗീതങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.

ജയരാജ്, എം *മലയാളസിനിമ പിന്നിട്ട വഴികൾ*, കോഴിക്കോട്: മാതൃഭൂമി ബുക്സ് 2018.

ദയാനന്ദൻ പി.കെ. *കേൾക്കാനോർത്തൊരു മധുരഗാനം*, കോഴിക്കോട്: മാതൃഭൂമി ബുക്സ് 2014.

ബാലകൃഷ്ണൻനായർ, ചിറക്കൽ, ടി. *കേരളത്തിലെ ഭാഷാഗാനങ്ങൾ*, തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി, 1979.

ഭാസ്കരൻ പി. *നാഴിയുരിപ്പാല്.* തൃശ്ശൂർ: കറന്റ് ബുക്ക്സ്, 1992.

*പി. ഭാസ്ക്കരൻ കൃതികൾ സമ്പൂർണ്ണം കവിതകൾ ഗാനങ്ങൾ*. കോട്ടയം: ഡി.സി. ബുക്സ്, 2008. *വിളിക്കുന്നു, ഒ.എൻ.വിയുടെപാട്ടുലോകം,* തിരുവനന്തപുരം: ചിന്താ പബ്ലിഷേഴ്സ്: 2017.

മനോജ്. എം.ഡി, (എഡി.) *പി. ഭാസ്ക്കരൻ സംഗീതസ്മൃതികൾ*, കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്, 2008.

മനോജ് എം.ഡി. (എഡി.) *പ്രിയപ്പെട്ട പാട്ടുകൾ.* കോഴിക്കോട്: മാതൃഭൂമി ബുക്ക്സ്, 2014.

മുരളി, വി.ടി. '*വിളക്കുമരച്ചോട്ടിലെ ഭൂമി*, കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2011.

മുരളി, വി.ടി, *ഗാനരചനയുടെ തച്ചുശാസ്ത്രം*, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണസംഘം, എൻ.ബി.എസ്, 2013.

മുരളി, വി.ടി, *അടയാതിരിക്കട്ടെ വാതിലുകൾ* പാലക്കാട്: ലോഗോസ് ബുക്സ് (2017)

മുരളി. വി.ടി, *തുറന്നുവെച്ച സംഗീതജാലകങ്ങൾ*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2011.

മുരളി, വി.ടി., *പാട്ടൊരുക്കം*, കോട്ടയം: ലിറ്റ്മസ്, ഡി.സി. ബുക്സ്, 2013.

രാഘവൻ, പയ്യനാട്, *ഫോക്ക്ലോർ*, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1986.

രാമവർമ്മ, *വയലാർ*, *വയലാർകൃതികൾ*, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക് സ്റ്റാൾ, 1976.

ലീലാവതി എം, *മലയാളകവിതാസാഹിത്യചരിത്രം*, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1980

വിഷ്ണുനമ്പൂതിരി. എം.വി. *ഫോക്ക്ലോർ നിഘണ്ടു*, തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, 1989.

ശങ്കുണ്ണിനായർ, എം.പി. *ഛത്രവും ചാമരവും*, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 1988

ശശി.കെ.വി. *മലയാള ചലച്ചിത്രഗാനം കാമന ശരീരം ദേശം* (എഡി.) കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്ക്സ്റ്റാൾ, 2012.

ശാരദക്കുട്ടി, എസ്. *വിചാരം, വിമർശം, വിശ്വാസം,* കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2015

ശ്രീകുമാരൻ തമ്പി, *ഹൃദയസരസ്സ്,* കോട്ടയം: ഡി.സി.ബുക്സ്, 2015.

ശ്രീകുമാരൻ തമ്പി, *പി. ഭാസ്കരന്റെ കാവ്യമുദ്രകൾ*, തൃശ്ശൂർ: ഗ്രീൻബുക്സ് 2010.

സുധീഷ്. വി.ആർ. *ആത്മഗാനം*, കോട്ടയം: ഡി.സി.ബുക്സ്, 2004.

സുധീഷ്. വി.ആർ. *അല്ലിയാമ്പൽക്കടവ്*, കോട്ടയം: ഡി.സി.ബുക്സ്, 2017.

സുരേഷ് മണിമല. *കെ. രാഘവൻ.* തിരുവനന്തപുരം: കേരളസംസ്ഥാന ചലച്ചിത്ര അക്കാദമി, 1998.

സെബാസ്റ്റ്യൻജോസഫ്. *മലയാളചലച്ചിത്രഗാനങ്ങൾ പാഠവും ആവിഷ്കാരവും,* തൃശ്ശൂർ: മലയാളവിഭാഗം, ശ്രീകേരളവർമ്മകോളേജ്, 2017

ഹരികുമാർ. പി.കെ. *മലയാള ചലച്ചിത്രഗാനം*, സാഹിത്യം ചരിത്രം, (എഡി.) സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം: എൻ.ബി.എസ്, 2013.

**ആനുകാലികങ്ങൾ**


ശരത്ചന്ദ്രവർമ്മ, വയലാർ. 'പൊന്നീണം', *മലയാള മനോരമ ഞായറാഴ്ചപ്പതിപ്പ്,* 2012 ഓഗസ്റ്റ് 26.

ശശി. കെ.വി. വയലാറിന്റെ ഗാനസഞ്ചാരങ്ങൾ, *ചന്ദ്രിക ആഴ്ചപ്പതിപ്പ്*, 2018 നവംബർ 10.

ശാരദക്കുട്ടി. എസ്, *മാതൃഭൂമി ഓണപ്പതിപ്പ്*, 2011.

ശാസ്തമംഗലം, ടി.പി, *കണിയൊരുക്കിയ ചിത്രഗീതികൾ, മാതൃഭൂമി വാരാന്തപ്പതിപ്പ്*, 2013 ഏപ്രിൽ 14.

അനുബന്ധം :

പാട്ടുകളുടെ ആദ്യപാദസൂചിക

## ഈ പ്രബന്ധത്തിൽ ഉപയോഗിച്ച പി. ഭാസ്കരന്റെ ഗാനങ്ങൾ

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 1 | അഞ്ജനക്കണ്ണെഴുതി | ബാബുരാജ് | തച്ചോളി ഒതേനൻ |
| 2 | അനഘസങ്കല്പഗായികേ . | ദേവരാജൻ | അണിയറ |
| 3 | അന്നു നിന്റെ നുണക്കുഴി | ബാബുരാജ് | പരീക്ഷ |
| 4 | അപാരസുന്ദര നീലാകാശം | പുകഴേന്തി | വിത്തുകൾ |
| 5 | അല്ലിയാമ്പൽ കടവിൽ .... | ജോബ് | റോസി |
| 6 | അവിടുന്നെൻ ഗാനം കേൾക്കാൻ | ബാബുരാജ് | പരീക്ഷ |
| 7 | അശോക വനത്തിലെ സീതമ്മ | കെ. രാഘവൻ | കള്ളിച്ചെല്ലമ്മ |
| 8 | അറിയുന്നില്ല ഭവാൻ | ദേവരാജൻ | കാട്ടുകുരങ്ങ് |
| 9 | ആറാട്ടുകടവിങ്കൽ അരയ്ക്കൊപ്പം | രവീന്ദ്രൻ | വെങ്കലം |
| 10 | ആററുവഞ്ചികടവിൽ വെച്ച് | ചിദംബരനാഥ് | കായംകുളം കൊച്ചുണ്ണി |
| 11 | ഇന്ദുലേഖതൻ പൊൻകളിതോണിയിൽ | ബാബുരാജ് | അനാഥ |
| 12 | ഇന്നലെ മയങ്ങുമ്പോൾ | ബാബുരാജ് | അന്വേഷിച്ചു കണ്ടെത്തിയില്ല |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 13 | ഇന്നലെ നീയൊരു സുന്ദരരാഗമായി | ദക്ഷിണാമൂർത്തി | സ്ത്രീ |
| 14 | ഈറനുടുത്തുകൊണ്ടംബരം | ബാബുരാജ് | ഇരുട്ടിന്റെ ആത്മാവ് |
| 15 | ഉണരൂ ഉണരൂ ഉണ്ണിപ്പൂവേ.. | കെ. രാഘവൻ | നീലക്കുയിൽ |
| 16 | ഉത്രട്ടാതിയിൽ ഉച്ചതിരിഞ്ഞപ്പോൾ | കെ. രാഘവൻ | കാക്കത്തമ്പുരാട്ടി |
| 17 | എല്ലാരും ചൊല്ലണ് | കെ.രാഘവൻ | നീലക്കുയിൽ |
| 18 | ഏറ്റുമാനരമ്പലത്തിൽ | എം. ബി. ശ്രീനിവാസൻ | ഓപ്പോൾ |
| 19 | ഒരു കാവ്യപുസ്തകമല്ലോ ജീവിതം | ദക്ഷിണാമൂർത്തി | അശ്വതി |
| 20 | ഒരു കൊച്ചുസ്വപ്നത്തിൻ | ബാബുരാജ് | തറവാട്ടമ്മ |
| 21 | ഒരു പുഷ്പം മാത്രമെൻ | ബാബുരാജ് | പരീക്ഷ |
| 22 | ഒരു കൊട്ട പൊന്നുണ്ടല്ലോ | ബാബുരാജ് | കുട്ടിക്കുപ്പായം |
| 23 | കന്നിരാവിൻ കളഭക്കിണ്ണം | കെ. രാഘവൻ | നഗരമേ നന്ദി |
| 24 | കരിമുകിൽ കാട്ടിലേ | കെ. രാഘവൻ | കള്ളിച്ചെല്ലമ്മ |
| 25 | കരയുന്നോ പുഴ ചിരിക്കുന്നോ... | ചിദംബരനാഥ് | മുറപ്പെണ്ണ് |
| 26 | കായലരികത്ത് വലയെറിഞ്ഞപ്പോൾ | കെ. രാഘവൻ | നീലക്കുയിൽ |
| 27 | കിഴക്കുദിക്കിലെ ചെന്തെങ്ങിൽ | കെ. രാഘവൻ | ആദ്യകിരണങ്ങൾ |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 28 | കോഴിക്കോട്ടങ്ങാടിയിലെ | ബാബുരാജ് | തങ്കക്കുടം |
| 29 | കേളെടി നിന്നെ ഞാൻ കെട്ടുന്ന കാലത്ത് | ദേവരാജൻ | ഡോക്ടർ |
| 30 | താമസമെന്തേ വരുവാൻ | ബാബുരാജ് | ഭാർഗ്ഗവീനിലയം |
| 31 | നാഴിയുരിപ്പാലുകൊണ്ട് നാടാകെ | കെ. രാഘവൻ | രാരിച്ചൻ എന്ന പൗരൻ |
| 32 | നാളികേരത്തിന്റെ നാട്ടിലെനിക്കൊരു | കെ. രാഘവൻ | തുറക്കാത്ത വാതിൽ |
| 33 | നിദ്രതൻ നീരാഴി | ചിദംബരനാഥ് | പകൽക്കിനാവ് |
| 34 | പകലവനിന്നു മറയുമ്പോൾ | കെ. രാഘവൻ | അസുരവിത്ത് |
| 35 | പാലാണു തേനാണെൻ ഖൽബിലെ | ബാബുരാജ് | ഉമ്മ |
| 36 | പൂർണ്ണേന്ദുമുഖിയോടമ്പലത്തിൽ | കെ. രാഘവൻ | കുരുക്ഷേത്രം |
| 37 | പുള്ളിമാനല്ല മയിലല്ല | ബാബുരാജ് | കുട്ടിക്കുപ്പായം |
| 38 | പേരാറും പെരിയാറും | പുകഴേന്തി | ഭാഗ്യമുദ്ര |
| 39 | ഭാരതമെന്നാൽ പാരിൻ നടുവിൽ | കെ. രാഘവൻ | ആദ്യകിരണങ്ങൾ |
| 40 | മഞ്ഞണിപ്പൂനിലാവ് | കെ. രാഘവൻ | നഗരമേ നന്ദി |
| 41 | മണ്ണേറിഞ്ഞാൽ പൊന്നുവിളയും | ബാബുരാജ് | തറവാട്ടമ്മ |
| 42 | മധുരപ്പതിനേഴുകാരി | കെ. രാഘവൻ | അമ്മയെകാണാൻ |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 43 | മന്മഥനാം ചിത്രകാരൻ | ബാബുരാജ് | ലക്ഷപ്രഭു |
| 44 | മലമൂട്ടിൽ നിന്നൊരു മാപ്പിള | കെ. രാഘവൻ | ആദ്യപ്രഭു |
| 45 | മഞ്ഞലയിൽ മുങ്ങിത്തോർത്തി | ദേവരാജൻ | കളിത്തോഴൻ |
| 46 | മാനത്തിൻമുറ്റത്തു മഴവില്ല് | എം.കെ. അർജ്ജുനൻ | കറുത്ത പൗർണ്ണമി |
| 47 | മാനത്തെ കായലിൻ മണപ്പുറത്ത് | കെ. രാഘവൻ | കള്ളിചെല്ലമ്മ |
| 48 | മാനത്തുള്ളൊരു വല്യമ്മാവന് | ബാബുരാജ് | മൂടുപടം |
| 49 | മാമാങ്കം മാമാങ്കം | കെ. രാഘവൻ | മാമാങ്കം |
| 50 | വണ്ടി ... വണ്ടി | ദേവരാജൻ | ഡോക്ടർ |
| 51 | വിണ്ണിലിരുന്നുറങ്ങുന്ന ദൈവമോ | പുകഴേന്തി | മൂന്നൂപൂക്കൾ |
| 52 | വെളുക്കുമ്പം കുളിക്കുവാൻ | ബാബുരാജ് | കുട്ടിക്കുപ്പായം |
| 53 | സ്വർണ്ണവളകളിട്ട കൈകളാൽ | ബാബുരാജ് | ലക്ഷപ്രഭു |
| 54 | നയാപൈസയില്ല | കെ. രാഘവൻ | നീലി സാലി |

## ഈ പ്രബന്ധത്തിൽ ഉപയോഗിച്ച  വയലാർ രാമവർമ്മയുടെ ഗാനങ്ങൾ

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 1 | അഗ്നിപർവ്വതം പുകഞ്ഞു | ദേവരാജൻ | അനുഭവങ്ങൾ പാളിച്ചകൾ |
| 2 | അജ്ഞാതസഖീ, ആത്മസഖീ.. | എൽ.പി.ആർ.വർമ്മ | ഒള്ളതുമതി |
| 3 | അമ്പലകുളങ്ങരെ കളിക്കാൻ | ദേവരാജൻ | ഓടയിൽ നിന്ന് |
| 4 | അരയിലൊറ്റ മുണ്ടുടുത്ത പെണ്ണേ | ദേവരാജൻ | ഒരു സുന്ദരിയുടെ കഥ |
| 5 | അഷ്ടപദിയിലെ നായികേ | എം.എസ്. വിശ്വനാഥൻ | ജീവിക്കാൻ മറന്നുപോയ സ്ത്രി |
| 6 | അസ്തമയക്കടലിനകലേ | ബാബുരാജ് | സന്ധ്യ |
| 7 | അഷ്ടമുടിക്കായലിലെ | ദേവരാജൻ | മണവാട്ടി |
| 8 | ആയിരം പദസരങ്ങൾ | ദേവരാജൻ | നദി |
| 9 | ഇടയകന്യകേ പോവുക നീ.. | ദേവരാജൻ | മണവാട്ടി |
| 10 | ഇന്ദ്രവല്ലരി പൂചൂടിവരും | ദേവരാജൻ | ഗന്ധർവ്വക്ഷേത്രം |
| 11 | ഇല്ലാരില്ലം കാട്ടിനുള്ളിൽ | ദേവരാജൻ | കരകാണാക്കടൽ |
| 12 | ഈ കടലും മറുകടലും | ദേവരാജൻ | കടൽപ്പാലം |
| 13 | ഈയുഗം കലിയുഗം | ദേവരാജൻ | വാഴ്വേമായം |
| 14 | ഇന്ദുമുഖീ..ഇന്ദുമുഖി | ദേവരാജൻ | അടിമകൾ |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 15 | ഉജ്ജയിനിയിലെ ഗായിക | ദേവരാജൻ | കടൽപാലം |
| 16 | ഉപാസന ഉപാസന | ദേവരാജൻ | തൊട്ടാവാടി |
| 17 | എല്ലാരും പാടത്ത് സ്വർണ്ണം വിതച്ചു | ദേവരാജൻ | നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി |
| 18 | എവിടെ നിന്നോ എവിടെ നിന്നോ.. | ദേവരാജൻ | ദാഹം |
| 19 | ഏഴു സുന്ദരരാത്രികൾ | ദേവരാജൻ | അശ്വമേധം |
| 20 | ഒരിടത്ത് ജനനം | ദേവരാജൻ | അശ്വമേധം |
| 21 | ഓമനക്കൈയിൽ ഒലീവില | ദേവരാജൻ | തുലാഭാരം |
| 22 | ഓ.. റിക്ഷാവാല | ദേവരാജൻ | ഓടയിൽ നിന്ന് |
| 23 | കണ്ണുതുറക്കാത്ത ദൈവങ്ങളേ.. | ദേവരാജൻ | അഗ്നിപുത്രി |
| 24 | കനകം മൂലം ദുഃഖം | ദക്ഷിണാമൂർത്തി | ഇന്റർവ്യൂ |
| 25 | കറുത്തപെണ്ണേ കരിങ്കുഴലി.. | ദേവരാജൻ | അന്ന |
| 26 | കാമിനികാവ്യമോഹിനി | ദേവരാജൻ | പുനർജന്മം |
| 27 | കായമ്പൂ കണ്ണിൽ വിടരും | ദേവരാജൻ | നദി |
| 28 | കാറ്റുംപോയി മഴക്കാറും പോയി | ദേവരാജൻ | വാഴ്വേമായം |
| 29 | കിഴക്കേ മലയിലെ വെണ്ണിലാവൊരു . | ബാബുരാജൻ | ലോറാ നീയെവിടെ |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 30 | കുടമുല്ലപ്പൂവിനും മലയാളിപ്പെണ്ണിനും | ദേവരാജൻ | ജ്വാല |
| 31 | കുട്ടനാടൻ പുഞ്ചയിലെ | ദേവരാജൻ | കാവാലംചുണ്ടൻ |
| 32 | കൈതപ്പുഴകായലിലേ | ദേവരാജൻ | തൃവേണി |
| 33 | കൊടുങ്ങല്ലൂരമ്മേ | കെ. രാഘവൻ | കൊടങ്ങല്ലൂരമ്മ |
| 34 | കൊതുമ്പുവള്ളം തുഴഞ്ഞുവരും | ദേവരാജൻ | നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി |
| 35 | ഗംഗായാറൊഴുകുന്ന നാട്ടിൽ | ബാബുരാജ് | കാട്ടുതുളസി |
| 36 | ചക്രവർത്തിനി നിനക്കു ഞാനെന്റെ | ദേവരാജൻ | ചെമ്പരത്തി |
| 37 | ചലനം ചലനം ചലനം | ദേവരാജൻ | വാഴ്‌വേമായം |
| 38 | ചെത്തിമന്ദാരം തുളസി | ദേവരാജൻ | അടിമകൾ |
| 39 | തങ്കത്തളികയിൽ പൊങ്കലുമായി വന്ന | ദേവരാജൻ | ഗായത്രി |
| 40 | തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടി | ദേവരാജൻ | കൂട്ടുകുടുംബം |
| 41 | തൃക്കാക്കരപ്പൂ പോരാഞ്ഞ് | ദേവരാജൻ | ലൈൻബസ്സ് |
| 42 | നിറകുടം തുളുമ്പീ | ദേവരാജൻ | കരിനിഴൽ |
| 43 | പക്ഷിശാസ്ത്രക്കാരാ കുറവാ | ദേവരാജൻ | റൗഡി |
| 44 | പല്ലനയാറിൽ തീരത്ത് | ദേവരാജൻ | നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 45 | പാരിജാതം തിരുമിഴിതുറന്നു | ദേവരാജൻ | തോക്കുകൾ കഥ പറയുന്നു |
| 46 | പുഷ്പഗന്ധി സ്വപ്നഗന്ധി | യേശുദാസ് | അഴകുള്ള സെലീന |
| 47 | പൂന്തേനരുവി | ദേവരാജൻ | ഒരു പെണ്ണിന്റെ കഥ |
| 48 | പൂവും പ്രസാദവും | ദേവരാജൻ | തോക്കുകൾ കഥ പറയുമ്പോൾ |
| 49 | പെണ്ണാളേ, പെണ്ണാളേ . | സലിൽചൗധുരി | ചെമ്മീൻ |
| 50 | പെരിയാറേ പെരിയാറേ.. | ദേവരാജൻ | ഭാര്യ |
| 51 | പ്രകാശഗോപുര വാതിൽ തുറന്നൂ | ദേവരാജൻ | തുലാഭാരം |
| 52 | പ്രകൃതി പ്രകൃതി.. | ദക്ഷിണാമൂർത്തി | ബ്രഹ്മചാരി |
| 53 | പ്രവാചകന്മാരെ | ദേവരാൻ | അനുഭവങ്ങൾ പാളിച്ചകൾ |
| 54 | പ്രിയതമാ.. പ്രിയതമാ.. | ദേവരാൻ | ശകുന്തള |
| 55 | പ്രേമഭിക്ഷുകി ഭിക്ഷുകി.. | ദേവരാൻ | പുനർജന്മം |
| 56 | ഭാരതപ്പുഴയിലെ ഓളങ്ങളെ.. | ബാബുരാജ് | കലക്ടർ മാലതി |
| 57 | മഞ്ജുഭാഷിണി | കെ. രാഘവൻ | കൊടുങ്ങല്ലൂരമ്മ |
| 58 | മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു | ദേവരാജൻ | അച്ഛനും ബാപ്പയും |
| 59 | മാനത്തു കണ്ണികൾ മയങ്ങും | ദേവരാജൻ | മാധവിക്കുട്ടി |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 60 | മുത്തോലക്കുടയുമായ് | ദേവരാജൻ | കടത്തുകാരൻ |
| 61 | യവനസുന്ദരി സ്വീകരിക്കുകീ | ദേവരാജൻ | പേൾവ്യൂ |
| 62 | വണ്ടിക്കാരാ വണ്ടിക്കാരാ | ദേവരാജൻ | ഓടയിൽ നിന്ന് |
| 63 | വീണപൂവേ കുമാരനാശാന്റെ .. | എം.എസ്. വിശ്വനാഥൻ | ജീവിക്കാൻ മറന്നുപോയ സ്ത്രീ |
| 64 | വെള്ളിച്ചിലങ്കയണിഞ്ഞു | ബാബുരാജ് | കാട്ടുതുളസി |
| 65 | ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ | ദേവരാജൻ | ശകുന്തള |
| 66 | സംക്രമവിഷുപ്പക്ഷീ സംവത്സര പക്ഷീ.. | ദേവരാജൻ | ചുക്ക് |
| 67 | സഖാക്കളേ മുന്നോട്ട് | ദേവരാജൻ | പുന്നപ്ര വയലാർ |
| 68 | സന്ധ്യമയങ്ങും നേരം | ദേവരാജൻ | മയിലാടുംകുന്ന് |
| 69 | സന്ന്യാസിനി നിൻ പുണ്യാശ്രമത്തിൽ | ദേവരാജൻ | രാജഹംസം |
| 70 | സാമ്യമകന്നോരുദ്യാനമേ.. | ദേവരാജൻ | ദേവി |
| 71 | സീമന്തിനീ നിന്റെ ചൊടികളിൽ | ദേവരാജൻ | അതിഥി |
| 72 | സുപ്രഭാതം സുപ്രഭാതം | എം.എസ്. വിശ്വനാഥൻ | പണിതീരാത്ത വീട് |
| 73 | സുമംഗലീ നീ ഓർമ്മിക്കുമോ.. | ദേവരാജൻ | വിവാഹിത |
| 74 | സ്വപ്നസഞ്ചാരിണി.. | ദേവരാജൻ | കൂട്ടുകുടുംബം |
| 75 | സ്വർണ്ണച്ചാമരം വീശിയെത്തുന്ന | ദേവരാജൻ | യക്ഷി |
| 76 | സ്വർഗ്ഗത്തേക്കാൾ സുന്ദരമാണീ.. | ദേവരാജൻ | കൂട്ടുകുടുംബം |
| 77 | സ്വർഗ്ഗപുത്രീ നവരാത്രി | ദേവരാജൻ | നിഴലാട്ടം |

## ഈ പ്രബന്ധത്തിൽ ഉപയോഗിച്ച ഒ.എൻ.വി. കുറുപ്പിന്റെ ഗാനങ്ങൾ

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 1 | അത്തപ്പൂ ചിത്തിരപ്പൂ | ദേവരാജൻ | കാട്ടുപൂക്കൾ |
| 2 | അരികിൽ നീ ഉണ്ടായിരുന്നെങ്കിൽ.. | ദേവരാജൻ | നീയെത്ര ധന്യ |
| 3 | അല്ലിമലർക്കാവിൽ പൂരം കാണാൻ | എം.ജി. രാധാകൃഷ്ണൻ | മിഥുനം |
| 4 | ആത്മാവിൽ മുട്ടി വിളിച്ചതു പോലെ | രഘുനാഥ് സേഥ് | ആരണ്യകം |
| 5 | ആ രാത്രി മാഞ്ഞുപോയി | ബോംബെ രവി | പഞ്ചാഗ്നി |
| 6 | ആരെയും ഭാവഗായകനാക്കും.. | ബോംബെ രവി | നഖക്ഷതങ്ങൾ |
| 7 | ഇതാണ് കയ്യൂർ.. കയ്യൂർ | എം.ബി.ശ്രീനിവാസൻ | മീനമാസത്തിലെ സൂര്യൻ |
| 8 | ഇതാരോ ചെമ്പരുന്തോ.. | സലിൽ ചൗധുരി | കടപ്പുറം |
| 9 | ഇന്ദുപുഷ്പം ചൂടി നിൽക്കും.. | ബോംബെ രവി | വൈശാലി |
| 10 | ഈ മണ്ണ് നമ്മുടെ മണ്ണ് | ഔസേപ്പച്ചൻ | പുറപ്പാട് |
| 11 | എന്തിനീ ചിലങ്കകൾ | ദേവരാജൻ | കരുണ |
| 12 | എന്റെ കടിഞ്ഞൂൽ പ്രണയകഥയിലെ.. | എം.ബി.ശ്രീനിവാസൻ | ഉൾക്കടൽ |
| 13 | ഒരു നറു പുഷ്പമായി | രമേശ് നാരായണൻ | മേഘമൽഹാർ |
| 14 | ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന | എം.ബി. ശ്രീനിവാസൻ | ചില്ല് |
| 15 | ഓർമ്മകളേ കൈവളചാർത്തി | സലിൽചൗധുരി | പ്രതീക്ഷ |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 16 | കല്ലോലിനീ.. കല്ലോലിനീ.. വനകല്ലോലിനി നീ | ദേവരാജൻ | നീലകണ്഼ഠൻ |
| 17 | കള..കളം.. കായൽ ഓളങ്ങൾ | സലിൽ ചൗധുരി | ഈ ഗാനം മറക്കും |
| 18 | കാട്ടുപൂക്കൾ ഞങ്ങൾ കാട്ടു പൂക്കൾ | ദേവരാജൻ | കാട്ടുപൂക്കൾ |
| 19 | കാട്ടുപൂവിൻ കല്യാണത്തിന്.. | എം.ബി. ശ്രീനിവാസൻ | പുത്രി |
| 20 | കാവിലമ്മേ..അമ്മേ.. കാവിലമ്മേ.. | ദേവരാജൻ | കാവിലമ്മ |
| 21 | ചൈത്രം ചായം ചാലിച്ചു | എം.ബി.ശ്രീനിവാസൻ | ചില്ല് |
| 22 | നമ്മൾ കൊയ്യും വയലെല്ലാം | എം.ജി. രാധാകൃഷ്ണൻ | രക്തസാക്ഷികൾ സിന്ദാബാദ് |
| 23 | നഷ്ടപ്പെടുവാനില്ലൊന്നും ഈ കൈവിലങ്ങുകളല്ലാതെ | ശങ്കർ ഗണേശ് | സ്ഫോടനം |
| 24 | നിറങ്ങൾ തൻ നൃത്തമൊഴിഞ്ഞൊരീ മണ്ണിൽ | എം.ബി. ശ്രീനിവാസൻ | പരസ്പരം |
| 25 | നീൾമിഴിപീലിയിൽ നീർമണി തുളുമ്പി | മോഹൻ സിത്താര | വചനം |
| 26 | നീരാടുവാൻ നിളയിൽ നീരാടുവാൻ | എം.ബി. ശ്രീനിവാസൻ | നഖക്ഷതങ്ങൾ |
| 27 | പമ്പയാർ ഒഴുകുന്ന നാട് | ദേവരാജൻ | കളിയോടം |
| 28 | പറകൊട്ടി പാടുക.. | മോഹൻ സിത്താര | സത്യപ്രതിജ്ഞ |
| 29 | പൂവേണം പൂപ്പട വേണം | ജോൺസൺ | ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവട്ടം |
| 30 | പേരാറ്റിനക്കരെ അക്കരെ.. | എൽ. വൈദ്യനാഥൻ | വേനൽകിനാവുകൾ |
| 31 | പൊന്നരളി പൂവൊന്നു മുടിയിൽചൂടി | എം.ബി. ശ്രീനിവാസൻ | കത്തി |

| ക്രമ നമ്പർ | പാട്ട് | സംഗീതം | ചിത്രം |
|---|---|---|---|
| 32 | പൊന്നു വിളയുന്ന വയനാട് | ഹരിപ്പാട്, കെ.പി. എൻ.പിള്ള | ഉയരും ഞാൻ നാടാകെ |
| 33 | മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി | ബോംബെ രവി | നഖക്ഷതങ്ങൾ |
| 34 | മാണിക്യവീണയുമായി | ദേവരാജൻ | കാട്ടുപൂക്കൾ |
| 35 | വാർതിങ്കൾത്തോണിയേറി | ദേവരാജൻ | കരുണ |
| 36 | ശരദിന്ദുമലർ ദീപനാളം | എം.ബി. ശ്രീനിവാസൻ | ഉൾക്കടൽ |
| 37 | ശ്യാമമേഘമേ.. നീയെൻ പ്രേമദൂതുമായി.. | സലിൽ ചൗധുരി | സമയമായില്ലപോലും |
| 38 | ശ്യാമസുന്ദരപുഷ്പം | കെ. രാഘവൻ | യുദ്ധകാണ്ഡം |
| 39 | സന്ധ്യേ കണ്ണീരിതെന്തേ സന്ധ്യേ | സലിൽ ചൗധുരി | മദനോത്സവം |
| 40 | സാഗരമേ ശാന്തമാക നീ | സലിൽ ചൗധുരി | മദനോത്സവം |
| 41 | സൗരയുഥത്തിൽ വിടർന്നൊരു | സലിൽ ചൗധുരി | സ്വപ്നം |
| 42 | സ്വപ്നസുന്ദരി നീയൊരിക്കലെൻ | ദക്ഷിണാമൂർത്തി | അദ്ധ്യാപിക |